# സാമൂഹ്യശാസ്ത്രം

## സ്റ്റാൻഡേർഡ്

VIII

## ഭാഗം 1

കേരളസർക്കാർ
വിദ്യാഭ്യാസവകുപ്പ്
2009

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛ്വല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ.
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

***Prepared by*** :
State Council of Educational
Research and Training (SCERT)
Poojappura, Thiruvananthapuram - 12, Kerala.
*Website* www.scertkerala.gov.in
*e-mail* scertkerala@asianetindia.com

© Government of Kerala • Department of Education • 2009

പ്രിയപ്പെട്ട കുട്ടികളേ,

സാമൂഹിക ഇടപെടലുകളിലൂടെ അറിവിന്റെ ചക്രവാളം

വികസിപ്പിക്കാനും ആർജിച്ച അറിവുകളെ സമൂഹത്തിൽ

പ്രയോഗിച്ചുനോക്കാനും

തന്റേതായ നിലപാടുകൾ സ്വീകരിക്കാനും

പ്രേരിപ്പിക്കുന്നതാണ് ഈ പാഠപുസ്തകം.

സാമൂഹ്യശാസ്ത്രത്തിന്റെ വിവിധ ശാഖകളിലേക്ക്

തുറക്കുന്ന ജാലകം കൂടിയാണ് ഈ പുസ്തകം.

നമ്മുടെ ഇടപെടലുകൾ കൊണ്ടുണ്ടാകുന്ന

പ്രശ്നങ്ങളെയും സ്വാഭാവിക പ്രപഞ്ചപ്രതിഭാസങ്ങളെയും

ശാസ്ത്രീയമായി, വ്യത്യസ്ത കാഴ്ചപ്പാടുകളിലൂടെ

നോക്കികാണാനും വിശകലനം ചെയ്യാനുമുള്ള പാടവം
വളർന്നുവരേണ്ടതുണ്ട്.

ഈ കഴിവ് ജീവിതത്തിലുടനീളം

നിലനിർത്തേണ്ടതാണ്.

ഇന്നലെകളെ തിരിച്ചറിയാനും

ഇന്നിനെ അപഗ്രഥിക്കാനും

പ്രത്യാശാഭരിതമായ നാളെയെ രൂപപ്പെടുത്താനും

എല്ലാവിധ ആശംസകളും നേർന്നുകൊണ്ട്,

സ്നേഹാശംസകളോടെ,

**എ.പി.എം. മുഹമ്മദ് ഹനീഷ് I.A.S.**
ഡയറക്ടർ ഇൻ-ചാർജ്
എസ്.സി.ഇ.ആർ.ടി.

# പാഠപുസ്തക രചന

**സാമൂഹ്യശാസ്ത്രം സ്റ്റാൻഡേർഡ് VIII**

## ശില്പശാലയിൽ പങ്കെടുത്ത ദേശീയ വിദഗ്ധർ

ഡോ. കുംകും റോയ്
ഡോ. അനിൻന്തിതാദത്ത
ശ്രീ. സുബ്രഹ്മണ്യം സി.എൻ.
കുമാരി യമുന സണ്ണി
ശ്രീ. അരവിന്ദ് സർദാന
ശ്രീ. അലക്സ് എം. ജോർജ്
ഡോ. സുന്ദരി രവീന്ദ്രൻ
ഡോ. സെനു കുര്യൻ ജോർജ്
ഡോ. വർഗീസ് എ. ജെ.

## ശില്പശാലയിൽ പങ്കെടുത്തവർ

ശ്രീ. അജയകുമാർ എം.
ശ്രീ. അശോകൻ കെ.
ശ്രീ. ബാബുക്കുട്ടൻ പി.
ശ്രീ. ചന്ദ്രൻ ടി.പി.
ശ്രീ. ദിനചന്ദ്രൻ കെ.ടി.
ശ്രീ. ഗോപാലകൃഷ്ണൻ വി.എം.
ശ്രീ. ജയചന്ദ്രൻ നായർ കെ.
ശ്രീ. ജയകൃഷ്ണൻ ഒ.കെ.
ശ്രീ. ഗോപകുമാർ ജി.പി.
ശ്രീ. ഐ.പി. ജോസഫ്
ശ്രീ. കൃഷ്ണദാസ് പി.
ശ്രീ. നിജോ ജോസഫ്
ശ്രീ. നൗഷാദ് പി.പി.
ശ്രീ. രാധാകൃഷ്ണൻ കെ.
ശ്രീ. രത്നാകരൻ കെ.പി.
ശ്രീ. രത്നാകരൻ ടി.
ശ്രീ. ശശിധരൻ അടിയോടി കെ.
ശ്രീ. ഷൈൻ ശങ്കർദാസ്
ശ്രീ. ഷൂജാമോൻ എസ്.
ഡോ. സുബ്രഹ്മണ്യദാസ് പി.വി.
ശ്രീ. വർഗീസ് പോത്തൻ

## ചിത്രകാരന്മാർ

ശ്രീ. ധർമപാലൻ കെ.
ശ്രീ. ജനാർദനൻ കെ.സി.
ശ്രീ. ശ്രീനിവാസൻ എൻ.കെ.
ശ്രീ. സുരേഷ് സി.

## വിദഗ്ധർ

പ്രൊഫ. ബാലകൃഷ്ണൻ
പ്രൊഫ. വി. കാർത്തികേയൻ നായർ
ഡോ. പി.സി. പ്രസന്നകുമാർ

## അക്കാദമിക് കോഡിനേറ്റർമാർ

ശ്രീമതി ചിത്രാ മാധവൻ
ഡോ. കല എൻ.
ശ്രീ. രമേഷ് കെ.

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT)
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012



# ഉള്ളടക്കം



| | | |
|---|---|---|
| 1. | സമയമേഖലയും താപീയമേഖലയും | 7 - 19 |
| 2. | കുട്ടനാട്-കായലും ജനജീവിതവും | 20 - 31 |
| 3. | ജനങ്ങളും സംസ്ഥാനഭരണവും | 32 - 44 |
| 4. | കോളനിവൽക്കരണവും ചെറുത്തുനിൽപ്പും | 45 - 60 |
| 5. | ചെറുത്തുനിൽപ്പിന്റെ വിവിധ മുഖങ്ങൾ | 61 - 67 |
| 6. | ഇന്ത്യൻ ദേശീയപ്രസ്ഥാനം | 68 - 91 |
| 7. | വിനിമയം പിന്നിട്ട വഴികൾ | 92- 104 |

# 1

# സമയമേഖലയും താപീയമേഖലയും

## നിഴൽ ഘടികാരം നിർമിക്കാം

**നി**ങ്ങളുടെ സ്കൂളിന്റെ മുറ്റത്ത് സൂര്യപ്രകാശം നന്നായി കിട്ടുന്ന സ്ഥലത്ത് ഒരു വടി കുത്തി നിർത്തുക. അതിന്റെ നിഴൽ ശ്രദ്ധിക്കൂ. ഓരോ മണിക്കൂർ ഇടവിട്ട് നിഴലിന്റെ നീളവും സമയവും കുറിച്ചുവയ്ക്കൂ. എപ്പോഴാണ് ഒട്ടും നിഴൽ ഇല്ലാത്ത അവസ്ഥ വരുന്നത്? സമയം ശ്രദ്ധിക്കൂ. എപ്പോഴാണ് വീണ്ടും നിഴൽ നീളുന്നത്? ഓരോ മണിക്കൂർ ഇടവിട്ട് നിഴലിന്റെ നീളവും സമയവും അടയാളപ്പെടുത്തൂ. ഇനി നിങ്ങൾക്ക് വാച്ചില്ലാതെ മുറ്റത്തുനിന്ന് സമയം അറിയാൻ കഴിയില്ലേ? എന്നാൽ വർഷം മുഴുവൻ നിഴലുകൾ ഒരുപോലെ ആയിരിക്കില്ല. അതിന്റെ നീളത്തിനും ദിക്കുകൾക്കും വ്യത്യാസമുണ്ടാകും. ഇതെന്തുകൊണ്ടാണ്? ഓരോ മൂന്നുമാസം കൂടുമ്പോഴും നിങ്ങൾക്ക് പുതിയ നിഴൽഘടികാരം ഉണ്ടാക്കേണ്ടതായി വരും. ഇതെന്തുകൊണ്ടാണ്? നമുക്കു പരിശോധിക്കാം.




## രാവും പകലും


സൂര്യൻ കിഴക്ക് ഉദിച്ച് പടിഞ്ഞാറ് അസ്തമിക്കുന്നതായി ആണല്ലോ നമുക്ക് അനുഭവപ്പെടുന്നത്. ഇത് സൂര്യൻ സഞ്ചരിക്കുന്നതുകൊണ്ടാണോ? അതോ ഭൂമിയുടെ ഭ്രമണം മൂലമാണോ?

- ഗ്ലോബ് ഉപയോഗിച്ചു ഇത് പരിശോധിച്ചു നോക്കൂ. ഗ്ലോബ് രണ്ടു വിധത്തിൽ കറക്കാവുന്നതാണ്, വലത്തോട്ടും ഇടത്തോട്ടും. ഇതിൽ എങ്ങനെ കറക്കുമ്പോഴാണ് വൻകരകളുടെ കിഴക്ക് ഭാഗത്ത് സൂര്യോദയം ആദ്യം കാണുന്നത്? കിഴക്ക് സൂര്യൻ ഉദിക്കുകയും പടിഞ്ഞാറ് അസ്തമിക്കുകയും ചെയ്യുന്നതായി നമുക്കു അനുഭവപ്പെടുന്നത് എന്തുകൊണ്ടാണെന്ന് ചർച്ചചെയ്യൂ.

ഓരോ സ്ഥലത്തും രാത്രിയും പകലും മാറി മാറി അനുഭവപ്പെടാൻ ഭൂമിയുടെ ഭ്രമണം കാരണമാകുന്നു. എല്ലായ്പ്പോഴും ഭൂമിയുടെ ഒരു ഭാഗത്ത് പകലും മറുഭാഗത്ത് രാത്രിയും ആയിരിക്കും. ഗ്ലോബ് പകൽ വെളിച്ചം ലഭിക്കത്തക്കവിധം ജനാലയ്ക്കരികിൽ വച്ച് പടിഞ്ഞാറു നിന്നും കിഴക്കോട്ടു തിരിക്കുക. ഇന്ത്യയെ ആധാരമാക്കിയാൽ രാജ്യത്തിന്റെ ഏത് ഭാഗത്താണ് ആദ്യം പ്രകാശം കിട്ടുന്നത്?

ഓരോ പ്രദേശത്തിന്റെയും സൂര്യന്റെ ഉച്ചനിലയെ ആധാരമാക്കി സ്കൂൾ പ്രവർത്തനം ആരംഭിക്കുന്നു എന്ന് കരുതുക. എങ്കിൽ അരുണാചൽപ്രദേശ്, ഛത്തീസ്ഗഢ്, ഗുജറാത്ത് എന്നിവിടങ്ങളിൽ ആദ്യം സ്കൂൾ പ്രവർത്തനം തുടങ്ങുന്നത് എവിടെയായിരിക്കും? അവസാനം തുടങ്ങുന്നത് എവിടെയായിരിക്കും?

## രേഖാംശങ്ങൾ




ഗ്ലോബിൽ ഉത്തര-ദക്ഷിണ ധ്രുവങ്ങളെ തമ്മിൽ ബന്ധിപ്പിച്ച് വരച്ചിട്ടുള്ള രേഖകൾ നിരീക്ഷിക്കൂ. ഇവയാണ് രേഖാംശരേഖകൾ എന്നറിയാമല്ലോ.

**ഗ്ലോബ് നിരീക്ഷിച്ച് കണ്ടെത്താം**

- ഏതു വൻകരയിലൂടെയാണ് ഏറ്റവും കൂടുതൽ രേഖാംശരേഖകൾ കടന്നുപോകുന്നത്? ............................................
- 0° രേഖാംശരേഖ കടന്നുപോകുന്ന രാജ്യങ്ങളേവ?
- ഭൂമധ്യരേഖയിൽ നിന്ന് ധ്രുവങ്ങളിലേക്ക് പോകുമ്പോൾ രേഖാംശങ്ങൾ തമ്മിലുള്ള അകലത്തിൽ വ്യത്യാസം കാണുന്നുണ്ടോ?

  ............................................




ഇന്ത്യൻ മാനകരേഖാംശം

## സമയനിർണയം

ഇന്ത്യയുടെ കിഴക്ക്, പടിഞ്ഞാറ്, മധ്യഭാഗം എന്നിവിടങ്ങളിലൂടെ കടന്നുപോകുന്ന രേഖാംശരേഖകളും ആ പ്രദേശങ്ങളിലെ പ്രാദേശിക സമയങ്ങളുമാണ് ചിത്രത്തിൽ കൊടുത്തിട്ടുള്ളത്. പ്രാദേശികസമയത്തിനനുസരിച്ച് കാര്യങ്ങൾ ക്രമപ്പെടുത്തിയാൽ ഉണ്ടാകുന്ന അസൗകര്യങ്ങൾ എന്തെല്ലാമായിരിക്കും?

**സൂചനകൾ**

- ട്രെയിൻ യാത്ര, വിമാന യാത്ര
- രാജ്യവ്യാപകമായി നടക്കുന്ന പരീക്ഷകൾ
- റേഡിയോ, ടെലിവിഷൻ പരിപാടികൾ
- 

- ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ ഒരു രേഖാംശത്തെ അടിസ്ഥാനമാക്കി ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം നിശ്ചയിച്ചിട്ടുണ്ട്.

ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം നിശ്ചയിച്ചിരിക്കുന്നത് 82½ ഡിഗ്രി കിഴക്ക് രേഖാംശരേഖയെ അടിസ്ഥാനമാക്കിയാണ്.

- ഈ രേഖ എന്ത് കൊണ്ടാവും അനുയോജ്യമായത്? ചർച്ച ചെയ്യുക.


ഇത്തരത്തിൽ ലോകത്തിലെ ഓരോ രാജ്യവും അവരവരുടെ സ്റ്റാൻഡേർഡ് സമയം നിർണയിച്ചിട്ടുണ്ട്.

## സമയമേഖലകൾ

ഭൂമിയുടെ പടിഞ്ഞാറുനിന്നും കിഴക്കോട്ടുള്ള ഓരോ ഭ്രമണത്തിനും 24 മണിക്കൂർ എടുക്കുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ 15° രേഖാംശീയ ദൂരം സഞ്ചരിക്കുന്നതിന് ഒരു മണിക്കൂർ എടുക്കുന്നു. ഇങ്ങനെ കണക്കാക്കിയാൽ ഭൂമിയെ 15° ഇടവേളകളുള്ള 24 സമയമേഖലകളായി തിരിക്കാം. സമയമേഖലകളുടെ നിർണയത്തിന് അടിസ്ഥാന രേഖയായി പരിഗണിച്ചിട്ടുള്ളത് ഗ്രീനിച്ച് രേഖയെന്ന് അറിയപ്പെടുന്ന 0° രേഖാംശരേഖയാണ്. ഇംഗ്ലണ്ടിലെ റോയൽ ബ്രിട്ടീഷ് വാനനിരീക്ഷണശാല സ്ഥിതിചെയ്യുന്ന ഗ്രീനിച്ച് എന്ന സ്ഥലത്തുകൂടി കടന്നുപോകുന്ന രേഖയാണിത്. ഈ രേഖയിൽനിന്ന് കിഴക്കോട്ടുപോകുന്തോറും 1 ഡിഗ്രിക്ക് 4 മിനിറ്റ് എന്ന ക്രമത്തിൽ സമയക്കൂടുതലും പടിഞ്ഞാറോട്ട് പോകുന്തോറും യഥാക്രമം സമയക്കുറവും അനുഭവപ്പെടുന്നു.

- കിഴക്കോട്ട് സമയക്കൂടുതലും പടിഞ്ഞാറോട്ട് സമയക്കുറവും അനുഭവപ്പെടുന്നത് എന്തുകൊണ്ട്?
- രേഖാംശ വ്യാപ്തി കൂടിയ രാജ്യങ്ങളാണ് റഷ്യ, യു.എസ്.എ., കാനഡ എന്നിവ. ഗ്ലോബിൽ ഈ രാജ്യങ്ങളുടെ വിസ്തൃതി

## ലോക സമയ മേഖലകൾ



പരിശോധിക്കൂ. ഇവയുടെ നടുവിലൂടെ കടന്നുപോകുന്ന ഒരു രേഖാംശരേഖയെ പരിഗണിച്ച് ഒരു സ്റ്റാൻഡേർഡ് സമയം നിശ്ചയിക്കാൻ ബുദ്ധിമുട്ടാണ്. എന്തുകൊണ്ട്? ചർച്ച ചെയ്യൂ.

ഗ്രീനിച്ച് സമയത്തിൽ നിന്ന് എത്ര വ്യത്യാസമുണ്ട് മറ്റു സ്ഥലങ്ങളിലെ സമയത്തിന്? ഈ വിവരമാണ് 'ലോക സമയമേഖല' എന്ന ഭൂപടത്തിൽ നിന്ന് മനസ്സിലാക്കാൻ സാധിക്കുന്നത്.

- ഭൂമിക്ക് ഒരു ഭ്രമണം പൂർത്തിയാക്കാൻ ($360^0$ തിരിയുവാൻ) വേണ്ട സമയം 24 മണിക്കൂറാണ്.
- 24 മണിക്കൂർ എന്നാൽ 1440 മിനിട്ട് ആണ് (24 X 60 =1440).
- ഭൂമിക്ക് $1^0$ തിരിയുവാൻ വേണ്ടുന്ന സമയം 4 മിനിട്ട് ആണ്.


- ഇന്ത്യൻ സ്റ്റാൻഡേർഡ് സമയവും ഗ്രീനിച്ച് സമയവും തമ്മിൽ എത്ര മണിക്കൂർ വ്യത്യാസമാണുള്ളത്? എന്തുകൊണ്ട്?
- ഗ്രീനിച്ച് സമയം ഞായറാഴ്ച രാവിലെ 10 മണി ആയിരിക്കുമ്പോൾ താഴെ കൊടുത്തിരിക്കുന്ന രേഖാംശരേഖകളിൽ സമയം എന്തായിരിക്കും?

| പടിഞ്ഞാറോട്ട് | | | കിഴക്കോട്ട് | | |
|---|---|---|---|---|---|
| രേഖാംശം | ദിവസം | സമയം | രേഖാംശം | ദിവസം | സമയം |
| 15° | ഞായർ | 9 am | 15° | ഞായർ | 11 am |
| 30° | ഞായർ | 8 am | 30° | ഞായർ | 12 ഉച്ച |
| 45° | ഞായർ | 7 am | 45° | ഞായർ | 1 pm |
| 60° | | | 60° | | |
| 75° | | | 75° | | |
| 90° | | | 90° | | |
| 105° | | | 105° | | |
| 120° | | | 120° | | |
| 135° | | | 135° | | |
| 150° | | | 150° | | |
| 165° | | | 165° | | |
| 180° | | | 180° | | |

- 30-01-09-ന് രാവിലെ 9 മണിക്ക് ശ്രീലങ്കയിൽ വച്ച് നടന്ന ഏകദിന ക്രിക്കറ്റ് മത്സരത്തിന്റെ തൽസമയ സംപ്രേഷണം താഴെ പ്പറയുന്ന രാജ്യങ്ങളിൽ ഏതു സമയത്താകും കാണാൻ കഴിഞ്ഞിരിക്കുക?

  • കെനിയ • ഓസ്ട്രേലിയ • മെക്സിക്കോ


- ഗ്ലോബിൽ അന്താരാഷ്ട്രദിനാങ്കരേഖ തിരിച്ചറിയുക. മറ്റു രേഖാംശരേഖകളിൽ നിന്ന് എന്തു വ്യത്യാസമാണ് ഇതിനുള്ളത്?
- അന്താരാഷ്ട്രദിനാങ്കരേഖ ഗ്ലോബിൽ കണ്ടല്ലോ? ഇതേതെങ്കിലും രാജ്യത്തുകൂടി കടന്നു പോകുന്നുണ്ടോ? ഈ രേഖ ഏതെങ്കിലും രാജ്യത്തുകൂടി കടന്നുപോയാൽ സമയം, ദിവസം ഇവയുമായി ബന്ധപ്പെട്ട് ആ രാജ്യത്ത് ഉണ്ടാകാവുന്ന പ്രായോഗിക ബുദ്ധിമുട്ട് എന്തായിരിക്കും?




ചിത്രം നോക്കൂ. $180^0$ രേഖാംശരേഖ (അന്താരാഷ്ട്രദിനാങ്കരേഖ) മുറിച്ചുകടന്ന രണ്ടു കുട്ടികൾക്കിടയിൽ ഇത്തരമൊരു ആശയക്കുഴപ്പം എന്തുകൊണ്ടുണ്ടായി?

## ലോകഘടികാരം നിർമിക്കാം

ചിത്രത്തിൽ കാണിച്ചിരിക്കുന്നതുപോലെ കട്ടിയുള്ള പേപ്പറിൽ രണ്ട് വൃത്തങ്ങൾ വെട്ടിയെടുക്കുക. ഓരോ വൃത്തത്തിന്റെയും മധ്യബിന്ദുവിൽ പ്രൊട്രാക്ടർ ഉറപ്പിച്ച് ചിത്രത്തിൽ കാണിച്ചിരിക്കുന്നതുപോലെ ഡിഗ്രികൾ അടയാളപ്പെടുത്തുക. രേഖാംശരേഖകൾ സൂചിപ്പിച്ചിട്ടുള്ള വലിയ വൃത്തത്തിന് നടുവിലായി കറങ്ങത്തക്ക വിധത്തിൽ ചെറിയ വൃത്തം ഉറപ്പിക്കുക. ചെറിയ വൃത്തത്തിൽ സമയമാണ് സൂചിപ്പിച്ചിരിക്കുന്നത്. നിങ്ങളുടെ ലോകഘടികാരം തയ്യാറായി. ലോകത്തിലെ ഏതൊരു രാജ്യത്തിന്റെയും സമയം ഇതിൽ നിന്നും കണ്ടുപിടിക്കാൻ കഴിയും.




ലോക ഘടികാരം

- നിങ്ങളുടെ വാച്ചിൽ ഇപ്പോൾ സമയം എത്രയായി? വൈകുന്നേരം 5.45 എന്നു കരുതുക.
- വലിയ വൃത്തത്തിൽ ഇന്ത്യയുടെ മാനകരേഖാംശവും ചെറിയ വൃത്തത്തിൽ നിങ്ങളുടെ വാച്ചിലെ സമയവും ഒരേ ലൈനിൽ കൊണ്ടു വരിക. (ചിത്രത്തിൽ കാണുന്നതു പോലെ)
- ലോകത്തിലെ മറ്റ് രാജ്യങ്ങളിലെ സമയം എത്രയെന്ന് ഘടികാരം നോക്കി മനസ്സിലാക്കാൻ സാധിക്കില്ലേ? രാജ്യങ്ങളുടെ രേഖാംശരേഖ ആദ്യം കണ്ടെത്തൂ. പിന്നീട് ചിത്രം നോക്കി താഴെ കൊടുത്തിരിക്കുന്ന രാജ്യങ്ങളുടെ സമയവും കണ്ടെത്തൂ.

  • ജപ്പാൻ • ശ്രീലങ്ക • ബ്രസീൽ

## അക്ഷാംശരേഖകൾ

ഉത്തര-ദക്ഷിണ അർധഗോളങ്ങളിൽ വ്യാപിച്ചു കിടക്കുന്ന വൻകരകൾ കണ്ടെത്താനുള്ള ഒരു പ്രവർത്തനം അധ്യാപിക ക്ലാസിൽ നൽകി. ഒരു വിഭാഗം കുട്ടികൾ ആഫ്രിക്ക, തെക്കേ അമേരിക്ക എന്നീ രണ്ട് വൻകരകൾ മാത്രമെന്നും മറ്റൊരു വിഭാഗം കുട്ടികൾ ഏഷ്യ കൂടി ചേർത്ത് മൂന്നു വൻകരകളെന്നും അഭിപ്രായപ്പെട്ടു. നിങ്ങൾ ഗ്ലോബ് പരിശോധിച്ച് നിഗമനത്തിൽ എത്തുക.


### ഗ്ലോബിൽ നിന്ന് കണ്ടെത്താം

- ഓരോ അർദ്ധഗോളത്തിലും എല്ലാ അക്ഷാംശങ്ങളും വൃത്തങ്ങളായിട്ടാണോ ചിത്രീകരിച്ചിട്ടുള്ളത്?
- അക്ഷാംശങ്ങളുടെ മൂല്യം കൂടുന്നതിനനുസരിച്ച് വൃത്തങ്ങളുടെ വലിപ്പത്തിൽ വ്യത്യാസം വരുന്നുണ്ടോ?
- ഏറ്റവും വലിപ്പമേറിയ അക്ഷാംശവൃത്തത്തിന്റെ പേര് എന്താണ്?

## അക്ഷാംശരേഖാംശങ്ങളും ഡിഗ്രി അളവുകളും

അക്ഷാംശങ്ങളും രേഖാംശങ്ങളും ഡിഗ്രിയിലാണല്ലോ അടയാളപ്പെടുത്തിയിരിക്കുന്നത്. ഇത് എന്തുകൊണ്ടാണ്?

ചിത്രത്തിൽ ഭൂമധ്യരേഖാതലം ശ്രദ്ധിച്ചല്ലോ? ഭൂമിയുടെ കേന്ദ്രത്തിൽ നിന്ന് കോണീയ അളവിലാണ് അക്ഷാംശരേഖകൾ വരച്ചിട്ടുള്ളത്. നിശ്ചിത കോണീയഅകലത്തിലാണ് ഗ്ലോബിൽ ഓരോ അക്ഷാംശവൃത്തവും




മധ്യരേഖാതലം

വരച്ചിട്ടുള്ളത്. 40° വടക്ക് അക്ഷാംശം ഇപ്രകാരം മുകളിൽ ചിത്രീകരിച്ചിട്ടുണ്ട്.

ഭൂമിയുടെ കേന്ദ്രത്തെ ഒരു പ്രതലമായി കണക്കാക്കി ഭൂമധ്യരേഖയ്ക്ക് തെക്കോട്ടോ വടക്കോട്ടോ ഉള്ള കോണീയ അകലമാണ് അക്ഷാംശം. ഭൂമധ്യരേഖയെ അടിസ്ഥാന അക്ഷാംശമായി കണക്കാക്കുന്നതിനാൽ ഇത് പൂജ്യം ഡിഗ്രി അക്ഷാംശമാണ്. എല്ലാ അക്ഷാംശരേഖകളും ഭൂമധ്യരേഖയ്ക്കു സമാന്തരമാണ്.


ചില പ്രധാന അക്ഷാംശരേഖകളാണ് ചുവടെ നൽകിയിട്ടുള്ളത്.

- ഭൂമധ്യരേഖ
- ഉത്തരായനരേഖ
- ദക്ഷിണായനരേഖ
- ആർട്ടിക് വൃത്തം
- അന്റാർട്ടിക് വൃത്തം
- ഉത്തര-ദക്ഷിണ ധ്രുവങ്ങൾ

- ഒരു ഗ്ലോബ് വരച്ച് അതിൽ മേൽപ്പറഞ്ഞ രേഖകൾ അടയാളപ്പെടുത്തൂ.
- ഗ്ലോബ് നിരീക്ഷിച്ച് ഇന്ത്യയിൽ കൂടി കടന്നുപോകുന്ന അക്ഷാംശരേഖ കണ്ടെത്തൂ.
- ദക്ഷിണായനരേഖ കടന്നുപോകുന്ന രാജ്യങ്ങൾ ഏതൊക്കെയാണെന്നും കണ്ടെത്തൂ?

## ഭൂമിയുടെ ചരിവ്

ചരിഞ്ഞ ഭൂമിയെയാണല്ലോ ഗ്ലോബ് പ്രതിനിധീകരിക്കുന്നത്. വിശാലമായ പ്രപഞ്ചത്തിൽ




പരിക്രമണ തലം

ഭൂമിയുടെ ചരിവ് ഡിഗ്രിയിൽ

ഭൂമി ചരിഞ്ഞിരിക്കുന്നു എന്നു പറയുമ്പോൾ അതിന്റെ അടിസ്ഥാനമെന്താണ്?

ഉത്തര-ദക്ഷിണ ധ്രുവങ്ങളെ ബന്ധിപ്പിച്ച് ഭൂമിയുടെ കേന്ദ്രത്തിലൂടെ ഒരു രേഖ വരച്ചാൽ അതിനെ അച്ചുതണ്ട് എന്നുപറയാം. ഇതൊരു സാങ്കൽപികരേഖയാണ്. ഗ്ലോബിൽ അച്ചുതണ്ടിന്റെ ചരിവ് ശ്രദ്ധിക്കൂ. പരിക്രമണതലത്തെ അടിസ്ഥാനമാക്കി ചരിവ് കണക്കാക്കിയാൽ അച്ചുതണ്ടിന് 66½° ചരിവ് ഉള്ളതായി കാണാം. അഥവാ പരിക്രമണതലത്തിന്റെ ലംബത്തിൽ നിന്ന് 23½° ചരിഞ്ഞ് ഇരിക്കുന്നു. ഗ്ലോബിൽ ഈ ചരിവ് നിരീക്ഷിക്കൂ.

## സൂര്യനെ ചുറ്റുന്ന ഭൂമി

ഭൂമി അച്ചുതണ്ടിൽ കറങ്ങുന്നതിനോടൊപ്പം ഒരു ദീർഘവൃത്താകാരമായ പഥത്തിലൂടെ സൂര്യനെ ചുറ്റുന്നു. ഒരു പരിക്രമണം പൂർത്തിയാക്കാൻ 365 ദിവസവും 6 മണിക്കൂറും വേണ്ടി വരുന്നു. ഇതിൽ 365 ദിവസങ്ങളെ നമ്മൾ ഒരു വർഷമായി കണക്കാക്കുന്നു.

മിച്ചം വരുന്ന 6 മണിക്കൂറിനെ നാലുവർഷം കൂടുമ്പോൾ ഒരു ദിവസം ആയി കണക്കാക്കുന്നു. അതുകൊണ്ടാണ് എല്ലാ നാലാമത്തെ വർഷവും ഫെബ്രുവരിയിൽ 29 ദിവസമുള്ളത്. ഇത്തരം വർഷങ്ങളെ അധിവർഷം അഥവാ 'ലീപ് ഇയർ' എന്നു വിശേഷിപ്പിക്കുന്നു.

- നിങ്ങൾ ജനിച്ചതിനുശേഷം എത്ര അധിവർഷങ്ങളുണ്ടായിട്ടുണ്ട്?

## ഋതുഭേദങ്ങൾ

വർഷം മുഴുവൻ നമുക്ക് ചൂടും തണുപ്പും ഒരുപോലെയാണോ അനുഭവപ്പെടുന്നത്?


ചില മാസങ്ങളിൽ ചൂട് താരതമ്യേന അധികമാണ്. മറ്റുചില മാസങ്ങളിൽ തണുപ്പ് കൂടുതലായി അനുഭവപ്പെടുന്നു.

## ഋതുക്കൾ ഉത്തരാർധഗോളത്തിൽ

| മാസങ്ങൾ | ഋതുക്കൾ |
|---|---|
| മേയ്, ജൂൺ, ജൂലൈ | വേനൽക്കാലം |
| ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ | ഹേമന്തകാലം |
| നവംബർ, ഡിസംബർ, ജനുവരി | ശൈത്യകാലം |
| ഫെബ്രുവരി, മാർച്ച്, ഏപ്രിൽ | വസന്തകാലം |

## നമ്മുടെ വേനൽക്കാലം

ചരിഞ്ഞഭൂമി സൂര്യനെ ചുറ്റുന്നു. ചിത്രത്തിൽ കാണിച്ചിരിക്കുന്ന വിധത്തിലാണ് മേയ്-ജൂൺ -ജൂലൈ മാസങ്ങളിൽ ഭൂമി സൂര്യനെ ചുറ്റി സഞ്ചരിക്കുന്നത്.





ഉത്തരാർധഗോളമാണോ ദക്ഷിണാർധഗോളമാണോ സൂര്യന്റെ ഭാഗത്തേക്ക് ചരിഞ്ഞിരിക്കുന്നത്? ചിത്രം പരിശോധിച്ച് നിഗമനത്തിലെത്തുക.

- ഭൂമി ഇരുപത്തിനാല് മണിക്കൂറും അച്ചുതണ്ടിൽ തിരിയുകയാണല്ലോ. അതിനാൽ ചില ഭാഗത്ത് രാത്രിയും മറ്റിടങ്ങളിൽ പകലുമാണ് അനുഭവപ്പെടുക.
- ഈ അവസ്ഥയിൽ ഉത്തരാർധഗോളത്തിലാണോ ദക്ഷിണാർധഗോളത്തിലാണോ കൂടുതൽ പകൽ സമയം കാണുന്നത്?
- ചിത്രത്തിൽ പകൽ എന്ന് സൂചിപ്പിച്ചിട്ടുള്ള ഭാഗം ശ്രദ്ധിക്കൂ. 24 മണിക്കൂറും ഭൂമി അച്ചുതണ്ടിൽ തിരിയുമ്പോഴും ഉത്തരധ്രുവപ്രദേശങ്ങളിൽ രാത്രിയാകുന്നില്ല. എന്തുകൊണ്ട്? ചർച്ച ചെയ്യുക.

## നമ്മുടെ തണുപ്പുകാലം

നവംബർ, ഡിസംബർ, ജനുവരി മാസങ്ങളിൽ ചിത്രത്തിൽ കാണിച്ചിരിക്കുന്ന സ്ഥിതിയിൽ ഭൂമി എത്തുന്നു.




ചിത്രം പരിശോധിച്ച് നിഗമനത്തിലെത്തുക.

- നവംബർ, ഡിസംബർ, ജനുവരി മാസങ്ങളിൽ ഏത് അർധഗോളത്തിലാണ്:
  - ♦ വേനൽകാലം
  - ♦ ശൈത്യകാലം
- ഭൂമിയുടെ എവിടെയാണ് 6 മാസം പകൽ അനുഭവപ്പെടുന്നത്?
- എവിടെയാണ് 6 മാസം രാത്രി അനുഭവപ്പെടുന്നത്?
- രണ്ട് അർധഗോളങ്ങളിലും ഋതുക്കൾ വ്യത്യസ്തമായാണ് അനുഭവപ്പെടുന്നത്. അതിന് കാരണങ്ങൾ എന്തെല്ലാമാണ്?

### ഗ്ലോബ് പരിശോധിച്ച് കണ്ടെത്തൂ:

- ഇന്ത്യയിൽ വേനൽക്കാലമായിരിക്കുമ്പോൾ ശൈത്യകാലം അനുഭവപ്പെടുന്ന 5 രാജ്യങ്ങളുടെ പേര് കണ്ടെത്തി എഴുതുക.

.................................................................................

.................................................................................

### വേനൽക്കാലം ഉത്തരാർധഗോളത്തിൽ

മുകളിൽ കൊടുത്തിരിക്കുന്ന ചിത്രങ്ങളിൽ നിന്ന് രണ്ട് അർധഗോളങ്ങളിലും പകലും രാത്രിയും തുല്യമായിട്ടല്ല അനുഭവപ്പെടുന്നതെന്ന് മനസിലാക്കിയല്ലോ? വേനൽക്കാലത്ത് ഭൂമധ്യരേഖാപ്രദേശത്തു നിന്ന് ഉത്തരധ്രുവത്തിലേക്ക് പോകുമ്പോൾ പകലിന്റെ ദൈർഘ്യം കൂടിവരുന്നു. ചുവടെ നൽകിയിട്ടുള്ള പട്ടിക പരിശോധിക്കൂ.

| അക്ഷാംശം | പകലിന്റെ ദൈർഘ്യം |
|---|---|
| 0 ° | 12 മണിക്കൂർ |
| 17 ° വടക്ക് | 13 മണിക്കൂർ |
| 41 ° വടക്ക് | 15 മണിക്കൂർ |
| 49 ° വടക്ക് | 16 മണിക്കൂർ |
| 63 ° വടക്ക് | 20 മണിക്കൂർ |
| 66½° വടക്ക് | 24 മണിക്കൂർ |
| 67° 20' വടക്ക് | 1 മാസം |
| 90° വടക്ക് | 6 മാസം |

- വേനൽക്കാലത്ത് ഉത്തരാർധഗോളത്തിലെ വിവിധ അക്ഷാംശങ്ങളിൽ പകലിന്റെ ദൈർഘ്യം പട്ടികയിൽ നിന്ന് വ്യക്തമായല്ലോ. അതേ കാലയളവിൽ ദക്ഷിണാർധഗോളത്തിലെ വിവിധ അക്ഷാംശങ്ങളിൽ അനുഭവപ്പെടുന്ന പകലിന്റെ ദൈർഘ്യം കണ്ടെത്താമോ?

| അക്ഷാംശം | പകലിന്റെ ദൈർഘ്യം |
|---|---|
| 0° | |
| 17° തെക്ക് | |
| 41° തെക്ക് | |
| 49° തെക്ക് | |
| 63° തെക്ക് | |
| 66½° തെക്ക് | |
| 67° 20' തെക്ക് | |
| 90° തെക്ക് | |

### ചൂടിന്റെ ലഭ്യതയിലുള്ള വൈവിധ്യം

ഭൂമധ്യരേഖാപ്രദേശങ്ങളിൽ നിന്ന് വടക്കോട്ടോ തെക്കോട്ടോ പോകുമ്പോൾ ദിനരാത്രങ്ങളിൽ ദൈർഘ്യവ്യത്യാസം അനുഭവപ്പെടുന്നു. ധ്രുവപ്രദേശങ്ങളിലാണ് വ്യത്യാസം ഏറ്റവും കൂടുതൽ അനുഭവപ്പെടുന്നത്. ഭൂമധ്യരേഖാപ്രദേശങ്ങളിൽ എല്ലാ കാലങ്ങളിലും ദിനരാത്രങ്ങൾ ഏകദേശം ഒരേ ദൈർഘ്യത്തിലാണ് അനുഭവപ്പെടുന്നത്. (ഏകദേശം12 മണിക്കൂർ രാത്രിയും 12 മണിക്കൂർ പകലും.)

- വർഷം മുഴുവൻ കണക്കിലെടുത്താൽ ഏറ്റവും കൂടുതൽ ചൂട് ലഭിക്കുന്നത് ഭൂമധ്യരേഖാ പ്രദേശങ്ങളിലാണോ? അതോ ഭൂമിയുടെ മറ്റേതെങ്കിലും പ്രദേശങ്ങളിലാണോ? ചർച്ച ചെയ്യുക.


### ധ്രുവപ്രദേശങ്ങൾ

**ഗ്രീൻലാന്റിലെ ഒരു വിദ്യാർഥി എഴുതുന്നു:**

*എന്റെ നാട്ടിലെ അധികം പ്രദേശത്തും വർഷം മുഴുവൻ മഞ്ഞു മൂടിക്കിടക്കുന്നു. വളരെക്കുറച്ചു മരങ്ങളും പായലുകളും മാത്രമാണ് ഇവിടെ സസ്യങ്ങളായി കാണാൻ കഴിയുന്നത്. വളരെ ആഴത്തിൽ മഞ്ഞുമൂടിക്കിടക്കുന്ന ഈ പ്രദേശത്തെ 'തുന്ദ്ര' എന്നു പറയുന്നു. മഞ്ഞ് അധികമില്ലാത്ത തീരപ്രദേശങ്ങളിലാണ് ഞങ്ങൾ ജീവിക്കുന്നത്. ഇവിടെ പൂജ്യത്തിനുതാഴെ ആറ് ഡിഗ്രി സെൽഷ്യസ് (-6° C)താപനിലയാണ് സാധാരണമായി അനുഭവപ്പെടുന്നത്. എന്നാൽ വടക്കോട്ട് ഉത്തരധ്രുവത്തിനോടടുത്ത് ഇതിനെക്കാൾ വളരെ തണുപ്പാണ്. വേനൽക്കാലത്ത് ഞങ്ങൾക്കുലഭിക്കുന്ന ഏറ്റവും കൂടുതൽ ചൂട് ഏഴ് ഡിഗ്രി സെൽഷ്യസാണ്.*

*ധ്രുവക്കരടി, റെയിൻഡീർ മുതലായ വളരെക്കുറച്ച് ഇനം മൃഗങ്ങൾ മാത്രമാണ് ഇവിടെ ജീവിക്കുന്നത്. തിമിംഗലങ്ങളും സീലുകളും കടലിൽ ജീവിക്കുന്നു. ചെറിയ മത്സ്യങ്ങളെ ഞങ്ങൾ ഭക്ഷണത്തിനായി ഉപയോഗിക്കുന്നു.*

*മഞ്ഞുകട്ടകൾകൊണ്ട് ഉണ്ടാക്കിയ വീടുകളെക്കുറിച്ച് കേട്ടിട്ടുണ്ടോ? ഞങ്ങൾ എസ്കിമോകൾ പണ്ട് കൂടുതലും ഇഗ്ലു എന്നറിയപ്പെടുന്ന ഇത്തരം വീടുകളിലാണ് താമസിച്ചിരുന്നത്.*



മഞ്ഞുമൂടിയ ധ്രുവപ്രദേശത്ത് ജീവിക്കുന്ന പെൻഗ്വിനുകൾ

- ഗ്രീൻലാന്റിലെ തീരപ്രദേശത്തെ ചൂടുകാലത്തെയും തണുപ്പുകാലത്തെയും താപനില നിങ്ങളുടെ പ്രദേശത്തെ താപനിലയുമായി താരതമ്യപ്പെടുത്തൂ.
- ധ്രുവപ്രദേശങ്ങളിൽ ജന്തുക്കളുടെയും സസ്യങ്ങളുടെയും വൈവിധ്യത്തിലും എണ്ണത്തിലും കുറവു കാണപ്പെടുന്നു. എന്തായിരിക്കാം കാരണം?
- ഗ്രീൻലാന്റിൽ ജീവിക്കുന്ന ജീവികളിൽ പെൻഗ്വിൻ ഉൾപ്പെടുന്നില്ല. പെൻഗ്വിനുകൾ ധ്രുവപ്രദേശങ്ങളുടെ ഏതുഭാഗത്താണ് ജീവിക്കുന്നത്? ചർച്ച ചെയ്യൂ. പെൻഗ്വിനുകളുടെ നാട് ഗ്ലോബിൽ കണ്ടെത്തൂ.

### ഭൂമധ്യരേഖാപ്രദേശം

**ഇൻഡോനേഷ്യയിലെ ഒരു വിദ്യാർഥി:**

*ഇടതൂർന്ന് വളരുന്ന നിബിഡ വനങ്ങൾ ഞങ്ങളുടെ പ്രദേശത്തെ സവിശേഷതയാണ്. ശക്തമായ മഴയും അത്യുഷ്ണവും ഞങ്ങളുടെ കാലാവസ്ഥയുടെ പ്രത്യേകതയാണ്. ഉച്ചകഴിഞ്ഞുള്ള മഴ വർഷംമുഴുവൻ പതിവുള്ളതാണ്. സസ്യങ്ങളുടെയും ജന്തുക്കളുടെയും വൈവിധ്യം വളരെ കൂടുതലുള്ള ഭൂപ്രദേശമാണിത്.*


*വർഷത്തിലൊരിക്കലും ഇവിടെ വരണ്ടകാലാവസ്ഥ അനുഭവപ്പെടാത്തതിനാൽ മരങ്ങളുടെ ഇലപൊഴിയുന്നതിന് ഒരു പ്രത്യേക കാലമില്ല. വർഷം മുഴുവനും പുതിയ ഇലകൾ ഉണ്ടാവുകയും പഴുത്ത ഇലകൾ കൊഴിഞ്ഞു വീഴുകയും ചെയ്യുന്നു. അതിനാൽ ഇവിടെ തിങ്ങിവളരുന്ന വനങ്ങളെ നിത്യഹരിത വനങ്ങൾ എന്നാണ് പറയുന്നത്. കടൽത്തീരങ്ങളിൽ ചതുപ്പു നിലങ്ങളും കണ്ടൽ വനങ്ങളും കാണാനാകും.*

*സമതലപ്രദേശങ്ങളിൽ നെല്ലാണ് ഞങ്ങളുടെ പ്രധാനകൃഷി. ഉയർന്ന മലഞ്ചരിവുകളിൽ കാപ്പി, തേയില, ഏലം, ഗ്രാമ്പു തുടങ്ങിയ സുഗന്ധവ്യഞ്ജനങ്ങളും പുകയിലയും കൃഷി ചെയ്യുന്നു. മറ്റുവിളകളിൽ പുകയിലയ്ക്ക് പ്രധാന സ്ഥാനമുണ്ട്.*

- ചൂടിന്റെ അഭാവം ധ്രുവപ്രദേശങ്ങളിലും ചൂടിന്റെ ലഭ്യത ഭൂമധ്യരേഖാപ്രദേശങ്ങളിലും എന്തൊക്കെ സവിശേഷതകളാണ് ഉണ്ടാക്കുന്നത്? ചർച്ച ചെയ്യൂ.



ഭൂമധ്യരേഖാപ്രദേശത്തെ നിത്യഹരിതവനം



**മധ്യഅക്ഷാംശപ്രദേശം**

**ഗ്രീസിൽ നിന്നു വന്ന വിദ്യാർഥിനി:**

*ഞങ്ങളുടെ നാട്ടിൽ മിതമായ ചൂടോടുകൂടിയ കാലാവസ്ഥയാണ്. ദൈർഘ്യമേറിയ, മേഘരഹിതമായ വേനൽക്കാലം ഞങ്ങൾക്കനുഭവപ്പെടുന്നു. ശൈത്യകാലം സുഖമുള്ളതാണ്. അമിതമായ തണുപ്പില്ല. അതിനുതൊട്ടുമുമ്പുള്ള ഗ്രീഷ്മകാലത്ത് ഇലകളൊക്കെ പൊഴിയുന്നു. ചുവപ്പും ഓറഞ്ചും മഞ്ഞയും നിറമുള്ള ഇലകൾ വഴിയോരങ്ങളിൽ വീണ് മെത്ത പോലെ കിടക്കുന്നു.*

*വേനലിനുമുമ്പുള്ള ഹേമന്തകാലം പൊതുവെ സന്തോഷം നൽകുന്ന ഒന്നാണ്. പൂക്കൾ വിടരുന്നു. പക്ഷികൾ കൂടുകൂട്ടുന്നു... ധാരാളം പുൽമേടുകളും മുന്തിരി, ഓറഞ്ച്, നാരങ്ങ തോട്ടങ്ങളും ഇവിടെയുണ്ട്.*

*ഗോതമ്പും ബാർളിയും ഞങ്ങൾ കൃഷി ചെയ്യുന്നു. എന്നാൽ ഗ്രീസ് ഏറ്റവും കൂടുതൽ അറിയപ്പെടുന്നത് ഒലിവ് മരങ്ങളുടെ പേരിലാണ്. ലോകത്തിലെ പല സ്ഥലങ്ങളിലേക്കും ഒലിവെണ്ണ ഇവിടെനിന്നാണ് കയറ്റി അയക്കുന്നത്.*

- നാല് ഋതുക്കൾ ഉള്ളതായാണല്ലോ നമ്മൾ കണക്കാക്കുന്നത്. നാലുഋതുക്കളും വ്യക്തമായി അനുഭവപ്പെടുന്നത് ഏതു പ്രദേശത്താണ്?
  - ഭൂമധ്യപ്രദേശം
  - ധ്രുവപ്രദേശം
  - മധ്യഅക്ഷാംശപ്രദേശം

## താപീയ മേഖലകൾ


ഋതുഭേദങ്ങൾക്ക് പ്രധാന കാരണം സൂര്യരശ്മികൾ ഭൂമിയിൽ എല്ലായിടത്തും ഒരുപോലെ പതിക്കാത്തതാണെന്നു നിങ്ങൾ മനസ്സിലാക്കിയല്ലോ. ഋതുക്കളിലെ മാറ്റങ്ങൾ ഭൂമിയിൽ എല്ലായിടത്തും ഒരു പോലെയല്ല അനുഭവപ്പെടുന്നത് എന്നതും നിങ്ങൾ പരിശോധിച്ചു.

ആറു മാസം സൂര്യനസ്തമിക്കാത്ത ധ്രുവപ്രദേശങ്ങൾ മഞ്ഞുമൂടിയാണ് കിടക്കുന്നത്. ഇവിടെ വെയിലിന് തീക്ഷ്ണതയില്ല.

വർഷം മുഴുവൻ ലഭിക്കുന്ന ചൂടിന്റെ അടിസ്ഥാനത്തിൽ ഭൂമിയെ മൂന്ന് താപീയമേഖലകളായി തിരിച്ചിട്ടുണ്ട്. $23\frac{1}{2}^o$ വടക്കുമുതൽ $23\frac{1}{2}^o$ തെക്കുവരെയുള്ള പ്രദേശത്തെ ഉഷ്ണമേഖല എന്നു പറയുന്നു.

$23\frac{1}{2}^o$ വടക്കുമുതൽ $66\frac{1}{2}^o$ വടക്കുവരെയും $23\frac{1}{2}^o$ തെക്കുമുതൽ $66\frac{1}{2}^o$ തെക്കുവരെയുമുള്ള പ്രദേശങ്ങളെയാണ് മിതോഷ്ണമേഖല എന്നു പറയുന്നത്.

$66\frac{1}{2}^o$ വടക്കുമുതൽ $90^o$ വടക്കുവരെയും $66\frac{1}{2}^o$ തെക്കുമുതൽ $90^o$ തെക്കുവരെയും ഉള്ള പ്രദേശങ്ങളെ ശൈത്യമേഖല എന്നും പറയുന്നു.



- $23\frac{1}{2}^{\circ}$, $66\frac{1}{2}^{\circ}$, $90^{\circ}$ എന്നീ അക്ഷാംശരേഖകൾക്ക് ഇവിടെ പ്രാധാന്യം ലഭിക്കുന്നത് എന്തുകൊണ്ട്? ചർച്ച ചെയ്യൂ.

## ഗ്ലോബ് നിരീക്ഷിച്ച് കണ്ടെത്താം


- മൂന്നു താപീയ മേഖലകളിലായി വ്യാപിച്ച് കിടക്കുന്ന വൻകരകൾ ഉണ്ടോ?
- കൂടുതൽ വൻകരകളും ഏത് താപീയ മേഖലകളിലാണ് വ്യാപിച്ചുകിടക്കുന്നത്?
- ചില രാജ്യങ്ങളുടെ പേരുകൾ പട്ടികയിൽ നൽകിയിരിക്കുന്നു. അവ ഉൾപ്പെടുന്ന താപീയ മേഖലകൾ കണ്ടെത്തി പട്ടിക പൂർത്തിയാക്കുക.

| രാജ്യത്തിന്റെ പേര് | താപീയ മേഖല |
|---|---|
| ടാൻസാനിയ | |
| പോളണ്ട് | |
| ഗ്വാട്ടിമാല | |
| കമ്പോഡിയ | |
| ഫിൻലാന്റ് | |
| ഇന്ത്യ | |
| സൗത്ത് ആഫ്രിക്ക | |

സൂര്യൻ ഒരു വർഷത്തിൽ പരമാവധി വടക്കോട്ട് ഉത്തരായനരേഖവരെയും തെക്കോട്ട് ദക്ഷിണായനരേഖവരെയും നീങ്ങുന്നതായി നമുക്ക് അനുഭവപ്പെടുന്നു. ഈ മാറ്റത്തിനിടയിൽ രണ്ടു പ്രാവശ്യം സൂര്യൻ ഭൂമധ്യരേഖയെ കടക്കുന്നു (മാർച്ച് 21, സെപ്റ്റംബർ 23). ഇതാണ് സമരാത്രദിനങ്ങൾ. ഈ സ്ഥാനമാറ്റത്തിനിടയിൽ ജൂൺ 21-ന് ഉത്തരായനരേഖയുടെ നേർമുകളിലും ഡിസംബർ 22-ന് ദക്ഷിണായനരേഖയുടെ നേർമുകളിലും സൂര്യൻ പ്രകാശിക്കുന്നതായി അനുഭവപ്പെടുന്നു. ഈ രണ്ട് ദിവസങ്ങളാണ് യഥാക്രമം ഗ്രീഷ്മ അയനാന്തവും ശൈത്യഅയനാന്തവും.

ജൂൺ 21-ന് സൂര്യൻ വടക്കോട്ട് സഞ്ചരിച്ച് ഉത്തരായനരേഖയുടെ മുകളിലെത്തിയതായി അനുഭവപ്പെടുന്നു. ഈ ദിവസത്തിൽ ഉത്തരായനരേഖയിൽ സൂര്യരശ്മികൾ ലംബമായി പതിക്കുന്നു. ഇതാണ് ഉത്തരാർദ്ധഗോളത്തിലെ ഗ്രീഷ്മ അയനാന്തം. അതിനുശേഷം സൂര്യൻ തെക്കോട്ട് സഞ്ചരിച്ച് ഡിസംബർ 22 ദക്ഷിണായനരേഖവരെ എത്തുന്നതായി അനുഭവപ്പെടുന്നു. അപ്പോൾ സൂര്യരശ്മികൾ ദക്ഷിണായനരേഖയിൽ ലംബമായി പതിക്കുന്നു. ഈ ദിവസത്തെ ഉത്തരാർദ്ധഗോളത്തിലെ ശൈത്യ അയനാന്തമായി കണക്കാക്കുന്നു.

യഥാർഥത്തിൽ ഈ മാറ്റത്തിനു കാരണം സൂര്യന്റെ ചലനമാണോ?




ഭൂമിയുടെ പരിക്രമണത്തിൽ ചില പ്രധാന തീയതികളും (സൂര്യരശ്മി ലംബമായി പതിക്കുന്ന ദിവസങ്ങൾ) അതിന്റെ സവിശേഷതകളും

$23\frac{1}{2}^{o}$ ചരിവിൽ നിന്നുകൊണ്ട് ദീർഘവൃത്താകൃതിയിലുള്ള ഭൂമിയുടെ പരിക്രമണത്തിന്റെ ഫലമായി ഒരു വർഷത്തിനിടയിൽ ഭൂമിയുടെ ഉത്തരായനരേഖ മുതൽ ദക്ഷിണായന രേഖവരെയുള്ള പ്രദേശങ്ങൾ സൂര്യന് ലംബമായി വരുന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്.

| | | | |
|---|---|---|---|
| മാർച്ച് 21 | സമരാത്രദിനം | സൂര്യൻ ഭൂമധ്യരേഖയുടെ നേർമുകളിൽ | തുല്യമായ രാത്രിയും പകലും |
| ജൂൺ 21 | ഗ്രീഷ്മ അയനാന്ത ദിനം | സൂര്യൻ ഉത്തരായനരേഖയുടെ നേർമുകളിൽ | ഉത്തരാർധഗോളത്തിൽ ദൈർഘ്യമേറിയ പകൽ |
| സെപ്റ്റംബർ 23 | സമരാത്രദിനം | സൂര്യൻ ഭൂമധ്യരേഖയുടെ നേർമുകളിൽ | തുല്യമായ രാത്രിയും പകലും |
| ഡിസംബർ 22 | ശൈത്യ അയനാന്തദിനം | സൂര്യൻ ദക്ഷിണായന രേഖയുടെ നേർമുകളിൽ | ഉത്തരാർധഗോളത്തിൽ ദൈർഘ്യമേറിയ രാത്രി |

സൂര്യന്റെ അയനമാറ്റത്തിന്റെ ഫലമായി രണ്ട് അർധഗോളങ്ങളിലും ഉണ്ടാകുന്ന പകലിന്റെ വ്യത്യാസത്തെ അടിസ്ഥാനമാക്കി താഴെ നൽകിയിട്ടുള്ള പട്ടിക പൂർത്തിയാക്കൂ.

[അനുയോജ്യമായതിന് നേർക്ക് ടിക് മാർക്ക് (✓) ചെയ്യുക]


| കാലഘട്ടം | ഉത്തരാർധഗോളം രാത്രിയുടെ ദൈർഘ്യം | | ദക്ഷിണാർധഗോളം രാത്രിയുടെ ദൈർഘ്യം | |
|---|---|---|---|---|
| | കൂടി വരുന്നു | കുറഞ്ഞു വരുന്നു | കൂടി വരുന്നു | കുറഞ്ഞു വരുന്നു |
| മാർച്ച് 22 മുതൽ ജൂൺ 21 വരെ | | | | |
| ജൂൺ 22 മുതൽ സെപ്റ്റംബർ 23 വരെ | | | | |
| സെപ്റ്റംബർ 24 മുതൽ ഡിസംബർ 22 വരെ | | | | |
| ഡിസംബർ 23 മുതൽ മാർച്ച് 21 വരെ | | | | |

ഈ പാഠത്തിന്റെ ആരംഭത്തിൽ നിങ്ങൾ ഒരു നിഴൽ ഘടികാരം ഉണ്ടാക്കിയല്ലോ. വർഷം മുഴുവൻ ആ ഘടികാരം നിങ്ങൾക്ക് ഉപയോഗിക്കാൻ സാധിക്കില്ലെന്നും മൂന്നു മാസത്തിലൊരിക്കൽ അത് മാറ്റിവരയ്ക്കേണ്ടിവരുമെന്നും പറഞ്ഞിരുന്നു. അത് എന്തുകൊണ്ടാണെന്ന് ചർച്ച ചെയ്ത് ഒരു കുറിപ്പു തയ്യാറാക്കൂ.

# 2

# കുട്ടനാട്
## കായലും ജനജീവിതവും

ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ തെക്കേയറ്റത്ത് അറബിക്കടലിന്റെ തീരത്ത് നീണ്ടു കിടക്കുന്ന സംസ്ഥാനമാണ് കേരളം. വൈവിധ്യമാർന്ന ഭൂപ്രകൃതിയും കാലാവസ്ഥയുമാണ് കേരളത്തിന്റെ സവിശേഷതകൾ. സുഗന്ധവിളകളുടെ പേരിൽ കേരളം ലോകമൊട്ടാകെ അറിയപ്പെടുന്നു. ഇതുമൂലം നിരവധി വിദേശരാജ്യങ്ങൾ വളരെ പണ്ടുമുതൽക്കെ കേരളവുമായി വാണിജ്യ ബന്ധത്തിൽ ഏർപ്പെട്ടിരുന്നു. സുഗന്ധവ്യഞ്ജനങ്ങളുടെ വളർച്ചയ്ക്കു സഹായിച്ച ഒട്ടനവധി ഘടകങ്ങളുണ്ട്. അതിലൊന്നാണ് ഭൂപ്രകൃതി.




കിഴക്ക് പശ്ചിമഘട്ടത്തിനും പടിഞ്ഞാറ് അറബിക്കടലിനും ഇടയിലുള്ള ഭൂപ്രദേശമാണ് കേരളം. തീരപ്രദേശം, ഇടനാട്, മലനാട് എന്നീ വിഭാഗങ്ങളായി കേരളത്തിന്റെ ഭൂപ്രകൃതിയെ തിരിക്കാം. ഇക്കാര്യം നാം നേരത്തെ മനസ്സിലാക്കിയിട്ടുണ്ടല്ലോ. ഈ പ്രദേശങ്ങളിൽ കേരളീയരുടെ മുഖ്യജീവിതമാർഗം കൃഷിയായിരുന്നു. മലനാട്ടിലെ ആദിവാസി വിഭാഗങ്ങളും ഇടനാട്ടിലെ കർഷകരും തീരപ്രദേശങ്ങളിലെ മുക്കുവരും കേരളത്തിന്റെ പ്രകൃതി സവിശേഷതകൾ പ്രയോജനപ്പെടുത്തി ജീവിക്കുന്നവരാണ്.

കേരളത്തിന്റെ പൊതുവായ ഭൂപ്രകൃതിയിൽ നിന്നു വേറിട്ടുനിൽക്കുന്ന ഒരു ഭൂപ്രദേശമാണ് കുട്ടനാട്. ഇവിടത്തെ ജനങ്ങൾ എങ്ങനെയാണ് ജീവിതമാർഗം കണ്ടെത്തിയതെന്നു നോക്കാം.

## കുട്ടനാടൻ കായൽനിലങ്ങൾ

കേരളത്തിലെ ഏറ്റവും വലിയ കായലാണ് വേമ്പനാട്ടുകായൽ. ഈ കായലിന്റെ കരഭാഗങ്ങളിൽ കുട്ടനാട് വ്യാപിച്ചുകിടക്കുന്നു. കുട്ടനാടിന്റെ പകുതിയോളം ഭാഗവും സമുദ്രനിരപ്പിനു താഴെയാണ് സ്ഥിതിചെയ്യുന്നത്. പമ്പ, മൂവാറ്റുപുഴ, മീനച്ചിൽ, മണിമല, അച്ചൻ കോവിൽ എന്നീ നദികൾ കുട്ടനാട്ടിലൂടെ ഒഴുകി വേമ്പനാട്ടു കായലിൽ പതിക്കുന്നു. മഴക്കാലത്ത് നദികൾ ധാരാളം ജലം വേമ്പനാട്ടു കായലിലെത്തിക്കുന്നു. ഇത് കുട്ടനാടൻ പ്രദേശങ്ങളിൽ വെള്ളപ്പൊക്കത്തിനിടയാക്കുന്നു. വേനൽക്കാലത്താകട്ടെ കായലിലേക്കുള്ള ശുദ്ധജലത്തിന്റെ ഒഴുക്കു കുറയുന്നതോടെ താഴ്ന്ന പ്രദേശങ്ങളിലേക്ക് കടലിൽ നിന്നുള്ള ഉപ്പുവെള്ളം കയറുന്നു. ലവണാംശം കൂടുതലുള്ള ഈ ജലം കൃഷിനാശത്തിനും ശുദ്ധജലക്ഷാമത്തിനും ഇടയാക്കുന്നു. ഇതിനെ കുട്ടനാട്ടുകാർ 'ഓരുവെള്ളം' എന്നാണു


വിളിക്കുന്നത്. ഇക്കാരണങ്ങളാൽ മുൻകാലങ്ങളിൽ കുട്ടനാട്ടിൽ വർഷകാലത്തും വേനൽക്കാലത്തും കൃഷി പൊതുവെ ദുഷ്കരമായിരുന്നു.

## കുട്ടനാട്ടിലെ പഴയകാല കൃഷിരീതികൾ

രണ്ടും മൂന്നും വർഷം ഇടവിട്ടാണ് ഇവിടെ കൃഷിചെയ്തിരുന്നത്. ചമ്പാവ്, കറുത്തചാര തുടങ്ങി വിളവെടുക്കാൻ കൂടുതൽ സമയമാവശ്യമായ നെൽവിത്തിനങ്ങളാണ് ഉപയോഗിച്ചിരുന്നത്. വെള്ളക്കെട്ടുള്ള പാടങ്ങളുടെ അതിരുകളിൽ ഉയർന്ന ബണ്ടുകൾ കെട്ടി ബലപ്പെടുത്തുന്നു. അതിനുശേഷം പാടത്തിലെ വെള്ളം വറ്റിച്ചുകളയുന്നു. ഇന്നത്തെ രീതിയിലുള്ള പമ്പുസെറ്റുകൾ വരുന്നതിനുമുൻപ് വെള്ളം വറ്റിക്കാൻ ചക്രങ്ങളാണ് ഉപയോഗിച്ചിരുന്നത്. എട്ടുപത്താളുകളുടെ ഒരു സംഘമാണ് ഈ പ്രവൃത്തി ചെയ്തിരുന്നത്. രാവും പകലും നീളുന്ന അധ്വാനമായിരുന്നു ഇത്. വലിയ വയലുകളിലെ വെള്ളം വറ്റിക്കുന്നതിന് മാസങ്ങളോളമുള്ള അധ്വാനം വേണ്ടിവരും. ചക്രം ചവിട്ടുന്നതിലുള്ള വിരസത ഒഴിവാക്കുന്നതിന് അവർ പാട്ടുകൾ പാടും.

മുളപ്പിച്ച വിത്താണ് വെള്ളം വറ്റിച്ച വയലിൽ വിതയ്ക്കുന്നത്. കീടനാശിനികൾ ഇല്ലാതിരുന്ന അക്കാലത്ത് കീടബാധ ഒഴിവാക്കിയിരുന്നത് പ്രത്യേക രീതിയിലായിരുന്നു. ഞാറു വളർന്നു തുടങ്ങിയ വയലിൽ നെല്ലോലയുടെ അറ്റം മാത്രം പുറത്തു കാണത്തക്കവിധം വെള്ളം നിർത്തുന്നു. ഇതോടെ കീടങ്ങളെല്ലാം ഓലയുടെ അറ്റത്തുവന്നിരിക്കും. അപ്പോൾ അവയെ ചൂലുകൊണ്ടടിച്ച് കുട്ടയിലാക്കി (പുഴുക്കൊട്ട) കൊന്നുകളയുകയായിരുന്നു പതിവ്.

കായൽവെള്ളത്തിൽ പുതഞ്ഞുകിടന്നിരുന്ന, കൃഷിക്ക് ഒട്ടും ഉപയുക്തമല്ലാത്ത ഒരു പ്രദേശമാണ് കുട്ടനാട്. ഈ പ്രദേശത്തെ കൃഷിയോഗ്യമാക്കി നിലനിർത്തുന്നതിനുള്ള നിരന്തരശ്രമത്തിലൂടെയാണ് കുട്ടനാട്ടുകാരുടെ ജീവിതം വളർന്നുവന്നിട്ടുള്ളത്. ബണ്ടുകെട്ടൽ, വെള്ളംവറ്റിക്കൽ തുടങ്ങി മറ്റൊരു പ്രദേശത്തുമില്ലാത്ത വിധത്തിലുള്ള കൂട്ടായ അധ്വാനത്തി



ലൂടെ കുട്ടനാട്ടിലെ ജനങ്ങൾ ആ പ്രദേശത്തെ കാർഷിക സമ്പന്നമാക്കിത്തീർത്തു.

കുട്ടനാട്ടിലെ കരിമണ്ണ് നെൽക്കൃഷിക്ക് ഏറ്റവും യോജിച്ചതാണ്. നദികളിലൂടെ ഒഴുകിയെത്തുന്ന ജൈവാവശിഷ്ടങ്ങൾ മണ്ണിന്റെ ഫലഭൂയിഷ്ഠത വർധിപ്പിച്ചു. ഈ മണ്ണിൽ സാഹസികമായി കൃഷിനടത്താൻ കർഷകരെ പ്രേരിപ്പിച്ചത് അവർക്ക് മറ്റെങ്ങും ലഭിക്കാത്ത വിളവായിരുന്നു.

- പ്രതികൂല സാഹചര്യങ്ങളോടു മല്ലടിച്ച് കായൽ നിലങ്ങളിൽ കൃഷിയിറക്കാൻ കുട്ടനാട്ടുകാരെ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാമാണെന്ന് ചർച്ച ചെയ്യൂ.

കുട്ടനാട്ടിലെ കൃഷി നടന്നിരുന്നത് ജന്മി-കുടിയാൻ സമ്പ്രദായത്തിലായിരുന്നു. അടിമകളെപ്പോലെ പണിയെടുത്തിരുന്ന കർഷകത്തൊളിലാളികളുടെ ജീവിതം എന്നും ദുരിതപൂർണമായിരുന്നു.

ജന്മി-കുടിയാൻ ബന്ധം ജാതി അടിസ്ഥാനത്തിലാണ് നിലനിർത്തിയിരുന്നത്. ചില പ്രത്യേക കൃഷിപ്പണികൾ സ്ത്രീകളെക്കൊണ്ടുമാത്രം ചെയ്യിക്കുന്ന പതിവും ഉണ്ടായിരുന്നു. ജന്മിമാർക്കെല്ലാം അടിയാളന്മാർ ഉണ്ടായിരുന്നു. ഇവരെ ഓണപ്പണിക്കാർ എന്നാണ് വിളിച്ചിരുന്നത്.

കർഷകത്തൊഴിലാളികൾ ജന്മിമാരോട് നെല്ലും പണവും മുൻകൂറായി വാങ്ങിയിരുന്നു. 'വേലക്കടം' എന്നാണ് ഈ രീതി അറിയപ്പെട്ടിരുന്നത്. വേലക്കടത്തിനു പകരമായി വർഷം മുഴുവൻ ജന്മിക്കായി ഇവർ പണിയെടുത്തു. വയലിലെ പണികൂടാതെ പശുവിനെ കറക്കുക, ചാണകം വാരുക, പശുവിനെ കുളിപ്പിക്കുക മുതലായ ഏതു പണിയും ഇവരെക്കൊണ്ടു ചെയ്യിക്കുമായിരുന്നു. പ്രഭാതം മുതൽ തുടങ്ങുന്ന പണികൾ രാത്രിവരെ തുടരും. പലപ്പോഴും ജന്മിമാർ ഇവർക്ക് കഠിനമായ ശിക്ഷയും നൽകിവന്നു.

വേമ്പനാട്ടു കായൽ വഴിയായിരുന്നു കൊച്ചി, ആലപ്പുഴ, കായംകുളം തുടങ്ങിയ വ്യാപാര കേന്ദ്രങ്ങളിലേക്കുള്ള ഗതാഗതം നടന്നിരുന്നത്. കായലിലൂടെ വള്ളങ്ങളിലായിരുന്നു ചരക്കുകൾ വ്യാപാരകേന്ദ്രങ്ങളിൽ എത്തിച്ചിരുന്നത്. ചരക്കുകളുമായി പോകുന്ന വള്ളങ്ങൾ കൊള്ളയടിക്കുക പതിവായിരുന്നു. കവർച്ചക്കാരുടെ ആക്രമണം ദീർഘകാലം തുടർന്നു. ശ്രീമൂലം തിരുനാൾ മഹാരാജാവിന്റെ കാലത്ത് ജനങ്ങളുടെ പരാതിയുടെ അടിസ്ഥാനത്തിൽ ഇത്തരം കവർച്ചകൾ നിയമംമൂലം നിയന്ത്രിക്കപ്പെട്ടു.

## വെള്ളത്തിലൂടെയുള്ള യാത്ര

പൊതുവേ എല്ലാ വീടുകളിലും ഗതാഗതത്തിനായി ചെറിയ വള്ളങ്ങളുണ്ടായിരുന്നു. കായലുകളെ പരസ്പരം ബന്ധിപ്പിച്ചുകൊണ്ട് നിരവധി തോടുകൾ കുട്ടനാട്ടിലെങ്ങും കാണാം. യാത്രയ്ക്ക് മുഖ്യമായും ആശ്രയിച്ചിരുന്നത് വള്ളങ്ങളെയാണ്. ചരക്കുകൾ കടത്തുന്നതിന് കെട്ടുവള്ളങ്ങൾ ഉപയോഗിച്ചിരുന്നു. വീട്ടാവശ്യങ്ങൾക്കുള്ള പല സാധനങ്ങളും വള്ളത്തിലാണ് എത്തിച്ചിരുന്നത്. സോപ്പ്, നീലം, ആണി, കത്തി, ഗ്ലാസ്, പാത്രങ്ങൾ തുടങ്ങിയവ ഇതിൽ ഉൾപ്പെട്ടിരുന്നു. സാധനങ്ങൾക്കു പകരം താറാവുമുട്ടയും കോഴിമുട്ടയുമാണ് വീട്ടുകാർ നൽകിയിരുന്നത്. സാധനങ്ങൾ വിൽക്കാനെത്തുന്ന വള്ളക്കാരെ മുട്ടക്കാരെന്നു വിളിച്ചിരുന്നു.

കൊച്ചിയിലേക്കും തിരുവനന്തപുരത്തേക്കും ഈ കായലിലൂടെ യാത്ര സാധ്യമായിരുന്നു. എന്നാൽ ഇപ്പോൾ ഈ പ്രദേശങ്ങളെ കരമാർഗം ബന്ധിപ്പിച്ചിട്ടുണ്ട്. ഇന്നും ഇവിടെ കേരള സ്റ്റേറ്റ് വാട്ടർ ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ (കെ.എസ്.ഡബ്ല്യു.ടി.സി) ബോട്ട് സർവീസുകൾ നിലവിലുണ്ട്.



കേരള സർക്കാരിന്റെ ജലഗതാഗത ബോട്ട്

## മുറ്റത്തുനിന്നു മീൻ പിടിക്കുന്നവർ

കുട്ടനാട്ടിലെ വീടുകൾ മിക്കതും നദിയുടെയോ തോടുകളുടെയോ അരികിലാണ് നിർമിച്ചിരിക്കുന്നത്. യാത്രയ്ക്ക് വള്ളങ്ങൾ നിർബന്ധമായിരുന്നു. തോടുകളും ആറുകളും മത്സ്യസമ്പന്നമായിരുന്നു. മത്സ്യം കുട്ടനാട്ടുകാരുടെ ഭക്ഷണത്തിലെ പ്രധാന ഇനമാണ്. ഓരോ വീട്ടുകാരും അവരവരുടെ ആവശ്യത്തിന് തോട്ടിൽ നിന്നും പുഴയിൽ നിന്നും മത്സ്യം പിടിച്ചിരുന്നു. കൃഷിക്കുവേണ്ടി വെള്ളം വറ്റിക്കുമ്പോൾ ധാരാളം മത്സ്യം ലഭിക്കുമായിരുന്നു. ഭൂവുടമകളുടെ വരുമാനമാർഗം കൂടിയായിരുന്നു ഇത്.

ചതുപ്പുനിലങ്ങളിലും തോടുകളിലും താറാവ് വളർത്തുന്നത് കുട്ടനാട്ടുകാരുടെ മറ്റൊരു തൊഴിലാണ്. കൊയ്ത്തു കഴിഞ്ഞ പാടശേഖരങ്ങളിലാണ് താറാവു കൂട്ടങ്ങളെ ഇറക്കിയിരുന്നത്. കൊയ്ത്തു കഴിഞ്ഞ പാടശേഖരങ്ങളിൽ നെന്മണികളും മത്സ്യങ്ങളും സമൃദ്ധമായിട്ടുണ്ടാവും. ഇത് താറാവുകളുടെ തീറ്റയായിത്തീരും. മറ്റു പ്രദേശങ്ങളിൽ നിന്ന് താറാവു കൃഷിക്കാർ ഇവിടെ വന്നിരുന്നു.

കുട്ടനാട്ടിലെ പല സ്ഥലങ്ങളിലും ആളുകൾ കായലിൽ മുങ്ങി കക്ക ശേഖരിച്ചിരുന്നു. രണ്ടുതരം കക്കയാണ് ഇവിടെയുള്ളത് - വെള്ളയും കറുപ്പും. വെള്ളക്കക്കയുടെ പുറംതോട് സിമന്റ് നിർമാണത്തിനുപയോഗിക്കുന്നു. കുമരകം പോലുള്ള സ്ഥലങ്ങളിലാണ് ഇത് കൂടുതൽ കാണപ്പെടുന്നത്.

തണ്ണീർമുക്കം, മുഹമ്മ എന്നീ സ്ഥലങ്ങളിൽ നിന്നാണ് കറുത്ത കക്ക കൂടുതലും ലഭിക്കുന്നത്. മുളയുടെ അറ്റത്ത് കമ്പിവളയത്തിൽ ഘടിപ്പിച്ച വലകളാണ് കക്ക ശേഖരിക്കാൻ ഉപയോഗിക്കുന്നത്. കായലിൽ മുങ്ങി കക്ക ശേഖരിയ്ക്കുന്ന പഴയ രീതി ഇന്നു കുറവാണ്. കായൽവെള്ളത്തിൽ നാളികേരത്തൊണ്ട് പൂഴ്ത്തി ചീയാനിട്ട് അതുതല്ലിയെടുത്ത് കയറുണ്ടാക്കുന്നതും ഇവരുടെ തൊഴിലാണ്.

കുട്ടനാട്ടുകാരുടെ ഭക്ഷണത്തിൽ മത്സ്യം, താറാവുമുട്ട, മാംസം, കക്കയിറച്ചി എന്നിവ പ്രധാനമാണ്.

- കൃഷിക്കുപുറമേ കുട്ടനാട്ടുകാർ വേമ്പനാട്ടു കായലിനെ എങ്ങനെയെല്ലാമാണ് പ്രയോജനപ്പെടുത്തിയത്? വിശദാംശങ്ങൾ





കായലിൽ നിന്ന് വല ഉപയോഗിച്ച് മത്സ്യം പിടിക്കുന്നു

ശേഖരിച്ച് ഒരു സെമിനാർ പേപ്പർ തയ്യാറാക്കി അവതരിപ്പിക്കൂ.

- മത്സ്യബന്ധനം
- താറാവുകൃഷി
-
-

## മാറുന്ന കുട്ടനാട്

കൃഷിഭൂമി വർധിപ്പിക്കുന്നതിനായി കായൽ നികത്താൻ തുടങ്ങിയതോടെയാണ് കുട്ടനാട്ടിൽ മാറ്റങ്ങൾക്കു തുടക്കംകുറിച്ചത്. ലോകത്താകമാനം കാർഷികരംഗത്തുണ്ടായ മാറ്റങ്ങൾ ഇവിടെയും എത്തി. കഴിഞ്ഞ നൂറ്റാണ്ടിന്റെ ആരംഭകാലത്ത് വെള്ളം വറ്റിക്കുന്നതിന് ചക്രങ്ങൾ ചവിട്ടിയുള്ള പരമ്പരാഗതരീതിക്കു പകരം മണ്ണെണ്ണപ്പമ്പുസെറ്റുകൾ ഉപയോഗപ്പെടുത്താൻ തുടങ്ങി.

## കായൽകുത്തൽ

“ദൂരെ കായലിൽ മുങ്ങിത്തപ്പി
ചേറിൻ പാളികൾ കുത്തിപ്പൊക്കി
വയലിനു ചുറ്റും കോട്ടവളയ്ക്കും
കരിമലയന്മാർ പോകുമ്പോൾ
ആകെ വിയർത്തു തളർന്നും
പട്ടിണി പാകി വളർത്താൻ പണിചെയ്തും
തോളത്തോരോ തൂമ്പയുമായി
തൊഴിലാളികളാവഴി പോകുമ്പോൾ
പറയാറുണ്ടാ ത്യാഗത്തിൻകഥ
പതിവായ് പതിവായ് മുത്തശ്ശി.”

(ഞങ്ങളുടെ മുത്തശ്ശി)

വയലാറിന്റെ വരികളിൽ തെളിയുന്ന തൊഴിലാളികൾ ചെയ്യുന്ന ത്യാഗമെന്ത്?

- കുട്ടനാടൻ പശ്ചാത്തലത്തിൽ സാഹിത്യകൃതികളും സിനിമകളും ഉണ്ടായിട്ടുണ്ട്. അവയിൽ ചിലത് കണ്ടെത്തി കുട്ടനാടൻ ജീവിതത്തെക്കുറിച്ച് കുറിപ്പു തയാറാക്കാമല്ലോ.

“നിറപറയും നിലവിളക്കും വച്ച് നല്ല സമയം നോക്കി പരദേവതകളെ പ്രാർഥിച്ച് കായൽ കുത്താരംഭിക്കും. മുള കീറി ചതച്ച് ചെറ്റകളുണ്ടാക്കുന്നു. തെങ്ങുമുറിച്ചു നീളത്തിൽ കുറ്റികളുണ്ടാക്കി കൊമ്പും ചവറും തുടങ്ങിയ സാമഗ്രികളും പാര, തൂമ്പ തുടങ്ങിയ പണിയായുധങ്ങളും പണിക്കാരായ തൊഴിലാളികളും ആവശ്യമുള്ള മറ്റു സാധനങ്ങളുമായി വലിയ കെട്ടുവള്ളങ്ങളിൽ കായലുകളിലേക്കു നീങ്ങുന്നു. അലറിവിളിക്കുന്ന

തിരകളേയും ഊതിയടിക്കുന്ന കാറ്റിനേയും വകവെക്കാതെ സാഹസികരായ തൊഴിലാളികൾ നടത്തിയ കഠിന പ്രയത്നത്തിന്റെ ഫലമാണ് ഇന്നു നാം കാണുന്ന കായൽനിലങ്ങൾ. അങ്ങനെ ആയിരങ്ങളുടെ കഠിനാധ്വാനം കൊണ്ടു കുട്ടനാട്ടിൽ നിരവധി കായലുകൾ കുത്തിയെടുത്തു.''

അവലംബം: **കമലാസനൻ,** *കുട്ടനാടും കർഷകത്തൊഴിലാളി പ്രസ്ഥാനവും*

തിരുവിതാംകൂറിൽ പത്തൊമ്പതാം നൂറ്റാണ്ടിൽ കയറ്റുമതി ലക്ഷ്യമാക്കി തോട്ടക്കൃഷി തുടങ്ങിയിരുന്നു. തോട്ടക്കൃഷി തിരുവിതാംകൂറിൽ ഭക്ഷ്യ സ്വയംപര്യാപ്തത ഉണ്ടാകാത്ത അവസ്ഥയിലേക്ക് നയിച്ചു. ഇതു പരിഹരിക്കാൻ ഭരണകൂടം ചില ശ്രമങ്ങൾ നടത്തിവന്നു. നെൽക്കൃഷിക്കു പേരുകേട്ട ഏഷ്യൻ രാജ്യങ്ങളിൽ നിന്ന് അരി ഇറക്കുമതി ചെയ്യുകയും കപ്പക്കൃഷി പ്രോത്സാഹിപ്പിക്കുകയും ചെയ്തു. കുട്ടനാട്ടിലെ നെൽക്കൃഷി കൂടുതൽ പ്രദേശങ്ങളിലേക്കു വ്യാപിച്ചു. ഇതിനുപുറമേ ഈ പ്രദേശങ്ങളിൽ കായൽനികത്തലും വ്യാപകമായി നടന്നു.

കുട്ടനാട്ടിലെ കൃഷി മെച്ചപ്പെടുന്നതിന് വെള്ളപ്പൊക്കവും ഓരുവെള്ളം കയറലും നിയന്ത്രിക്കേണ്ടിയിരുന്നു. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടുന്നതിന് മുമ്പേ ഇത്തരം പദ്ധതികളെക്കുറിച്ചുള്ള ആലോചനകൾ തുടങ്ങിയിരുന്നു. 1951-ൽ ആരംഭിച്ച തോട്ടപ്പള്ളി സ്പിൽവേയും 1955-ൽ പണിയാരംഭിച്ച തണ്ണീർമുക്കം ബണ്ടും ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി നിലവിൽ വന്ന സംവിധാനങ്ങളാണ്.

## തോട്ടപ്പള്ളി സ്പിൽവേ

കുട്ടനാട്ടിലെ വെള്ളപ്പൊക്കത്തിന് ശാശ്വതമായ പരിഹാരം കാണുക എന്ന ഉദ്ദേശ്യത്തോടെ നടപ്പിലാക്കിയ പദ്ധതിയാണിത്. പമ്പ, മണിമല, അച്ചൻകോവിൽ നദികളിലെ പ്രളയജലം വേമ്പനാട്ടു കായലിലേക്കെത്തുന്നതിനു മുൻപായി തോടുകൾ വഴി കടലിലേക്കൊഴുക്കുന്നതിനാണ് ഈ പദ്ധതി വിഭാവനം ചെയ്തത്. തോട്ടപ്പള്ളി സ്പിൽവേയുടെ പണി 1955-ലാണ് പൂർത്തിയായത്.

## തണ്ണീർമുക്കം ബണ്ട്


വേനൽക്കാലത്ത് കടലിൽ നിന്ന് വേമ്പനാട്ടു കായലിലേക്കും അവിടെനിന്ന് വയലിലേക്കും കയറിവരുന്ന ഉപ്പുവെള്ളം കൃഷിനാശത്തിനിടയാക്കി. ഇത്തരത്തിൽ ഓരുവെള്ളം കയറുന്നതു തടയാൻ കഴിഞ്ഞാൽ വർഷത്തിൽ ഒന്നിൽക്കൂടുതൽ തവണ കൃഷിയിറക്കാൻ കഴിയും. ഈ ലക്ഷ്യത്തോടെയാണ് വേമ്പനാട്ടു കായലിലെ ഏറ്റവും വീതികുറഞ്ഞഭാഗമായ തണ്ണീർമുക്കത്തിനും വെച്ചൂരിനുമിടയ്ക്ക് തണ്ണീർമുക്കം റഗുലേറ്റർ നിർമിച്ചത്. 1974-ൽ ഇതിന്റെ പണി പൂർത്തിയായി. ഓരുവെള്ളം കയറുന്ന ഡിസംബർ മുതൽ ജൂൺ വരെയുള്ള മാസങ്ങളിൽ റഗുലേറ്ററിന്റെ ഷട്ടറുകൾ അടച്ചിടാനും മഴക്കാലത്ത് വെള്ളം തുറന്നുവിടാനുമുള്ള സൗകര്യം ഇതോടുകൂടി ലഭ്യമായി.

തോട്ടപ്പള്ളി സ്പിൽവേയും തണ്ണീർമുക്കം ബണ്ടും യാഥാർഥ്യമായതോടെ കുട്ടനാട്ടിൽ വർഷത്തിൽ രണ്ടു പ്രാവശ്യം കൃഷിയിറക്കാൻ സാധിച്ചു. ട്രാക്ടറുകളുടെ ഉപയോഗം, വൈദ്യുതപമ്പുസെറ്റുകൾ, രാസവളം, കീടനാശിനി, സങ്കരയിനം വിത്തുകൾ എന്നിവകൂടി ആയതോടെ ഉൽപാദനം വൻതോതിൽ വർധിച്ചു. കൂടുതൽ പ്രദേശങ്ങൾ കൃഷിയോഗ്യമായി. ജനങ്ങളുടെ ജീവിതനിലവാരം ഉയർന്നു.

- തോട്ടപ്പള്ളി സ്പിൽവേയും തണ്ണീർമുക്കം ബണ്ടും കുട്ടനാട്ടിലെ നെൽക്കൃഷിയെ ഏതെല്ലാം വിധത്തിലായിരിക്കും സഹായിച്ചിട്ടുണ്ടാവുക? കണ്ടെത്തി കുറിപ്പു തയാറാക്കൂ.
  - ഓരുവെള്ളം
  - വെള്ളപ്പൊക്കം
  - 

## ഉൽപാദനത്തിന്റെ സാമൂഹ്യഘടന

വെള്ളം വറ്റിക്കാനുള്ള ചക്രങ്ങളുടെ സ്ഥാനത്ത് പമ്പുസെറ്റുകൾ വന്നതോടെ സാമൂഹ്യബന്ധങ്ങളിലും മാറ്റങ്ങൾവന്നു. ചക്രങ്ങൾ പ്രവർത്തിപ്പിച്ചിരുന്ന തൊഴിലാളികളല്ല പമ്പുസെറ്റുകൾ പ്രവർത്തിപ്പിച്ചത്. ഇതിനായി പമ്പുസെറ്റു കമ്പനികളുടെ ആളുകൾ വന്നിരുന്നു. ട്രൗസറും


കുട്ടനാട്
മൂവാറ്റുപുഴ
കൊച്ചി
കൊച്ചി ലഗൂൺ
വൈക്കം
മീനച്ചിൽ
തണ്ണീർമുക്കം ബണ്ട്
ലക്ഷദ്വീപ് കടൽ
കോട്ടയം
വേമ്പനാട് കായൽ
ആലപ്പുഴ
മണിമല
കുട്ടനാട് അതിർത്തി
പമ്പ
തോട്ടപ്പള്ളി സ്പിൽ വേ
അച്ചൻകോവിൽ

ഷർട്ടും ധരിച്ചുവന്ന ഈ ജോലിക്കാർക്ക് കൂലി കൂടാതെ നല്ല ഭക്ഷണവും ഭൂവുടമകൾ നൽകിയിരുന്നു. ആദ്യകാലങ്ങളിൽ പമ്പു ചെയ്തുനീക്കുന്ന വെള്ളത്തിലെ മത്സ്യങ്ങളും അവർക്കുള്ളതായിരുന്നു. എന്നാൽ പിൽക്കാലത്ത് കുട്ടനാട്ടുകാർ തന്നെ പമ്പുസെറ്റുകൾ പ്രവർത്തിപ്പിക്കാൻ തുടങ്ങി. അവർക്ക് കമ്പനിക്കാർക്കു ലഭിച്ചിരുന്ന ആദരവും കൂലിയും നൽകിയിരുന്നില്ല.

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകത്തിലെ സാമൂഹികപരിഷ്കരണ പ്രസ്ഥാനങ്ങൾ കുട്ടനാടിനെയും സ്വാധീനിച്ചു. ഇത്തരം പ്രസ്ഥാനങ്ങളെക്കുറിച്ച് നിങ്ങൾ ഏഴാം ക്ലാസ്സിൽ പഠിച്ചുവല്ലോ. ജാതിയടിസ്ഥാനത്തിൽ നിഷേധിക്കപ്പെട്ട ആവശ്യങ്ങൾക്കായി സമൂഹത്തിന്റെ പല തട്ടുകളിൽ നിന്നും ശബ്ദങ്ങൾ ഉയർന്നു. വിദ്യാഭ്യാസം, മെച്ചപ്പെട്ട തൊഴിൽ, ഉയർന്ന വേതനം മുതലായ ആവശ്യങ്ങൾക്കായി പല വിഭാഗക്കാരും സംഘടിച്ചു. 1920-ൽ കയർ ഫാക്ടറിത്തൊഴിലാളികളും സംഘടനക്കുകീഴിൽ അണിനിരന്നു.

1930 ആയതോടെ ജാതിയടിസ്ഥാനത്തിൽ നിലനിന്ന വേർതിരിവുകൾക്ക് കുറെയേറെ മാറ്റം വന്നു. എന്നിരുന്നാലും കുട്ടനാട്ടിലെ വയലുകളിൽ പഴയ വ്യവസ്ഥിതി ഏറെ നാൾ നിലനിന്നു.

ഒരു വ്യക്തിക്കു കൈവശം വയ്ക്കാവുന്ന ഭൂമിയുടെ പരിധി നിശ്ചയിച്ചുകൊണ്ട് കേരള സർക്കാർ പാസാക്കിയ ഭൂപരിഷ്കരണ നിയമം വന്നതോടെ ജന്മി-കുടിയാൻ വ്യവസ്ഥയിൽ മാറ്റംവന്നു.

- ശാസ്ത്രസാങ്കേതിക രംഗത്തെ പുരോഗതി കുട്ടനാടൻ കൃഷിക്കുനൽകിയ പിന്തുണ എന്തെല്ലാമായിരുന്നുവെന്നു കണ്ടെത്തി ചർച്ചാക്കുറിപ്പ് ക്ലാസിൽ അവതരിപ്പിക്കൂ.
  - പമ്പ്സെറ്റ്
  - രാസവളം
  - കീടനാശിനി

**ഇന്നത്തെ കർഷകർ**

കുട്ടനാട്ടിലെ കൃഷിക്കാരനാണ് ടോമിച്ചൻ. അദ്ദേഹത്തിന്റെ കുടുംബം തലമുറകളായി



ഇവിടത്തെ താമസക്കാരാണ്. പഴയകാലത്തെയും ഇന്നത്തെയും കൃഷിയെപ്പറ്റി അദ്ദേഹം പറയുന്നത് ശ്രദ്ധിക്കൂ.

“ഇന്നു കൃഷിക്കാർക്ക് ട്രാക്ടറും കൊയ്ത്തുയന്ത്രവും സഹായത്തിനുണ്ട്. പണ്ട് ഇതായിരുന്നില്ല സ്ഥിതി. എത്ര വിഷമം സഹിച്ച് കൃഷിചെയ്താലും പതിനാലു മുതൽ ഇരുപതുവരെ മേനി വിളവാണ് കിട്ടുക. (ഒരു പറ വിത്തു വിതച്ചാൽ ലഭിക്കുന്ന നെല്ലിന്റെ അളവാണ് ‘മേനി’ എന്ന വാക്ക് സൂചിപ്പിക്കുന്നത്). ഇപ്പോൾ മുപ്പതും നാൽപ്പതും മേനി വിളവു കിട്ടുന്നുണ്ട്. അന്നൊക്കെ ധാരാളം ജോലിക്കാരെ കിട്ടുമായിരുന്നു, ഇന്ന് കർഷകത്തൊഴിലാളികളെ കിട്ടാനില്ലാത്ത സ്ഥിതിയാണ്.

ഞങ്ങൾ നെടുമുടിക്കാർക്ക് പണ്ട് യാത്ര വളരെ വിഷമമേറിയതായിരുന്നു. ആലപ്പുഴ-ചങ്ങനാശ്ശേരി റോഡ് വന്നതോടെ യാത്ര എളുപ്പമായി.

കേരളത്തിന്റെ മറ്റു ഭാഗങ്ങളിൽ നെൽക്കൃഷിക്കു വേണ്ടത്ര വെള്ളം കിട്ടാത്ത അവസ്ഥയാണുണ്ടാവുക. എന്നാൽ ഞങ്ങൾക്ക് വെള്ളം ഒഴുക്കിക്കളയുന്നതാണ് പ്രശ്നം. അടുത്തുള്ള ആറും തോടുമെല്ലാം വയലിനേക്കാൾ ഉയരത്തിലാണ് ഒഴുകുന്നത്. ഇവിടെ നിന്നു വെള്ളം അവിടേക്കു മാറ്റുന്നതിന് നല്ല അധ്വാനം വേണം. പണ്ടു ചക്രങ്ങളുടെ സഹായത്തോടെയാണ് ഇതു ചെയ്തിരുന്നത്. ഇന്ന് പമ്പുസെറ്റുകൾ വ്യാപകമാണ്. ഇതിന് നല്ല ചെലവു വരും. സർക്കാർ ഇതിൽ ഒരു ഭാഗം കൃഷിക്കാർക്ക് പമ്പിങ് സബ്സിഡിയായി നൽകുന്നുണ്ട്. വെള്ളം ഒഴുക്കി വിടുന്നതിന് ആഴമുള്ള ചാലുകൾ കീറുകയാണു പതിവ്. ചാലിന്റെ അറ്റത്ത് പമ്പു വച്ച് വെള്ളം അടുത്തുള്ള ആറിലേക്ക് അടിച്ചുകളയും. ഒരു പ്രദേശത്തെ കൃഷിക്കാർ ഒന്നിച്ചു ചേർന്നാണ് ഇങ്ങനെ വെള്ളം മാറ്റിക്കളയുന്നത്.

വയലിലേക്കു വെള്ളം കയറ്റുക വളരെ എളുപ്പമാണ്. ചാലുകൾ തുറന്നുവിട്ടാൽ വയലുകളിൽ വെള്ളം നിറയും.

വീടുകൾ മിക്കതും കായലിന്റെയും തോടിന്റെയും കരയിൽ തന്നെയാണ്. എല്ലാ വീടുകളിലും ചെറിയ തോണികൾ ഉണ്ടാവും. സാധനങ്ങൾ കൊണ്ടുപോകുന്നതിനും കൊണ്ടുവരുന്നതിനും തോണികൾ സാധാരണമായി ഉപയോഗിക്കുന്നു.

മത്സ്യം ഞങ്ങളുടെ ജീവിതത്തിന്റെ ഭാഗമാണ്. കരിമീൻ, വാള, കൊഞ്ച്, പള്ളത്തി, പരൽ തുടങ്ങിയവ ഇവിടെ ധാരാളമായിരുന്നു. വെള്ളത്തിൽ തീറ്റ ഇട്ടുകൊടുത്ത് മത്സ്യങ്ങൾ വരുമ്പോൾ ‘മുപ്പല്ലി’ കൊണ്ടു കുത്തി എടുക്കുവാൻ കഴിഞ്ഞിരുന്നു. ഇപ്പോൾ മത്സ്യങ്ങൾ പൊതുവേ കുറവാണ്.


കുട്ടനാടൻ പാടങ്ങളിൽ കൊയ്ത്തുയന്ത്രത്തിന്റെ കാലം

ഇന്ന് വീടുകളുടെ എണ്ണം കൂടിയിട്ടുണ്ട്. പണ്ടു വീടുവയ്ക്കാൻ പാടം പൊക്കിയിരുന്നു. അന്നൊക്കെ ആറ്റിൽ നിന്നും തോട്ടിൽ നിന്നും ചെളി വാരിയാണ് ഇതു ചെയ്തിരുന്നത്. ഇന്ന് പാടം പൊക്കുന്നത് കൂടുതൽ എളുപ്പമാണ്. കിഴക്കൻ മലകളിൽ നിന്ന് ലോറിയിൽ മണ്ണു കൊണ്ടുവന്നാണ് ഇതു ചെയ്യുന്നത്. സർക്കാരിന്റെ അനുമതിയോടെ 10 സെന്റ് വരെ നിലം പൊക്കാൻ സാധിക്കും. ഇങ്ങനെ പോയാൽ കിഴക്കൻ മലകളൊക്കെ കുട്ടനാട്ടിലെ വെള്ളത്തിലാവുമോ എന്നാണു സംശയം."

- 'കുട്ടനാട് അന്നും ഇന്നും' എന്ന കുറിപ്പു തയാറാക്കൂ. എന്തെല്ലാം ഉൾപ്പെടുത്താം?
  - കൃഷിരീതി
  - മത്സ്യലഭ്യത
  - ഗതാഗതമാർഗങ്ങൾ
  - 

### കുട്ടനാട്ടിലെ മലിനീകരണപ്രശ്നങ്ങൾ

തണ്ണീർമുക്കം ബണ്ട് വന്നതോടുകൂടി വേമ്പനാട്ടു കായലിന്റെ തെക്കോട്ടുള്ള ഭാഗങ്ങൾ ശുദ്ധജലാശയമായി മാറുകയും വെള്ളത്തിന്റെ സ്വാഭാവിക ഒഴുക്ക് നഷ്ടപ്പെട്ട് കെട്ടിക്കിടക്കാൻ തുടങ്ങുകയും ചെയ്തു.

രാസവളങ്ങളും കീടനാശിനികളും കെട്ടിക്കിടക്കുന്ന കായലിലേക്കൊഴുകിയെത്തുകയും കായൽജലത്തെ ദുഷിപ്പിക്കുകയും ചെയ്തു.

കെട്ടിക്കിടക്കുന്ന കായൽ വെള്ളത്തിലേക്ക് രാസവളം ഒഴുകിയെത്തുന്നത് ആഫ്രിക്കൻ പായലിന്റെ അമിതമായ വളർച്ചയ്ക്കും വ്യാപനത്തിനും ഇടയാക്കി. ഇത് കായലിന്റെ സ്വാഭാവിക പരിസ്ഥിതിയെ ദോഷകരമായി ബാധിക്കുന്നു. തോടുകളും കൈവഴികളും പായൽ കൊണ്ട് നിറയുന്നത് തോണികളുടെയും ബോട്ടുകളുടെയും സഞ്ചാരത്തിന് തടസ്സം സൃഷ്ടിക്കുകയും ചെയ്യുന്നു.

കായൽജലത്തിൽ കയർനിർമാണത്തിനാവശ്യമായ തൊണ്ട് ചീയാനിടുന്നതും ജലമലിനീകരണത്തിനിടയാക്കുന്നുണ്ട്.

വേമ്പനാട്ട് കായലിലേക്ക് എല്ലാവർഷവും ഓരുവെള്ളം കയറുന്നത് ആറ്റുകൊഞ്ച്, കടൽക്കൊഞ്ച് തുടങ്ങി നിരവധി മത്സ്യയിനങ്ങളുടെ വളർച്ചയ്ക്ക് സഹായകമായിരുന്നു. തണ്ണീർമുക്കം ബണ്ടിന്റെ വരവോടുകൂടി ഓരു



ആഫ്രിക്കൻ പായൽ നിറഞ്ഞുകിടക്കുന്ന തോട്



വെള്ളം കയറുന്നത് ഇല്ലാതായപ്പോൾ ഇതിനെ ആശ്രയിച്ച് വളർന്നിരുന്ന ആറ്റുകൊഞ്ചിന്റെയും കടൽക്കൊഞ്ചിന്റെയും എണ്ണം കുറഞ്ഞു.

### വിനോദസഞ്ചാരം

വെനീസിലുള്ളതുപോലെ തോടുകളും കായലുകളും ഉള്ളതുകൊണ്ട് ആലപ്പുഴയെ 'കിഴക്കിന്റെ വെനീസ്' എന്നു വിശേഷിപ്പിക്കുന്നു.

കടൽത്തീരങ്ങളും മലകളും പോലെ കുട്ടനാടൻ കായൽപ്രദേശങ്ങളും വിനോദസഞ്ചാരികളെ ആകർഷിക്കുന്നു. വിനോദസഞ്ചാരികൾക്കായി രൂപപ്പെടുത്തിയിട്ടുള്ള കെട്ടുവള്ളങ്ങൾ ഇവിടുത്തെ മുഖ്യ ആകർഷണമാണ്.

### ക്ലാസ്തല സെമിനാർ

പ്രകൃതിയെ മനുഷ്യന്റെ ജീവിതത്തിന് അനുകൂലമാക്കിമാറ്റിയ കാര്യം പല ഘട്ടങ്ങളിലും നാം തിരിച്ചറിഞ്ഞല്ലോ. കുട്ടനാട്ടിലെ കായൽ നിലങ്ങളെ പ്രയോജനപ്പെടുത്തി അവിടുത്തെ ജനങ്ങൾ ജീവിതം കെട്ടിപ്പടുത്തത് നമ്മൾ ഈ അധ്യായത്തിൽ മനസ്സിലാക്കി. ഏതൊക്കെ മേഖലകളിലാണ് കുട്ടനാട്ടുകാർ ഈ നേട്ടം കൈവരിച്ചത്? ക്ലാസിൽ സെമിനാർ പ്രബന്ധം തയാറാക്കി അവതരിപ്പിക്കൂ.

- കായൽ നിലങ്ങളുടെ ഫലഭൂയിഷ്ഠത
- വെള്ളപ്പൊക്കം • ഓരുവെള്ളം
- മത്സ്യസമ്പത്ത് •

- നിങ്ങളുടെ പ്രദേശത്തെ ജനങ്ങൾ പ്രകൃതിയിലെ പരിമിതികൾ മറികടന്നുകൊണ്ട് ജീവിതം കെട്ടിപ്പടുത്തതിന്റെ ഉദാഹരണങ്ങൾ കണ്ടെത്തി എഴുതൂ.
  - വെള്ളം കെട്ടിനിൽക്കുന്ന പ്രദേശങ്ങൾ
  - കുന്നിൻ ചരിവുകൾ
  - മണൽപ്രദേശങ്ങൾ
  - 

# 3

# ജനങ്ങളും സംസ്ഥാനഭരണവും



**ഒ**രു തിരഞ്ഞെടുപ്പിന്റെ ദൃശ്യങ്ങളാണ് മുകളിൽ. ഇതിനു മുന്നോടിയായി നാട്ടിലുടനീളം ജാഥകളും പൊതുയോഗങ്ങളും നടക്കാറുണ്ട്. ഇതോടൊപ്പം തങ്ങളുടെ സ്ഥാനാർഥികൾക്കു വോട്ട് ചെയ്യണമെന്ന അഭ്യർഥനയുമായി വീടുകൾതോറും പ്രചാരണം നടത്തുന്ന ചെറുസംഘങ്ങളുമുണ്ടാവും. സമ്മതിദായകരെ പോളിംഗ് ബൂത്തിലെത്തിക്കുന്നതിന് സ്ഥാനാർഥികളും പ്രവർത്തകരും പലവിധ പ്രവർത്തനങ്ങൾ നടത്തുന്നു. അതോടൊപ്പം സമ്മതിദാനത്തിന്റെ പ്രാധാന്യം വിവരിച്ചുകൊണ്ട് മാധ്യമങ്ങളിൽ തിരഞ്ഞെടുപ്പു കമ്മീഷൻ അറിയിപ്പുകളും നൽകാറുണ്ട്. തിരഞ്ഞെടുപ്പുവേളയിൽ ഔദ്യോഗിക സംവിധാനങ്ങൾ ഒന്നാകെ ജാഗ്രതയോടെ പ്രവർത്തിക്കുന്നു. വോട്ടെടുപ്പു ദിവസം പോളിങ് സ്റ്റേഷനിൽ നടക്കുന്ന വിവിധ പ്രവർത്തനങ്ങളെക്കുറിച്ച് ക്ലാസ്മുറിയിലൊരു ചർച്ച സംഘടിപ്പിക്കൂ.

- സമ്മതിദായകനെ തിരിച്ചറിയൽ
- വോട്ടുരേഖപ്പെടുത്തൽ

രാജ്യത്തെ ചില പ്രദേശങ്ങളിലെങ്കിലും വോട്ടർമാർക്ക് നിർഭയമായി അവരുടെ വോട്ടവകാശം വിനിയോഗിക്കുന്നതിന് തടസ്സങ്ങളുണ്ടാകാറുണ്ട്. ചില സ്ഥലങ്ങളിൽ അക്രമം, ഭീഷണി, പണം കൊടുത്തും മറ്റും വോട്ടറെ സ്വാധീനിക്കൽ, കള്ളവോട്ട്, ബൂത്തുപിടിത്തം എന്നിവ നടക്കാറുണ്ട്. ഇത്തരം ജനാധിപത്യവിരുദ്ധ പ്രവർത്തനങ്ങൾ പലപ്പോഴും വോട്ടെടുപ്പിൽ നിന്നു വിട്ടുനിൽക്കാൻ ജനങ്ങളെ പ്രേരിപ്പിക്കുന്നു. പല വോട്ടർമാരും സമ്മതിദാനാവകാശത്തെക്കുറിച്ച് ബോധമുള്ളവരല്ല. അതുകൊണ്ട് തിരഞ്ഞെടുപ്പിലെ പങ്കാളിത്തത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുന്നു.

**നിർഭയമായി വോട്ടു ചെയ്യുക**

**പ്രലോഭനങ്ങൾക്ക് വശംവദരാകാതെ വോട്ട് രേഖപ്പെടുത്തൂ**

**വോട്ട് എന്റെ അവകാശമാണ്**
**തീർച്ചയായും അതുഞാൻ രേഖപ്പെടുത്തും**

തിരഞ്ഞെടുപ്പുകമ്മീഷന്റെ അറിയിപ്പുകളിലെ ആശയങ്ങളാണ് മുകളിൽ ചേർത്തിരിക്കുന്നത്.


- ഇതിൽനിന്ന് തിരഞ്ഞെടുപ്പുകമ്മീഷൻ മാധ്യമങ്ങളിലൂടെ അറിയിപ്പു നൽകുന്നതിന്റെ കാരണങ്ങൾ വിശകലനം ചെയ്ത് എഴുതാമോ? തിരഞ്ഞെടുപ്പു വേളകളിലെ ഇത്തരം അറിയിപ്പുകൾ ശേഖരിച്ച് വിശകലനത്തിനായി ഉപയോഗിക്കുക.

ജനാധിപത്യരാജ്യങ്ങളിൽ ഒഴിച്ചുകൂടാനാവാത്ത പ്രക്രിയയാണ് തിരഞ്ഞെടുപ്പ്. ജനങ്ങൾ അവരുടെ പ്രതിനിധികളെ നേരിട്ട് തിരഞ്ഞെടുക്കുന്നു എന്നതാണ് ജനാധിപത്യത്തിന്റെ മുഖ്യസവിശേഷത. ഇന്ത്യയിൽ അഞ്ചുവർഷക്കാലത്തേക്കാണ് ജനപ്രതിനിധികളെ തിരഞ്ഞെടുക്കുന്നത്. ഓരോ അഞ്ചുവർഷം കൂടുമ്പോഴും ജനപ്രതിനിധിസഭകളിലേക്ക് തിരഞ്ഞെടുപ്പു നടക്കുന്നു. കാലാവധി പൂർത്തിയാകും മുമ്പ് സഭ പിരിച്ചുവിടാനും അടിയന്തിരഘട്ടങ്ങളിൽ സഭയുടെ കാലാവധി ദീർഘിപ്പിക്കാനും കഴിയും.

## പ്രായപൂർത്തിവോട്ടവകാശം

പതിനെട്ടുവയസ്സ് പൂർത്തിയായ ഏതൊരിന്ത്യൻ പൗരനും ജാതി, മത, വർഗ, വർണ, ഭാഷ, പ്രദേശ വ്യത്യാസങ്ങളില്ലാതെ തിരഞ്ഞെടുപ്പിൽ വോട്ടുചെയ്യാനുള്ള അവകാശമാണിത്. ജനാധിപത്യഭരണക്രമത്തിൽ പൗരനു ലഭിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട അവകാശമാണ് പ്രായപൂർത്തിവോട്ടവകാശം. വോട്ടുചെയ്തുകൊണ്ട് ജനാധിപത്യ പ്രക്രിയയിൽ ഒരുപോലെ പങ്കെടുക്കാനുള്ള അവസരം ലഭിക്കുന്നു.

തിരഞ്ഞെടുപ്പുകമ്മീഷൻ സമ്മതിദായകർക്കായി നൽകിയ തിരിച്ചറിയൽ കാർഡിന്റെ ചിത്രം ശ്രദ്ധിച്ചല്ലോ. നിങ്ങളുടെ വീട്ടിലെ മുതിർന്നവരുടെ തിരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡ് പരിശോധിക്കൂ. എന്തെല്ലാമാണ് കാർഡിൽ രേഖപ്പെടുത്തിയിരിക്കുന്നതെന്ന് കണ്ടെത്തി എഴുതൂ.



- സമ്മതിദായകന്റെ പേര്, വിലാസം
- ഇലക്ട്രൽ ഓഫീസറുടെ ഒപ്പ്
- 

## രാഷ്ട്രീയപ്പാർട്ടികൾ

ജനാധിപത്യവ്യവസ്ഥയുടെ അവിഭാജ്യഘടകമാണ് രാഷ്ട്രീയപ്പാർട്ടികൾ. ഇവർ എങ്ങനെയാണ് തിരഞ്ഞെടുപ്പുവേളകളിൽ വോട്ടർമാരെ സജ്ജരാക്കുന്നതെന്ന് നമ്മൾ കണ്ടു. നമ്മുടെ സംസ്ഥാനത്ത് നിരവധി രാഷ്ട്രീയപ്പാർട്ടികൾ പ്രവർത്തിക്കുന്നുണ്ട്. തിരഞ്ഞെടുപ്പുവേളയിൽ ഇവർ വോട്ടിനായി പരസ്പരം മത്സരിക്കുന്നു. ഒറ്റക്കോ മുന്നണികളായോ സ്ഥാനാർഥികളെ നിർത്തിയാണ് മത്സരിക്കുന്നത്. സ്വന്തം സ്ഥാനാർഥികളുടെ വിജയത്തിനു വേണ്ടി പ്രചാരണം നടത്തുന്നു. കൂടാതെ അധികാരത്തിലെത്തിയാൽ അവർ നടപ്പാക്കാനുദ്ദേശിക്കുന്ന കാര്യങ്ങൾ പ്രകടനപത്രികയിലൂടെ അവതരിപ്പിക്കുകയും ചെയ്യുന്നു. തങ്ങളുടെ ഭരണനേട്ടങ്ങൾ ജനങ്ങൾക്കു മുമ്പാകെ അവതരിപ്പിക്കുന്നു. ഇങ്ങനെ പരമാവധി ജനപിന്തുണ നേടാനും കൂടുതൽ സ്ഥാനാർഥികളെ വിജയിപ്പിക്കാനും ഓരോ പാർട്ടിയും ശ്രമിക്കുന്നു.

രാഷ്ട്രീയപ്പാർട്ടികൾ ജനങ്ങളെ സംഘടിപ്പിച്ചുകൊണ്ട് പ്രവർത്തിക്കുകയും തിരഞ്ഞെടുപ്പിലൂടെ അധികാരത്തിലെത്താൻ ശ്രമിക്കുകയും

ചെയ്യുന്നു. അധികാരത്തിനു പുറത്തു നിൽക്കുമ്പോൾ ഇവർ നിലവിലുള്ള ഭരണസംവിധാനത്തിന്റെ വീഴ്ചകൾ ചൂണ്ടിക്കാട്ടി പ്രചാരണം നടത്തുന്നു.

ഇരുപത്തിയഞ്ചു വയസ്സ് പൂർത്തിയായ ഏതൊരു ഇന്ത്യൻ പൗരനും തിരഞ്ഞെടുപ്പിൽ മത്സരിക്കാൻ അവകാശമുണ്ട്. എന്നാൽ ഇക്കാര്യത്തിൽ ചില നിബന്ധനകൾ നിലവിലുണ്ട്. ഈ നിബന്ധനകളെക്കുറിച്ച് നമുക്കു പിന്നീട് ചർച്ച ചെയ്യാം. തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന് രാഷ്ട്രീയ പാർട്ടികളുടെ പിന്തുണ നിർബന്ധമല്ല. പാർട്ടി പിന്തുണയില്ലാതെ മത്സരിക്കുന്നവർ സ്വതന്ത്രസ്ഥാനാർഥികൾ എന്നാണ് അറിയപ്പെടുന്നത്.

- അടുത്ത കാലത്ത് നമ്മുടെ സംസ്ഥാനത്തു നടന്ന തിരഞ്ഞെടുപ്പിനെക്കുറിച്ച് ഒരന്വേഷണമായാലോ? നമ്മൾ നേരത്തെ കണ്ട തരത്തിലുള്ള പ്രവർത്തനങ്ങൾ തന്നെയാണോ ഈ തിരഞ്ഞെടുപ്പിലും രാഷ്ട്രീയ പാർട്ടികളും തിരഞ്ഞെടുപ്പു കമ്മീഷനും ചെയ്തിട്ടുണ്ടാവുക? മുതിർന്നവരുടെ സഹായത്തോടെയും പത്രമാസികകൾ പരിശോധിച്ചും പരമാവധി വിവരങ്ങൾ കണ്ടെത്തൂ. ലഭിച്ച വിവരങ്ങളെ തരംതിരിച്ച് എഴുതൂ.

**രാഷ്ട്രീയപ്പാർട്ടികൾ**

- സ്ഥാനാർഥിപ്പട്ടിക തയാറാക്കുന്നു.
- പ്രകടനപത്രിക പ്രസിദ്ധീകരിക്കുന്നു.
- 

**തിരഞ്ഞെടുപ്പ് കമ്മീഷൻ**

- തിരഞ്ഞെടുപ്പുപ്രഖ്യാപനം നടത്തുന്നു
- നാമനിർദേശപത്രിക സ്വീകരിക്കുന്നു.
- 

എങ്ങനെയാണ് ജനപ്രതിനിധികളെ തിരഞ്ഞെടുക്കുന്നത്? നിങ്ങളുടെ സ്കൂളിൽ പാർലമെന്റ് തിരഞ്ഞെടുപ്പ് നടക്കാറില്ലേ? ആ തിരഞ്ഞെടുപ്പിനെക്കുറിച്ചും അതിന്റെയടിസ്ഥാനത്തിൽ രൂപം കൊണ്ട സ്കൂൾ പാർലമെന്റിനെ കുറിച്ചും



നാമനിർദേശപത്രിക സമർപ്പിക്കുന്നു

വിവരങ്ങൾ ശേഖരിച്ച് 'എന്റെ സ്കൂൾ പാർലമെന്റ്' എന്ന കുറിപ്പു തയ്യാറാക്കുക.

**സംസ്ഥാന നിയമസഭ**


സംസ്ഥാനങ്ങളിൽ ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട സഭകളാണ് സംസ്ഥാന നിയമസഭകൾ. എങ്ങനെയാണ് ജനങ്ങൾ അവരുടെ പ്രതിനിധികളെ തിരഞ്ഞെടുക്കുന്നത്? എല്ലാവരും ചേർന്ന് എല്ലാ പ്രതിനിധികളെയും ഒരുമിച്ചു തിരഞ്ഞെടുക്കുകയാണോ? അതോ ഓരോ പ്രദേശത്തിനും തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളുണ്ടോ?



കേരളനിയമസഭാ മന്ദിരം

## കേരളം—ലോക്സഭാമണ്ഡലങ്ങൾ

**(2001-ലെ കാനേഷുമാരി അടിസ്ഥാനത്തിൽ മണ്ഡലപുനർനിർണയത്തിനുശേഷം)**




അവലംബം: എൻ.ഐ.സി. തയാറാക്കിയ ഭൂപടം www.eci.gov.in

കേരളത്തെ 140 നിയമസഭാമണ്ഡലങ്ങളായും 20 ലോക്സഭാമണ്ഡലങ്ങളായും വിഭജിച്ചിരിക്കുന്നു. ജനങ്ങളുടെ എണ്ണം ഏകദേശം തുല്യമായി വരത്തക്കവണ്ണമാണ് നിയോജകമണ്ഡലങ്ങളുടെ അതിർത്തി നിർണയിച്ചിട്ടുള്ളത്. ജനസംഖ്യാവർധനയ്ക്കനുസരിച്ച് ഇതിൽ പുനർനിർണയം നടത്താറുണ്ട്. 2001-ലെ കാനേഷുമാരി അടിസ്ഥാനമാക്കിയാണ് ഇപ്പോൾ പുനർനിർണയം നടത്തിയത്.

- മുകളിൽ കൊടുത്തിരിക്കുന്ന ഭൂപടത്തിന്റെ സഹായത്തോടെ നിങ്ങളുടെ ലോക്സഭാ മണ്ഡലം കണ്ടെത്തുക. പ്രസ്തുത മണ്ഡലം ഏതെല്ലാം ജില്ലകളിലാണെന്ന് കണ്ടെത്തുക. ഭൂപടം നിരീക്ഷിച്ച് കേരളത്തിലെ ലോക്സഭാ മണ്ഡലങ്ങളുടെ പട്ടിക തയാറാക്കുക.
- നിങ്ങളുടെ ലോക്സഭാമണ്ഡലത്തിൽ ഉൾപ്പെട്ട നിയമസഭാമണ്ഡലങ്ങളുടെ പട്ടിക തയാറാക്കുക.
- ലോക്സഭാ മണ്ഡലങ്ങളുടെ അതിർത്തി, പേര് എന്നിവയിൽ വന്ന മാറ്റം നിരീക്ഷിച്ചു രേഖപ്പെടുത്തുക.

**സംവരണമണ്ഡലം**

നിയമനിർമാണസഭകളിൽ പട്ടികജാതി പട്ടികവർഗക്കാരുടെ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിനായി ഏതാനും മണ്ഡലങ്ങൾ നീക്കിവെച്ചിട്ടുണ്ട്. ഈ വിഭാഗങ്ങളുടെ ജനസംഖ്യയെ ആസ്പദമാക്കിയാണ് സംവരണമണ്ഡലങ്ങൾ നിശ്ചയിച്ചിട്ടുള്ളത്.

## ആംഗ്ലോ ഇന്ത്യൻ സംവരണം

ആംഗ്ലോഇന്ത്യൻ വിഭാഗത്തിന് നിയമസഭയിൽ മതിയായ പ്രാതിനിധ്യം ഇല്ലാത്തപക്ഷം ഗവർണർക്ക് ഈ വിഭാഗത്തിൽ നിന്നുള്ള ഒരംഗത്തെ നാമനിർദേശം ചെയ്യാവുന്നതാണ്. മന്ത്രിസഭയുടെ ഉപദേശപ്രകാരമാണ് ഗവർണർ ഇപ്രകാരം ചെയ്യുന്നത്. ഇതുമൂലം നിയമസഭയിലെ അംഗസംഖ്യ 141 ആവുന്നു.

- ലോക്സഭാമണ്ഡലത്തിന്റെ ഭൂപടത്തിൽ നിന്ന് സംവരണമണ്ഡലങ്ങൾ കണ്ടെത്തൂ.
- ത്രിതല പഞ്ചായത്തിലെ സംവരണത്തെക്കുറിച്ച് നിങ്ങൾ മുൻക്ലാസുകളിൽ പഠിച്ചിട്ടുണ്ടല്ലോ. അതിൽ നിന്ന് നിയമസഭാമണ്ഡലങ്ങളിലെ സംവരണം ഏതു രീതിയിലാണ് വ്യത്യാസപ്പെട്ടിരിക്കുന്നത്? ഇവിടെ ഒഴിവാക്കപ്പെട്ട വിഭാഗങ്ങൾക്കുകൂടി സംവരണം നൽകേണ്ടതുണ്ടോ? ഇക്കാര്യത്തിൽ ക്ലാസിലൊരു സംവാദം സംഘടിപ്പിക്കൂ.


**നമുക്ക് അന്വേഷിക്കാം**

- നിയമസഭാമണ്ഡലം (പൊതുമണ്ഡലം/ സംവരണമണ്ഡലം)
- പ്രതിനിധി (സ്വതന്ത്രനാണോ അല്ലയോ)
- പാർട്ടി
- ചിഹ്നം

നിങ്ങളുടെ നിയമസഭാമണ്ഡലത്തെക്കുറിച്ച് മേൽചേർത്ത വിവരങ്ങൾ കണ്ടെത്താമല്ലോ. ഈ വിവരങ്ങൾ നോട്ടുബുക്കിൽ എഴുതി സൂക്ഷിക്കൂ. കാലാകാലങ്ങളിൽ വരുന്ന മാറ്റങ്ങൾ കൂട്ടിച്ചേർക്കുമല്ലോ.

## തിരഞ്ഞെടുപ്പുചിഹ്നം


ഇന്ത്യയിലെ അംഗീകൃത രാഷ്ട്രീയപ്പാർട്ടികൾക്കെല്ലാം തിരഞ്ഞെടുപ്പു കമ്മീഷൻ ചിഹ്ന




(സ്വതന്ത്രസ്ഥാനാർത്ഥികൾക്ക് ഇലക്ഷൻ കമ്മീഷൻ നൽകുന്ന ചിഹ്നങ്ങളിൽ ചിലത്)

ങ്ങൾ അനുവദിച്ചിട്ടുണ്ട്. പാർട്ടി ലിസ്റ്റിൽപ്പെട്ട സ്ഥാനാർഥികൾ തിരഞ്ഞെടുപ്പിൽ ഈ ചിഹ്നങ്ങളാണ് ഉപയോഗിക്കുന്നത്. സ്വതന്ത്ര സ്ഥാനാർഥികൾക്ക് കമ്മീഷൻ അതതു സമയങ്ങളിൽ ചിഹ്നങ്ങൾ അനുവദിക്കുന്നു. ഇലക്ട്രോണിക് വോട്ടിംങ് മെഷീനിനുള്ളിൽ സ്ഥാനാർഥികളുടെ പേരിനൊപ്പം ഈ ചിഹ്നങ്ങളും രേഖപ്പെടുത്തിയിട്ടുണ്ടാവും.

തിരഞ്ഞെടുപ്പിൽ ഉപയോഗിക്കുന്ന ഇലക്ട്രോണിക് വോട്ടിംങ് മെഷീനിന്റെ ചിത്രമാണ് താഴെ നൽകിയിട്ടുള്ളത്. സ്ഥാനാർഥികളുടെ പേരിനൊപ്പം തിരഞ്ഞെടുപ്പുചിഹ്നങ്ങളും നൽകിയിരിക്കുന്നതു ശ്രദ്ധിക്കുക.




ഇലക്ട്രോണിക് വോട്ടിംങ് മെഷീനിലെ ബാലറ്റ് യൂണിറ്റ്

- എങ്ങനെയാണ് ഇലക്ട്രോണിക് വോട്ടിംങ് മെഷീൻ ഉപയോഗിച്ച് വോട്ടു രേഖപ്പെടുത്തുന്നതെന്ന് മുതിർന്നവരോടു ചോദിച്ചറിയൂ.

## സത്യപ്രതിജ്ഞ

നിയമസഭാംഗങ്ങൾക്ക് സത്യപ്രതിജ്ഞയ്ക്ക് അവസരമൊരുക്കുന്നതിന് ഗവർണർ ഒരംഗത്തെ താൽക്കാലിക സ്പീക്കറായി നിയമിക്കുന്നു. ഈ താൽക്കാലിക സ്പീക്കർ, പ്രോട്ടേം സ്പീക്കർ എന്നറിയപ്പെടുന്നു. നിയമസഭയുടെ ആദ്യസമ്മേളനത്തിൽ പ്രോട്ടേം സ്പീക്കറാണ് അധ്യക്ഷത വഹിക്കുന്നത്. സഭാംഗങ്ങളായി തിരഞ്ഞെടുക്കപ്പെടുന്നവർ പ്രോട്ടേം സ്പീക്കർക്കു മുമ്പാകെ സത്യപ്രതിജ്ഞ ചെയ്യുന്നു. തുടർന്ന് സത്യപ്രതിജ്ഞ ചെയ്ത അംഗങ്ങളിൽ നിന്ന് സ്പീക്കറെയും ഡെപ്യൂട്ടി സ്പീക്കറെയും തിരഞ്ഞെടുക്കുന്നു.

## സ്പീക്കർ

നിയമസഭ സമ്മേളിക്കുമ്പോൾ അധ്യക്ഷത വഹിക്കുന്നത് സ്പീക്കറാണ്. സ്പീക്കറുടെ അഭാവത്തിൽ അദ്ദേഹത്തിന്റെ ചുമതലകൾ ഡെപ്യൂട്ടി സ്പീക്കർ നിർവഹിക്കുന്നു.

ഇപ്പോഴത്തെ കേരളനിയമസഭയുടെ സ്പീക്കറും ഡെപ്യൂട്ടി സ്പീക്കറും ആരെല്ലാമാണെന്നു കണ്ടെത്തുക.

| 1-ാം കേരള നിയമസഭ (1957 - 1959) | |
|---|---|
| ആകെ അംഗസംഖ്യ - 126 | |
| **ഭരണപക്ഷം** | **പ്രതിപക്ഷം** |
| സി.പി.ഐ. - 60 | ഐ.എൻ.സി. - 43 |
| കക്ഷിരഹിതർ - 5 | പി.എസ്.പി. - 9 |
| | മുസ്ലിം ലീഗ് - 8 |
| | കക്ഷിരഹിതർ - 1 |
| **ആകെ - 65** | **ആകെ - 61** |

| 11-ാം കേരള നിയമസഭ (2001 - 2006) | |
|---|---|
| ആകെ അംഗസംഖ്യ - 141 | |
| **ഭരണപക്ഷം** | **പ്രതിപക്ഷം** |
| ഐ.എൻ.സി. 63 | സി.പി.ഐ. (എം) - 23 |
| മുസ്ലീം ലീഗ് - 16 | സി.പി.ഐ. - 7 |
| ആർ.എസ്.പി. (ബി)- 2 | ജെ.ഡി. (എസ്) - 3 |
| കേരളാകോൺഗ്രസ് (എം) - 9 | കേരളാകോൺഗ്രസ് (ജെ) - 2 |
| കേരളാകോൺഗ്രസ് (ബി) - 2 | എൻ.സി.പി. - 2 |
| കേരളാകോൺഗ്രസ് (ജേക്കബ്) - 2 | ആർ.എസ്.പി. - 2 |
| ജെ.എസ്.എസ്. - 4 | കക്ഷിരഹിതർ - 1 |
| സി.എം.പി. - 1 | |
| കക്ഷിരഹിതർ - 2 | |
| **ആകെ - 101** | **ആകെ - 40** |

| 12-ാം കേരള നിയമസഭ (2006 - | |
|---|---|
| ആകെ അംഗസംഖ്യ - 141 | |
| **ഭരണപക്ഷം** | **പ്രതിപക്ഷം** |
| സി.പി.ഐ.(എം)- 62 | ഐ.എൻ.സി. - 24 |
| സി.പി.ഐ. - 17 | മുസ്ലിംലീഗ് - 7 |
| ജെ.ഡി. (എസ്) - 5 | കേരളാകോൺ. (എം)- 7 |
| കേരളാകോൺ (ജെ) - 4 | കേരളാകോൺ. (ബി) – 1 |
| ആർ.എസ്.പി - 3 | ജെ.എസ്.എസ് - 1 |
| ഐ.എൻ.എൽ - 1 | കെ.സി. (എസ്) - 1 |
| കോൺഗ്രസ് (എസ്)- 1 | എൻ.സി.പി - 2 |
| കക്ഷിരഹിതർ - 4 | കക്ഷിരഹിതർ - 1 |
| **ആകെ - 97** | **ആകെ - 44** |

- കേരളത്തിൽ വിവിധ കാലയളവിൽ നില നിന്നിരുന്ന നിയമസഭകളുടെ അംഗബലം സൂചിപ്പിക്കുന്ന പട്ടികയാണ് മുകളിൽ കൊടുത്തിരിക്കുന്നത്. ഈ പട്ടിക വിശക ലനം ചെയ്ത് എന്തെല്ലാം മാറ്റങ്ങളാണ് ഉണ്ടായതെന്നു കണ്ടെത്തി എഴുതുക.
  - സഭാംഗങ്ങളുടെ എണ്ണത്തിൽ വന്ന മാറ്റം.
  - പാർട്ടികളിൽ വന്ന മാറ്റം.
  - 
- ഓരോ നിയമസഭയിലും കേവലഭൂരിപക്ഷ ത്തിന് എത്ര അംഗങ്ങളുടെ പിന്തുണ ആവ ശ്യമായി വന്നു?

**കേവലഭൂരിപക്ഷം**

നിയമസഭയിൽ ആകെ അംഗങ്ങളുടെ പകു തിയും ഒന്നും ചേർന്നു വരുന്ന സംഖ്യയാ ണ് കേവലഭൂരിപക്ഷം.


തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനു മുമ്പ് അഭി പ്രായ ഐക്യമുള്ള രാഷ്ട്രീയകക്ഷികൾ ഒന്നിച്ചുചേർന്ന് മുന്നണികൾ രൂപീകരിക്കുന്നു. ഇവർ ഒറ്റക്കെട്ടായി തിരഞ്ഞെടുപ്പിനെ നേരി ടുകയും അധികാരത്തിലെത്താൻ ശ്രമിക്കു കയും ചെയ്യുന്നു. ചില അവസരങ്ങളിൽ തിര ഞ്ഞെടുപ്പിനു ശേഷവും ഇങ്ങനെ മുന്നണികൾ രൂപീകരിക്കാറുണ്ട്. കേരളത്തിൽ ആദ്യമായി മുന്നണി സംവിധാനം നിലവിൽവന്നത് 1967 ലാണ്.

- സംസ്ഥാനത്തു നിലവിലുള്ള വിവിധ മുന്നണി സംവിധാനങ്ങൾ ഏതെല്ലാമാണ്? ഏതെല്ലാം പാർട്ടികളാണ് ഓരോ മുന്നണി യിലുമുള്ളത്?
- നിങ്ങളുടെ തദ്ദേശസ്വയംഭരണസംവിധാനം മുന്നണി ഭരണത്തിലാണോ?

ജനപ്രതിനിധികളായി തിരഞ്ഞെടുക്കപ്പെട്ടവർ എങ്ങനെയാണ് ജനങ്ങളോടുള്ള കടമ നിർവ ഹിക്കുന്നത്. ഇക്കാര്യത്തിനായി നിയമസഭ യുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാം.

## നിയമനിർമാണത്തിലൂടെ...

കേരളത്തിലെ നെൽവയലുകളും നീർത്തട ങ്ങളും അതിവേഗത്തിൽ നികത്തപ്പെടുകയാ ണ്. നഗരവികസനം, ഗതാഗതസൗകര്യം, പാർപ്പിട/കെട്ടിടസമുച്ചയങ്ങൾ എന്നിവയ്ക്കു വേണ്ടിയാണ് ഇവയിലധികവും നികത്തപ്പെ ടുന്നത്. ഇതുമൂലം നമ്മുടെ സ്വാഭാവിക ശുദ്ധ ജല സംഭരണികൾ അതിവേഗത്തിൽ ഇല്ലാതാ യിക്കൊണ്ടിരിക്കുന്നു. ഈ അവസ്ഥ തുടർന്നാൽ കേരളം രൂക്ഷമായ ജലക്ഷാമം നേരിടേണ്ടിവരും. നീർത്തടങ്ങൾ ഇല്ലാതാകു ന്നത് ഗുരുതരമായ പാരിസ്ഥിതിക പ്രശ്ന ങ്ങൾക്ക് കാരണമായിത്തീരാം.


©
Government of Kerala
കേരള സർക്കാർ
2008

Reg. No. രജി. നമ്പർ
KL/TV(N)/12/2006-2008

**KERALA GAZETTE**
കേരള ഗസററ്
**EXTRAORDINARY**
അസാധാരണം
**PUBLISHED BY AUTHORITY**
ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

Vol. LIII വാല്യം 53 | Thiruvananthapuram, Tuesday തിരുവനന്തപുരം, ചൊവ്വ | 12th August 2008 2008 ആഗസ്റ്റ് 12 21st Sravana 1930 1930 ശ്രാവണം 21 | No. നമ്പർ 1790

**കേരള സർക്കാർ**
നിയമ (നിയമ നിർമ്മാണ-എ) വകുപ്പ്
വിജ്ഞാപനം

നമ്പർ 19661/ലെഗ്. എ1/2007/നിയമം. *തിരുവനന്തപുരം, 2008 ആഗസ്റ്റ് 12 1930 ശ്രാവണം 21.*

കേരള സംസ്ഥാന നിയമസഭയുടെ താഴെപ്പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 2008 ആഗസ്റ്റ് 11-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

വി. ജി. കുമാരി ഗിരിജ,
*നിയമ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി.*

2

**2008-ലെ 28-ാം ആക്റ്റ്**

## 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റ്

കേരള സംസ്ഥാനത്തെ കാർഷിക രംഗത്തെ വളർച്ച പ്രോത്സാഹിപ്പിക്കുന്നതിനും പാരിസ്ഥിതിക വ്യവസ്ഥയുടെ സുസ്ഥിരത ഉറപ്പു വരുത്തുന്നതിനും വേണ്ടി നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിനും അവ പരിവർത്തനപ്പെടുത്തുന്നതും രൂപാന്തരപ്പെടുത്തുന്നതും നിയന്ത്രിക്കുന്നതിനും

ഉള്ള

ഒരു

ആക്റ്റ്

പീഠിക.—സംസ്ഥാനത്ത് നെൽവയലുകളും തണ്ണീർത്തടങ്ങളും അനിയന്ത്രിതമായി രൂപാന്തരപ്പെടുത്തുകയും വൻതോതിൽ പരിവർത്തനപ്പെടുത്തുകയും ചെയ്യുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാലും ;

നെൽവയലുകൾ പരിവർത്തനപ്പെടുത്തുകയോ രൂപാന്തരപ്പെടുത്തുകയോ ചെയ്യുന്നത് ഫലപ്രദമായി നിയന്ത്രിക്കുന്നതിനുള്ള യാതൊരു നിയമങ്ങളും നിലവിൽ ഇല്ലാത്തതിനാലും ;

സംസ്ഥാനത്തെ കാർഷിക വളർച്ച പ്രോത്സാഹിപ്പിക്കുകയും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുകയും പാരിസ്ഥിതിക വ്യവസ്ഥയുടെ സുസ്ഥിരത ഉറപ്പാക്കുകയും ചെയ്യുന്നതിനുവേണ്ടി, നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുകയും അവ പരിവർത്തനപ്പെടുത്തുകയും രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നത് നിയന്ത്രിക്കുന്നതിന് വ്യവസ്ഥ ചെയ്യേണ്ടത്, പൊതുതാൽപര്യാർത്ഥം, യുക്തമായിരിക്കുമെന്ന് സർക്കാരിന് ബോധ്യംവന്നതിനാലും ;

ഭാരത റിപ്പബ്ലിക്കിന്റെ അൻപത്തിയൊൻപതാം സംവത്സരത്തിൽ താഴെ പറയുംപ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന്, 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റ് എന്ന് പേര് പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

ഈ വെല്ലുവിളികൾ നേരിടുന്നതിനാണ് കേരള നിയമസഭ മുകളിൽ കൊടുത്ത നിയമ നിർമാണം നടത്തിയിരിക്കുന്നത്.

നിയമസഭാംഗങ്ങൾ നിർദിഷ്ട നിയമം മൂലമുണ്ടാകുവാനിടയുള്ള ദോഷങ്ങൾ ചൂണ്ടിക്കാട്ടുന്നു. ഇതിന്റെ ഫലമായി തന്റെ പ്രദേശത്തെ

ജനങ്ങൾക്ക് എന്തെല്ലാം പ്രയാസങ്ങൾ നേരിടുമെന്നു കണ്ടെത്തുന്നു. ഇക്കാര്യങ്ങൾ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയും നിയമത്തിനാവശ്യമായ ഭേദഗതികൾ വരുത്തുകയും ചെയ്യുന്നു. ഭരണനിർവഹണവിഭാഗം രൂപംകൊടുക്കുന്ന ബില്ല് സഭയ്ക്കു മുമ്പാകെ ചർച്ചയ്ക്കു വരുമ്പോൾ നിരവധി ഭേദഗതികൾ വരുത്താറുണ്ട്.

വിശദമായ ചർച്ചയ്ക്കും കൂട്ടിച്ചേർക്കലുകൾക്കും ശേഷം സഭ ബില്ല് അംഗീകരിക്കുന്നു. തുടർന്ന് ബില്ല് ഗവർണറുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു. ഗവർണറുടെ അംഗീകാരം ലഭിക്കുന്നതോടെ ഇത് നിയമമായി മാറുന്നു.

- മുകളിൽ പ്രതിപാദിച്ചതുപോലെ ജനങ്ങളെ കൂടുതലായി ബാധിക്കുന്ന പ്രശ്നങ്ങൾ നിങ്ങളുടെ പ്രദേശത്ത് നിലനിൽക്കുന്നുണ്ടോ? ഇത്തരമൊരു നിയമനിർമാണം കൊണ്ടു മാത്രം പ്രശ്നം പരിഹരിക്കപ്പെടുമെന്ന് കരുതുന്നുണ്ടോ? ക്ലാസിലൊരു ചർച്ച നടത്തൂ. ചർച്ചയിൽ എന്തെല്ലാം ഉൾപ്പെടുത്താം?

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ.101

**ആദിവാസി കുടുംബങ്ങൾക്ക് ഭൂമി നൽകുന്നതിനു നടപടി**

| ചോദ്യം | മറുപടി |
|---|---|
| | ( വകുപ്പു മന്ത്രി) |
| (എ)ഭൂമിയില്ലാത്ത ആദിവാസി കുടുംബങ്ങൾക്ക് ഭൂമി നൽകുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (എ)9.11.2001 ലെ സർക്കാർ ഉത്തരവ് (പി) നമ്പർ.63/2001/പ.ജ.പവവിവ പ്രകാരം രൂപീകരിച്ച സംസ്ഥാന ആദിവാസി പുനരധിവാസ മിഷനും ജില്ലാ മിഷനുകളും ഭൂരഹിത ആദിവാസികൾക്ക് ഭൂമി നൽകുന്നതിനും ആ ഭൂമിയിൽ അവരെ പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. |
| (ബി)സ്വന്തമായി ഭൂമിയില്ലാത്ത എത്ര ആദിവാസി കുടുംബങ്ങൾ ഉണ്ട്; | (ബി)22482 |
| (സി)ഇവർക്ക് എത്ര ഏക്കർ ഭൂമി വീതമാണ് നൽകുന്നത്; വിതരണത്തിനായി എത്ര ഏക്കർ ഭൂമി കണ്ടെത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ; | (സി)ഏകദേശം ഒരേക്കർ ഭൂമി വരെയാണ് വിതരണം ചെയ്യുന്നത്. ഇതിനായി 8630.96 ഏക്കർ ഭൂമി കണ്ടെത്തിയിട്ടുണ്ട്. |
| (ഡി) ആദിവാസികൾക്ക് ആറളം ഫാമിൽ ഭൂമി നൽകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോയെന്ന് വ്യക്തമാക്കാമോ? | (ഡി)ആറളം ഫാമിൽ രണ്ടാം ഘട്ട ഭൂമി വിതരണത്തിനായി ത്വരിതഗതിയിൽ നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഗുണഭോക്താക്കളുടെ കരട് ലിസ്റ്റ് ഊരു കൂട്ടങ്ങളുടെ പരിശോധനയ്ക്കും ശുപാർശക്കും ശേഷം തിരികെ ലഭിച്ചിട്ടുണ്ട്. ഈ കരട് ലിസ്റ്റ് വില്ലേജ് ഓഫീസുകളിലും പഞ്ചായത്ത് ഓഫീസുകളിലും ഉടൻ പ്രസിദ്ധീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.

- ബോധവൽക്കരണം
- പകരം സംവിധാനങ്ങൾ ഒരുക്കൽ
- നിയമം ലംഘിക്കുന്നവർക്ക് മാതൃകാപരമായ ശിക്ഷ.

നിയമനിർമാണത്തിനു പുറമേ ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സഭയെ ഏതെല്ലാം രീതിയിലാണ് അംഗങ്ങൾ പ്രയോജനപ്പെടുത്തുന്നത്?

### ചോദ്യോത്തരവേള

സഭാനടപടികളുടെ തുടക്കത്തിലുള്ള ഒരു മണിക്കൂർ സമയമാണ് ഇതിനായി നീക്കിവച്ചിട്ടുള്ളത്. ചോദ്യങ്ങൾ ചോദിക്കുവാനും വിവരങ്ങൾ അന്വേഷിക്കുവാനും പൊതുപ്രാധാന്യമുള്ള പരാതികൾ സഭയുടെ മുമ്പാകെ അവതരിപ്പിക്കുവാനുമാണ് ചോദ്യോത്തരവേള ഉപയോഗിക്കുന്നത്. സഭയിലവതരിപ്പിക്കേണ്ട ചോദ്യങ്ങൾ മുൻകൂട്ടി സ്പീക്കർക്കു നൽകേണ്ടതാണ്. സഭാതലത്തിൽ നേരിട്ട് ഉത്തരം പറയേണ്ട ചോദ്യങ്ങളാണ് നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ. മന്ത്രിയുടെ മറുപടിയെത്തുടർന്ന് അംഗങ്ങൾക്ക് ഉപചോദ്യങ്ങളും ചോദിക്കാം. ഇത് സഭയിലവതരിപ്പിക്കുന്നതു സംബന്ധിച്ച് സ്പീക്കറാണ് തീരുമാനമെടുക്കേണ്ടത്.

- നൽകിയിരിക്കുന്ന നിയമസഭാ ചോദ്യോത്തരം നോക്കുക. ഇതുപോലെ നിങ്ങളുടെ പ്രദേശത്ത് അനുഭവപ്പെടുന്ന ചില സാമൂഹിക പ്രശ്നങ്ങൾ പരിഹരിക്കാൻ നിയമസഭയെ നമുക്കു പ്രയോജനപ്പെടുത്താമല്ലോ. നിങ്ങളുടെ പ്രദേശവുമായി ബന്ധപ്പെട്ട് സഭയ്ക്കു മുമ്പാകെ അവതരിപ്പിക്കാൻ കഴിയുന്ന പ്രശ്നങ്ങൾ കണ്ടെത്തൂ. അവ ക്ലാസിലെ മറ്റു കുട്ടികളുമായി ചർച്ച ചെയ്യൂ. അതിന്റെ അടിസ്ഥാനത്തിൽ പ്രാധാന്യമർഹിക്കുന്ന മറ്റു പ്രശ്നങ്ങൾ കണ്ടെത്തി സഭയിലുന്നയിക്കുന്ന ചോദ്യങ്ങളാക്കി മാറ്റുക. ഈ ചോദ്യങ്ങളുപയോഗിച്ച് ക്ലാസിലൊരു ചോദ്യോത്തരവേള സംഘടിപ്പിക്കുക.

### ധനപരമായ അധികാരം

നിയമനിർമാണംപോലെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് സംസ്ഥാനത്തെ സമ്പത്തിന്റെ വിനിയോഗവും. നിയമസഭയുടെ അംഗീകാരമില്ലാതെ ജനങ്ങൾക്കുമേൽ ഒരു തരം നികുതിയും ചുമത്താനാവില്ല. ധനപരമായ കാര്യങ്ങളിൽ നിയമസഭയ്ക്ക് നിർവഹണവിഭാഗത്തിന്റെമേൽ നിയന്ത്രണമുണ്ട്. സംസ്ഥാനത്തിന്റെ വാർഷിക ബഡ്ജറ്റ് മുൻകൂട്ടി സഭയിലവതരിപ്പിച്ച് അംഗീകാരം നേടിയശേഷം മാത്രമേ അതു പ്രകാരമുള്ള പണം ചെലവഴിക്കാനാവൂ.

- സഭ സമ്മേളിക്കുന്ന അവസരത്തിൽ നിയമസഭാവാർത്തകൾ പത്രങ്ങളിൽ നിന്നു ശേഖരിച്ച് അതിലൂടെ സഭയുടെ വിവിധ തരത്തിലുള്ള പ്രവർത്തനങ്ങൾ കണ്ടെത്തി ചർച്ചചെയ്ത് കുറിപ്പ് തയാറാക്കുക.
  - നിയമനിർമാണം
  - ചോദ്യോത്തരവേള
  -
- നിയമനിർമാണസഭകൾ എങ്ങനെയാണ് സമ്മതിദായകന്റെ താൽപര്യങ്ങൾ സംരക്ഷിക്കുന്നത്? വാർത്താമാധ്യമങ്ങളുടെ സഹായത്തോടെ നിയമനിർമാണസഭയുടെ പ്രവർത്തനങ്ങൾ വിശകലനംചെയ്യൂ. നിങ്ങളുടെ കണ്ടെത്തലുകൾ ക്ലാസിലവതരിപ്പിക്കൂ.

### ഭരണനിർവഹണവിഭാഗം

സംസ്ഥാനഭരണനിർവഹണവിഭാഗത്തിന്റെ തലവൻ ഗവർണറാണ്. കേന്ദ്ര മന്ത്രിസഭയുടെ ഉപദേശപ്രകാരം രാഷ്ട്രപതിയാണ് ഗവർണറെ നിയമിക്കുന്നത്. ഗവർണറുടെ ഔദ്യോഗിക കാലാവധി 5 വർഷമാണ്. സംസ്ഥാനനിയമനിർമാണസഭയുടെ ഭാഗമാണ് ഗവർണർ. മുഖ്യമന്ത്രിയും മന്ത്രിസഭാംഗങ്ങളും ഭരണകാര്യങ്ങളിൽ ഗവർണറെ സഹായിക്കുന്നു. മന്ത്രിസഭയുടെ ഉപദേശമനുസരിച്ചാണ് ഗവർണർ പ്രവർത്തിക്കുന്നത്. യഥാർഥത്തിൽ സംസ്ഥാനത്തിന്റെ മുഴുവൻ അധികാരങ്ങളും


കശ്മീരിൽ എൻ സി-കോൺഗ്രസ് സഖ്യസർക്കാർ

കശ്മീർ: ഒമർ മുഖ്യമന്ത്രിയാകും

നിക്ഷിപ്തമായിരിക്കുന്നത് മുഖ്യമന്ത്രിയിലും മന്ത്രിസഭാംഗങ്ങളിലുമാണ്.

നിയമസഭയിലെ ഭൂരിപക്ഷം അംഗങ്ങളുടെ പിന്തുണയുള്ള പാർട്ടിയുടെയോ മുന്നണിയുടെയോ നേതാവിനെ ഗവർണർ മുഖ്യമന്ത്രിയായി നിയമിക്കുന്നു. മുഖ്യമന്ത്രിയുടെ നിർദേശപ്രകാരം ഗവർണർ മറ്റു മന്ത്രിമാരെയും നിയമിക്കുന്നു. നിയമസഭയുടെ നേതാവാണ് മുഖ്യമന്ത്രി. മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും നിയമസഭയോടാണ് ഉത്തരവാദിത്തം.

ഭരണസൗകര്യത്തിനായി മന്ത്രിമാർക്ക് വിവിധ വകുപ്പുകളുടെ ചുമതലകൾ നൽകുന്നു. എന്നാൽ മന്ത്രിസഭ കൂട്ടുത്തരവാദിത്തത്തോടെയാണ് പ്രവർത്തിക്കുന്നത്. മുഖ്യമന്ത്രിയുടെ രാജി മന്ത്രിസഭയുടെ രാജിയായി കണക്കാക്കുന്നു. മന്ത്രിമാരുടെ പ്രവർത്തനം തൃപ്തികരമല്ലെന്നുകണ്ടാൽ മുഖ്യന്ത്രിക്ക് അവരുടെ രാജി ആവശ്യപ്പെടാവുന്നതാണ്. മന്ത്രിസഭയെ ദൈനംദിന ഭരണകാര്യങ്ങളിൽ സഹായിക്കുന്നത് ചീഫ്സെക്രട്ടറിയും മറ്റ് ഉദ്യോഗസ്ഥന്മാരുമാണ്. വില്ലേജ്തലം മുതൽ ജില്ലാതലം വരെയുള്ള ഭരണസംവിധാനത്തെക്കുറിച്ച് മുൻ ക്ലാസുകളിൽ പഠിച്ചിട്ടുണ്ടല്ലോ.


ജാർഖണ്ഡ് മുഖ്യമന്ത്രി ഷിബു സോറൻ തോറ്റു

റാഞ്ചി: ജാർഖണ്ഡിലെ തമാർ നിയമസഭാ മണ്ഡലത്തിലേക്ക് നടന്ന ഉപതിരഞ്ഞെടുപ്പിൽ മുഖ്യമന്ത്രിയും ജാർഖണ്ഡ് മുക്തി മോർച്ച (ജെ.എം.എം.) യുടെ മുതിർന്ന നേതാവുമായ ഷിബു സോറൻ തോറ്റു. യു.പി.എ. സ്ഥാനാർഥിയായിരുന്നു സോറൻ. തോറ്റെങ്കിലും മുഖ്യമന്ത്രി സ്ഥാനം രാജിവെക്കുന്ന കാര്യം ഡൽഹിയിൽ യു.പി.എ. നേതാക്കളുമായി ചർച്ച നടത്തിയിട്ടേ തീരുമാനിക്കൂവെന്ന് ഷിബു സോറൻ പറഞ്ഞു.

തിരഞ്ഞെടുപ്പിൽ മത്സരിക്കാതെ മുഖ്യമന്ത്രിയായ ശേഷം സ്ഥാനം നിലനിർത്താനായി മത്സരിച്ച് തോൽക്കുന്ന രണ്ടാമത്തെ മുഖ്യമന്ത്രിയാണ് ഷിബു സോറൻ. മുൻ ഉത്തർപ്രദേശ് മുഖ്യമന്ത്രിയായിരുന്ന ത്രിഭുവൻ നാരായൺ സിങ്ങാണ് ആദ്യത്തെയാൾ.

ഓൾ ജാർഖണ്ഡ് സ്റ്റുഡൻറ്സ് യൂണിയൻ (എ.ജെ.എസ്.യു.) സ്ഥാനാർഥി വിജയ് സിങ്

സംസ്ഥാനഗവർണറെയും മന്ത്രിമാരെയും തമ്മിൽ ബന്ധിപ്പിക്കുന്നത് മുഖ്യമന്ത്രിയാണ്. മുഖ്യമന്ത്രിയായി തിരഞ്ഞെടുക്കപ്പെടുന്നയാൾ സഭയിൽ അംഗമായിരിക്കണം. സഭയിൽ അംഗമല്ലാത്ത ഒരാൾ മുഖ്യമന്ത്രിയായി അധികാരമേറ്റാൽ ആറു മാസത്തിനകം സഭാംഗത്വം നേടേണ്ടതാണ്. അല്ലാത്തപക്ഷം മുഖ്യമന്ത്രി സ്ഥാനം നഷ്ടമാകും. സഭാംഗമല്ലാതെ സത്യപ്രതിജ്ഞ ചെയ്യുന്ന മറ്റു മന്ത്രിമാരുടെ കാര്യത്തിലും ഈ നിബന്ധന ബാധകമാണ്.

മന്ത്രിസഭയുടെ പ്രവർത്തനങ്ങളിൽ നിയമസഭയ്ക്ക് ഇടപെടുന്നതിന് അവസരങ്ങളുണ്ട്. നിയമസഭയിൽ ചോദ്യോത്തര വേളകളിൽ നിർവഹണ വിഭാഗത്തിൽ നിന്ന് വിവരങ്ങൾ ആരായാനും മന്ത്രിമാരുടെ പ്രവർത്തനങ്ങളെ




വിമർശനാത്മകമായി പരിശോധിക്കാനും അംഗങ്ങൾക്ക് അവസരം ലഭിക്കുന്നുണ്ട്. ജനഹിതത്തിനെതിരായാണ് മന്ത്രിസഭ പ്രവർത്തിക്കുന്നതെങ്കിൽ സഭയിൽ അവിശ്വാസപ്രമേയം അവതരിപ്പിക്കുന്നതിനും ചർച്ചയിലൂടെ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ സഭയ്ക്കു മുമ്പാകെ തുറന്നുകാട്ടുന്നതിനും സാധ്യമാകുന്നു. തന്നെയുമല്ല അവിശ്വാസപ്രമേയം സഭ പാസ്സാക്കിയാൽ മന്ത്രിസഭയ്ക്ക് അധികാരം നഷ്ടമാകും.

ജനഹിതത്തിന് എതിരായി പ്രവർത്തിക്കുന്ന മന്ത്രിസഭകളെയും അതിനു നേതൃത്വം നൽകുന്ന പാർട്ടികളെയും തിരഞ്ഞെടുപ്പിലൂടെ ജനങ്ങൾക്കു പുറംതള്ളാനാകും.

- ഗവർണർ, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ എന്നിവരുടെ ചുമതലകളും മുഖ്യമന്ത്രിയും മറ്റുമന്ത്രിമാരും കൈകാര്യം ചെയ്യുന്ന

വകുപ്പുകളും സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് കുറിപ്പുകൾ തയാറാക്കി ക്ലാസിൽ അവതരിപ്പിക്കുക.

രാഷ്ട്രീയപ്പാർട്ടികൾ തിരഞ്ഞെടുപ്പുസമയങ്ങളിൽ ജനങ്ങൾക്കു നൽകിയ വാഗ്ദാനങ്ങൾ നടപ്പിലാക്കുന്നത് അവരുടെ പിന്തുണയോടെ അധികാരത്തിലിരിക്കുന്ന മന്ത്രിസഭകളിലൂടെയാണ്. മന്ത്രിമാർ നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുമ്പോൾ തിരഞ്ഞെടുപ്പു വാഗ്ദാനങ്ങൾ കൂടി പരിഗണിക്കുന്നു. എന്നാൽ ഈ വാഗ്ദാനങ്ങൾ അവഗണിക്കുന്ന സാഹചര്യത്തിൽ ജനങ്ങൾ തൊട്ടടുത്തു വരുന്ന തിരഞ്ഞെടുപ്പിൽ അത്തരം പാർട്ടികളുടെ സ്ഥാനാർഥികളെ പരാജയപ്പെടുത്താറുണ്ട്. ചുരുക്കത്തിൽ സ്ഥാനാർത്ഥികളെ മാത്രമല്ല അധികാരത്തിലിരിക്കുമ്പോൾ തിരഞ്ഞെടുപ്പു വാഗ്ദാനങ്ങൾക്ക് വേണ്ടത്ര പ്രാധാന്യം നൽകാത്ത പാർട്ടികൾക്കെതിരെയും ജനങ്ങൾ പ്രതികരിക്കാറുണ്ട്.

**പ്രോജക്ട്**

- നിങ്ങളുടെ വിദ്യാലയത്തിന് സർക്കാരിൽ നിന്ന് പലതരത്തിലുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ട്. ഇത് ഗവൺമെന്റിന്റെ ക്ഷേമ പ്രവർത്തനത്തിന്റെ ഭാഗമാണ്. ഇവയെക്കുറിച്ച് ഒരന്വേഷണമായാലോ? സ്കൂൾ ഹെഡ്മാസ്റ്ററുമായി അഭിമുഖം നടത്തുക. സ്കൂളിന് ഗവൺമെന്റിൽ നിന്നു ലഭിക്കുന്ന വിവിധതരം സേവനങ്ങളെക്കുറിച്ചും ഇവ ഓരോന്നും ഏതേതു വകുപ്പുകളിൽ നിന്നാണു ലഭിക്കുന്നതെന്നും കണ്ടെത്തുക. സ്കൂളിന് ഇനിയും സഹായം ആവശ്യമായ മേഖലകൾ കണ്ടെത്തി അതു നേടുന്നതിനായി ബന്ധപ്പെട്ട അധികൃതർക്ക് ഒരു നിവേദനം തയാറാക്കി നൽകുക.
- 1957 മുതൽ കേരളത്തിൽ അധികാരത്തിൽ വന്ന ഗവർണർമാർ, മുഖ്യമന്ത്രിമാർ നിയമസഭാ സ്പീക്കർമാർ എന്നിവരുടെ ചിത്രങ്ങൾ ശേഖരിക്കുക. അവരെക്കുറിച്ചുള്ള ലഘുകുറിപ്പുകൾ തയാറാക്കുക.

# 4


# കോളനിവൽക്കരണവും ചെറുത്തുനിൽപ്പും

**പു**രാതന കാലം മുതലേ ഇന്ത്യക്ക് വിദേശ രാജ്യങ്ങളുമായി കച്ചവടബന്ധമുണ്ടായിരുന്നു. റോമക്കാർ, അറബികൾ, ചൈനക്കാർ, തുടങ്ങിയവരായിരുന്നു ഇതിൽ പ്രമുഖർ. 16-ാം നൂറ്റാണ്ടോടെ ലോകത്താകമാനം കടൽമാർഗമുള്ള കച്ചവടത്തിന്റെ നിയന്ത്രണം യൂറോപ്യൻ രാജ്യങ്ങളുടെ കൈകളിലായി. പോർച്ചുഗൽ, ഫ്രാൻസ്, ഹോളണ്ട്, ബ്രിട്ടൺ എന്നീ രാജ്യങ്ങളായിരുന്നു ഇതിൽ പ്രധാനികൾ. ഇവർ ഇന്ത്യയിലും തങ്ങളുടെ കോളനികൾ സ്ഥാപിക്കുവാൻ പരസ്പരം മത്സരിച്ചു.

> രാജ്യത്തിന്റെ വിപണിയും സമ്പത്തും മറ്റൊരു രാജ്യം നിയന്ത്രിക്കുകയോ അധീനതയിലാക്കുകയോ ചെയ്യുമ്പോൾ ആ രാജ്യം കോളനിയായിത്തീരുന്നു. കോളനി സ്ഥാപിക്കുന്നതിൽ ബ്രിട്ടനായിരുന്നു മുൻപന്തിയിൽ.

പുതിയ യന്ത്രങ്ങളുടെ കണ്ടുപിടിത്തം ഇംഗ്ലണ്ടിൽ വ്യാവസായികോൽപാദനം വൻതോതിൽ വർധിക്കാനിടയാക്കി. ഇതുമൂലം യൂറോപ്യൻരാജ്യങ്ങൾക്ക് രണ്ട് ആവശ്യങ്ങൾ നേരിടേണ്ടിവന്നു. ഒന്ന് ഉൽപാദനത്തിനാവശ്യമായ അസംസ്കൃതവസ്തുക്കൾ. രണ്ട് നിർമിത വസ്തുക്കൾ വിറ്റഴിക്കാനുള്ള കമ്പോളവും. അക്കാലത്ത് ഏഷ്യയിലെ സമ്പന്ന രാജ്യങ്ങളിൽ ഒന്നായിരുന്നു ഇന്ത്യ. ഇന്ത്യയുടെ ഭൂരിഭാഗം പ്രദേശങ്ങളും മുഗൾ രാജവംശത്തിന്റെ അധീനതയിലായിരുന്നു. യൂറോപ്യൻ രാജ്യങ്ങൾ ഇന്ത്യയുമായി കച്ചവടബന്ധത്തിൽ ഏർപ്പെട്ടു. ഇവരിൽ മേൽക്കൈ നേടിയ ബ്രിട്ടീഷുകാർ രണ്ടു നൂറ്റാണ്ടോളം നമ്മെ ഭരിച്ചു. ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ പ്രതിനിധി വില്യം ഹോക്കിൻസ് മുഗൾ ചക്രവർത്തി ജഹാംഗീറിനെ സന്ദർശിച്ച് വ്യാപാരാനുമതി

**യൂറോപ്യന്മാർ ആധിപത്യം ഉറപ്പിച്ച ഇന്ത്യയിലെ പ്രദേശങ്ങൾ**



നേടിയതോടെയായിരുന്നു ബ്രിട്ടീഷുകാരുമായുള്ള ബന്ധത്തിനു തുടക്കമായത്.

- ഭൂപടം ശ്രദ്ധിക്കുക. ഇന്ത്യയിൽ ഏറ്റവും കൂടുതൽ കച്ചവടകേന്ദ്രങ്ങൾ ഏത് രാജ്യത്തിന്റെ അധീനതയിലായിരുന്നു? കണ്ടെത്തൂ.

## ഇന്ത്യ കോളനിയായി മാറുന്നു

പതിനേഴാം നൂറ്റാണ്ടിൽ മുഗൾ സാമ്രാജ്യത്തിന്റെ ശിഥിലീകരണം ഇന്ത്യയിലാകെ കൊച്ചുകൊച്ചുരാജ്യങ്ങളുടെ വളർച്ചയെ സഹായിച്ചു. പരസ്പരം കലഹിച്ചും ശത്രുത നിലനിർത്തിയും കഴിഞ്ഞിരുന്ന ഈ ചെറുരാജ്യങ്ങളുമായി വ്യാപാര സൗകര്യങ്ങൾ നേടിയെടുക്കാൻ വിദേശ കച്ചവടക്കമ്പനികൾക്ക് എളുപ്പം സാധിച്ചു. ക്രമേണ ഇവർ ഈ രാജ്യങ്ങളെ അധീനതയിലാക്കി.

ഇന്ത്യ ഇംഗ്ലണ്ടിന്റെ കോളനിയായതോടെ ഇന്ത്യൻ സമ്പത്ത് എങ്ങനെ ചോർന്നുപോയി എന്ന് പ്രശസ്ത ചരിത്രകാരൻ ആർ.സി. ദത്ത് വിശദീകരിക്കുന്നു:

> "...ഇന്ത്യൻ മണ്ണിൽ നിന്ന് വലിച്ചെടുക്കുന്ന ഈർപ്പം, വളം നൽകുന്ന മഴയായി പെയ്തത് ഇന്ത്യയിലല്ല മറ്റുരാജ്യങ്ങളിലാണ്. ഒരു നാട്ടിലെ വിഭവങ്ങളുടെ ഇത്രയും വലിയ ചോർത്തൽ ഭൂമിയിലെ ഏറ്റവും സമ്പന്നമായ രാജ്യത്തെപ്പോലും ദരിദ്രമാക്കും; അത് നാടിന്റെയോ ലോകത്തിന്റെയോ ചരിത്രത്തിൽ മുമ്പുണ്ടായിട്ടില്ലാത്തതും തുടർച്ചയായതും വ്യാപകവും തീക്ഷ്ണവുമായ പഞ്ഞത്തിന്റെ നാടായി ഇന്ത്യയെ മാറ്റി"

അവലംബം: *ഇക്കണോമിക് ഹിസ്റ്ററി ഓഫ് ഇന്ത്യ അണ്ടർ ബ്രിട്ടീഷ് റൂൾ, വാല്യം II*

## ചൂഷണത്തിന്റെ വഴികൾ

ഇന്ത്യയിൽ ഭരണവ്യവസ്ഥ നിലനിർത്തുന്നതിന് ബ്രിട്ടീഷുകാർക്ക് ഭീമമായ തുക വേണ്ടിവന്നിരുന്നു. ഇതിനാവശ്യമായ തുക അവർ ഇന്ത്യക്കാരിൽ നിന്ന് വിവിധ രീതികളിൽ കണ്ടെത്തി.



പ്ലാസിയുദ്ധത്തിൽ പരാജയപ്പെട്ട സിറാജ്-ഉദ്-ദൗള റോബർട്ട് ക്ലൈവിന്റെ മുന്നിൽ - ചിത്രകാരന്റെ ഭാവന

ഈസ്റ്റ് ഇന്ത്യ കമ്പനി ഇന്ത്യയുടെ സമ്പത്ത് കൊള്ളയടിക്കുകയും ബ്രിട്ടനിലേക്കു കടത്തുകയും ചെയ്തു. അസംസ്കൃത വസ്തുക്കളുടെ കയറ്റുമതിയിലൂടെയും നിർമിത ഉൽപന്നങ്ങളുടെ ഇറക്കുമതിയിലൂടെയുമാണ് അവർ ഇതു ചെയ്തത്. ആസൂത്രിതമായി നാടിനെ ചൂഷണം ചെയ്യാൻ ഗതാഗതം, വാർത്താവിനിമയം തുടങ്ങിയ മേഖലകളെയും അവർ ഉപയോഗിച്ചു.

ഈസ്റ്റ് ഇന്ത്യ കമ്പനിക്കാർ ഇന്ത്യയിൽ ആദ്യമായി അധികാരം സ്ഥാപിച്ചത് ബംഗാളിലായിരുന്നു. ബംഗാളിലെ നവാബായ സിറാജ്-ഉദ്-ദൗളയുടെ അനുവാദമില്ലാതെ കമ്പനിക്കാർ കൊൽക്കത്തയിൽ കോട്ട കെട്ടി. ഇത് അദ്ദേഹത്തെ പ്രകോപിപ്പിച്ചു. തന്ത്രശാലികളായ കമ്പനിക്കാർ സിറാജ്-ഉദ്-ദൗളയുടെ സേനാനായകനായ മിർജാഫറെ തങ്ങളുടെ പക്ഷത്താക്കി. 1757- ൽ പ്ലാസിയിൽ സിറാജ്-ഉദ്-ദൗളയും ഈസ്റ്റ് ഇന്ത്യ കമ്പനിയുടെ സൈന്യവും തമ്മിൽ ഏറ്റുമുട്ടി. യുദ്ധത്തിൽ കമ്പനി സൈന്യം നിഷ്പ്രയാസം വിജയം കൈവരിച്ചു. ബംഗാൾ നവാബായി മിർ ജാഫറെ നിയമിച്ചു. എന്നാൽ മിർ ജാഫർക്ക് കമ്പനിയുമായി ഉണ്ടാക്കിയ വാക്കുപാലിക്കാൻ കഴിഞ്ഞില്ല. തുടർന്ന് മിർ ജാഫറിന്റെ ബന്ധുവായ മിർ കാസിമിനെ കമ്പനിക്കാർ കൈക്കൂലിവാങ്ങി നവാബാക്കി. മിർ കാസിമിനും അധികകാലം ഭരണം നടത്താൻ സാധിച്ചില്ല. കാലക്രമത്തിൽ ഇന്ത്യയുടെ ഭൂരിഭാഗം പ്രദേശങ്ങളും ബ്രിട്ടന്റെ അധീനതയിലായി.

### ബംഗാളിലെ 'ദിവാനി'

പ്ലാസി യുദ്ധത്തെത്തുടർന്ന് ബംഗാൾ പ്രവിശ്യയുടെ നികുതിപിരിക്കുവാനുള്ള അവകാശം (ദിവാനി) ഈസ്റ്റ് ഇന്ത്യ കമ്പനിക്കാരുടെ കൈകളിലായി. ഇതിനായി അവർ മുഗൾ ചക്രവർത്തിയുമായി കരാറിൽ ഒപ്പിട്ടു. ബംഗാളിലെ ജനങ്ങളിൽ നിന്ന് ലക്ഷക്കണക്കിനുരൂപ പിരിച്ചെടുത്ത ഇവർ ഒരു നിശ്ചിത തുകമാത്രമാണ് മുഗൾ ചക്രവർത്തിക്കു നൽകിയത്.

### നാട്ടുരാജ്യങ്ങളുടെ നിയന്ത്രണം

നാട്ടുരാജ്യങ്ങളെ തങ്ങളുടെ അധീനതയിൽ കൊണ്ടുവരാൻ ബ്രിട്ടീഷുകാർ പല നയങ്ങളും നടപ്പിലാക്കി. അതിൽ പ്രധാനമായിരുന്നു സൈനിക സഹായ വ്യവസ്ഥ. ഈ വ്യവസ്ഥ പ്രകാരം ഉടമ്പടിയിൽ ഒപ്പുവയ്ക്കുന്ന നാട്ടുരാജ്യങ്ങൾ, അവരുടെ സംരക്ഷണത്തിനായി ബ്രിട്ടീഷ് സൈന്യത്തെ രാജ്യത്തു നിലനിർത്തേണ്ടിവന്നു. സൈന്യത്തിനും ഉദ്യോഗസ്ഥർക്കും വേണ്ടിവരുന്ന ചെലവ് അതാത് നാട്ടുരാജ്യങ്ങൾ വഹിക്കേണ്ടിയിരുന്നു. ഈ വ്യവസ്ഥയിൽ ഏർപ്പെടുന്ന നാട്ടുരാജ്യങ്ങൾക്ക് തങ്ങളുടെ സൈന്യത്തെ പിരിച്ചുവിടേണ്ടി വന്നു.

ഒരു നാട്ടുരാജ്യത്തിന്റെ ഭരണാധികാരി നിയമപ്രകാരമുള്ള പിൻഗാമിയില്ലാതെ മരിച്ചാൽ രാജ്യാവകാശം ദത്തുപുത്രനോ പുത്രിക്കോ ലഭിക്കുമായിരുന്നു. എന്നാൽ ഡൽഹൗസി പ്രഭു കൊണ്ടുവന്ന ദത്തവകാശ നിരോധന നിയമം അനുസരിച്ച് ദത്തുപുത്രനോ ദത്തുപുത്രിക്കോ പിൻതുടർച്ചാവകാശം കിട്ടാതായി. പ്രസ്തുത നാട്ടുരാജ്യം ബ്രിട്ടീഷ് ഇന്ത്യയോട് ചേർക്കപ്പെട്ടു.

- സൈനിക സഹായ വ്യവസ്ഥയിൽ ഏർപ്പെട്ടിരുന്ന നാട്ടുരാജ്യങ്ങൾക്ക് എന്തെല്ലാം പ്രതിസന്ധികളാണ് നേരിടേണ്ടി വന്നിട്ടുണ്ടാവുക? ചർച്ചചെയ്യൂ.
- ഈ വ്യവസ്ഥ നടപ്പിലാക്കിയതിലൂടെ ബ്രിട്ടീഷുകാർക്ക് എന്തെല്ലാം നേട്ടങ്ങളാണ് ഉണ്ടായത്?
- തങ്ങളുടെ അധികാരം സ്ഥാപിക്കുന്നതിന് ഈസ്റ്റ് ഇന്ത്യാകമ്പനി സ്വീകരിച്ച നിലപാടുകൾ എന്തെല്ലാമായിരുന്നു?

### ഭൂമിക്കും കർഷകനുമെതിരെ

ബ്രിട്ടീഷുകാരുടെ വരവിനുമുമ്പ് കർഷകർ ഉൽപ്പന്നങ്ങളായിട്ടായിരുന്നു ഭൂവുടമകൾക്ക് നികുതി നൽകിയിരുന്നത്. ഈ ഭൂവുടമകളാണ് ജമീന്ദാർമാർ. ബ്രിട്ടീഷുകാരുടെ കീഴിൽ കൃഷിഭൂമിയിലുള്ള കർഷകരുടെ സ്വാതന്ത്ര്യം നഷ്ടപ്പെട്ടു. മാത്രവുമല്ല, കർഷകരിൽ നിന്ന് പരമാവധി നികുതി പിരിക്കാനുള്ള നടപടികളും ബ്രിട്ടീഷുകാർ കൈക്കൊണ്ടു.

### ഭൂനികുതിനയം

വൈസ്രോയിയായിരുന്ന കോൺവാലീസ് പ്രഭു ബംഗാൾ, ബീഹാർ, ഒറീസ എന്നിവിടങ്ങളിൽ പുതിയ നികുതി വ്യവസ്ഥ നടപ്പിലാക്കി. ഇതുപ്രകാരം ജമീന്ദാർമാർ കർഷകരിൽ നിന്ന് നികുതി പിരിക്കുകയും ഒരു നിശ്ചിത തുക ബ്രിട്ടീഷുകാർക്ക് കൈമാറുകയും വേണ്ടിയിരുന്നു. ഇത് ശാശ്വത ഭൂനികുതിവ്യവസ്ഥ എന്നാണറിയപ്പെട്ടത്. ഈ വ്യവസ്ഥപ്രകാരം കർഷകരിൽ നിന്ന് അമിതനികുതി ഈടാക്കി ജമീന്ദാർമാർ സമ്പന്നരായി. അതേസമയം കമ്പനിക്ക് കൃത്യമായി നികുതി ലഭിക്കുകയും ചെയ്തു. നികുതിഭാരം താങ്ങാൻ കഴിയാതെ കർഷകർ ബുദ്ധിമുട്ടിലായി.

ഇന്ത്യയുടെ തെക്കുപടിഞ്ഞാറെ പ്രദേശങ്ങളിൽ ഈസ്റ്റ് ഇന്ത്യ കമ്പനി നടപ്പിലാക്കിയ മറ്റൊരു നികുതി സമ്പ്രദായമായിരുന്നു റയത്ത്വാരി. ഇതനുസരിച്ച് കമ്പനി കർഷകരിൽ നിന്നു നേരിട്ട് നികുതിപിരിക്കാൻ തുടങ്ങി. എന്നാൽ കർഷകർക്ക് ഭൂമിയിലുള്ള ഉടമസ്ഥാവകാശം നികുതി അടയ്ക്കുന്നതിന് ആശ്രയിച്ചായിരുന്നു. ചുമത്തിയ നികുതി നിരക്കാകട്ടെ വളരെ ഉയർന്നതുമായിരുന്നു.

ഇന്ത്യയുടെ ഉത്തര-മധ്യഭാഗങ്ങളിൽ നിലനിന്നിരുന്ന മഹൽവാരി എന്ന നികുതി സമ്പ്രദായത്തിൽ കർഷകർ വ്യക്തിഗതമായിട്ടല്ല നികുതി അടച്ചിരുന്നത്. ഗ്രാമമുഖ്യൻമാരോ, കൂട്ടായ അവകാശമുള്ള കുടുംബങ്ങളുടെ തലവനോ ആണ് നികുതിയടക്കേണ്ടിയിരുന്നത്.

ഈ ഭൂനികുതി വ്യവസ്ഥകളൊന്നും കർഷകർക്ക് അനുകൂലമായിരുന്നില്ല. പ്രതികൂല കാലാവസ്ഥ മൂലം കൃഷി നശിക്കുകയോ വിളവ് കുറയുകയോ ചെയ്താൽ നികുതിയിൽ യാതൊരു ഇളവും കർഷകർക്ക് അനുവദിച്ചിരുന്നില്ല.

ബ്രിട്ടീഷുകാർക്കുമുമ്പ് ജന്മിമാർ കാർഷികവിളകളിന്മേലാണ് കരം (നികുതി) ഏർപ്പെടുത്തിയിരുന്നത്. പ്രകൃതിക്ഷോഭം മൂലം വിളവു കുറഞ്ഞാൽ അതനുസരിച്ചാണ് കർഷകർ നികുതിയൊടുക്കിയത്. ഈസ്റ്റ് ഇന്ത്യകമ്പനിയുടെ വരവോടെ ഉൽപന്നങ്ങൾക്കുപകരം പണമായി നികുതിയൊടുക്കണമെന്ന് കമ്പനി നിഷ്കർഷിച്ചു. നികുതിപിരിവ് എളുപ്പമാക്കാൻ ഭൂമി കർഷകർക്ക് പതിച്ചുനൽകുകയും നികുതി ഭൂവിസ്തൃതിയുടെ അടിസ്ഥാനത്തിലാക്കുകയും ചെയ്തു. വിളനാശം സംഭവിച്ചാലും കർഷകർ നിശ്ചിത നിരക്കിൽ നികുതി പണമായി കമ്പനിക്കുനൽകേണ്ടിവന്നു. നികുതിയടയ്ക്കുന്നതിനായി കർഷകർ ഗ്രാമീണരായ പണമിടപാടുകാരിൽ നിന്ന് (ഹുണ്ടികക്കാർ) പണം കടം വാങ്ങി. കടക്കാരായി മാറിയ കർഷകരെ ജന്മിമാരും ഹുണ്ടികക്കാരും ചേർന്ന് പീഡിപ്പിക്കാൻ തുടങ്ങി. ബ്രിട്ടീഷ് പോലീസും കോടതിയും ഇവരെ പിന്തുണയ്ക്കുന്ന നയമാണു സ്വീകരിച്ചത്. ഇത് പലപ്പോഴും ഭൂവുടമകളും കർഷകരും തമ്മിലുള്ള സംഘർഷത്തിലേക്കു നയിച്ചു.

- കൃഷിക്കാരനും കൃഷിഭൂമിയും തമ്മിലുള്ള ബന്ധം താഴെപ്പറയുന്ന മേഖലകളെ അടിസ്ഥാനപ്പെടുത്തി വിശകലനം ചെയ്ത് കുറിപ്പു തയാറാക്കൂ.
  - ഭൂവുടമസ്ഥത
  - നികുതി
  - നികുതി പിരിക്കുന്ന ഏജൻസി
  - നികുതിപ്പണത്തിന്റെ വിനിയോഗം
- ഇന്ന് സർക്കാരുകൾ നികുതി പിരിക്കുന്നത് ജനക്ഷേമകരമായ പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടിയാണ്. എന്നാൽ ഈസ്റ്റ് ഇന്ത്യ കമ്പനി ഇന്ത്യയിലെ കർഷകരിൽ നിന്ന് വൻതോതിൽ നികുതി പിരിച്ചത് ഇതേ ലക്ഷ്യത്തോടുകൂടിയായിരുന്നുവോ? എന്തായിരുന്നു അവരുടെ നികുതിപിരിവിന്റെ ഉദ്ദേശ്യം? ചർച്ചചെയ്യൂ.
  - ഭരണനടത്തിപ്പിനായുള്ള ചെലവ്
  - അസംസ്കൃതവസ്തുക്കൾ വാങ്ങാൻ
  - ഗതാഗതസൗകര്യങ്ങൾക്ക്

### കൃഷിയുടെ വാണിജ്യവൽക്കരണം

നിത്യോപയോഗവസ്തുക്കളും പട്ടുപോലുള്ള ആഡംബര വസ്തുക്കളുമാണ് ഇന്ത്യൻ കർഷകർ മുമ്പ് മുഖ്യമായും ഉൽപാദിപ്പിച്ചിരുന്നത്. വ്യവസായവിപ്ലവത്തെത്തുടർന്ന് വ്യവസായങ്ങൾക്കാവശ്യമായ പരുത്തി, നീലം തുടങ്ങിയ അസംസ്കൃത വസ്തുക്കൾ ഉൽപാദിപ്പിക്കാൻ പിന്നീട് കർഷകർ നിർബന്ധിക്കപ്പെട്ടു. ഇങ്ങനെ വിപണിയെ ലക്ഷ്യമാക്കിയുള്ള ഉൽപാദനത്തിനാണ് ബ്രിട്ടീഷുകാർ പ്രോത്സാഹനം നൽകിയത്. കൃഷിയുടെ വാണിജ്യവൽക്കരണം ഇടത്തട്ടുകാരുടെ ആവിർഭാവത്തിനു കാരണമായി. കൃഷിക്കാരിൽ നിന്നു നേരിട്ട് ഉൽപന്നങ്ങൾ ശേഖരിച്ച് കമ്പോളത്തിലെത്തിച്ചവരായിരുന്നു ഇടത്തട്ടുകാർ. ഇടത്തട്ടുകാരുടെ ചൂഷണത്തിനു വിധേയരായി ഉൽപന്നങ്ങൾ കുറഞ്ഞവിലയ്ക്കു കൈമാറാൻ കർഷകർ നിർബന്ധിക്കപ്പെട്ടു. ആഭ്യന്തര ഉൽപാദനം തകർന്നത് വിദേശവസ്തുക്കളുടെ കടന്നുവരവിനു കാരണമായി. ഇതിന്റെ ഫലമായി ഇന്ത്യ വിദേശ വസ്തുക്കളുടെ കമ്പോളമായി മാറി.

### കർഷകർ കടുത്ത ദാരിദ്ര്യത്തിലേക്ക്

പ്രകൃതിദുരന്തങ്ങളും കാലാവസ്ഥാമാറ്റവും കാർഷികോൽപാദനത്തിൽ ഗണ്യമായ കുറവുണ്ടാക്കി. വിളയില്ലെങ്കിലും നികുതി കൊടുക്കണമായിരുന്നു. കൂടാതെ ഈസ്റ്റ് ഇന്ത്യ കമ്പനി നിത്യോപയോഗ സാധനങ്ങളായ ഉപ്പ്, എണ്ണ, മണ്ണെണ്ണ തുടങ്ങിയ അവശ്യവസ്തുക്കളിന്മേൽ ഒട്ടേറെ നികുതികൾ ചുമത്തിയിരുന്നു. ബ്രിട്ടീഷ് നയങ്ങളുടെ ഫലമായി തൊഴിൽ നഷ്ടപ്പെട്ട കരകൗശലക്കാർ, നെയ്ത്തുകാർ തുടങ്ങിയവർ തൊഴിൽതേടി പുതുതായി രൂപംകൊണ്ട തോട്ടംമേഖലയിലേക്കാണ് എത്തിയത്. കർഷകരുടെയും തൊഴിലാളികളുടെയും വരുമാനവും

അവർ കൊടുത്തുതീർക്കേണ്ട ബാധ്യതയും തമ്മിലുള്ള അന്തരം വർധിച്ചു. അവർ കൂടുതൽ കടക്കാരായി. കിടപ്പാടം പോലും പലിശക്കാരനു വിട്ടുകൊടുക്കേണ്ടതായുംവന്നു.

- ബ്രിട്ടീഷ് ആധിപത്യത്തിൻ കീഴിൽ ഇന്ത്യൻ കർഷകർ നേരിട്ട പ്രശ്നങ്ങളെക്കുറിച്ചു ചർച്ചചെയ്യൂ.
- ബ്രിട്ടീഷുകാർ നടപ്പിലാക്കിയ ഭൂനികുതി സമ്പ്രദായവും ഇന്ന് നിലനിൽക്കുന്ന ഭൂനികുതി സമ്പ്രദായവും താരതമ്യം ചെയ്യൂ. രക്ഷിതാക്കളിൽ നിന്നും അവർ ഒടുക്കുന്ന നികുതിയെക്കുറിച്ച് ചോദിച്ചറിയൂ.
    - അടിസ്ഥാനം
    - തുക
    - നികുതി അടയ്ക്കുന്ന രീതി

## കഷ്ടത്തിലായ കരകൗശലക്കാർ

ബ്രിട്ടീഷ് ഭരണം ഇന്ത്യയിലെ കരകൗശല വ്യവസായത്തിന്റെ തകർച്ചയ്ക്കിടയാക്കി. കുറഞ്ഞ വിലയ്ക്ക് കരകൗശല ഉൽപന്നങ്ങൾ വാങ്ങുകയും കൂടുതൽ വിലയ്ക്കു വിറ്റ് ലാഭമുണ്ടാക്കുകയും ചെയ്യുന്ന നയമാണ് ബ്രിട്ടീഷുകാർ അനുവർത്തിച്ചുപോന്നത്. കരകൗശലക്കാരെയും നെയ്ത്തുകാരെയും ചില വ്യവസ്ഥകൾക്കു വിധേയമായി നിയന്ത്രിക്കാൻ കമ്പനിക്കു സാധിച്ചു. അതിനാൽ കമ്പനി ആവശ്യപ്പെടുന്ന പ്രകാരം കുറഞ്ഞ വിലയ്ക്ക് സാധനങ്ങൾ ഉൽപാദിപ്പിക്കുവാൻ കരകൗശലക്കാരും നെയ്ത്തുകാരും നിർബന്ധിതരായി. കൂടുതൽ വിലയ്ക്ക് മറ്റുള്ളവർക്കു വിൽക്കാൻ അവർക്ക് അവകാശമില്ലായിരുന്നു. ഈവിധം കർശനമായ നിയന്ത്രണങ്ങൾ കമ്പനി അവരുടെ മേൽ ഏർപ്പെടുത്തി. ബ്രിട്ടണിലെ വ്യവസായവൽകൃത ഉൽപന്നങ്ങളുമായി മത്സരിക്കാൻ ഇവർക്കു കഴിഞ്ഞിരുന്നില്ല. പ്രാദേശിക ഭരണാധികാരികൾ സ്ഥാനഭ്രഷ്ടരാക്കപ്പെട്ടതിനാൽ സ്ഥിതിഗതികൾ കൂടുതൽ പരിതാപകരമായി. കരകൗശലക്കാരുടെയും നെയ്ത്തുകാരുടെയും ഉൽപന്നങ്ങൾക്ക് ആവശ്യക്കാരില്ലാതായി. ഈ ഉൽപന്നങ്ങൾ വാങ്ങി സഹായിച്ചിരുന്നവരും അവരുടെ സംരക്ഷകരുമായിരുന്നു പ്രാദേശിക ഭരണാധികാരികൾ.

1857-ലെ കലാപനേതാക്കളിൽ ഒരാളായിരുന്ന ഫിറോസ് ഷാ രാജകുമാരൻ അക്കാലത്തു പുറപ്പെടുവിച്ച വിളംബരത്തിൽ സാധാരണ തൊഴിലാളികളെപ്പറ്റി പറഞ്ഞത് ഇങ്ങനെയാണ്:

"യൂറോപ്യൻമാർ ഇംഗ്ലീഷ് ചരക്കുകൾ ഇന്ത്യയിലേക്ക് കടത്തിക്കൊണ്ടുവന്നതിനാൽ നെയ്ത്തുകാർ, പരുത്തി വസ്ത്ര നിർമാതാക്കൾ, ആശാരിമാർ, കൊല്ലപ്പണിക്കാർ, ചെരുപ്പുകുത്തികൾ തുടങ്ങിയവർക്ക് അവരുടെ തൊഴിലുകൾ നഷ്ടപ്പെട്ടു. നാട്ടുകാരായ കൈവേലക്കാരിൽ ഓരോ വിഭാഗവും യാചകവൃത്തിക്കു നിർബന്ധിതരായി."


അവലംബം: **ഇർഫാൻ ഹബീബ്**, *ദേശീയ സമരത്തിലെ വഴിത്താരകൾ.*

- ഈസ്റ്റ് ഇന്ത്യ കമ്പനിയുടെ ഭരണകാലത്ത് കൈത്തൊഴിലുകാർ നേരിട്ടിരുന്ന പ്രശ്നങ്ങൾ നാം ചർച്ചചെയ്തുവല്ലോ. നിങ്ങളുടെ പ്രദേശത്തുള്ള കൈത്തൊഴിലുകാർ ഇത്തരം പ്രതിസന്ധികൾ ഇന്നും അഭിമുഖീകരിക്കുന്നുണ്ടാകാം. അവ എന്തൊക്കെയാണെന്നു കണ്ടെത്തി ക്ലാസിൽ ചർച്ച ചെയ്ത് കുറിപ്പു തയാറാക്കൂ. ചർച്ചയിൽ എന്തെല്ലാം ഉൾപ്പെടുത്താം.
    - അസംസ്കൃതവസ്തു
    - വിപണി
    - വില
    -

## പടർന്നുപിടിച്ച ക്ഷാമം

ബ്രിട്ടീഷ് ഭരണം ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയെ ആകെ ഉലച്ചു. ബ്രിട്ടീഷുകാരുടെ നയങ്ങൾ കർഷകരുടെ ജീവിതത്തെ തകിടംമറിച്ചു. കടം കയറിയ കൃഷിക്കാർ കൃഷി ഉപേക്ഷിച്ചു. ഉൽപ്പാദനം നിലച്ചു. വരുമാനം ഇല്ലാതായി. പട്ടിണി മൂലം മരണവുമായി മല്ലടിക്കുന്ന ജനങ്ങളെ സഹായിക്കാൻ ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യ കമ്പനി ഒന്നും ചെയ്തതുമില്ല.

ബംഗാളിൽ പടർന്നുപിടിച്ച ക്ഷാമത്തെക്കുറിച്ച് ബങ്കിംചന്ദ്ര ചാറ്റർജിയുടെ വിവരണം ശ്രദ്ധിക്കൂ.



ഇന്ത്യയിൽ ക്ഷാമമുണ്ടായപ്പോൾ ബ്രിട്ടീഷ് സർക്കാർ ക്ഷാമം തടയുന്നതിനായി ഒന്നും ചെയ്തിരുന്നില്ല. പക്ഷേ, ഇന്ത്യയിൽ ക്ഷാമം തടയാനായി പലതും ചെയ്തു എന്ന് അവർ വ്യാജപ്രവർത്തനങ്ങളിലൂടെ ലോകത്തിലെങ്ങും പ്രചരിപ്പിക്കാൻ ശ്രമിച്ചു. ക്ഷാമകാലത്ത് ബ്രിട്ടീഷുകാർ മദ്രാസ് പ്രസിഡൻസിയിൽപ്പെട്ട 'ബെല്ലാരിയിൽ നടത്തിയ ധാന്യവിതരണം' എന്ന കുറിപ്പോടെ ബ്രിട്ടനിലെ ഒരു പത്രത്തിൽ പ്രസിദ്ധീകരിച്ച ചിത്രമാണ് മുകളിൽ കൊടുത്തത്.

"1773-ലെ വേനൽക്കാലം. ഉഗ്രമായ ചൂട്. ബംഗാളിലെ പദചിഹ്നം എന്ന ഗ്രാമം. ഗ്രാമത്തിൽ ജനവാസമില്ലാത്തതുപോലെ തോന്നി. മാളികകളും വീടുകളും പീടികകളുമെല്ലാം ശൂന്യം. ഒരു മനുഷ്യനെപ്പോലും കാണാനില്ല.

കച്ചവടക്കാർ പീടികകൾ അടച്ചിരിക്കുന്നു. വീടുകളിൽ നെയ്ത്തുകാർ തറി മൂടിവച്ച് വെറുതെയിരിക്കുന്നു കണ്ണീർ തൂകിക്കൊണ്ട്. സ്കൂളുകളടച്ചു തെരുവുകളിൽ ആരുമില്ല... 1771-ലാണ് ക്ഷാമം ബംഗാളിനെ പിടികൂടിയത്. 1772-ൽ നല്ല മഴപെയ്തപ്പോൾ ജനങ്ങൾ ആശ്വസിച്ചു; ആഹ്ലാദിച്ചു. പക്ഷേ, മഴ പെട്ടെന്നു നിലച്ചു. വിള ഉണങ്ങിപ്പോയി. നാട്ടിൽ ക്ഷാമം പടർന്നുപിടിച്ചു. സർക്കാർ നികുതിപിരിവ് നിർത്തിയില്ല. ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് മേലധികാരികളുടെ പ്രീതി നേടുന്നതിലായിരുന്നു താൽപര്യം. നികുതി, കുടിശ്ശികയടക്കം കർശനമായി പിരിക്കാൻ അവർ ഓടിനടന്നു. ബംഗാൾ ദയനീയമായ അവസ്ഥയിലായി. ജനങ്ങൾ കഷ്ടപ്പെട്ടു. കന്നുകാലികളെ വിറ്റു. കൃഷിപ്പണിക്കുള്ള ആയുധങ്ങൾ വിറ്റു. വിത്തുപോലും കൊടുക്കേണ്ടിവന്നു. വീട്ടിലെ പണ്ടങ്ങളും പാത്രങ്ങളും വിറ്റു. ചിലർക്ക് വീടിന്റെ വാതിൽ പോലും പൊളിച്ചുവിൽക്കേണ്ടിവന്നു. മനുഷ്യർക്കു വിലയില്ലല്ലോ. അതുകൊണ്ട് മനുഷ്യരെ വിൽക്കാൻ സാധിച്ചില്ല.

ഗ്രാമീണർ പുല്ലും ഇലകളും കിഴങ്ങുകളും പറിച്ചെടുത്ത് തിന്നുകയായി. കാട്ടുജാതിക്കാർ എലികളെയും പൂച്ചകളെയും നായ്ക്കളെയും കൊന്നുതിന്നു വിശപ്പടക്കി. ചിലർ നാടുവിട്ടു. നാടുവിട്ടവരും രക്ഷപ്പെട്ടില്ല; അവർ അന്യനാടുകളിൽ പോയി പട്ടിണികിടന്നുമരിച്ചു. നാടുവിടാത്തവരിൽ ചിലർ കണ്ണിൽ കണ്ടതൊക്കെ തിന്ന് രോഗംപിടിച്ചുമരിച്ചു; അവശേഷിച്ചവർ ജീവച്ഛവങ്ങളായി നാൾകഴിച്ചു.

രോഗങ്ങൾ പടർന്നുപിടിച്ചു. പനിയും പ്ലേഗും വസൂരിയും കാറ്റുപോലെ പരന്നു. രോഗികളെ ശുശ്രൂഷിക്കാനോ ശവങ്ങൾ മറവുചെയ്യാൻപോലുമോ ആളില്ലാതെയായി. വീടുകളിൽ ശവശരീരങ്ങൾ അനാഥമായി കിടന്നു ചീഞ്ഞുനാറി..."

അവലംബം: **ബങ്കിം ചന്ദ്രചാറ്റർജി**, *ആനന്ദമഠം.*

- 1770-നും 1900-നുമിടയിൽ പതിനാറോളം ക്ഷാമങ്ങളുണ്ടായി. ഇന്നു നമ്മുടെ രാജ്യത്ത് ഇത്തരം പ്രശ്നങ്ങൾ/ക്ഷാമങ്ങൾ വളരെ കുറവാണെന്നുകാണാം. ബ്രിട്ടന്റെ നയങ്ങളിൽ നിന്ന് വ്യത്യസ്തമായ എന്തെല്ലാം നടപടികളാണ് ഈ പ്രശ്നം പരിഹരിക്കാൻ നമ്മുടെ സർക്കാരുകൾ സ്വീകരിച്ചിരിക്കുന്നത്?

### അധികാരം നഷ്ടപ്പെട്ട രാജാക്കന്മാർ

ഇന്ത്യയുടെ പ്രദേശങ്ങൾ ഓരോന്നായി ബ്രിട്ടീഷ് അധീനതയിൽ കൊണ്ടുവരുന്നതിന് അവർ പല തന്ത്രങ്ങളും ആവിഷ്കരിച്ചു. അക്രമം, ഭീഷണി, അനുനയം എന്നീ മാർഗങ്ങൾ ഇതിനായി അവലംബിച്ചു. ശാശ്വത ഭൂനികുതി വ്യവസ്ഥ, സൈനികസഹായവ്യവസ്ഥ തുടങ്ങിയ നയങ്ങളും നാട്ടുരാജ്യങ്ങളെ തങ്ങളുടെ അധീനതയിലാക്കാൻ ബ്രിട്ടീഷുകാരെ സഹായിച്ചു. ബംഗാൾ, മൈസൂർ തുടങ്ങിയ രാജ്യങ്ങളെ ബ്രിട്ടീഷുകാർ ആക്രമിച്ചു കീഴടക്കി. ഒരു നുള്ളു വെടിമരുന്നുപോലും പാഴാക്കാതെ ഇംഗ്ലീഷുകാർ പിടിച്ചടക്കിയ രാജ്യങ്ങൾ നിരവധിയാണ്. മഹാരാഷ്ട്രയിലെ സത്താറ, നാഗ്പൂർ, രാജസ്ഥാനിലെ ഉദയ്പ്പൂർ, ജയ്പ്പൂർ തുടങ്ങിയവ ഇവയിൽ ചിലതുമാത്രം.

### വെട്ടിപ്പിടിക്കലിനൊരു ന്യായവാദം

ഇന്ത്യയെ ബ്രിട്ടീഷ് അധീനതയിൽ നിർത്തുന്നതിന് അവർ ചില ന്യായങ്ങൾ നിരത്തി. ഇന്ത്യക്കാർ പഴഞ്ചൻ ജീവിതരീതി പിന്തുടരുന്നവരാണെന്നും ഇന്ത്യക്കാരെ സംസ്കാരസമ്പന്നരാക്കുകയാണ് തങ്ങളുടെ ധർമമെന്നും അവർ അവകാശപ്പെട്ടു. ഔദാര്യപൂർവം സ്വയം ഏറ്റെടുത്ത ഈ ഉത്തരവാദിത്വത്തെ 'വെള്ളക്കാരന്റെ ഭാരം' എന്നായിരുന്നു അവർ വിശേഷിപ്പിച്ചത്.

### ചെറുത്തുനിൽപ്പിന്റെ പ്രാദേശിക മാതൃകകൾ

നാടിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി ത്യാഗോജ്ജ്വലമായ നിരവധി സമരങ്ങൾക്കു നേതൃത്വം നൽകിയ ധീര ദേശാഭിമാനികളുടെ നാടാണ് ഇന്ത്യ. ദീർഘനാൾ നീണ്ടുനിന്ന ബ്രിട്ടീഷ് വിരുദ്ധ സമരങ്ങളിൽ നിരവധി വ്യക്തികളും പ്രസ്ഥാനങ്ങളും പങ്കാളികളായി.

ഇന്ത്യയിൽ ബ്രിട്ടീഷുകാർക്കെതിരെ സംഘടിതമായ സമരങ്ങൾ തുടങ്ങുന്നതിനു മുമ്പാണ് ഈ ചെറുത്തുനിൽപ്പുകൾ നടന്നത്. അത്തരം പ്രാദേശികസമരങ്ങൾ ഏതെല്ലാമായിരുന്നുവെന്ന് നിങ്ങൾക്കറിയാമോ?

### ധീരനായ വീരപാണ്ഡ്യൻ

തമിഴ്നാട്ടിലെ തിരുനെൽവേലിയിലെ പാഞ്ചാലം കുറിഞ്ചിയിലെ ധീരനായ 'കാവൽ' (നാടുവാഴി) ആയിരുന്നു വീരപാണ്ഡ്യ കട്ടബൊമ്മൻ. ഈ പ്രദേശത്തിന്റെ നികുതിപിരിവുമായി ബന്ധപ്പെട്ട് ബ്രിട്ടീഷ് സൈന്യം നടപടികൾ ആരംഭിച്ചപ്പോൾ വീരപാണ്ഡ്യൻ അതിനെ ശക്തമായി ചെറുത്തു. ബ്രിട്ടീഷുകാരുമായി പല ഒത്തുതീർപ്പുകളും നടത്തിയെങ്കിലും അവർ അതു പാലിച്ചില്ല. അമ്പും വില്ലും ഏന്തിയ വീരപാണ്ഡ്യന്റെ സൈന്യത്തിന് വെടിയുണ്ടയുടെ മുന്നിൽ പിടിച്ചുനിൽക്കാനായില്ല. സുരക്ഷാസങ്കേതം നോക്കി കാട്ടിലേക്ക് പിൻവാങ്ങി ചെറുത്തുനിൽപ്പു തുടർന്നു. കമ്പനിസൈന്യം കാടുകൾ അരിച്ചുപെറുക്കിയെങ്കിലും വീരപാണ്ഡ്യനെ കണ്ടെത്താനായില്ല. അദ്ദേഹത്തെ





വീരപാണ്ഡ്യ കട്ടബൊമ്മന്റെ ബഹുമാനാർഥം 1999-ൽ പുറത്തിറക്കിയ തപാൽസ്റ്റാമ്പ്

പിടിച്ചുകൊടുക്കുന്നവർക്ക് ബ്രിട്ടീഷുകാർ ഒരു ലക്ഷം രൂപ പാരിതോഷികം പ്രഖ്യാപിച്ചിരുന്നു. കട്ടബൊമ്മൻ വേഷം മാറി ഉറ്റചങ്ങാതിയായിരുന്ന പുതുക്കോട്ട രാജാവിനെ സന്ദർശിച്ചു. കൊട്ടാരത്തിലെത്തിയ വീരപാണ്ഡ്യ കട്ടബൊമ്മനെ പണം മോഹിച്ച് പുതുക്കോട്ടരാജാവ് ഇംഗ്ലീഷുകാർക്കു പിടിച്ചു

കൊടുത്തു. അവർ വീരപാണ്ഡ്യനെ കായത്താർ എന്ന സ്ഥലത്തെ പുളിമരക്കൊമ്പിൽ കെട്ടിത്തൂക്കി കൊന്നു.

### പട നയിച്ച പഴശ്ശി

കണ്ണൂരിനടുത്തുള്ള കോട്ടയം മലബാറിലെ പഴശ്ശിയിൽ പടിഞ്ഞാറെ കോവിലകത്തെ ഇളയ രാജാവായിരുന്നു കേരളവർമ പഴശ്ശിരാജ. ബ്രിട്ടീഷുകാർ മൈസൂർ ഭരണാധികാരികൾക്കെതിരെ നടത്തിയ യുദ്ധങ്ങളിൽ പഴശ്ശി രാജാവ് ബ്രിട്ടീഷുകാരെ സഹായിച്ചിരുന്നു.



അതിന് പകരമായി കോട്ടയം പ്രദേശത്ത് നികുതി പിരിക്കാനുള്ള അവകാശം ബ്രിട്ടീഷുകാർ പഴശ്ശിക്കു വാഗ്ദാനം ചെയ്തു. യുദ്ധാനന്തരം മലബാർ ബ്രിട്ടീഷ് അധീനതയിലായതോടെ വാഗ്ദാനം പാലിക്കാൻ ബ്രിട്ടീഷുകാർക്കായില്ല. എന്നാൽ നികുതി പിരിക്കാനുള്ള അവകാശം ബ്രിട്ടീഷുകാർ കുറുമ്പ്രനാട്ടു രാജാവിനാണ് നൽകിയത്. ഇത് പഴശ്ശിയെ ചൊടിപ്പിച്ചു. അദ്ദേഹം കോട്ടയത്തെ എല്ലാ നികുതിപിരിവുകളും സ്തംഭിപ്പിച്ചു. ഇതിനെ തുടർന്ന് ബ്രിട്ടീഷുകാർ പഴശ്ശിക്കെതിരെ നടപടികൾ കൈക്കൊണ്ടു. പഴശ്ശിരാജാവിന്റെ അധീനതയിലുള്ള പ്രദേശങ്ങൾ ബ്രിട്ടീഷ് ഇന്ത്യയോടു ചേർക്കുന്നതിനുള്ള ശ്രമം നടന്നു. കുറുമ്പരെയും വയനാട്ടിലെ ഗിരിവർഗക്കാരായ കുറിച്യരെയും നായന്മാരെയും മാപ്പിളമാരെയും അണിനിരത്തിക്കൊണ്ട് പഴശ്ശിരാജ ഒളിപ്പോരിലൂടെ ശക്തമായി ചെറുത്തുനിന്നു. ബ്രിട്ടീഷുകാർക്ക് പഴശ്ശിരാജാവിനെ എളുപ്പം കീഴടക്കാനായില്ല. വയനാടൻ കാടുകളിലെ ഒളിത്താവളങ്ങളിലിരുന്ന് പഴശ്ശിരാജാവ് ബ്രിട്ടീഷുകാർക്കെതിരെ പോരാട്ടം തുടർന്നു. ചാരന്മാരുടെ സഹായത്തോടെ ബ്രിട്ടീഷുകാർ പഴശ്ശിരാജയുടെ ഒളിത്താവളം കണ്ടെത്തി. ജീവനോടെ ശത്രുവിന്റെ കൈയിൽ അകപ്പെടാതിരിക്കാൻ 1805 നവംബർ 30-ന് അദ്ദേഹം സ്വയം വീരമൃത്യുവരിച്ചു.

### ദളവയുടെ വിളംബരം

തിരുവിതാംകൂർ ഭരിച്ചിരുന്ന ബാലരാമവർമ മഹാരാജാവിന്റെ ദളവ (മന്ത്രി) ആയിരുന്നു വേലുത്തമ്പി (തമ്പി വേലായുധൻ ചെമ്പകരാമൻ). 1795-ലെ ബ്രിട്ടീഷ് ഉടമ്പടിയുടെ തുടർച്ചയായി, തിരുവിതാംകൂറിലേക്കുള്ള ബ്രിട്ടീഷ് പ്രതിനിധി എന്ന നിലയിൽ കേണൽ മെക്കാളെയെ റസിഡന്റായി ഗവർണർ ജനറൽ നിയമിച്ചു. നല്ല ഭരണകർത്താവ് എന്ന നിലയിൽ ദളവയായ വേലുത്തമ്പിയുമായി മെക്കാളെ നല്ല ബന്ധം പുലർത്തിയിരുന്നു. അതേ സമയം ഭരണകാര്യങ്ങളിൽ കർക്കശ നിലപാടു സ്വീകരിക്കുകയും വിട്ടുവീഴ്ചയില്ലാത്ത ശിക്ഷണനടപടികൾ നടപ്പിലാക്കുകയും ചെയ്ത ദളവയ്ക്ക് വളരെയധികം ശത്രുക്കളെ നേരിടേണ്ടിവന്നു. ബ്രിട്ടീഷ് ഗവൺമെന്റിനു നൽകാനുണ്ടായിരുന്ന കപ്പപ്പണക്കുടിശ്ശിക വളരെയധികം വർദ്ധിച്ചതിനാൽ അതു കൊടുത്തുതീർക്കുന്നതിനായി ബ്രിട്ടീഷ് സർക്കാരിൽനിന്നു സമ്മർദം ഏറിവന്നു. ഭരണച്ചെലവു ചുരുക്കി കുറെ പണമുണ്ടാക്കാമെന്ന ധാരണയിൽ പൊതു ഖജനാവിനു ഭാരിച്ച ചെലവുണ്ടാക്കിയിരുന്ന നായർ പട്ടാളക്കാരുടെ പ്രത്യേക വേതനം നിർത്തലാക്കുവാൻ അദ്ദേഹം തീരുമാനിച്ചു. ഇത് സൈനികരുടെ ഇടയിൽ അസംതൃപ്തിയുണ്ടാക്കുകയും അവർ കലാപമുണ്ടാക്കുകയും ചെയ്തു.

ലഹളക്കാർ തിരുവനന്തപുരത്തെത്തിയപ്പോൾ ദളവയുടെ ശത്രുക്കൾ അവരോടൊപ്പം ചേർന്ന് ലഹളയെ വലുതാക്കി. ഇതേതുടർന്ന് റസിഡന്റിനോട് സഹായമഭ്യർഥിച്ച ദളവ ബ്രിട്ടീഷ് സൈന്യത്തിന്റെ സഹായത്തോടെ ലഹളയെ അടിച്ചമർത്തി. ഇതിനുവേണ്ടിയെത്തിയ ബ്രിട്ടീഷ് സൈന്യം കൊല്ലത്തു താവളമുറപ്പിച്ചു. പട്ടാളലഹളയെക്കുറിച്ച് കൊൽക്കത്തയിൽ വിവരം ലഭിച്ചപ്പോൾ വെല്ലസ്ലി പ്രഭു



തിരുവിതാംകൂറുമായി പുതിയൊരു ഉടമ്പടി ഉണ്ടാക്കണമെന്ന് ആവശ്യപ്പെട്ട് മദ്രാസ് ഗവർണർക്ക് കത്തെഴുതി. തിരുവിതാംകൂറിൽ താൽക്കാലികമായി നിർത്തിയിട്ടുള്ള ബ്രിട്ടീഷ് പട്ടാളത്തെ സ്ഥിരമായി നിർത്താനും രാജാവിന്റെ അധികാരം വർധിപ്പിക്കാനും ബ്രിട്ടീഷ് സ്വാധീനം പ്രബലമാക്കാനും വ്യവസ്ഥകൾ ചേർക്കണമെന്നും ആവശ്യപ്പെട്ടു. ഇതനുസരിച്ച് മെക്കാളെ പ്രഭു വേലുത്തമ്പിയുമായി ആലോചിച്ചു. തിരുവിതാംകൂറിന്റെ ആഭ്യന്തരസുരക്ഷയ്ക്കു സഹായകരമായ രീതിയിൽ ഒരുടമ്പടി ഉണ്ടാക്കുന്നതിന് ദളവ അനുകൂലമായിരുന്നു. എന്നാൽ കപ്പം വർധിപ്പിക്കുന്ന വ്യവസ്ഥകളെ അദ്ദേഹം അനുകൂലിച്ചില്ല. ബ്രിട്ടീഷ് സർക്കാരിൽനിന്നുമുള്ള നിരന്തരസമ്മർദം മൂലം ഉടമ്പടിയിൽ ഒപ്പുവെയ്ക്കാൻ രാജാവും ദളവയും തീരുമാനിച്ചു. 1805 ജനുവരി 12-ന് അഞ്ചുതെങ്ങു കോട്ടയിൽവച്ച് ഉടമ്പടി അംഗീകരിക്കപ്പെട്ടു.

ജനങ്ങൾക്ക് കൂടുതൽ കഷ്ടപ്പാടുണ്ടാക്കാതെ മുടക്കം വന്ന കപ്പപ്പണം നൽകുവാനുള്ള ശ്രമം ദളവ നടത്തിക്കൊണ്ടിരുന്നു. രാജ്യം നേരിടുന്ന സാമ്പത്തിക പ്രതിസന്ധിയുടെ രൂക്ഷതയെക്കുറിച്ച് റസിഡന്റിനെ അറിയിച്ചപ്പോൾ തിരുവിതാംകൂറിന്റെ സ്വന്തം പട്ടാളത്തെ പിരിച്ചുവിടാനും അതു വഴി ലഭിക്കുന്ന ധനം കമ്പനിക്കു നൽകുവാനുമാണ് അദ്ദേഹം നിർദേശിച്ചത്. നിലവിലുള്ള പട്ടാളത്തിന്റെ സംഖ്യ കുറയ്ക്കുകയോ പിരിച്ചുവിടുകയോ ചെയ്താൽ രാജ്യത്ത് സമാധാനാന്തരീക്ഷം നിലനിർത്താനും കുടിശ്ശികകൾ ശേഖരിക്കാനും സാധിക്കാതെ വരുമെന്ന് തമ്പി അറിയിച്ചു. നിസ്സാരമായ ഭരണനടപടികളിൽപ്പോലും റസിഡന്റ് ഇടപെടാനാരംഭിച്ചു. ദിവാനെ നീചമായ ഭാഷയിൽ വിമർശിക്കുകയും അദ്ദേഹത്തെ പിരിച്ചുവിടണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.


**കുണ്ടറവിളംബരം**

"... ചതിവു മാർഗത്തിൽ രാജ്യം അവരുടെ കൈവശത്തിൽ ആകുന്നത് കോയിക്കൽ കൊട്ടാരം കോട്ടപ്പടി ഉൾപ്പെട്ട സ്ഥലങ്ങളിൽ അവരുടെ പാറാവും വരിതിയും ആക്കിത്തീർത്ത് രാജ്യമുദ്ര, പല്ലക്ക്, പൗരുഷം ഉൾപ്പെട്ട ബഹുമാനങ്ങളും ദൈവാലയം ബ്രഹ്മാലയം ബന്ധിച്ചിട്ടുള്ള ശട്ടങ്ങളും നാട്ടുകൂട്ടവും നിർത്തി ഉപ്പു മുതൽ സർവസ്വവും കുത്തകയായിട്ട് ആക്കിത്തീർത്ത് തിരിച്ചു കൊടുക്കുന്ന നിലവും പുരയിടവും അളന്ന് കുടി കുത്തകയായിട്ടും കെട്ടി നിലവരി തെങ്ങവരി ഉൾപ്പെട്ട അധികാരങ്ങളും കുടികളിൽ കൂട്ടിവെച്ച് അൽപ പിഴയ്ക്ക് നീചൻമാരെകൊണ്ട് ശുക്ഷയും കഴിപ്പിച്ച് ക്ഷേത്രങ്ങളിൽ കുരിശും കൊടിയും കെട്ടി വർണ്ണഭേദം ഇല്ലാതെ ബ്രാഹ്മണസ്ത്രീ മുതലായ സമുസർഗവും ചെയ്തു യുഗഭേദം പോലെ അധർമ്മങ്ങളായിട്ടുള്ള വട്ടങ്ങൾ ആക്കിത്തീർക്കുകയും ചെയ്യും. അങ്ങനെ ഒള്ളതു ഒന്നും ഈ രാജ്യത്ത് സംഭവിക്കാതെ രാജധർമത്തെ നടത്തി നാട്ടിൽ ഒള്ള മര്യാദക്ക് അഴിവുവരാതെ ഇരിക്കേണ്ടുന്നതിന് മനുഷ്യയത്നത്തിൽ ഒന്നും കുറഞ്ഞുപോയെന്നുള്ള അവഖ്യാതി ഉണ്ടാകാതെയിരിപ്പാൻ ആകുന്നിടത്തോളവും ഒള്ള പ്രയത്നങ്ങൾ ചെയ്യിക്കുകയും പിന്നത്തതിൽ ഈശ്വരാനുഗ്രഹം പോലെ വരുന്നതൊക്കെ യുക്തമെന്നും നിശ്ചയിച്ചു അത്രെ അവർ തുടങ്ങിയിരിക്കുന്നതിനെ പ്രതിക്രിയയായിട്ടു ചെയ്യേണ്ടി വന്നു എന്നും-"

**ദളവ തമ്പി ചെമ്പകരാമൻ വേലായുധൻ**
**കുണ്ടറ**
**984-ാമാണ്ട് മകരമാസം 1-ാം തീയതി**

- കുണ്ടറവിളംബരത്തെക്കുറിച്ചുള്ള പ്രധാനാശയങ്ങൾ ചാർട്ടിൽ രേഖപ്പെടുത്തി ക്ലാസിൽ അവതരിപ്പിക്കൂ.

ജനങ്ങളുടെ സഹകരണത്തോടെയുള്ള ഒരു ചെറുത്തുനില്പിന് മാത്രമേ രാജ്യത്തെ ഇംഗ്ലീഷുകാരുടെ ആധിപത്യത്തിൽനിന്നു രക്ഷിക്കാൻ കഴിയൂ എന്ന് ദളവ കരുതി. ഈ സാഹചര്യത്തിൽ ദളവ കൊല്ലത്ത് കുണ്ടറയിൽ തന്റെ ആസ്ഥാനം സ്ഥാപിക്കുകയും അവിടെവച്ച് ചരിത്രപ്രസിദ്ധമായ കുണ്ടറവിളംബരം നടത്തുകയും ചെയ്തു.



ദളവ തമ്പി വേലായുധൻ ചെമ്പകരാമൻപിള്ള ഔദ്യോഗിക പദവിയിലിരിക്കുമ്പോൾ തന്നെയാണ് തന്റെ താൽകാലിക ആസ്ഥാനമായിരുന്നിരുന്ന കുണ്ടറയിൽ വച്ച് വിദേശാധിപത്യത്തിൽ നിന്ന് രാജ്യത്തെ രക്ഷിക്കാൻ മുന്നോട്ടുവരണമെന്ന് എല്ലാ വിഭാഗം ജനങ്ങളോടും ആവശ്യപ്പെട്ടത്. തിരുവിതാംകൂർ ചരിത്രകാരനായിരുന്ന വൈക്കം പാച്ചുമൂത്തത് തയാറാക്കിയ വിളംബരത്തിന്റെ പകർപ്പ് തിരുവനന്തപുരം സെൻട്രൽ ആർക്കൈവ്സിൽ സൂക്ഷിച്ചിട്ടുണ്ട്. അതിന്റെ പകർപ്പിൽ നിന്ന് ഒരു ഭാഗം.

കുണ്ടറയിൽ വച്ചുള്ള ആഹ്വാനത്തിനുശേഷം കൊല്ലത്ത് ബ്രിട്ടീഷ് സൈന്യവുമായി തിരുവിതാംകൂർ സൈന്യം യുദ്ധത്തിലേർപ്പെട്ടു. ഇംഗ്ലീഷ്സൈന്യത്തോട് കിടപിടിക്കത്തക്കതായിരുന്നില്ല തിരുവിതാംകൂർസൈന്യം.

ദളവ തിരുവനന്തപുരത്തെത്തി രാജാവിനെ സന്ദർശിച്ചശേഷം ഒളിവിൽപ്പോകാൻ തീരുമാനിച്ചു. രാജാവ് മറ്റൊരാളെ ദളവയായി നിയമിച്ചു. ഒളിവിൽപ്പോയ മുൻദളവയെ പിടിച്ചുകൊടുക്കുന്നവർക്ക് സമ്മാനം പ്രഖ്യാപിക്കുകയും ഇനിയാരും ദിവാനെ സ്ഥാനപ്പേരുകൾ വിളിക്കരുതെന്നും വേലുത്തമ്പി എന്നു മാത്രമേ വിളിക്കാവൂ എന്നും ഉത്തരവു പുറപ്പെടുവിക്കുകയും ചെയ്തു.

പത്തനംതിട്ട ജില്ലയിലെ മണ്ണടിയിലെത്തിയ തമ്പിയും സഹോദരനും അടുത്തുള്ള ക്ഷേത്രത്തിൽ അഭയംപ്രാപിച്ചു. ബ്രിട്ടീഷ്-തിരുവിതാംകൂർ സംയുക്തസൈന്യം ക്ഷേത്രം വളഞ്ഞു. പിടിക്കപ്പെടുമെന്നായപ്പോൾ വേലുത്തമ്പി ആത്മഹത്യചെയ്തു.

- ഈസ്റ്റ് ഇന്ത്യാ കമ്പനിക്കെതിരായ ചെറുത്തുനിൽപ്പിന്റെ കഥയാണ് വീരപാണ്ഡ്യൻ, പഴശ്ശിരാജ, വേലുത്തമ്പി ദളവ എന്നിവരുടെ പോരാട്ടങ്ങളിലൂടെ നാം മനസ്സിലാക്കിയത്. ഇവരുടെ ചെറുത്തുനിൽപ്പുകളിലെ സമാനതകൾ കണ്ടെത്തി ചർച്ചചെയ്ത് കുറിപ്പു തയാറാക്കൂ.

  ചർച്ചാസൂചകങ്ങൾ

  - കമ്പനിയുടെ നികുതിനയം
  - ബ്രിട്ടീഷുകാരുടെ പിടിച്ചടക്കൽ നയം
  - ദേശാഭിമാനബോധം



ഒന്നാം സ്വാതന്ത്ര്യസമരത്തിന്റെ സ്മരണയ്ക്കായി ഇന്ത്യാ ഗവൺമെന്റ് പുറത്തിറക്കിയ സ്റ്റാമ്പുകൾ.

## സംഘടിത സമരങ്ങളുടെ തുടക്കം

"1857 മെയ് 11-ന് മീററ്റിൽ നിന്നുള്ള ശിപായികൾ ഡൽഹിയിലെത്തുമ്പോൾ ഡൽഹി

നഗരം ഉണർന്നിട്ടുണ്ടായിരുന്നില്ല. തലേന്ന് യൂറോപ്യൻ ഉദ്യോഗസ്ഥരെ ബന്ദികളാക്കി വധിച്ചിരുന്ന ആ ശിപായിമാർ യമുന കടന്ന് ചുങ്കപ്പുര തീവച്ച് ചുവപ്പുകോട്ടയിലേക്കു നീങ്ങി...വിജയം നേടാനായില്ലെങ്കിലും വിദേശാധിപത്യത്തിനെതിരായ വീരോചിതമായ പോരാട്ടം—1857-ലെ കലാപം—ആരംഭിച്ചു കഴിഞ്ഞിരുന്നു."

അവലംബം: **കെ.എൻ. പണിക്കർ**, *ഇന്ത്യയുടെ സ്വാതന്ത്ര്യസമരചരിത്രം*

ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനിക്കു കീഴിൽ സേവനമനുഷ്ഠിച്ചിരുന്ന ഇന്ത്യൻ സൈനികർ ബ്രിട്ടീഷുകാരുടെ വിവിധതരം പീഡനങ്ങൾക്കെതിരെ ശക്തമായി പ്രതികരിച്ചു. ഇതിന്റെ ഭാഗമായി ഈസ്റ്റ് ഇന്ത്യ കമ്പനിയുടെ സൈനികക്യാമ്പിൽ 1857-ൽ പൊട്ടിപ്പുറപ്പെട്ട കലാപം പെട്ടെന്നു വളർന്ന് ബ്രിട്ടീഷ് വിരുദ്ധ കലാപമായി രൂപപ്പെടുകയായിരുന്നു. ബ്രിട്ടീഷുകാരുടെ ദ്രോഹനടപടികളിൽ അസംതൃപ്തരായിരുന്ന കർഷകരും കൈവേലക്കാരും നാടുവാഴികളും സൈനികരും ധീരമായി ചെറുത്തുനിന്നു. ഇത്തരം ചെറുത്തുനിൽപുകളുടെ ആകെ തുകയാണ് ഒന്നാം സ്വാതന്ത്ര്യസമരം.

## കാക്കിയണിഞ്ഞ കർഷകർ

ചെറുകിട ഭൂവുടമാവിഭാഗങ്ങളിൽ നിന്നുള്ളവരായിരുന്നു പട്ടാളക്കാരിൽ ഏറെയും. തങ്ങളുടെ ജന്മഗ്രാമങ്ങളിൽ നിലവിലിരുന്ന നികുതിസമ്പ്രദായങ്ങളിൽ ഗ്രാമീണരോടൊപ്പം ഇവരും രോഷാകുലരായിരുന്നു.

പട്ടാളത്തിലെ ഒരു ബ്രിട്ടീഷ് സൈനികൻ ഡൽഹൗസി പ്രഭുവിനു നൽകിയ മുന്നറിയിപ്പ് നോക്കൂ:

"നിങ്ങളുടെ സൈന്യത്തിലെ അംഗങ്ങളെ തിരഞ്ഞെടുത്തിരിക്കുന്നത് അവകാശങ്ങളുള്ള ഇന്ത്യൻ കർഷകരിൽ നിന്നാണ്. കർഷകരുടെ ആ അവകാശങ്ങളെ ചവിട്ടി മെതിച്ചാൽ സൈന്യത്തിനു നിങ്ങളിൽ വിശ്വാസമുണ്ടാവില്ല. അങ്ങനെ വന്നാൽ സൈന്യം അവരോട് അനുഭാവം പ്രകടിപ്പിക്കും. എന്തുകൊണ്ടെന്നാൽ അവർ ആ ജനതയുടെ ഭാഗമാണ്."

അവലംബം: **ഹരിപ്രസാദ് ചതോപാധ്യായ**, *ശിപായി മ്യൂട്ടണി-എ സോഷ്യൽ സ്റ്റഡി ആന്റ് അനാലിസിസ്*

## പടയാളികളിലും അടിയാളർ

ഇന്ത്യയിലെ ബ്രിട്ടീഷ് സൈന്യത്തിൽ ഇന്ത്യക്കാരും ബ്രിട്ടീഷുകാരുമായ പട്ടാളക്കാരുണ്ടായിരുന്നു. അവർക്കിടയിൽ വളരെയേറെ വിവേചനങ്ങൾ നിലനിന്നിരുന്നു. ദീർഘകാലം സൈന്യത്തിൽ സേവനമനുഷ്ഠിച്ച ഇന്ത്യക്കാരനായ പട്ടാളക്കാരന് സൈന്യത്തിൽ പുതുതായി ചേർന്ന ഒരു ബ്രിട്ടീഷ് പട്ടാളക്കാരന്റെ പദവിയോ പ്രതിഫലമോ മാന്യതയോ ലഭിച്ചിരുന്നില്ല.


## വ്രണപ്പെട്ട മതവികാരം

ഇന്ത്യൻ പട്ടാളക്കാരോട് കടലിനക്കരെ പോയി യുദ്ധം ചെയ്യാൻ ബ്രിട്ടീഷുകാർ ആവശ്യപ്പെട്ടിരുന്നു. കടൽ കടന്നുപോകുന്നത് ഹിന്ദുമത വിശ്വാസമനുസരിച്ച് ജാതിഭ്രഷ്ടിനിടയാക്കുമായിരുന്നു. താടിയും തലപ്പാവും ഒഴിവാക്കണമെന്ന കല്പന അതുപയോഗിച്ചിരുന്നവരുടെ മതവിശ്വാസത്തെ ചോദ്യംചെയ്യുന്ന ഒന്നായിരുന്നു. പട്ടാളക്കാരുടെ മതവികാരങ്ങളെ വ്രണപ്പെടുത്തുന്ന തരത്തിലായിരുന്നു പല ബ്രിട്ടീഷ് നയങ്ങളും.

പട്ടാളത്തിന്റെ ആയുധബലം കൂടുതൽ ഫലപ്രദമാക്കുവാൻ എൻഫീൽഡ് എന്ന ഒരുതരം തോക്ക് അന്ന് പ്രയോഗത്തിലുണ്ടായിരുന്നു. ഇതിലുപയോഗിച്ചിരുന്ന വെടിയുണ്ടകൾ പന്നി, പശു തുടങ്ങിയ മൃഗങ്ങളുടെ കൊഴുപ്പു പുരട്ടിയ കടലാസുകൊണ്ട് പൊതിഞ്ഞിരുന്നു എന്ന വാർത്തപരന്നു. പട്ടാളക്കാരിൽ ഏറെയും ബ്രാഹ്മണരോ രജപുത്രരോ മുസ്ലീങ്ങളോ ആയിരുന്നു. വെടിയുണ്ടകൾ ഉപയോഗിക്കുന്നതിനു മുമ്പ് അവ പൊതിഞ്ഞ കടലാസ് കടിച്ചെടുക്കണമായിരുന്നു. മതവിശ്വാസമനുസരിച്ച് പന്നിമാംസം മുസ്ലീങ്ങൾക്കും പുണ്യമൃഗമായി കരുതിപ്പോന്ന പശുവിന്റെ മാംസം ഹിന്ദുക്കൾക്കും വർജ്യമായിരുന്നു. പുതിയ വെടിയു

ണ്ടയുടെ പ്രയോഗം ഓരോ വിഭാഗത്തിന്റെയും മതവിശ്വാസത്തെ വ്രണപ്പെടുത്താൻ കാരണമായി. ഈ സംഭവത്തോടെ പട്ടാളക്കാരിൽ വ്യാപകമായ അമർഷവും പ്രതിഷേധവുമുണ്ടായി. മാത്രമല്ല, ബ്രിട്ടീഷുകാർക്കെതിരെ മതത്തിനതീതമായി ഒന്നിക്കുവാനുള്ള പ്രേരണ പട്ടാളക്കാരിലുണ്ടാവുകയും ചെയ്തു.

### രോഷാകുലരായ നാട്ടുരാജാക്കന്മാർ



ഝാൻസിറാണിയുടെ പടയോട്ടം ചിത്രകാരന്റെ ഭാവനയിൽ


കർഷകർ, കരകൗശലക്കാർ, പട്ടാളക്കാർ എന്നിവർക്കുപുറമേ നാട്ടുരാജാക്കന്മാരും ബ്രിട്ടീഷുകാർക്കെതിരായി നിലകൊണ്ടു. ദത്തവകാശ നിരോധന നിയമമനുസരിച്ച് രാജാധികാരം നഷ്ടപ്പെട്ട ഇന്ത്യൻ നാട്ടുരാജ്യമായ ഝാൻസിയിലെ റാണി ലക്ഷ്മിബായി പോർക്കളത്തിലിറങ്ങി വിപ്ലവത്തിനു നേതൃത്വം നൽകി.

ബീഹാറിൽ കലാപം നയിച്ചിരുന്നത് 70 കാരനായ ജമീന്ദാർ കൺവർ സിംങ് ആയിരുന്നു. തന്റെ ഭൂമി മുഴുവൻ പിടിച്ചെടുത്ത ബ്രിട്ടീഷുകാരോടുള്ള അമർഷമായിരുന്നു വൃദ്ധനായിരുന്നിട്ടും അദ്ദേഹത്തെ ഒരു പ്രക്ഷോഭകാരിയാക്കിയത്. പട്ടാളക്കാരോടു ചേർന്ന് അദ്ദേഹം ബ്രിട്ടീഷുകാരോട് ഒരു യുവാവിന്റെ പ്രസരിപ്പോടെ, അത്യുജ്ജ്വലമായി പോരാടി.



നാനാ സാഹിബ്

മറാത്തയിലെ ഭരണാധികാരിയായിരുന്ന ബാജിറാവു രണ്ടാമന്റെ ദത്തുപുത്രനായിരുന്നു നാനാ സാഹിബ്. ബാജിറാവുവിന്റെ മരണശേഷം നാനാ സാഹിബിന് ബ്രിട്ടീഷുകാർ രാജ്യം നൽകിയില്ല. ദത്താവകാശ നിരോധന നിയമ



നാനാ സാഹിബിന്റെ കത്തുകളിലൊന്ന്

മായിരുന്നു ഇതിനു കാരണം. പെൻഷൻ തടയുകയും നാനാ സാഹിബിനെയും കുടുംബത്തെയും പൂനയിൽ നിന്ന് കാൺപൂരിലേക്ക് നാടുകടത്തുകയും ചെയ്തു. ബ്രിട്ടീഷുകാരുടെ നടപടികൾക്കെതിരെ നാനാ സാഹിബ് ശക്തമായി പ്രതിഷേധിച്ചു. നാനാ സാഹിബിന്റെ ഉറ്റ സേവകനായിരുന്നു താന്തിയ തോപ്പി. ഗറില്ലാ വിപ്ലവത്തിലൂടെ അദ്ദേഹം ബ്രിട്ടീഷ് സൈന്യത്തെ വിറപ്പിച്ചു.

1857-ലെ ഒന്നാം സ്വാതന്ത്ര്യസമരാനന്തരം മുൻനിരക്കാരിലൊരാളായ നാനാ സാഹിബ് പരാജയത്തിലും അടങ്ങാത്ത ആവേശവുമായി ഇങ്ങനെ എഴുതി:

> "ഞാൻ ശപഥം ചെയ്യുന്നു. മറ്റൊരിടത്ത് ജന്മമെടുത്ത് വെള്ളക്കാരെ ചവിട്ടിപുറത്താക്കി, ഭാരതത്തെ സ്വതന്ത്രയാക്കും. ഞങ്ങളുടെ യുദ്ധം അനശ്വരമാകട്ടെ"

- എന്തൊക്കെ കാരണങ്ങൾ കൊണ്ടാവാം വിവിധ വിഭാഗങ്ങളിൽപ്പെട്ടവർ കലാപത്തിൽ പങ്കാളികളായത്? വിശകലനം ചെയ്ത് കുറിപ്പു തയാറാക്കൂ.

കലാപകാരികൾ ഡൽഹിയിൽ ഭരണകർത്താക്കളുടെ സഭ രൂപീകരിച്ചു. പത്തംഗങ്ങളുള്ള സഭയിൽ 6 പേർ സൈന്യത്തിൽ നിന്നും നാലു പേർ പൊതുഭരണ വകുപ്പിൽ നിന്നുമായിരുന്നു. ഭൂരിപക്ഷാഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ


ബഹാദൂർഷാ രണ്ടാമൻ

മുഗൾചക്രവർത്തിയായിരുന്ന ബഹദൂർഷാ രണ്ടാമന്റെ കീഴിൽ അവർ ഭരണം നടത്തി. ഇത് കലാപത്തിന് ഒരു രാഷ്ട്രീയമുഖം നൽകി.

ഡൽഹി പിടിച്ചടക്കി ദിവസങ്ങൾക്കകം കാൺപൂർ, അലഹാബാദ്, ബനാറസ്, ബറേലി, ജഗദീഷ്പൂർ, ഝാൻസി തുടങ്ങിയ പ്രദേശങ്ങളിലെല്ലാം കലാപം വ്യാപിച്ചു.

പ്രക്ഷോഭകാരികളെ ആരാണ് പിന്തുണച്ചിരുന്നത്? കച്ചവടക്കാരും ബുദ്ധിജീവികളും വിട്ടുനിന്നു. ചില നാട്ടുരാജാക്കന്മാർ തങ്ങളുടെ സംരക്ഷണം ബ്രിട്ടീഷുകാരിലാണെന്നു വിശ്വസിച്ചു. ആളും അർഥവും നൽകി പല നാട്ടുരാജാക്കന്മാരും ബ്രിട്ടീഷുകാരുടെ ഭാഗം ചേർന്നു.

ബ്രിട്ടീഷ്സേനയിലെ ഇന്ത്യൻ പട്ടാളക്കാരിൽ പകുതിയോളംപേർ കലാപത്തിനെതിരായിരുന്നു. ഡൽഹി ബ്രിട്ടീഷുകാർ തിരിച്ചുപിടിച്ചപ്പോൾ അതിനു വഴിയൊരുക്കിയ സൈന്യത്തിൽ 1700 ബ്രിട്ടീഷുകാർക്കൊപ്പം 3200 ഇന്ത്യൻ സൈനികരും ഉണ്ടായിരുന്നു.

### ആയുധക്കരുത്തിനെതിരെ മനക്കരുത്തു മാത്രം

പഴഞ്ചൻ യുദ്ധോപകരണങ്ങൾക്ക് അക്കാലത്തെ മെച്ചപ്പെട്ട ആയുധങ്ങളോടും വാർത്താവിനിമയോപാധികളോടും എത്രകാലം പിടിച്ചുനിൽക്കാൻ കഴിയും? എന്നിട്ടും നിശ്ചയദാർഢ്യവും അർപ്പണമനോഭാവവും കലാപം ഒരു വർഷത്തോളം നീണ്ടുനിൽക്കുവാൻ ഇടയാക്കി.

ഒന്നാം സ്വാതന്ത്ര്യ സമരത്തിന്റെ അന്ത്യം ദയനീയമായിരുന്നു. സമരം ബ്രിട്ടീഷുകാർ അടിച്ചമർത്തിയതിനെക്കുറിച്ച് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു വിവരിക്കുന്നതിങ്ങനെയാണ്:

> 'ഏതാനും മാസങ്ങൾ കൊണ്ട് ബ്രിട്ടീഷുകാർ എല്ലായിടത്തും ലഹള അടിച്ചമർത്തി. ഉഗ്രമായൊരു ഭീതി അവർ ഇതോടൊപ്പം സർവത്ര ഉളവാക്കി. ഒട്ടേറെ ആളുകളെ നിർദയമായി നിർത്തി വെടിവെച്ചു. പിന്നെയും വളരെ ആളുകളെ പീരങ്കികൾ കൊണ്ട് തമർത്തി. അനേകായിരം പേരെ വഴിക്കുള്ള

### 1857-ലെ കലാപബാധിത പ്രദേശങ്ങൾ





മരങ്ങളിൽ തലകീഴാക്കി കെട്ടിത്തൂക്കിയിട്ടു. നീൽ എന്നു പേരായ ഒരു ഇംഗ്ലീഷ് ജനറൽ തന്റെ വഴിക്കുകണ്ട സർവരെയും പിടിച്ച് അടുത്തുള്ള മരങ്ങളിന്മേൽ തൂക്കിലിട്ടു കൊണ്ട് അലഹബാദിൽ നിന്ന് കാൺപൂരി ലേക്ക് ഒരു ജൈത്രയാത്രതന്നെ നടത്തിയതായി പറയപ്പെടുന്നു. തൂക്കുമരമായി മാറ്റാത്ത ഒരൊറ്റ വൃക്ഷംപോലും ആ വഴിക്കുണ്ടായിരുന്നില്ല. ഐശ്വര്യംനിറഞ്ഞ ഗ്രാമങ്ങളെ അവർ അങ്ങനെതന്നെ ഒടുക്കിക്കളഞ്ഞു. അത്യന്തം ഘോരവും വേദനാജനകവുമായൊരു കഥയാണിത്.'

അവലംബം: **ജവഹർലാൽ നെഹ്റു**, *വിശ്വചരിത്രാവലോകനം*

### അധികാരം മാറുന്നു... ചൂഷണം തുടരുന്നു...

1857-ലെ ഒന്നാം സ്വാതന്ത്ര്യസമരത്തിനുശേഷം ഇന്ത്യ ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാക്കമ്പനിയിൽ നിന്ന് ബ്രിട്ടീഷ് രാജ്ഞിയുടെ നേരിട്ടുള്ള ഭരണത്തിൻ കീഴിലായി. ഇന്ത്യയെ കുറെക്കൂടി ഫലപ്രദമായി കൊള്ളയടിക്കാൻ ഇത് ബ്രിട്ടീഷുകാർക്ക് സൗകര്യമൊരുക്കി.

- 1857-ലെ കലാപബാധിത പ്രദേശങ്ങൾ അടയാളപ്പെടുത്തിയിരിക്കുന്നത് ഭൂപടത്തിൽ നിരീക്ഷിച്ച് ഇന്ത്യയുടെ ഏതു ഭാഗത്താണ് കലാപം കേന്ദ്രീകരിച്ചത് എന്നും ഈ പ്രദേശങ്ങൾ ഇന്ന് ഇന്ത്യയിലെ ഏതേതു സംസ്ഥാനങ്ങളിലാണ് സ്ഥിതിചെയ്യുന്നതെന്നും കണ്ടെത്തൂ.



ALLAHABAD, MONDAY, 1st NOVEMBER 1858.

THE RIGHT HONORABLE THE GOVERNOR GENERAL has received the Commands of HER MAJESTY THE QUEEN to make known the following gracious PROCLAMATION of HER MAJESTY to the PRINCES, the CHIEFS and the PEOPLE OF INDIA.

Proclamation by the Queen in Council.

TO THE PRINCES, CHIEFS, AND PEOPLE OF INDIA.

Victoria,

BY THE GRACE OF GOD, OF THE UNITED KINGDOM OF GREAT BRITAIN AND IRELAND, AND OF THE COLONIES AND DEPENDENCIES THEREOF IN EUROPE, ASIA, AFRICA, AMERICA, AND AUSTRALASIA,

Queen, Defender of the Faith.

Whereas, for divers weighty reasons, We have resolved, by and with the advice and consent of the Lords Spiritual and Temporal, and Commons, in Parliament assembled, to take upon Ourselves the Government of the Territories in India heretofore administered in trust for Us by the Honourable East India Company:

Now, therefore, We do by these Presents notify and declare that, by the advice and consent aforesaid, We have taken upon Ourselves the said Government; and We hereby call upon all Our Subjects within the said Territories to be faithful, and to bear true Allegiance to Us, Our Heirs and Successors, and to submit themselves to the authority of those whom We may hereafter, from time to time, see fit to appoint to administer the Government of Our said Territories, in Our name and on Our behalf.

And We, reposing especial trust and confidence in the loyalty, ability and judgment of Our right trusty and well-beloved Cousin and Councillor, Charles John Viscount Canning, do hereby constitute and appoint him, the said Viscount Canning, to be Our first Viceroy and Governor General in and over Our said...

1858–ൽ വിക്ടോറിയ രാജ്ഞി ഇന്ത്യയുടെ ഭരണം ഏറ്റെടുത്തു നടത്തിയ വിളംബരത്തിൽ നിന്ന്

- ഒന്നാം സ്വാതന്ത്ര്യസമരം യഥാർഥത്തിൽ ഒരു പരാജയമായിരുന്നോ? പിൽക്കാല സമരങ്ങൾക്ക് ഊർജവും ദിശാബോധവും നൽകാൻ ഈ പ്രക്ഷോഭത്തിനു കഴിഞ്ഞോ?
- 1857-ലെ വിപ്ലവത്തിൽ ഇന്ത്യക്കാരുടെ പരാജയത്തിനും ബ്രിട്ടീഷ് വിജയത്തിനുമിടയാക്കിയ ഘടകങ്ങൾ എന്തെല്ലാമായിരുന്നു?
- 1857-ലെ കലാപത്തിനും അതിനുമുമ്പു നടന്ന പ്രാദേശികപ്രക്ഷോഭങ്ങൾക്കും പൊതുവായ കാരണങ്ങളുണ്ടോ? ചർച്ച ചെയ്യൂ.
    - ബ്രിട്ടീഷുകാരുടെ നികുതി നയം
    - ദത്തവകാശ നിരോധന നിയമം
    - സൈനികസഹായവ്യവസ്ഥ
- സാമ്രാജ്യത്വത്തിനെതിരെ കേരളത്തിൽ നടന്ന ചെറുത്തുനിൽപ്പുകളെക്കുറിച്ച് പഴശ്ശി രക്തസാക്ഷിദിനത്തിൽ സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സ്കൂളിൽ സെമിനാർ സംഘടിപ്പിക്കുക.
-

# 5

# ചെറുത്തുനിൽപ്പിന്റെ വിവിധ മുഖങ്ങൾ

1857 വരെയുള്ള ചെറുത്തുനിൽപ്പിന്റെ ചരിത്രം പരിശോധിച്ചുവല്ലോ? ഇതിൽ ബ്രിട്ടീഷ് നയങ്ങൾക്കെതിരെ നാടുവാഴികളും ജനങ്ങളും അണിനിരന്നതായി കാണാം. ബ്രിട്ടീഷ്ഭരണനയങ്ങൾ സാർവത്രികമായതോടെ എല്ലാ വിഭാഗം ജനങ്ങളിൽ നിന്നും എതിർപ്പുകൾ ഉയർന്നു. ഇത് സ്വാതന്ത്ര്യത്തിനായുള്ള ജനകീയ, പ്രതിരോധ സമരങ്ങളായി രൂപാന്തരപ്പെട്ടു. കോളനിവിരുദ്ധ സമരചരിത്രത്തിൽ കർഷകർ, ആദിവാസി ഗിരിവർഗക്കാർ, തൊഴിലാളികൾ, സ്ത്രീകൾ തുടങ്ങിയവരെല്ലാം നിർണായകമായ പങ്കു വഹിച്ചിട്ടുണ്ട്. ഈ പ്രക്ഷോഭങ്ങളിലേറെയും പ്രാദേശികമായി സംഘടിപ്പിക്കപ്പെട്ടവയായിരുന്നു. ഗോത്രവർഗക്കാരുടെയും കർഷകരുടെയും കലാപങ്ങൾ പലതും ജൻമിമാർക്കും പണമിടപാടുകാർക്കും എതിരായിട്ടായിരുന്നു. എന്നാൽ ബ്രിട്ടീഷുകാരുടെ നികുതിനയങ്ങളായിരുന്നു ഈ മുന്നേറ്റങ്ങളുടെ അടിസ്ഥാനകാരണം. ഇന്ത്യയുടെ വിവിധ പ്രദേശങ്ങളിൽ വിവിധ കാലഘട്ടങ്ങളിൽ ഇത്തരം നിരവധി പ്രക്ഷോഭങ്ങൾ നടന്നിട്ടുണ്ട്. ബ്രിട്ടീഷുകാരുടെ നയങ്ങളോടും ജൻമിത്ത പീഡന സമ്പ്രദായത്തോടുമുള്ള ശക്തമായ എതിർപ്പുകളായിരുന്നു ഈ രീതിയിലുള്ള പ്രതിരോധസമരങ്ങൾക്ക് അവരെ പ്രേരിപ്പിച്ചത്.

## കർഷകർ സമരത്തിൽ

കർഷകർ അടിച്ചമർത്തലിനും ചൂഷണത്തിനുമെതിരെ ചെറുത്തുനിൽപ്പുമായി രംഗത്തെത്തി. ബംഗാളിലെ നീലം കർഷകർ നടത്തിയ കലാപം, മഥുരയിലെ ഗ്രാമീണരുടെ കലാപം, മലബാറിലെ മാപ്പിള കലാപം എന്നിവ ഇത്തരം ചെറുത്തുനിൽപ്പുകൾക്കുദാഹരണങ്ങളാണ്.

## മഥുരയിലെ ദേവിസിംഗ്

ഉത്തർപ്രദേശിലെ മഥുരയ്ക്കടുത്താണ് രായ ഗ്രാമം. ഈ ഗ്രാമത്തിലെ ഒരു വിപ്ലവകാരിയായിരുന്നു ദേവിസിംഗ്. ബ്രിട്ടീഷ് നികുതി നയങ്ങൾ ഭയ്യാചാര സമുദായത്തിന് ഭൂമിയിലുള്ള അവകാശം നഷ്ടപ്പെടുത്തുംവിധമായിരുന്നു. പണം കടം കൊടുക്കുന്നവർ, നികുതിപിരിവുകാർ എന്നിവരുടെ ഇടപെടലുകൾ ഇതിന് ആക്കം കൂട്ടി. 1857-ലെ വിപ്ലവകാലത്ത് ഇവർ പണമിടപാടുകാർക്കെതിരെ തിരിഞ്ഞു. രായ ഗ്രാമത്തിനു ചുറ്റുമുള്ള പതിന്നാല് ഗ്രാമക്കാർ ചേർന്ന് ബ്രിട്ടീഷ് അധിനിവേശത്തെ പ്രതിരോധിച്ചു. അവരുടെ കൂട്ടത്തിലുള്ള ദേവിസിംഗ് 'കർഷകരാജാവായി' സ്വയം പ്രഖ്യാപിച്ചു. ആ പ്രദേശത്തെ സ്കൂളായിരുന്നു അദ്ദേഹത്തിന്റെ ഭരണകേന്ദ്രം. എന്നാൽ ഈ ഭരണം അധികനാൾ തുടരാനായില്ല. ആഗ്രയിൽ നിന്നെത്തിയ ബ്രിട്ടീഷ്പട്ടാളം അദ്ദേഹത്തെ കീഴ്പ്പെടുത്തി തൂക്കിലേറ്റി.

## ബംഗാളിലെ നീലംകർഷകരുടെ കലാപം


തുണികൾ ചായം മുക്കാനുപയോഗിച്ചിരുന്ന നീലം ഒരു കാർഷിക ഉൽപന്നമായിരുന്നു. ബംഗാളിൽ യൂറോപ്യൻ വ്യവസായികൾ സ്ഥാപിച്ച ഫാക്ടറികളിലേക്കാവശ്യമായ നീലം ഉൽപാദിപ്പിക്കാൻ അവർ കർഷകരെ പ്രേരിപ്പിച്ചു. ഒരു നിശ്ചിത തുക മുൻകൂറായി കൃഷിക്കാർക്കു നൽകി കരാറുകളിൽ ഒപ്പിടുവിച്ചു. കമ്പോളവിലയെക്കാൾ വളരെ കുറഞ്ഞ വിലയാണ് കർഷകർക്കു നൽകിയിരുന്നത്. കൂടുതൽ ആദായം ലഭിക്കുന്ന മറ്റു വിളകൾ കൃഷിചെയ്യാനുള്ള സ്വാതന്ത്ര്യം അവർക്കു നഷ്ടമായി. കരാറുകൾ നടപ്പാക്കുന്നതിനായി തോട്ടമുടമകൾ പലപ്പോഴും ബലപ്രയോഗംതന്നെ നടത്തി. ഇതിനായി അവർ ഗുണ്ടാസംഘങ്ങളെ തീറ്റിപ്പോറ്റി. ബ്രിട്ടീഷുകാരായ മജിസ്ട്രേട്ടുമാരും പൊലീസും തോട്ടക്കാർക്കനുകൂലമായ നിലപാടുകളാണെടുത്തിരുന്നത്.

ബംഗാളിലെ നാദിയ ജില്ലയിലെ നീലം കർഷകർ പ്രതിഷേധസമരവുമായി രംഗത്തെത്തി. തോട്ടമുടമകളുടെ അക്രമിസംഘത്തെ കുന്തങ്ങളും കുറുവടികളുമായി കർഷകർ നേരിട്ടു. മുൻകൂർ പണം പറ്റാനും നീലംകൃഷി ചെയ്യാനും അവർ വിസമ്മതിച്ചു. സമരം ബംഗാളിൽ നീലം കൃഷിയുണ്ടായിരുന്ന മുഴുവൻ പ്രദേശങ്ങളിലേക്കും പടർന്നു. കുടിയൊഴിപ്പിക്കൽ, പാട്ടം വർധിപ്പിക്കൽ തുടങ്ങിയ ഭീഷണികളെയും കർഷകർ ചെറുത്തു. തോട്ടമുടമകൾ ഫാക്ടറികൾ അടച്ചുപൂട്ടാൻ തുടങ്ങി. 1860 അവസാനത്തോടെ ബംഗാളിലെ നീലംകൃഷി ഏതാണ്ടില്ലാതായി.

## മലബാറിലെ കർഷകകലാപങ്ങൾ

പത്തൊമ്പതാം നൂറ്റാണ്ടിലും ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലും മലബാറിലെ മാപ്പിളമാർ (മുസ്ലീങ്ങൾ) നിരവധി കലാപങ്ങൾ നടത്തിയിരുന്നു.

പത്തൊമ്പതാം നൂറ്റാണ്ടിലെ കർഷകകലാപങ്ങളിൽ ഭൂരിഭാഗവും മലബാറിലെ തെക്കൻ താലൂക്കുകളായ ഏറനാട്ടിലും വള്ളുവനാട്ടിലുമാണു നടന്നത്. ഈ താലൂക്കുകളിലെ ജീവിതസാഹചര്യങ്ങൾ ഒട്ടും മെച്ചമായിരുന്നില്ല. ഭൂമി പാട്ടത്തിനെടുത്തു കൃഷിചെയ്തും കൂലിവേലചെയ്തുമായിരുന്നു മാപ്പിളമാർ ഇവിടെ ഉപജീവനം നടത്തിയിരുന്നത്. എന്നാൽ അടിക്കടി നേരിടേണ്ടിവന്ന കുടിയൊഴിപ്പിക്കൽ ഇവരുടെ ബുദ്ധിമുട്ടുകൾ വർധിപ്പിച്ചു.



19-ാം നൂറ്റാണ്ടിൽ മലബാറിലെ ജനമുന്നേറ്റപ്രദേശങ്ങൾ അടയാളപ്പെടുത്തിയ ഭൂപടം

1841-ൽ വള്ളുവനാട്ടെ പള്ളിപ്പുറത്തും മണ്ണൂരിലുമുണ്ടായ കലാപങ്ങൾക്കു കാരണമായത് കർഷകരും ഭൂവുടമകളും തമ്മിലുള്ള തർക്കങ്ങളായിരുന്നു. 1849-ൽ മഞ്ചേരിയിലും 1851-ൽ കുളത്തൂരിലും 1852-ൽ മട്ടന്നൂരിലും അസംതൃപ്തരായ മാപ്പിള കർഷകർ ഭൂവുടമകൾക്കും ബ്രിട്ടീഷുകാർക്കുമെതിരെ കലാപങ്ങൾ നടത്തി. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തിലും ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലുമായി ജന്മിമാർക്കും ഭരണകൂടത്തിനുമെതിരെ കർഷകരുടെ പോരാട്ടങ്ങൾ തുടർന്നു. കലാപങ്ങൾ അടിച്ചമർത്താൻ ബ്രിട്ടീഷുകാർ കർശനമാർഗങ്ങൾ സ്വീകരിച്ചു. അനീതിക്കും മർദനങ്ങൾക്കുമെതിരെ മലബാറിലെ മാപ്പിളമാർ വീരോചിതം പോരാടി. 1921-ൽ ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി നടന്ന മലബാർ കലാപം ഈ മാപ്പിളലഹളകളിൽ അവസാനത്തേതായിരുന്നു.

- ബംഗാളിലെ നീലംകൃഷിക്കാരുടെ സമരവും മറ്റു സമരങ്ങളും തമ്മിലുള്ള വ്യത്യാസം കണ്ടെത്തുക.
- കർഷകസമരങ്ങളുടെ പൊതുസ്വഭാവമെന്ത്?
- ബ്രിട്ടീഷുകാരുടെ കോളനി വാഴ്ചയ്ക്കെതിരെ കർഷകർ ഉജ്ജ്വല ചെറുത്തുനിൽപ്പ് നടത്തിയിട്ടുണ്ട്. ഈ പ്രസ്താവന പരിശോധിക്കൂ.

### ഗോത്രവർഗകലാപങ്ങൾ

കർഷകരെപ്പോലെ തന്നെ ഗോത്രവർഗക്കാർക്കിടയിലും ഒട്ടേറെ അസംതൃപ്തികൾ നിലനിന്നിരുന്നു. സ്വതന്ത്രജീവിതം നയിച്ചിരുന്ന ഗോത്രവർഗക്കാർ ബ്രിട്ടീഷുകാരുടെ വരവോടെ ചൂഷണത്തിനും പീഡനങ്ങൾക്കും ഇരയായി. കോളനിഭരണം ഗോത്രവർഗക്കാരുടെ പ്രധാന ആശ്രയമായ കാടുകളിൽ നിന്ന് അവരെ ഉൾക്കാടുകളിലേക്കു പോകാൻ നിർബന്ധിതരാക്കി. ഇത് അവരുടെ ജീവിതം ദുരിതപൂർണമാക്കി. ഇന്നത്തെ ജാർഖണ്ഡിലെ 'സാന്താൾ' വംശജർ, ഛോട്ടാനാഗ്പൂരിലെ 'കോളു'കൾ, തെക്കൻ റാഞ്ചിയിലെ 'മുണ്ടാ' ഗോത്രക്കാർ എന്നിവർ നടത്തിയ കലാപങ്ങൾ ഇവയിൽ പ്രാധാന്യമർഹിക്കുന്നു.

### ഛോട്ടാനാഗ്പൂരിലെ ഗോനു

'കോൾ' എന്ന ഗോത്രവർഗത്തിന് പ്രാമുഖ്യമുണ്ടായിരുന്ന സ്ഥലമായിരുന്നു ഉത്തരേന്ത്യയിലെ ഛോട്ടാനാഗ്പൂർ. ബ്രിട്ടീഷുകാരുടെ നികുതിനയം ഈ പ്രദേശത്തെ കർഷകരെ അസംതൃപ്തരാക്കി. 1844-നും 1882-നും ഇടയ്ക്ക് ഗവൺമെന്റ് പലതവണ നികുതി വർധിപ്പിച്ചു. ഈ പ്രദേശത്തെ ഒരു സാധാരണ കർഷകനായിരുന്ന ഗോനു അസ്വസ്ഥരായ മറ്റു കർഷകരെ സംഘടിപ്പിച്ചു. ഛോട്ടാനാഗ്പൂരിലെ രാംഗഢിൽ പ്രവർത്തിച്ചിരുന്ന പട്ടാള റജിമെന്റിലെ ശിപായിമാർ ബ്രിട്ടീഷുകാർക്കെതിരെ നടത്തിയ നീക്കത്തിന് ഗോനുവിന്റെ പ്രവർത്തനങ്ങൾ ശക്തിപകർന്നു. ആ പ്രദേശത്തിന്റെ നേതൃത്വം തന്നെ കുറച്ചുകാലം ഗോനുവിനായിരുന്നു. ഒരു സൈനികനീക്കത്തിലൂടെ ബ്രിട്ടീഷുകാർ ഇദ്ദേഹത്തെ കീഴടക്കി.

### മലമുകളിലെ പോരാളികൾ

ബ്രിട്ടീഷുകാർ വയനാട്ടിൽ നടപ്പിലാക്കിയ നികുതിനയങ്ങൾക്കെതിരെ ഉജ്ജ്വലപോരാട്ടം നടത്തിയവരാണ് വയനാട്ടിലെ കുറിച്യർ. നികുതിയടയ്ക്കാൻ കഴിയാതിരുന്നതുമൂലം ഇവരുടെ വസ്തുവകകൾ അധികൃതർ കണ്ടുകെട്ടി. നികുതിപിരിവുകാർ കുറിച്യരെക്കൊണ്ട് അടിമപ്പണി ചെയ്യിച്ചു. അസംതൃപ്തരായ ഇവർ ബ്രിട്ടീഷുകാർക്കെതിരെ കലാപക്കൊടി ഉയർത്തി. എന്നാൽ ബ്രിട്ടീഷുകാർ ഈ കലാപത്തെയും അടിച്ചമർത്തി.

### സാന്താൾകലാപം


ഭഗൽപൂരിനും രാജ്മഹലിനും ഇടയിൽ ജീവിച്ചിരുന്ന ഗ്രോത്രവർഗക്കാരായിരുന്നു സാന്താളുകൾ. വേട്ടയാടിയും കൃഷിചെയ്തും വനപ്രദേശങ്ങളിലാണ് ഇവർ ജീവിച്ചിരുന്നത്. ബ്രിട്ടീഷുകാർ വനഭൂമിയിൽ അവകാശം സ്ഥാപിക്കാൻ തുടങ്ങി. സാന്താളുകൾ രാജ്മഹൽ കുന്നുകളിലേക്കു പിൻവാങ്ങി. അവിടെയും അവർക്ക് രക്ഷയില്ലാതായി. പ്രാദേശിക ഭൂവുടമകളുടെ സഹായത്തോടെ ബ്രിട്ടീഷുകാർ കൈയേറ്റം തുടർന്നു. സാന്താളുകൾക്ക് അടിമകളായി ജീവിക്കേണ്ടിവന്നു. പുറംനാട്ടുകാരുടെ

ക്രൂരമായ അതിക്രമങ്ങളും പിടിച്ചുപറികളും നിർബന്ധപൂർവമുള്ള ഭൂമികൈവശപ്പെടുത്തലുകളും സാന്താളുകളുടെ ജീവിതം ദുസ്സഹമാക്കി.

ഇതിനെതിരെ സാന്താൾ ഗോത്രത്തലവൻമാർ യോഗംചേർന്ന് കലാപം നടത്താൻ തീരുമാനിച്ചു. ജന്മിമാരുടെ വീടുകൾ, പൊലീസ് സ്റ്റേഷനുകൾ, റെയിൽവേ നിർമാണ സ്ഥലങ്ങൾ, തപാൽവണ്ടികൾ എന്നിവയെല്ലാം അവർ ആക്രമിച്ചു. അറുപതിനായിരത്തിലധികം സാന്താളുകൾ പോരാട്ടത്തിൽ പങ്കാളികളായി. എന്നാൽ ബ്രിട്ടീഷുകാർ ഈ കലാപം ക്രൂരമായി അടച്ചമർത്തി. പതിനയ്യായിരത്തിലധികം സാന്താളുകൾ കൊല്ലപ്പെട്ടു. കലാപം ആരംഭിച്ച ജൂൺ 30 സാന്താൾ വംശജർ പോരാട്ട ദിനമായി ആചരിച്ചു വരുന്നു. കലാപം കഴിഞ്ഞ് ഒന്നര നൂറ്റാണ്ടിനു ശേഷം ആദിവാസികൾക്കു ഭൂരിപക്ഷമുള്ള ഒരു സംസ്ഥാനം ഭാരതത്തിൽ രൂപം കൊണ്ടിരിക്കുന്നു– ജാർഖണ്ഡ്.

### മുണ്ടാകലാപം

റാഞ്ചിയുടെ തെക്കൻ പ്രദേശങ്ങളിൽ താമസിച്ചിരുന്ന ഗോത്രവർഗ വിഭാഗമാണ് മുണ്ട. ഭൂമിയിൽ കൂട്ടുടമസമ്പ്രദായം നിലനിർത്തിയിരുന്നവരാണിവർ. ജന്മിമാരും വ്യാപാരികളും പലിശസംഘങ്ങളും ഈ കൂട്ടുടമ സമ്പ്രദായത്തെ തകർത്തു. ഇവരെക്കൊണ്ട് ജന്മിമാർ നിർബന്ധിത ജോലിചെയ്യിപ്പിക്കുന്നത് സാധാരണമായിരുന്നു. ആറായിരത്തിലധികം പേരടങ്ങിയ സേനയെ സംഘടിപ്പിച്ച് ബിർസാമുണ്ടാ എന്ന ഗോത്രനേതാവ് പോരാടി. 1898-99 കാലത്ത് മുണ്ടാ ഗോത്രക്കാർ കലാപങ്ങൾ നടത്തി. 1899-ലെ ക്രിസ്മസ് ദിനത്തിൽ അമ്പും വില്ലുമായി ബ്രിട്ടീഷുകാരെ ആക്രമിച്ചു. 1900 ജനുവരിയിൽ അവർ പൊലീസുകാർക്കെതിരെ തിരിഞ്ഞു. എന്നാൽ മുണ്ടകൾ പരാജയപ്പെട്ടു. ബിർസാ മുണ്ടയെ ജയിലിലടച്ചു. മൂന്നൂറ്റമ്പതോളം മുണ്ടകൾ വിചാരണചെയ്യപ്പെട്ടു. 44 പേരെ തൂക്കിലേറ്റി. ഛോട്ടാനാഗ്പൂരിൽ 1908-ൽ ഉണ്ടായ കുടിയാൻനിയമത്തിൽ നിർബന്ധിത തൊഴിൽ നിർത്തലാക്കിയത് വൈകിയെങ്കിലും മുണ്ടാകലാപത്തിനു ലഭിച്ച അംഗീകാരമായിരുന്നു.



ബിർസാ മുണ്ടാ

- ഇന്ത്യയിലെ വിവിധ ഭാഗങ്ങളിൽ നടന്ന ഗോത്രവർഗ കലാപങ്ങൾക്ക് പൊതുവായ എന്തെല്ലാം കാരണങ്ങൾ കണ്ടെത്താനാവും?
- കർഷക സമരങ്ങളിൽ നിന്ന് ആദിവാസി സമരങ്ങൾ എങ്ങനെയാണ് വ്യത്യാസപ്പെട്ടിരിക്കുന്നത്?

### ആദ്യകാല തൊഴിലാളിപ്രക്ഷോഭക്കാർ

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യദശകങ്ങളിൽ മുംബൈ, കൊൽക്കത്ത തുടങ്ങിയ സ്ഥലങ്ങളിൽ അസംതൃപ്തരായ തൊഴിലാളികൾ പ്രക്ഷോഭങ്ങൾ നടത്തിയിട്ടുണ്ട്. പ്രത്യക്ഷത്തിൽ അവയെല്ലാം ഫാക്ടറിയുടമകൾക്കെതിരായിരുന്നുവെങ്കിലും ബ്രിട്ടീഷുകാരുടെ കോളനിവൽക്കരണനയങ്ങളായിരുന്നു അവരെ പ്രക്ഷോഭത്തിലേക്കു നയിച്ചത്.

ബാലവേല നിരോധന നിയമവും സ്ത്രീകളുടെ തൊഴിൽരംഗത്തെ പ്രശ്നങ്ങൾ സംബന്ധിച്ച നിയമങ്ങളും 1881-ലെയും 1891-ലെയും ഫാക്ടറി നിയമങ്ങൾക്കു രൂപംനൽകി. എന്നാൽ ഇതൊക്കെ കർശനായി നടപ്പിലാവുന്നുണ്ടെന്ന് ബ്രിട്ടീഷ് അധികാരികൾ ഉറപ്പുവരുത്തിയില്ല. അക്കാലത്തു തൊഴിലാളികൾക്ക് പതിനഞ്ചു മുതൽ പതിനെട്ട് മണിക്കൂർ വരെ ജോലിചെയ്യേണ്ടിവന്നു.

## പരുത്തിമിൽത്തൊഴിലാളികൾ

1884-ൽ മുംബൈയിൽ പരുത്തിമിൽത്തൊഴിലാളികൾ യോഗങ്ങൾ ചേർന്ന് ജോലിസമയം കുറയ്ക്കാൻ ആവശ്യപ്പെട്ടുകൊണ്ടിരുന്നു. അവർ 1890-ൽ 'ബോംബെ മിൽ ഹാൻഡ്സ് അസോസിയേഷൻ' സ്ഥാപിച്ചു. എന്നാൽ അതിന് തൊഴിലാളി സംഘടനയുടെ സ്വഭാവം കൈവന്നില്ല.

## ചണമിൽത്തൊഴിലാളികൾ

ചണമിൽത്തൊഴിലാളികളിൽ പലരും ഉത്തർപ്രദേശ്, ബീഹാർ തുടങ്ങിയ സ്ഥലങ്ങളിൽ നിന്ന് കുടിയേറിയവരായിരുന്നു. ഇവരുടെ ജീവിത സാഹചര്യങ്ങൾ പ്രയാസമേറിയതായിരുന്നു. ബീഹാറിലെയും ബംഗാളിലെയും ഖനികളിലും അസമിലെ ചായത്തോട്ടങ്ങളിലും ഇത്തരത്തിൽ ജോലിയന്വേഷിച്ച് വിദൂരസ്ഥലങ്ങളിൽ നിന്നു വന്നെത്തിയവരുണ്ടായിരുന്നു. ബംഗാളിൽ ദ്വാരക്നാഥ് ഗാംഗുലിയുടെ നേതൃത്വത്തിൽ ചായത്തോട്ടങ്ങളിലെ അടിമതുല്യമായ ജോലിസാഹചര്യങ്ങൾക്കെതിരെ സമരങ്ങൾ നടത്തിയിരുന്നു.

തൊഴിലാളികൾ പലപ്പോഴും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പ്രക്ഷോഭങ്ങൾ നടത്തി. മുംബൈ, ചെന്നൈ എന്നിവിടങ്ങളിലായി 1882-നും 1890-നും ഇടയ്ക്ക് ഇരുപത്തഞ്ചോളം പ്രധാന തൊഴിലാളിസമരങ്ങൾ ഉണ്ടായി. ബംഗാളിലെ ക്ഷാമവും അവശ്യസാധനങ്ങളുടെ വിലവർധനയും തൊഴിലാളികളുടെ ജീവിതം പ്രയാസകരമാക്കി. കുറഞ്ഞ വേതനം, കൂടുതൽ അധ്വാനം, നീണ്ട തൊഴിൽസമയം, വൃത്തിഹീനമായ പരിസരം, തൊഴിലാളികളോടുള്ള തൊഴിലുടമകളുടെ മോശമായ പെരുമാറ്റം എന്നിവ തൊഴിലാളികളിൽ അസംതൃപ്തി വളർത്തി. ഇതോടൊപ്പം കോളനിഭരണത്തിന്റെ തിക്തഫലങ്ങളും അവർക്കു നേരിടേണ്ടിവന്നു.

## സ്ത്രീകൾ സമരപാതയിൽ

സ്ത്രീകൾക്ക് പൊതുരംഗത്തു പ്രവർത്തിക്കാൻ സ്വാതന്ത്ര്യം ലഭിക്കാതിരുന്ന കാലത്ത് നമ്മുടെ നാട്ടിൽ നിരവധി സ്ത്രീകൾ സമര രംഗത്തു സജീവമായി. ഇത് അവരുടെ സമരവീര്യത്തെ സൂചിപ്പിക്കുന്നു. 1857-ലെ സ്വാതന്ത്ര്യ സമരത്തിൽ സ്ത്രീകളുടെ പങ്ക് പ്രത്യക്ഷമാണ്. റാണി ലക്ഷ്മീബായിയെ കൂടാതെ നിരവധി സ്ത്രീകൾ 1857-ലെ വിപ്ലവത്തിൽ പങ്കെടുത്തിരുന്നു. റാണി താരാബായ്, ബീഗം ഹസ്രത്ത് മഹൽ, രാംഗഢിലെയും തുൽസിപ്പൂരിലെയും റാണിമാർ തുടങ്ങിയവർ ഇവരിൽ ചിലരാണ്. 1887-ൽ മുംബൈയിൽ നടന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ സമ്മേളനത്തിൽ 10 സ്ത്രീകൾ പങ്കെടുത്തു. പിന്നീട് ഇന്ത്യൻ ദേശീയപ്രസ്ഥാനം ശക്തമായപ്പോഴും സ്ത്രീകളുടെ സാന്നിധ്യം ശ്രദ്ധേയമായി. 1890-ൽ കൽക്കത്താ കോൺഗ്രസ്സ് സമ്മേളനത്തിൽ പ്രസംഗിച്ചവരിൽ മഹിളാനേതാവ്-കാദംബരി ഗാംഗുലി-പ്രത്യേക ശ്രദ്ധ നേടി. വിപ്ലവപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഒട്ടേറെ സ്ത്രീകൾ അക്കാലത്ത് രംഗത്തെത്തിയിരുന്നു. ബംഗാളിൽ നിന്നുള്ള ശാന്തിഘോഷ്, ബീനാ ദാസ്, കൽപ്പന ദത്ത് തുടങ്ങിയവർ അവരിൽ ചിലരാണ്.

### മാഡം കാമ

മുംബൈയിലെ പാർസി കുടുംബത്തിലായിരുന്നു മാഡം കാമ ജനിച്ചത്. ആദ്യകാലത്ത് ഇന്ത്യൻ നാഷണൽ കോൺഗ്രസുമായി സഹകരിച്ചുപ്രവർത്തിച്ച മാഡം കാമ പിന്നീട് വിപ്ലവ പ്രസ്ഥാനത്തിൽ ആകൃഷ്ടയായി. രാജ്യത്തിന് സ്വയംഭരണം വേണമെന്ന ആവശ്യം ആദ്യം



മാഡം കാമ

മുന്നോട്ടുവച്ചത് കാമയാണ്. ഇന്ത്യയുടെ പതാക സാർവദേശീയ വേദിയിൽ ആദ്യമായി ഉയർത്തിയത് മാഡം കാമയാണ്. ഇന്ത്യൻ വിപ്ല വകാരികളുടെ ആഗ്രഹങ്ങളുടെ പ്രതീകമായി രുന്നു ഇത്.

- "ഭാരതത്തിലെ വിവിധ ജനവിഭാഗങ്ങൾ കോളനിവൽക്കരണത്തിനെതിരെ നട ത്തിയ ചെറുത്തുനിൽപ്പുകൾ" എന്ന വിഷ യത്തെ അടിസ്ഥാനമാക്കി ഒരു പതിപ്പു തയാറാക്കൂ.
- ബ്രിട്ടീഷ് നയങ്ങൾ വ്യത്യസ്ത ജനവിഭാ ഗങ്ങളുടെ ജീവിതത്തെ എങ്ങനെയാണു സ്വാധീനിച്ചത്? ചർച്ചചെയ്യൂ.
- ബ്രിട്ടീഷുകാർക്കെതിരെ ഇന്ത്യയിൽ ഇത്തരം ചെറുത്തുനിൽപ്പുകൾ രൂപപ്പെ ടാൻ ഇടയാക്കിയ സാഹചര്യം വിലയി രുത്തൂ.

ബ്രിട്ടീഷ് ഭരണത്തിനെതിരായി ഇന്ത്യയിൽ നിരവധി ജനവിഭാഗങ്ങൾ സമരം ചെയ്തി ട്ടുണ്ട്. ഇവയിൽ പലതും പ്രാദേശികമായി സംഘടിപ്പിക്കപ്പെട്ടവയാണ്. എന്നാൽ സമര ങ്ങൾക്ക് നിരവധി സമാനതകൾ കണ്ടെത്താ വുന്നതാണ്. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ വിവിധ ജനവിഭാഗങ്ങൾ പ്രാദേശികമായി നട ത്തിയ സമരങ്ങൾ വിശകലനം ചെയ്ത് അവ യുടെ പൊതുധാരകൾ കണ്ടെത്തൂ. സമാനത കൾ സെമിനാർ രൂപത്തിൽ അവതരിപ്പിക്കൂ.

# 6

# ഇന്ത്യൻ ദേശീയപ്രസ്ഥാനം

*ഫൈസാബാദ് ജയിൽ*

*1927 ഡിസംബർ 16*


*"ഭാരതത്തിന്റെ മണ്ണിൽ ഞാനെന്റെ കർത്തവ്യം നിർവഹിച്ചുകഴിഞ്ഞു. ശരിയോ തെറ്റോ? ഞാൻ എന്തു ചെയ്തുവോ അത് സ്വാതന്ത്ര്യഭാവനയാൽ പ്രേരിതനായാണ് ചെയ്തത്. എന്റെ ജനങ്ങൾ എന്നെ നിന്ദിക്കുകയോ പ്രശംസിക്കുകയോ ചെയ്തോട്ടെ. എന്നാൽ ഞങ്ങളുടെ ശത്രുക്കൾക്ക് പോലും ഞങ്ങളുടെ മനോബലത്തെയും വീര്യത്തെയും പ്രശംസിക്കേണ്ടതായി വന്നു...*

*ഹിന്ദുസ്ഥാനികളായ സഹോദരരേ, നിങ്ങൾ ഏതു മതത്തെയോ സമ്പ്രദായത്തെയോ മാനിക്കുന്നവരാകട്ടെ- രാജ്യത്തിന്റെ കാര്യത്തിൽ ഒന്നിക്കൂ.!! വ്യർഥമായി തമ്മിലടിക്കരുത്. വഴികൾ പലതായാലും ലക്ഷ്യം ഒന്നായിരിക്കണം. എല്ലാ പ്രവൃത്തികളും ഒരു വിശേഷാൽ ലക്ഷ്യത്തെ സഫലമാക്കാനാണ്.... സ്വന്തം രാജ്യത്തെ സ്വതന്ത്രയാക്കൂ!! രാജ്യത്തിലെ ഏഴുകോടി മുസ്ലീംകളിൽ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനു വേണ്ടി കൊലമരം കയറുന്ന ആദ്യത്തെ മുസൽമാൻ ഞാനാണെന്നോർക്കുമ്പോൾ എനിക്കഭിമാനം തോന്നുന്നു.*

*എല്ലാവർക്കും എന്റെ അന്തിമമായ പ്രണാമം,*
*ഭാരതം സ്വതന്ത്രയാകട്ടെ,*
*എന്റെ സഹോദരങ്ങൾ സന്തോഷിക്കട്ടെ,*

*നിങ്ങളുടെ സഹോദരൻ*

*അശ്ഫാഖ് ഉല്ലാഖാൻ."*



അശ്ഫാഖ് ഉല്ലാഖാൻ

അവലംബം: ഓർക്കുക വല്ലപ്പോഴും, പബ്ലിക്കേഷൻസ് ഡിവിഷൻ

**അ**ശ്ഫാഖ് ഉല്ലാഖാൻ സ്വാതന്ത്ര്യസമരകാലത്തെ വിപ്ലവകാരിയായിരുന്നു. ഹിന്ദുസ്ഥാൻ റിപ്പബ്ലിക് അസോസിയേഷനുമായിച്ചേർന്ന് ബ്രിട്ടീഷ് വിരുദ്ധ പോരാട്ടങ്ങൾക്കു നേതൃത്വം കൊടുത്തു. വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട അദ്ദേഹം കൊലമരത്തിൽ കയറുന്നതിന് മുമ്പ് മാതൃരാജ്യത്തെ മുഴുവൻ ജനങ്ങൾക്കുമായി അയച്ച സന്ദേശമാണ് നാം വായിച്ചത്.

- അശ്ഫാഖിന്റെ കത്തിൽ നിന്ന് നിങ്ങൾ എന്താണ് ഉൾക്കൊള്ളുന്നത്? ചർച്ചചെയ്യൂ.

1857-ലെ ഒന്നാം സ്വാതന്ത്ര്യസമരം നൽകിയ പ്രചോദനം ഇന്ത്യക്കാരിൽ പുതിയ രാഷ്ട്രീയ അവബോധമുണ്ടാക്കാൻ കാരണമായി. നിരവധി പ്രാദേശിക രാഷ്ട്രീയ സംഘടനകളുടെ രൂപീകരണത്തിനു പ്രേരണനൽകി. ധനികർക്കും കുലീനർക്കുമായിരുന്നു ഇത്തരം

പ്രസ്ഥാനങ്ങളിൽ പ്രാമുഖ്യം. ഭരണപരിഷ്കാരം, ഭരണത്തിൽ ഇന്ത്യക്കാർക്കു പങ്കാളിത്തം, വിദ്യാഭ്യാസവ്യാപനം തുടങ്ങിയ ആവശ്യങ്ങൾക്കായി അത്തരം സംഘടനകൾ പ്രവർത്തിച്ചു. ഇന്ത്യക്കാരുടെ ആവശ്യങ്ങൾ ഉന്നയിച്ച് ബ്രിട്ടീഷ് പാർലമെന്റിലേക്ക് നിവേദനങ്ങൾ അയയ്ക്കുകയായിരുന്നു മുഖ്യമായും ചെയ്തത്.

### സംഘടനകൾ രൂപംകൊള്ളുന്നു

ബ്രിട്ടീഷ് ഭരണത്തിന്റെ പ്രത്യക്ഷവും പരോക്ഷവുമായ നടപടികളാണ് ഇന്ത്യയിൽ ദേശീയവികാരം വളരാനിടയാക്കിയത്. ബ്രിട്ടീഷ് ഭരണം ചുമത്തിയ അമിത നികുതി ഭാരം കർഷകരെ ദുരിതത്തിലാഴ്ത്തി. കടുത്ത സാമ്പത്തികചൂഷണം സാധാരണക്കാരുടെ അവസ്ഥ കൂടുതൽ പരിതാപകരമാക്കി. മുതലാളിമാരോടും ജന്മിമാരോടും അനുഭാവം പ്രകടിപ്പിച്ചിരുന്ന ഗവൺമെന്റ് തൊഴിലാളികളുടെ പ്രക്ഷോഭങ്ങളെ അടിച്ചമർത്തി. ഈ സാഹചര്യത്തിലാണ് ഇന്ത്യയിൽ ശക്തമായ ബ്രിട്ടീഷ് വിരുദ്ധ വികാരം വളർന്നുവന്നത്.

ഇംഗ്ലീഷ് വിദ്യാഭ്യാസം ലഭിച്ച ഇന്ത്യക്കാർ വിദേശാധിപത്യത്തിനെതിരെ പോരാടാനുള്ള വേദികൾക്ക് രൂപംകൊടുത്തു. ബ്രിട്ടീഷ് നയങ്ങളോടുള്ള ഇന്ത്യക്കാരുടെ കാഴ്ചപ്പാടുകൾ പത്രങ്ങളിലൂടെയും സാഹിത്യകൃതികളിലൂടെയും അവതരിപ്പിക്കപ്പെട്ടു. ദേശസ്നേഹം വളർത്തിയെടുക്കുന്ന സാഹിത്യകൃതികൾ വിവിധ ഇന്ത്യൻ ഭാഷകളിൽ പ്രത്യക്ഷപ്പെടാൻ തുടങ്ങി. കോളേജ് അധ്യാപകരും ബാരിസ്റ്റർമാരും എഴുത്തുകാരുമടങ്ങുന്ന ഇടത്തരക്കാർ ദേശീയബോധം ഉണർത്തുന്നതിൽ മുൻനിരയിൽ പ്രവർത്തിച്ചു.

ബ്രിട്ടീഷ് ഭരണത്തിന്റെ ഫലങ്ങൾ വിദ്യാഭ്യാസമുള്ള ഇന്ത്യക്കാർ തിരിച്ചറിഞ്ഞതോടെ ഇന്ത്യയിലെ ബ്രിട്ടീഷ് നയങ്ങളെ വിമർശിക്കാൻ തുടങ്ങി. ഈ അസംതൃപ്തി രാഷ്ട്രീയപ്രവർത്തനങ്ങളിലേക്ക് അവരെ നയിച്ചു. ക്രമേണ പുതിയ സംഘടനകൾ രൂപംകൊള്ളാൻ തുടങ്ങി.

ബ്രിട്ടീഷ് പൊതുപ്രവർത്തകരെ ഉൾപ്പെടുത്തി 1896-ൽ ദാദാഭായി നവറോജി ഈസ്റ്റിന്ത്യാ അസോസിയേഷൻ രൂപീകരിച്ചു. ഇന്ത്യയിലെ ദാരിദ്ര്യത്തിനടിസ്ഥാനം ബ്രിട്ടീഷുകാരുടെ ചൂഷണമാണെന്ന് നവറോജി അഭിപ്രായപ്പെട്ടു.

സുരേന്ദ്രനാഥ ബാനർജിയുടെ നേതൃത്വത്തിൽ ബംഗാളിൽ രൂപം കൊണ്ട സംഘടനയാണ് ഇന്ത്യൻ അസോസിയേഷൻ. ബംഗാളിന്റെ നഗരങ്ങളിലും ഗ്രാമങ്ങളിലും വേരോട്ടം കിട്ടിയ സംഘടനയായിരുന്നു ഇത്. പൊതുപ്രശ്നങ്ങളിൽ രാഷ്ട്രീയമായ പൊതുജനാഭിപ്രായം സൃഷ്ടിക്കുന്നതിന് ഈ സംഘടന ശ്രമിച്ചു.

ജസ്റ്റിസ് മഹാദേവ ഗോവിന്ദ റാനഡെയുടെ നേതൃത്വത്തിൽ രൂപീകരിക്കപ്പെട്ട പൂനെ സാർവജനികസഭ, ബദ്രുദിൻ തയബ്ജിയുടെ നേതൃത്വത്തിൽ രൂപീകരിക്കപ്പെട്ട ബോംബെ പ്രസിഡൻസി അസോസിയേഷൻ, എം. വീരരാഘവാചാരിയുടെ നേതൃത്വത്തിൽ രൂപം കൊണ്ട മദ്രാസ് മഹാജനസഭ തുടങ്ങിയ സംഘടനകൾക്കു അഖിലേന്ത്യാസ്വഭാവം ഇല്ലായിരുന്നു. പ്രാദേശികമായ പ്രശ്നങ്ങളിൽ ഈ സംഘടനകൾ സജീവമായി ഇടപെട്ടു. ഇന്ത്യയിൽ ആധുനിക രാഷ്ട്രീയ പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടത് ഈ സംഘടനകളാണ്.

- ബ്രിട്ടീഷ് ഭരണത്തോടുള്ള അസംതൃപ്തി എങ്ങനെയാണ് പുതിയ സംഘടനകളുടെ രൂപീകരണത്തിനു വഴിവച്ചത്? കോൺഗ്രസ് രൂപീകരണത്തിനു മുമ്പുള്ള കാലഘട്ടത്തെ അടിസ്ഥാനപ്പെടുത്തി കുറിപ്പു തയാറാക്കൂ.

### അഖിലേന്ത്യാതലത്തിൽ ഒരു സംഘടന

- രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ദേശീയ രാഷ്ട്രീയ പ്രവർത്തകർക്കിടയിൽ സുഹൃദ്ബന്ധം വളർത്തുക.
- ജാതിയുടെയോ മതത്തിന്റെയോ പ്രവിശ്യയുടെയോ വ്യത്യാസമില്ലാതെ ദേശീയ ഐക്യബോധം വളർത്തുകയും ഉറപ്പിക്കുകയും ചെയ്യുക.
- പൊതു ആവശ്യങ്ങൾക്കു രൂപംനൽകുകയും അവ ഗവൺമെന്റിനു മുമ്പാകെ അവതരിപ്പിക്കുകയും ചെയ്യുക.



ഇന്ത്യൻ നാഷണൽ കോൺഗ്രസ് രൂപീകരണവേളയിൽ പങ്കെടുത്തവർ

ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ രൂപീകരണഘട്ടത്തിൽ അവതരിപ്പിച്ച പ്രഖ്യാപിത ലക്ഷ്യങ്ങളാണ് മുകളിൽ കൊടുത്തത്.

1885-ൽ എ.ഒ.ഹ്യൂം എന്ന ഇംഗ്ലീഷുകാരന്റെയും ഡബ്ല്യൂ.സി.ബാനർജി എന്ന ഇന്ത്യാക്കാരന്റെയും നേതൃത്വത്തിൽ ബോംബെ തേജ്പാൽ സംസ്കൃതകോളേജിലാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ് രൂപം കൊണ്ടത്. കോൺഗ്രസിന്റെ രണ്ടാം സമ്മേളനത്തിൽ ദാദാഭായ് നവറോജി നടത്തിയ പ്രസംഗം ശ്രദ്ധിക്കൂ:

> "നാഷണൽ കോൺഗ്രസ് പരിഗണിക്കേണ്ടത്, മുഴുവൻ രാഷ്ട്രത്തിനും നേരിട്ട് പങ്കാളിത്തമുള്ള വിഷയങ്ങളായിരിക്കണം. നാം ഇവിടെ ഒത്തുകൂടിയിരിക്കുന്നത് രാഷ്ട്രീയാഭിലാഷങ്ങളെ നമ്മുടെ ഭരണാധികാരികൾക്കു മുമ്പിൽ പ്രതിനിധാനം ചെയ്യാനുള്ള സംവിധാനം എന്ന നിലയ്ക്കാണ്."

ക്രമേണ, 20-ാം നൂറ്റാണ്ടിലെ ഏറ്റവും വലിയ കോളനിവിരുദ്ധ ബഹുജനപ്രസ്ഥാനമായി ഇന്ത്യൻ നാഷണൽ കോൺഗ്രസ് മാറി. ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന്റെ അടിത്തറ വിപുലപ്പെടുത്തുകയും കോളനി വിരുദ്ധസമരങ്ങൾക്കു പിന്നീട് നേതൃത്വം നൽകുകയും ചെയ്തത് ഈ സംഘടനയാണ്.

- ഇന്ത്യൻ നാഷണൽ കോൺഗ്രസ് അതിനു മുമ്പുള്ള സംഘടനകളിൽ നിന്നും എങ്ങനെയാണ് വ്യത്യാസപ്പെട്ടിരിക്കുന്നത്? ലക്ഷ്യങ്ങൾ താരതമ്യം ചെയ്തു വിലയിരുത്തുക.
- ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ രൂപീകരണത്തിലേക്കു നയിച്ച സാഹചര്യങ്ങൾ ഇതിനുമുമ്പു രൂപീകരിക്കപ്പെട്ട അസോസിയേഷനുകളുമായി താരതമ്യം ചെയ്ത് പട്ടികപ്പെടുത്തൂ.

## മിതവാദികളും തീവ്രവാദികളും

ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രവർത്തനരീതിയോട് പലർക്കും അസംതൃപ്തിയുണ്ടായിത്തുടങ്ങി. പ്രസ്ഥാനത്തിന്റെ പ്രവർത്തനശൈലിയിൽ മാറ്റം വരുത്താൻ ചിലർ ശ്രമിച്ചു. കർക്കശനിലപാടുമായി ഇവർ പ്രസ്ഥാനത്തിനകത്തു പ്രവർത്തിച്ചു. വ്യവസ്ഥാപിത സമരമാർഗങ്ങളിലൂടെ മാത്രം ബ്രിട്ടനെ എതിർത്തുതോൽപ്പിക്കുക അസാധ്യമാണെന്ന് അവർ കരുതി. അതിനാൽ ഇവർ സാഹസിക മാർഗങ്ങൾ സ്വീകരിച്ചു. അങ്ങനെ ഇവർ തീവ്രവാദികളെന്നറിയപ്പെട്ടു. സമന്വയത്തിന്റെയും സമവായത്തിന്റെയും മാർഗം സ്വീകരിച്ചവർ മിതവാദികളായി. ഇവർ വ്യവസ്ഥാപിത രീതിയിലുള്ള സമ്മർദ തന്ത്രങ്ങൾ സ്വീകരിച്ചു.

തീവ്ര ആശയങ്ങൾ ഉൾക്കൊള്ളുന്നവരുടെ നേതൃത്വം ബാലഗംഗാധര തിലകനും മിതവാദികളുടെ നേതൃത്വം ഗോപാലകൃഷ്ണ ഗോഖലെക്കുമായിരുന്നു. ലാലാ ലജ്പത്റായ്,



ഇന്ത്യൻ നാഷണൽ കോൺഗ്രസിൽ തീവ്ര ആശയങ്ങൾക്കു പ്രധാന്യം കൊടുത്ത ലാൽ-ബാൽ-പാൽ

ബിപിൻ ചന്ദ്രപാൽ എന്നിവർ ബാലഗംഗാധര തിലകനോടൊപ്പം നിലകൊണ്ടു. ഇവർ ലാൽ -ബാൽ-പാൽ എന്ന ചുരുക്കപ്പേരിലാണ് അറിയപ്പെട്ടത്. നിവേദനങ്ങളും അപേക്ഷകളും മാത്രം പോരാ, ക്രിയാത്മകമായ പോരാട്ട പ്രവർത്തനങ്ങളിലൂടെ അവകാശങ്ങൾ നേടിയെടുക്കുകയാണു വേണ്ടതെന്ന് ഇവർ പ്രസ്താവിച്ചു.

സുരേന്ദ്രനാഥ ബാനർജി, ഫിറോസ് ഷാ മേത്ത, ഗോപാലകൃഷ്ണ ഗോഖലെ എന്നിവരുടെ നേതൃത്വത്തിൽ വ്യവസ്ഥാപിത മാർഗങ്ങളിലൂടെ ഇന്ത്യൻ നാഷണൽ കോൺഗ്രസിലെ മിതവാദി വിഭാഗം മുന്നേറി. എന്നാൽ ഭിന്നിപ്പിച്ചുഭരിക്കുക എന്ന നയം ബ്രിട്ടീഷുകാർ പ്രാവർത്തികമാക്കാൻ ശ്രമിച്ചതോടെ മിതവാദികൾ ബ്രിട്ടീഷ് ഗവൺമെന്റുമായി അകന്നു. പിന്നീട് ലഖ്നൗ സമ്മേളനത്തിൽ വച്ച്




ഗോപാലകൃഷ്ണ ഗോഖലെ

മിതവാദികളും തീവ്രവാദികളും വീണ്ടും ഒന്നിച്ചു.

### അമർ സോനാ ബംഗള....

> "എന്റെ മുൻഗാമികൾ ഈ ഉപഭൂഖണ്ഡം കൈയടക്കിയതും ഭരണം നില നിർത്തിയതും വാൾമുനകൊണ്ടും തോക്കുകൊണ്ടുമാണ്. അതിൽ നിന്നു വ്യത്യസ്തമായ ഏതൊന്നും നിങ്ങൾ എന്നിൽ നിന്നു പ്രതീക്ഷിക്കേണ്ടതില്ല."

ബ്രിട്ടീഷ് വൈസ്രോയിയായി നിയമിക്കപ്പെട്ട കഴ്സൺ പ്രഭു, ഇന്ത്യയോടുള്ള തന്റെ നിലപാട് വിശദീകരിച്ചതിങ്ങനെയാണ്. അപ്പോഴേക്കും ഇന്ത്യയിൽ ബ്രിട്ടീഷ് വിരുദ്ധ വികാരം ശക്തമായിക്കഴിഞ്ഞിരുന്നു. ഇതിനു തടയിടാൻ ബ്രിട്ടീഷുകാർ ശ്രമിച്ചുകൊണ്ടിരുന്നു. വൈസ്രോയിയായി അധികാരമേറ്റ കഴ്സൺപ്രഭു ഇന്ത്യക്കാരെ ഭിന്നിപ്പിച്ചു ഭരിക്കുക എന്ന പുതിയ തന്ത്രവുമായിട്ടായിരുന്നു



1905-വിഭജിക്കപ്പെട്ട ബംഗാളിന്റെ ഭൂപടം

രംഗപ്രവേശം ചെയ്തത്. അതിന്റെ ഭാഗമായിരുന്നു 1905-ലെ ബംഗാൾ വിഭജനം. വിഭജനത്തിന്റെ ലക്ഷ്യം വ്യക്തമാക്കുന്ന ഔദ്യോഗിക കുറിപ്പു ശ്രദ്ധിക്കൂ;

''ഐക്യബംഗാൾ ഒരു ശക്തിയാണ്. ബംഗാൾ വിഭജിക്കപ്പെട്ടാൽ ശക്തിക്ഷയമുണ്ടാകും. കോൺഗ്രസ് നേതാക്കളുടെ തോന്നലിതാണ്. അവരുടെ ആശങ്ക പൂർണമായും ശരിയാണ്. ബംഗാൾ വിഭജിക്കാനുള്ള പദ്ധതിയുടെ മേന്മകളിലൊന്ന് ഇതുതന്നെയാണ്. നമ്മുടെ മുഖ്യ ലക്ഷ്യങ്ങളിലൊന്ന് ഭരണത്തിന്റെ എതിരാളികളെ ഭിന്നിപ്പിക്കുകയും അതുവഴി എതിർക്കുന്ന സംഘടനയെ ദുർബലമാക്കുകയുമാണ്.''

*(ബ്രിട്ടീഷ് ഇന്ത്യാ ഗവൺമെന്റിന്റെ ആഭ്യന്തര സെക്രട്ടറിയായിരുന്ന റിസ്ലി 1904 ഡിസംബറിൽ ഇറക്കിയ കുറിപ്പ്.)*

അക്കാലത്ത് ദേശീയ പ്രസ്ഥാനത്തിന്റെ ശക്തികേന്ദ്രമായിരുന്നു ബംഗാൾ. ബംഗാളിലെ ഹിന്ദു-മുസ്ലിം ഐക്യം ദേശീയ പ്രസ്ഥാനത്തിന് ശക്തി പകർന്നു. അങ്ങനെയുള്ള ബംഗാളിനെ കിഴക്കൻ ബംഗാളെന്നും പടിഞ്ഞാറൻ ബംഗാളെന്നും വിഭജിക്കുന്നതിനു പിന്നിലുള്ള ബ്രിട്ടീഷ് താൽപര്യം എന്തായിരുന്നു?

"ബ്രിട്ടീഷ് ഗവൺമെന്റ് നമ്മെ വിഭജിക്കാൻ ദൃഢനിശ്ചയം ചെയ്തിരിക്കുന്നു. എങ്കിലും നമ്മുടെ ഹൃദയങ്ങളെ വേർപെടുത്താൻ അവർക്കാവില്ല."

ബംഗാൾ വിഭജനത്തിനെതിരെയുള്ള രവീന്ദ്രനാഥടാഗോറിന്റെ ഈ വാക്കുകൾ അക്ഷരം പ്രതി ശരിയായിരുന്നുവെന്ന് പിന്നീടുള്ള സംഭവങ്ങൾ തെളിയിച്ചു. ബംഗാൾ വിഭജനം പ്രാബല്യത്തിൽ വന്ന 1905 ഒക്ടോബർ 16 ബംഗാൾ ആകമാനം ദുഃഖദിനമായി ആചരിച്ചു. സ്ത്രീപുരുഷൻമാർ വന്ദേമാതരം ആലപിച്ചുകൊണ്ട് തെരുവുകളിലൂടെ അണിയണിയായി നീങ്ങി. ആയിരക്കണക്കിനാളുകൾ ഉപവസിച്ചു. പലയിടത്തും വിദേശ ഉൽപ്പന്നങ്ങൾ കൂട്ടിയിട്ടുകത്തിച്ചു. വിദേശ വസ്തുക്കൾ വിൽക്കുന്ന കടകൾ പിക്കറ്റ് ചെയ്യപ്പെട്ടു. നമ്മെളൊന്നാണെന്നർഥമുള്ള 'അമർസോനാ ബംഗള' എന്ന ടാഗോറിന്റെ ഗാനം തെരുവോരങ്ങളിൽ അലയടിച്ചു. ആയിരക്കണക്കിനാളുകൾ പങ്കെടുത്ത നിരവധി യോഗങ്ങൾ ബംഗാളിന്റെ നാനാഭാഗത്തും നടന്നു.

### സ്വദേശിപ്രസ്ഥാനം

ബംഗാൾ വിഭജനത്തിനെതിരായുള്ള പ്രതിഷേധ പരിപാടികളുടെ ഭാഗമായാണ് ഇന്ത്യൻ സ്വദേശിപ്രസ്ഥാനം രൂപംകൊണ്ടത്. ബ്രിട്ടനോടുള്ള അമർഷം അവരുടെ ഉൽപ്പന്നങ്ങളോടുമുണ്ടായി. 1905 ആഗസ്റ്റ് 7-ന് ഔദ്യോഗികമായി സ്വദേശിപ്രസ്ഥാനം പ്രഖ്യാപിച്ചു. ദേശസ്നേഹപ്രചോദിതമായ ഈ പ്രസ്ഥാനം സ്വാതന്ത്ര്യ സമരചരിത്രത്തിലെ സുപ്രധാന ഏടായി മാറി. 1911-ൽ ബ്രിട്ടീഷുകാർ ബംഗാൾ വിഭജനം പിൻവലിക്കുന്നതുവരെ പ്രതിഷേധപരിപാടികൾ തുടർന്നു. സ്വദേശിപ്രസ്ഥാനം ശക്തമായിരുന്നകാലത്താണ് സ്വരാജ്യം അഥവാ സ്വയംഭരണം എന്ന മുദ്രാവാക്യം ഉയർന്നുവന്നത്.

**സ്വദേശി**

ബംഗാളിലെങ്ങും ഇന്ത്യൻ വസ്തുക്കളുടെ ഉപയോഗവും ബ്രിട്ടീഷ് വസ്തുക്കളുടെ ബഹിഷ്കരണവും ശക്തമായി. ഇത് സ്വാതന്ത്ര്യ പ്രസ്ഥാനത്തിന് ആക്കം കൂട്ടി. സർക്കാർ ഉദ്യോഗസ്ഥർ ജോലി ഉപേക്ഷിച്ചു. കുട്ടികൾ പോലും ഈ പ്രസ്ഥാനത്തിൽ ആവേശഭരിതരായി അണിനിരന്നു. ബ്രിട്ടീഷ് കടലാസിലെഴുതാൻ കോളേജ് വിദ്യാർഥികൾ വിസമ്മതിച്ചു. ലാലാ ലജ്പത്റായ്, ബാലഗംഗാധര തിലക്, ബിപിൻചന്ദ്രപാൽ, അരബിന്ദോഘോഷ് എന്നിവർ സ്വദേശി പ്രസ്ഥാനത്തിനു നേതൃത്വം നൽകി. അരബിന്ദോഘോഷിന്റെ നേതൃത്വത്തിൽ സ്വദേശി വിദ്യാഭ്യാസം ശക്തിപ്പെട്ടു. സ്വദേശി പ്രസ്ഥാനത്തിന്റെ ഭാഗമായി കൈത്തറി സാധനങ്ങൾ, സോപ്പുനിർമാണ കമ്പനികൾ, തീപ്പെട്ടിക്കമ്പനികൾ, തുണിമില്ലുകൾ, ബാങ്കുകൾ, ഇൻഷുറൻസ് കമ്പനികൾ എന്നിവ ഇക്കാലത്ത് ആരംഭിച്ചു.

- ബംഗാൾ വിഭജനത്തിനെതിരായി നടന്ന സമരത്തിൽ ഉപയോഗിച്ച സമരമാർഗങ്ങൾ

ശ്രദ്ധിക്കൂ. ഏതെല്ലാം രീതികളാണ് ഇവർ പ്രയോജനപ്പെടുത്തിയത്? ഉപവാസസമരത്തോടൊപ്പം വിദേശവസ്തുക്കൾ ബഹിഷ്കരിക്കുകയും അവ വിൽക്കുന്ന കടകൾ പിക്കറ്റ് ചെയ്യുകയും ചെയ്തു. ഇത്തരമൊരു സമരമാർഗം സ്വീകരിക്കാൻ അവരെ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തായിരിക്കും? ക്ലാസിൽ ചർച്ച ചെയ്യൂ.

- ബ്രിട്ടന്റെ സാമ്പത്തിക താൽപര്യം
- സ്വദേശി വസ്തുക്കളുടെ പ്രചാരം

- 'സ്വാതന്ത്ര്യസമരപോരാട്ടത്തിൽ സ്വദേശി പ്രസ്ഥാനം ശക്തമായ ആയുധമായിമാറി' എന്നതിന് എന്തെല്ലാം ന്യായീകരണങ്ങൾ കണ്ടെത്താനാവും? കുറിപ്പു തയാറാക്കൂ.
  - വിദേശവസ്തു ബഹിഷ്കരണം
  - സ്വദേശസ്ഥാപനങ്ങളുടെ ആരംഭം
  - 
- നമ്മുടെ നാട്ടിലെ ഉൽപന്നങ്ങൾ നാം ഉപയോഗിക്കുകവഴി നമ്മുടെ പ്രദേശത്തിന് എന്തെല്ലാം നേട്ടങ്ങളുണ്ടാവും? ചർച്ച ചെയ്ത് കുറിപ്പു തയാറാക്കുക.

## ഭിന്നിപ്പിച്ചു ഭരിക്കൽ

ഭിന്നിപ്പിച്ചു ഭരിക്കുക എന്ന ബ്രിട്ടീഷ് നയത്തിന്റെ ഭാഗമായാണ് മിന്റോ-മോർലി ഭരണ പരിഷ്കാരങ്ങൾ നടപ്പിലാക്കിയത്. ഇതു പ്രകാരം മുസ്ലിംങ്ങൾക്കു മാത്രമായി പ്രത്യേക നിയോജകമണ്ഡലങ്ങൾ ഏർപ്പെടുത്തി.

1906-ൽ ആൾ ഇന്ത്യ മുസ്ലീംലീഗ് എന്ന സംഘടന രൂപപ്പെട്ടിരുന്നു. ഇന്ത്യൻ നാഷണൽ കോൺഗ്രസിനെ ദുർബലപ്പെടുത്തുന്നതിനായി ഈ പുതിയ സംഘടനയെ ബ്രിട്ടീഷുകാർ പിന്തുണച്ചു. ബ്രിട്ടീഷുകാരുടെ താൽപര്യങ്ങൾ തിരിച്ചറിഞ്ഞ ദേശീയവാദികളായ നേതാക്കളുടെ ഇടപെടലുകളുടെ ഫലമായി 1916-ലെ ലക്നൗ കോൺഗ്രസ് സമ്മേളനത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസും ആൾ ഇന്ത്യ മുസ്ലീം ലീഗും ഒരുമിച്ചു പ്രവർത്തിക്കാൻ തീരുമാനമെടുത്തു.

- മിന്റോ-മോർലി പരിഷ്കരണത്തിന്റെ ഭാഗമായി പ്രത്യേക നിയോജകമണ്ഡലങ്ങൾ ഏർപ്പെടുത്തിയതിന്റെ ഉദ്ദേശ്യം എന്തായിരുന്നു? എങ്ങനെയാണ് അത് ദേശീയ പ്രസ്ഥാനത്തെ ദുർബലപ്പെടുത്തിയതെന്ന് ചർച്ച ചെയ്യൂ.
- ആൾ ഇന്ത്യാ മുസ്ലീംലീഗിന്റെ രൂപീകരണവും മിന്റോ - മോർലി ഭരണപരിഷ്കാരവും ദേശീയപ്രസ്ഥാനത്തെ എങ്ങനെയൊക്കെയാണ് സ്വാധീനിച്ചത്? കുറിപ്പു തയാറാക്കുക.

## ഹോംറൂൾ ഇന്ത്യ

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യവർഷങ്ങളിൽ ലോകത്ത് കോളനി വെട്ടിപ്പിടിക്കുന്നതിനുള്ള മത്സരം ശക്തമായി. സമ്പന്നരാജ്യങ്ങൾ ഇരുചേരികളിലായി നിലകൊണ്ടു. ഈ ചേരിതിരിവ് 1914-ൽ ഒന്നാം ലോകമഹായുദ്ധത്തിന്റെ കാരണങ്ങളിലൊന്നായി. തങ്ങളുടെ കോളനിയായിരുന്ന ഇന്ത്യയുടെ പിന്തുണ യുദ്ധകാലത്ത് ബ്രിട്ടന് അനിവാര്യമായിരുന്നു. ഇതുറപ്പാക്കാനായി യുദ്ധാനന്തരം ഇന്ത്യയ്ക്കു സ്വയംഭരണം നൽകാമെന്ന് ബ്രിട്ടൻ വാഗ്ദാനം ചെയ്തു.

ബ്രിട്ടീഷ് മേൽക്കോയ്മയ്ക്കു കീഴിൽ ഇന്ത്യക്കാർക്കു പങ്കാളിത്തമുള്ള ഭരണം എന്നതാണ് ഇതുകൊണ്ടുദ്ദേശിച്ചത്. ഇതു വിശ്വസിച്ച ദേശീയനേതാക്കൾ യുദ്ധകാലത്ത് ബ്രിട്ടനെ പിന്തുണച്ചു. ഇതിനെത്തുടർന്ന് ബ്രിട്ടീഷുകാർക്കെതിരെയുള്ള സമരരീതിയിൽ മാറ്റം വന്നു. തീവ്രവാദ ആശയങ്ങൾ വച്ചുപുലർത്തിയ ബാലഗംഗാധര തിലകൻ അതിൽ നിന്നു വ്യതിചലിക്കുകയും ബ്രിട്ടീഷുകാരുടെ കീഴിലുള്ള സ്വയംഭരണത്തെ അനുകൂലിക്കുകയും ചെയ്തു. 'ഹോംറൂൾ' എന്ന പേരിൽ ഒരു പ്രസ്ഥാനത്തിന് രൂപം കൊടുത്ത് തിലകൻ മഹാരാഷ്ട്രയിൽ തന്റെ പ്രവർത്തനങ്ങൾ സജീവമാക്കി. ഇന്ത്യയുടെ ഇതരഭാഗങ്ങളിലാകട്ടെ ആനിബസന്റിന്റെ നേതൃത്വത്തിലുള്ള മറ്റൊരു ഹോംറൂൾ ലീഗ് പ്രവർത്തിച്ചിരുന്നു. ഇന്ത്യൻ സംസ്കാരത്തിൽ ആകൃഷ്ട



ആനിബസന്റ്

യായി ഇന്ത്യയിലെത്തിയ അയർലണ്ടുകാരിയായിരുന്നു ആനിബസന്റ്.

- ഹോംറൂൾ എന്ന ആശയം ദേശീയ സ്വാതന്ത്ര്യത്തിൽ വരുത്തിയ മാറ്റത്തെക്കുറിച്ച് കുറിപ്പു തയാറാക്കൂ.
- 1857-ലെ സമരങ്ങളിൽ നിന്നും ഹോം റൂൾ പ്രസ്ഥാനം എങ്ങനെ വേറിട്ടുനിൽക്കുന്നു?

## എന്റെ ജീവിതമാണ് എന്റെ സന്ദേശം

"ലളിതമായ വസ്ത്രധാരണം, ലളിതമായ പെരുമാറ്റം, ലളിതമായ സംഭാഷണശൈലി, പറയുന്നത് ലളിതമായ കാര്യങ്ങൾ, പെരുമാറുന്നവരുടെ മനസ്സറിഞ്ഞുകൊണ്ടുള്ള സമീപനം, സംസാരിക്കുന്നത് തന്റെ നാട്ടുഭാഷയായ ഗുജറാത്തിയിലും ഹിന്ദിയിലും. ഒരു നാടൻകൃഷിക്കാരനെപ്പോലെയായിരുന്നു ഈ മനുഷ്യൻ."

ജവഹർലാൽ നെഹ്റു മഹാത്മജിയെ പരിചയപ്പെടുത്തിയതാണ് നാം വായിച്ചത്. ഒന്നാം ലോകമഹായുദ്ധകാലത്ത് ഗാന്ധിജി ദക്ഷിണാഫ്രിക്കയിൽ നിന്ന് ഇന്ത്യയിൽ മടങ്ങിയെത്തി. ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന് ഗാന്ധിജിയുടെ നേതൃത്വം പുതിയ ദിശാബോധം നൽകി.

## ചമ്പാരനിലെ അനുഭവം

ബീഹാറിലെ ചമ്പാരനിൽ നീലംകൃഷി വ്യാപകമായിരുന്നു. വെള്ളക്കാരായ തോട്ടമുടമകളുടെ ക്രൂരത തദ്ദേശീയരായ കർഷകരെ ദുരിതത്തിലാഴ്ത്തി. ഈ കർഷകരുടെ പ്രശ്നപരിഹാരത്തിനു വേണ്ടി ഗാന്ധിജി ഇടപെടുകയും നീലംകൃഷിക്കാർക്കനുകൂലമായ തീരുമാനം സർക്കാരിൽ നിന്നുണ്ടാവുകയും ചെയ്തു.

ഗുജറാത്തിൽ അഹമ്മദാബാദിലെ തുണിമിൽ തൊഴിലാളികളും മുതലാളിമാരും തമ്മിലുള്ള ബോണസ്പ്രശ്നം പരിഹരിക്കുന്നതിൽ ഗാന്ധിജി നേതൃത്വപരമായ പങ്കുവഹിച്ചു. ഗുജറാത്തിലെ ഖേഡ ജില്ലയിൽ കൃഷിനാശത്തെ തുടർന്നു ബുദ്ധിമുട്ടിലായ കർഷകരുടെ പ്രശ്നത്തിലും ഗുജറാത്തിലെ ബർദോളിയിലെ നികുതിനിഷേധ സമരത്തിലും ഗാന്ധിജി ഇടപെട്ടു.

### മഹാത്മാഗാന്ധി




1869 ഒക്ടോബർ 2-ന് ഗുജറാത്തിലെ പോർബന്തർ എന്ന കടലോരനഗരത്തിലാണ് മഹാത്മാഗാന്ധി ജനിച്ചത്. ഇദ്ദേഹത്തിന്റെ യഥാർത്ഥ പേര് മോഹൻദാസ് കരംചന്ദ് ഗാന്ധി എന്നായിരുന്നു. പിതാവ് കരംചന്ദ് ഗാന്ധിയും മാതാവ് പുത്‌ലീഭായിയുമായിരുന്നു. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം ലണ്ടനിൽ നിന്ന് നിയമബിരുദം നേടി. തുടർന്ന് ദക്ഷിണാഫ്രിക്കയിലേക്കു പോയ അദ്ദേഹം അവിടെ അഭിഭാഷകവൃത്തി സ്വീകരിച്ചു. ദക്ഷിണാഫ്രിക്കയിലെ കോളനി ഭരണത്തിൽ ഇന്ത്യാക്കാരും കറുത്ത വർഗക്കാരും അനുഭവിക്കേണ്ടി വന്ന കടുത്ത വിവേചനം അദ്ദേഹത്തെ രോഷാകുലനാക്കി. അധികം വൈകാതെ ഗാന്ധിജി ദക്ഷിണാഫ്രിക്കയിലെ വിവേചനം അനുഭവിക്കുന്നവരുടെ നേതാവായി. ഇക്കാലത്താണ് സത്യാഗ്രഹം എന്ന സമരരീതി ഗാന്ധിജി പ്രയോഗത്തിൽ വരുത്തിയത്. അഹിംസ എന്നത് ദുർബലരുടെയും ഭീരുക്കളുടെയും ആയുധമല്ല, മറിച്ച് ബലവാന്മാർക്കും ധീരന്മാർക്കും മാത്രം പ്രയോഗിക്കാവുന്ന അതിശക്തമായ ആയുധമാണെന്ന് ഗാന്ധിജി തെളിയിച്ചു. 1915-ഓടെ ഇന്ത്യയിൽ തിരിച്ചെത്തുകയും സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിന്റെ അമരക്കാരനായിമാറുകയും ചെയ്തു. ഗാന്ധിജിയുടെ ജന്മദിനമായ ഒക്ടോബർ 2 ലോക സമാധാന ദിനമായി ഐക്യരാഷ്ട്രസഭ ആചരിച്ചുവരുന്നു.

- ഇന്ത്യൻ ജനതയുടെ ബഹുമാനവും സ്നേഹവും പെട്ടെന്നു പിടിച്ചുപറ്റാൻ ഗാന്ധിജിക്കു കഴിഞ്ഞു. എന്തുകൊണ്ട്? ചർച്ചചെയ്യൂ.
  - സാധാരണക്കാരുടെ ആവശ്യങ്ങൾ സമരായുധമാക്കി.
  -
- വിവിധ ജനവിഭാഗങ്ങളുടെ ഒറ്റപ്പെട്ട സമരങ്ങൾ എങ്ങനെയാണ് ദേശീയ പ്രക്ഷോഭത്തെ ശക്തിപ്പെടുത്തിയതെന്നു കണ്ടെത്തി കുറിപ്പുതയാറാക്കൂ.
  - ചമ്പാരൻ
  - തുണിമിൽ സമരം
  - നികുതിനിഷേധസമരം

## ജാലിയൻവാലാ ബാഗ്

സ്വയംഭരണം നൽകാമെന്ന് യുദ്ധകാലത്ത് വാഗ്ദാനം ചെയ്ത ബ്രിട്ടീഷുകാർ പൗരാവകാശം നിഷേധിക്കുന്ന നയങ്ങളും നിയമങ്ങളുമാണ് പിന്നീടു നടപ്പാക്കിയത്. അതിലൊന്നായിരുന്നു റൗലറ്റ് നിയമം. ഈ നിയമം ഏതൊരിന്ത്യക്കാരനെയും കാരണം കൂടാതെ അറസ്റ്റ്ചെയ്യാനും വിചാരണ കൂടാതെ തടവിലിടാനും ഗവൺമെന്റിന് അധികാരം നൽകി. ഇന്ത്യക്കാരുടെ പൗരാവകാശത്തെ ഹനിക്കുന്ന ഈ നിയമത്തിനെതിരെ ഗാന്ധിജി സമരാഹ്വാനം നടത്തി.



ജാലിയൻവാലാബാഗ് കൂട്ടക്കൊലയുടെ സ്മാരകം

റൗലറ്റ് നിയമത്തിനെതിരെ പ്രതിഷേധം ശക്തമായി. പ്രത്യേകിച്ച് പഞ്ചാബിൽ സമരം അതിശക്തമായി. ഇവിടെ റൗലറ്റ്വിരുദ്ധസമരങ്ങൾക്ക് നേതൃത്വം നൽകിയിരുന്നത് ഡോ. സത്യപാൽ, ഡോ. സൈഫുദ്ദീൻ കിച്ച്ലു എന്നിവരായിരുന്നു. ഇവരെ അറസ്റ്റ് ചെയ്തതിൽ പ്രതിഷേധിച്ച് ജനങ്ങൾ സമാധാനപരമായി ജാലിയൻവാലാ ബാഗിൽ സമ്മേളിച്ചു. ബ്രിട്ടീഷ് പോലീസ് മേധാവിയായിരുന്ന ജനറൽ ഡയർ യാതൊരു മുന്നറിയിപ്പുമില്ലാതെ ഈ ജനക്കൂട്ടത്തിനു നേരെ നിറയൊഴിക്കാൻ ഉത്തരവിട്ടു. മൂന്നുവശങ്ങളും കെട്ടിടങ്ങളാൽ ചുറ്റപ്പെട്ട മൈതാനത്തിൽ നിന്നു രക്ഷപ്പെടുക അസാധ്യമായിരുന്നു. നൂറുകണക്കിനാളുകൾ പിടഞ്ഞു മരിച്ചു. ആയിരങ്ങൾക്കു പരിക്കേറ്റു. 1919 ഏപ്രിൽ 13-നു വൈകുന്നേരം ഉണ്ടായ ജാലിയൻവാലാ ബാഗ് സംഭവത്തിനു ദൃക്സാക്ഷിയായ ഒരു ബ്രിട്ടീഷുകാരൻ സംഭവം വിവരിക്കുന്നതിങ്ങനെയാണ്:

> "ഓടിരക്ഷപ്പെടാനുള്ള ശ്രമത്തിൽ രണ്ടുവശത്തുമുള്ള വഴികളിലേക്ക് ജനങ്ങൾ ഓടിക്കൂടുകയായിരുന്നു. വീണും ഉരുണ്ടും, തമ്മിൽ ഉന്തിയും തള്ളിയും, വലിഞ്ഞിഴഞ്ഞും കാലുകൾക്കിടയിൽപ്പെട്ടും....ജനങ്ങൾ അലറിവിളിച്ചു വീണു. പിന്നാലെ വന്നവരുടെ ചവിട്ടേറ്റ് ചതഞ്ഞു. വെടിയേറ്റു വീഴുന്നവരുടെ മേലേക്ക് വീണ്ടും വീണ്ടും വെടിയേറ്റവർ വീണുകുമിഞ്ഞു....ഓടിരക്ഷപ്പെടാൻ മാർഗമില്ലെന്നു വന്നപ്പോൾ ചുമരുകൾക്കടുത്തേക്കോടി....വളരെയധികം പേർ ഈ ശ്രമത്തിനിടെ വെടിയുണ്ടകൾക്കിരയായി...."

അവലംബം: **ഭീഷ്മാസാഹ്നി**, *ജാലിയൻവാലാബാഗ്*

ഈ ക്രൂരതയിൽ ലോകം നടുങ്ങി. പ്രതിഷേധത്തിന്റെ ഭാഗമായി ബ്രിട്ടീഷുകാർ നൽകിയ 'സർ' സ്ഥാനം മഹാകവി രവീന്ദ്രനാഥ് ടാഗോർ ഉപേക്ഷിച്ചു. ബ്രിട്ടീഷ്വിരുദ്ധ വികാരം ആളിക്കത്തുകയും തൽഫലമായി ദേശീയ പ്രസ്ഥാനം ശക്തമാവുകയും ചെയ്തു. മുമ്പെങ്ങുമില്ലാത്ത വിധം ജനപങ്കാളിത്തം സ്വാതന്ത്ര്യസമരപ്രക്ഷോഭങ്ങളിൽ ഉണ്ടായി. ജാലിയൻവാലാ ബാഗിൽ ഒത്തുകൂടിയ

ജനങ്ങളുടെ ആത്മത്യാഗത്തിന്റെ കൂടി ഫല മാണ് ഇന്ത്യയുടെ സ്വാതന്ത്ര്യം.

- ദേശീയ സ്വാതന്ത്ര്യസമരചരിത്രത്തിലെ നിർണായകസംഭവമാണല്ലോ ജാലിയൻ വാലാ ബാഗ് കൂട്ടക്കൊല. ഇതിനെ സംബ ന്ധിച്ച് കുറിപ്പു തയാറാക്കൂ.

## നിസ്സഹകരണവും ഖിലാഫത്തും

സ്വരാജ് എന്ന ലക്ഷ്യം നേടുന്നതിനുവേണ്ടി ഗാന്ധിജി ജനങ്ങളെ സമാധാനപരമായ സമര മാർഗങ്ങളിലൂടെ നയിച്ചു. ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന ആദ്യത്തെ ജനകീയ പ്രക്ഷോഭമാണ് നിസ്സഹകരണപ്രസ്ഥാനം. ബ്രിട്ടീഷ് ഗവൺമെന്റിനോടുള്ള നിസ്സഹകരണ സമരരീതിയായിരുന്നു ഇത്. കൃഷിക്കാരായ നാട്ടിൻപുറത്തുകാരെ അണിനിരത്തുക, ഹിന്ദു-മുസ്ലിം ഐക്യം ഊട്ടി വളർത്തുക എന്നി വയായിരുന്നു ഇതിന്റെ ഉദ്ദേശ്യം. അഹിംസ യിൽ അധിഷ്ഠിതമായിരുന്ന സമരപരിപാടി യായിരുന്നു ഇത്.

നിസ്സഹകരണ പ്രസ്ഥാനവും ഖിലാഫത്ത് പ്രസ്ഥാനവും ഒന്നിച്ചു ചേർന്നതോടെ ഇന്ത്യ യിൽ ജനങ്ങളുടെ ഐക്യത്തിനു ശക്തി കൂടി. പ്രമേയങ്ങളുടെയും നിവേദനങ്ങളുടെയും സ്ഥാനത്ത് ബഹുജനസമരങ്ങൾ ആളിപ്പടർന്നു. സമാധാനപരമായ സത്യാഗ്രഹസമരം നാടിനെ ഉണർത്തി. സ്ത്രീകളും കുട്ടികളുമടക്കം ആബാ ലവൃദ്ധം ജനങ്ങളും പ്രതിഷേധസമരങ്ങളിൽ പങ്കാളികളായി.

- ഇന്ത്യയിലെ സാധാരണജനങ്ങളുടെ പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായ സമര മാണ് നിസ്സഹകരണ സമരം. എന്തെല്ലാം കാരണങ്ങളായിരിക്കും വർധിച്ച ജനപങ്കാ ളിത്തത്തിനു കാരണം? സെമിനാർ അവത രിപ്പിക്കൂ.
  - കർഷകരുടെയും നാട്ടിൻപുറത്തുകാരു ടെയും പങ്കാളിത്തം
  - അഹിംസാധിഷ്ഠിതം
  - നിസ്സഹകരണ സമരരീതി
  - ഖിലാഫത്ത് പ്രസ്ഥാനം
  - മുദ്രാവാക്യം
  - 

## മലബാറിലെ കലാപം

പത്തൊമ്പതാം നൂറ്റാണ്ടിൽ മലബാറിലെ ഏറ നാട്, വള്ളുവനാട് ഭാഗങ്ങളിൽ നടന്ന കർഷസമരങ്ങളെപ്പറ്റി ചെറുത്തുനിൽപ്പിന്റെ വിവിധ മുഖങ്ങൾ എന്ന അധ്യായത്തിൽ ചർച്ച ചെയ്തിട്ടുണ്ടല്ലോ. ഖിലാഫത്ത് പ്രസ്ഥാന ത്തോടനുബന്ധിച്ച് മലബാറിലുടനീളം ഖിലാ ഫത്ത് കമ്മിറ്റികൾ രൂപംകൊണ്ടു. പൂക്കോട്ടൂ രിലെ ഖിലാഫത്ത് കമ്മിറ്റി സെക്രട്ടറി കളത്തി ങ്കൽ മുഹമ്മദിനെ അറസ്റ്റുചെയ്യാൻ എത്തിയ ബ്രിട്ടീഷ് ഉദ്യോഗസ്ഥർക്കെതിരെ മാപ്പിളമാർ (മുസ്ലീങ്ങൾ) ഒത്തുകൂടി പ്രതിഷേധിച്ചു. ഇതി നെത്തുടർന്ന് ഖിലാഫത്ത് നേതാക്കളെയെല്ലാം അറസ്റ്റുചെയ്യാൻ ബ്രിട്ടീഷുകാർ തീരുമാനിച്ചു. തിരൂരങ്ങാടിയിലെ ഖിലാഫത്ത് നേതാവായി രുന്ന ആലി മുസലിയാരെ പള്ളി വളഞ്ഞ് അറസ്റ്റ് ചെയ്തുവെന്ന കിംവദന്തി പരന്നു. ക്ഷുഭിതരായ ജനക്കൂട്ടം തിരൂരങ്ങാടിയിലേക്കു നീങ്ങി. അവർക്കുനേരെ പട്ടാളം വെടിയു തിർത്തു.

### ഖിലാഫത്ത് പ്രസ്ഥാനം



അലി സഹോദരന്മാർ

ലോക മുസ്ലീങ്ങളുടെ ആത്മീയ നേതാവാ യിരുന്നു ഖലീഫ. ഒന്നാം ലോകയുദ്ധം അവസാനിച്ചപ്പോൾ ബ്രിട്ടീഷുകാർ തുർക്കി വിഭജിക്കുകയും ഖലീഫയ്ക്കുള്ള അധികാരം ഇല്ലാതാക്കുകയും ചെയ്തു. ഇതിനെതിരെ രൂപം കൊണ്ട ലോകമുസ്ലീ ങ്ങളുടെ പ്രതിഷേധ പ്രസ്ഥാനമായിരുന്നു ഖിലാഫത്ത്. ഇന്ത്യയിൽ ഖിലാഫത്തിന് നേതൃത്വം നൽകിയത് മൗലാന ഷൗക്കത്ത് അലിയും സഹോദരൻ മൗലാന മുഹമ്മദ് അലിയുമായിരുന്നു.

കലാപം ഏറനാട്ടിലെയും വള്ളുവനാട്ടിലെയും ഗ്രാമങ്ങളിലേക്ക് പടർന്നുപിടിച്ചു. മാപ്പിളമാർ റെയിൽപ്പാളങ്ങളും തപാലാപ്പീസുകളും ഗതാഗതമാർഗങ്ങളും തകർത്തു. മഞ്ചേരിയിൽ വാരിയംകുന്നത്ത് കുഞ്ഞഹമ്മദ് ഹാജിയുടെ കീഴിൽ ഖിലാഫത്ത് രാജ്യം നിലവിൽ വന്നു. എന്നാൽ കൂടുതൽ ബ്രിട്ടീഷ് പട്ടാളമെത്തി കലാപം ക്രൂരമായി അടിച്ചമർത്തി.

ചേർത്ത പ്രസ്താവന വിശകലനം ചെയ്തു കുറിപ്പു തയാറാക്കൂ.

### ചൗരിചൗര

1922 ഫെബ്രുവരി 5-ന് ഉത്തർപ്രദേശിലെ ഗോരഖ്പൂർ ജില്ലയിലെ ചൗരിചൗരയിൽ ബ്രിട്ടീഷ് നയങ്ങൾക്കെതിരെ പ്രതികരിച്ചുകൊണ്ട് മൂവായിരത്തോളം കർഷകർ പങ്കെടുത്ത ഒരു ജാഥ നടക്കുകയായിരുന്നു. യാതൊരു പ്രകോപനവുമില്ലാതെ പൊലീസ് ജനക്കൂട്ടത്തിനുനേരെ വെടിവച്ചു. മൂന്നുപേർ സംഭവസ്ഥലത്ത് മരിച്ചുവീണു. ക്ഷുഭിതരായ ജനക്കൂട്ടം പൊലീസ്സ്റ്റേഷൻ ആക്രമിക്കുകയും സ്റ്റേഷനു തീ കൊടുക്കുകയും ചെയ്തു. ഇത് ഇരുപത്തിരണ്ടു പോലീസുകാരുടെ മരണത്തിനിടയാക്കി.


**വാഗൺ ട്രാജഡി**

*"... വാതിൽ തുറുന്നുപിടിച്ച് ആളുകളെ കുത്തിനിറയ്ക്കാൻ തുടങ്ങി. ...പലരുടെയും ശരീരഭാഗങ്ങൾ പുറത്തേക്കു തുറിക്കാൻ തുടങ്ങിയിരുന്നു... അകത്തുകടന്നവരുടെ കാലുകൾ നിലത്തമർന്നില്ല. മേൽക്കുമേൽ നിലം തൊടാതെ ... ട്രെയിൻയാത്ര തുടർന്നു... ശ്വാസംമുട്ടാൻ തുടങ്ങി. ദാഹം സഹിക്കവയ്യാതെ ആർത്തുവിളിച്ചു... കൈക്കുമ്പിളിൽ മൂത്രമൊഴിച്ച് ദാഹം തീർക്കാൻ വിഫലശ്രമം നടത്തി... അന്യോന്യം മാന്തിപ്പറിക്കാനും കടിച്ചുപറിക്കാനും തുടങ്ങി... എങ്ങനെയോ ഇളകിപ്പോയ ഒരു ആണിയുടെ പഴുതുള്ള ദ്വാരത്തിൽ മാറിമാറി മൂക്കുവച്ച് പ്രാണൻ പോകാതെ കഴിച്ചു... കുറേ കഴിഞ്ഞപ്പോൾ ബോധം നഷ്ടപ്പെട്ടു... പുലർച്ചെ നാലുമണിക്ക് വണ്ടി പോത്തന്നൂരിലെത്തി... മുറിക്കുള്ളിൽ കണ്ട ഭീകരദൃശ്യം ആ പിശാചുക്കളെപ്പോലും ഞെട്ടിച്ചു..."* തിരൂരിൽ നിന്നും കോയമ്പത്തൂരിലേയ്ക്കു പോയ ഗുഡ്സ് വാഗണിൽ നിന്നും രക്ഷപ്പെട്ടയാളുടെ അനുഭവസാക്ഷ്യമാണിത്. 1921 ആഗസ്റ്റിലാണിത് സംഭവിച്ചത്. മലബാറിൽ ലഹള പൊട്ടിപ്പുറപ്പെട്ടത് അന്നാണ്.

ലഹളബാധിത പ്രദേശങ്ങളിലെ ആയിരക്കണക്കിനാളുകളെ കർശനമായ പട്ടാളനിയമമനുസരിച്ച് ശിക്ഷിച്ചു. ഇത്രയേറെ തടവുകാരെ പാർപ്പിക്കുവാനുള്ള സൗകര്യം മലബാറിലെ ജയിലുകളിൽ ഇല്ലായിരുന്നു. മാത്രവുമല്ല വിദൂരജയിലുകളിലേക്ക് കൊണ്ടുപോകുന്ന തടവുകാരെ അനുഗമിക്കുവാൻ വേണ്ടത്ര പൊലീസുകാരും ഇല്ല. ഇതിനാൽ തിരൂരിൽ നിന്നും അറസ്റ്റുചെയ്യപ്പെട്ട നൂറ്റിഇരുപത്തിരണ്ട് തടവുകാരെ ഒരു ഗുഡ്സ് വാഗണിൽ കുത്തിനിറച്ച് കോയമ്പത്തൂർ ജയിലിലേക്കു കൊണ്ടുപോയി. വഴിമധ്യേ പോത്തന്നൂരിലെത്തിയപ്പോഴേക്കും മിക്കവരും ശ്വാസംമുട്ടി മരിച്ചു.

അവലംബം: *വാഗൺ ട്രാജഡി സ്മരണിക, 1996*

- ദേശീയ സ്വാതന്ത്ര്യസമരത്തിൽ തുടക്കം മുതൽ കേരളവും സജീവമായി പങ്കുചേർന്നു. സമരങ്ങളെ നിഷ്കരുണം അമർച്ച ചെയ്യുന്ന രീതിയാണ് ബ്രിട്ടീഷുകാരും ജന്മിമാരും സ്വീകരിച്ചത്. നിങ്ങളുടെ പ്രദേശത്തും ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനും ജന്മിത്തത്തിനും എതിരായി പോരാട്ടങ്ങൾ നടന്നിട്ടുണ്ടാവും. അവ ഏതെല്ലാമെന്ന് അന്വേഷിച്ച് കുറിപ്പു തയാറാക്കൂ.
- സമരങ്ങളെ ബ്രിട്ടീഷ് ഗവൺമെന്റ് നേരിട്ടത് ക്രൂരമായ രീതിയിലായിരുന്നു. മലബാർ കലാപത്തിന്റെ വെളിച്ചത്തിൽ മുകളിൽ
- മലബാർ കലാപത്തെയും ചൗരിചൗരയിലെ പ്രക്ഷോഭത്തെയും താരതമ്യം ചെയ്ത് പട്ടിക തയാറാക്കൂ.




മലബാർ കലാപം പടർന്നുപിടിച്ച പ്രദേശങ്ങളുടെ ഭൂപടം (അവലംബം: *മലബാറിലെ കലാപം.* **കെ.എൻ. പണിക്കർ**)

| മലബാർ കലാപം | ചൗരിചൗര സംഭവം |
|---|---|
| • കർഷകരുടെ പ്രക്ഷോഭം | • കർഷകരുടെ പ്രക്ഷോഭം |
| • പൊലീസ് അടിച്ചമർത്തി | • പൊലീസ് അടിച്ചമർത്തി |
| • | • |

അഹിംസയിലധിഷ്ഠിതമായ സമരമുറയായിരുന്നു ഗാന്ധിജി ആഹ്വാനം ചെയ്തത്. ചൗരിചൗരയിലെ അക്രമസംഭവത്തിൽ ദുഃഖം പ്രകടിപ്പിച്ചുകൊണ്ട് ഗാന്ധിജി നിസ്സഹകരണ പ്രസ്ഥാനം പിൻവലിച്ചു. പൊതുജനങ്ങളുടെ ആവേശം തിളച്ചുമറിയുന്ന ഘട്ടത്തിൽ നിസ്സഹകരണ പ്രസ്ഥാനം പിൻവലിച്ചത് നേതാക്കൾക്കിടയിലും ജനങ്ങൾക്കിടയിലും അഭിപ്രായ വ്യത്യാസം ഉണ്ടാക്കി. ഈ അഭിപ്രായ വ്യത്യാസത്തിന്റെ ഫലമായാണ് മോത്തിലാൽ നെഹ്റുവിന്റെയും സി. ആർ. ദാസിന്റെയും നേതൃത്വത്തിൽ സ്വരാജ് പാർട്ടി രൂപീകരിക്കപ്പെട്ടത്.

**സ്വരാജ് പാർട്ടി**

1922-ൽ നിസ്സഹകരണ പ്രസ്ഥാനം ജനങ്ങളെ സമരോത്സുകരാക്കി. എന്നാൽ നിസ്സഹകരണ സമരം പിൻവലിച്ചതിനെത്തുടർന്ന് ജനങ്ങൾ നിരാശരായി. തന്നെയുമല്ല കോൺഗ്രസിൽ ചില അഭിപ്രായസംഘർഷങ്ങൾ ഉടലെടുത്തു. ഈ സംഘർഷങ്ങളാണ് 'സ്വരാജ് പാർട്ടി'യുടെ പിറവിക്കുകാരണമായത്. സി.ആർ. ദാസ്, മോത്തിലാൽ നെഹ്റു, വിതൽഭായി പട്ടേൽ, ഹക്കിം അജ്മൽഖാൻ, മദൻമോഹൻ മാളവ്യ തുടങ്ങിയവരായിരുന്നു ഈ പാർട്ടിയിലെ പ്രമുഖ നേതാക്കൾ.

- നിസ്സഹകരണ പ്രസ്ഥാനം പിൻവലിച്ച നടപടിയെ നിങ്ങൾ എങ്ങനെ കാണുന്നു? ഗാന്ധിജിയുടെ സമരമുറയെ ഈ സംഭവത്തിലൂടെ വിലയിരുത്തി കുറിപ്പുതയാറാക്കൂ.

| | |
|---|---|
| • അഹിംസ | • സത്യാഗ്രഹം |
| • | • |
| • | • |

## പ്രാതിനിധ്യമില്ലാതെ പരിഷ്കാരം

1928 ഫെബ്രുവരി 3. ബോംബെ തുറമുഖം കരിങ്കൊടികളാൽ നിറഞ്ഞു. എങ്ങും പ്രതിഷേധ പ്രകടനങ്ങൾ. ഇന്ത്യൻ ഭരണപരിഷ്കാര കമ്മിറ്റിയുടെ ചെയർമാൻ സർ ജോൺ സൈമൺ ബോംബെ തുറമുഖത്ത് ഇറങ്ങുന്ന ദിവസമായിരുന്നു അത്. 'സൈമൺ കമ്മീഷൻ ഗോ ബാക്ക്' എന്ന മുദ്രാവാക്യം അന്തരീക്ഷത്തിൽ അലയടിച്ചു. ഇന്ത്യൻ ഭരണപരിഷ്കാരത്തിനായി രൂപീകരിച്ച ഈ സമിതിയിൽ ഒരൊറ്റ



സൈമൺ കമ്മീഷനെതിരെ നടന്ന ഒരു പ്രതിഷേധപ്രകടനം

ഇന്ത്യക്കാരനെയും അംഗമാക്കാൻ ബ്രിട്ടീഷ് ഗവൺമെന്റ് തയാറായില്ല. ഇതായിരുന്നു ബഹിഷ്കരണത്തിനു കാരണം. ലാഹോറിൽ പ്രതിഷേധപ്രകടനങ്ങൾക്ക് നേതൃത്വം കൊടുത്ത ലാലാ ലജ്പത്റായി ബ്രിട്ടീഷ് പൊലീസിന്റെ ക്രൂരമായ ലാത്തിച്ചാർജിനിരയാവുകയും ദിവസങ്ങൾക്കുള്ളിൽ നിര്യാതനാവുകയും ചെയ്തു.

## ഉപ്പ് സമരായുധം

1929-ലെ ലാഹോർ കോൺഗ്രസ്സ് സമ്മേളനം നിയമലംഘനസമരം ആവിഷ്കരിക്കാൻ തീരുമാനമെടുത്തു. 1929-ൽ ഉണ്ടായ ആഗോള സാമ്പത്തികമാന്ദ്യം സൃഷ്ടിച്ച പ്രതിസന്ധിയിൽനിന്നു കരകയറാൻ ബ്രിട്ടീഷുകാർ ഉപ്പിനു യഥാർത്ഥവിലയുടെ 24 ഇരട്ടി നികുതി ചുമത്തി. എല്ലാവരും ഒരുപോലെ ഉപയോഗിക്കുന്ന ഒന്നാണ് ഉപ്പ്. ഉപ്പിനു നികുതി വർധിപ്പിച്ചാൽ അത് എല്ലാവരെയും ക്ലേശിപ്പിക്കും. ഏറ്റവും ദരിദ്രരായവരെയാണ് ഇത് പ്രതികൂലമായി ബാധിക്കുക എന്ന് ഗാന്ധിജി മനസ്സിലാക്കി. ഉപ്പുനികുതിക്കെതിരെ പ്രക്ഷോഭം നടത്താൻ ഗാന്ധിജി ആഹ്വാനം ചെയ്തു.

**സത്യഗ്രഹി**

തെറ്റെന്നു കാണുന്ന യാതൊന്നിനും സത്യഗ്രഹി വഴങ്ങിക്കൊടുക്കാറില്ല. എന്തു പ്രകോപനമുണ്ടായാലും അവർ ശാന്തരായിരിക്കും. അവൻ തിന്മയെ എതിർക്കും. പക്ഷേ തിന്മചെയ്യുന്നവരെ വെറുക്കുകയില്ല. എതിരാളികളെ വേദനിപ്പിച്ചുകൊണ്ടല്ല സ്വയം വേദന കടിച്ചിറക്കിക്കൊണ്ടാണ് അവൻ സത്യത്തെ കാത്തുരക്ഷിക്കുക. അങ്ങനെ തെറ്റുചെയ്യുന്നവന്റെ മനഃസാക്ഷിയെ തട്ടിയുണർത്താമെന്ന് സത്യഗ്രഹി കരുതുന്നു.


ഗാന്ധിജി ദണ്ഡിയാത്രയ്ക്കിടെ

1930 മാർച്ച് 12-ന് ഗാന്ധിജിയും 78 അനുയായികളും ഗുജറാത്തിലെ സബർമതി ആശ്രമത്തിൽ നിന്ന് 200 നാഴിക അകലെയുള്ള ദണ്ഡി കടപ്പുറത്തേക്ക് യാത്ര തിരിച്ചു. ഈ പദയാത്ര ഗ്രാമങ്ങളെ സമരാവേശത്താൽ ഇളക്കിമറിച്ചു. ഏപ്രിൽ 6-ന് ദണ്ഡി കടപ്പുറത്തുനിന്ന് ഒരു പിടി ഉപ്പുശേഖരിച്ചുകൊണ്ട് ഗാന്ധിജിയും കൂട്ടരും ഉപ്പുനിയമം ലംഘിച്ചു. നിയമലംഘനത്തെത്തുടർന്ന് ഗാന്ധിജിയെയും സമരഭടന്മാരെയും അറസ്റ്റുചെയ്തു. ഉപ്പുസത്യഗ്രഹം രാജ്യവ്യാപകമായതോടെ അനേകായിരങ്ങൾ അറസ്റ്റുചെയ്യപ്പെട്ടു.

- കേരളത്തിൽ ഉപ്പുസത്യഗ്രഹത്തോടനുബന്ധിച്ചു നടന്ന സമരങ്ങളെപ്പറ്റി വിവരങ്ങൾ ശേഖരിച്ച് ഒരു കുറിപ്പു തയാറാക്കുക.

### ലാഹോർ സമ്മേളനം

ജവഹർലാൽ നെഹ്റുവിന്റെ അധ്യക്ഷതയിൽ 1929 ഡിസംബറിൽ ചേർന്ന കോൺഗ്രസ് സമ്മേളനം ലാഹോറിലാണു നടന്നത്. പൂർണ സ്വരാജ് കോൺഗ്രസിന്റെ അന്തിമ ലക്ഷ്യമാണെന്ന് ഈ സമ്മേളനം പ്രഖ്യാപിച്ചു. ഇന്ത്യയുടെ സ്വാതന്ത്ര്യപതാകയായി ത്രിവർണ പതാകയെ അംഗീകരിച്ചതും നിയമലംഘനസമരം ആരംഭിക്കാൻ തീരുമാനിച്ചതും ഈ സമ്മേളനത്തിലാണ്. 1930 ജനുവരി 26 ഇന്ത്യൻ സ്വാതന്ത്ര്യദിനമായി ആചരിക്കാൻ ലാഹോർ കോൺഗ്രസ് തീരുമാനമെടുത്തു.

### ചുവന്ന കുപ്പായക്കാർ

ഇന്ത്യയുടെ വടക്കുപടിഞ്ഞാറ് ഭാഗത്ത് പത്താൻകാർക്കിടയിൽ രൂപംകൊണ്ട സംഘടനയാണ് 'ചുവന്ന കുപ്പായക്കാർ'. അതിർത്തിഗാന്ധി എന്നറിയപ്പെട്ട ഖാൻ അബ്ദുൽ ഗാഫർഖാന്റെ നേതൃത്വത്തിലാണ് ഈ സംഘടന രൂപീകരിച്ചത്. ഇവർ അഹിംസയോടും സ്വാതന്ത്ര്യ സമരത്തോടും പ്രതിബദ്ധതയുള്ളവരായിരുന്നു.

### വട്ടമേശസമ്മേളനം

ഇന്ത്യക്കാരുടെ പ്രശ്നങ്ങളെക്കുറിച്ചു ചർച്ച ചെയ്യാൻ ബ്രിട്ടീഷുകാർ മൂന്നു വട്ടമേശ സമ്മേളനങ്ങൾ ലണ്ടനിൽ വിളിച്ചു ചേർത്തു. ഒന്നാം വട്ടമേശ സമ്മേളനത്തിൽ സൈമൺ കമ്മീഷൻ റിപ്പോർട്ടായിരുന്നു ചർച്ചയ്ക്കു വന്നത്. അതിനാൽ വട്ടമേശ സമ്മേളനം ബഹിഷ്കരിക്കാൻ കോൺഗ്രസ് തീരുമാനിച്ചു. ഗാന്ധി-ഇർവിൻ സന്ധിയുടെ അടിസ്ഥാനത്തിൽ രണ്ടാം വട്ടമേശസമ്മേളനത്തിൽ ഗാന്ധിജി പങ്കെടുത്തു. ഇന്ത്യക്കാരുടെ ഒരാവശ്യവും ഈ സമ്മേളനത്തിൽ അംഗീകരിക്കപ്പെട്ടില്ല. 1932-ൽ മൂന്നാം വട്ടമേശ സമ്മേളനം ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പങ്കാളിത്തമില്ലാതെ നടത്തപ്പെട്ടു. ഈ ചർച്ചകളുടെ ഫലമായാണ് 1935-ലെ ഗവൺമെന്റ് ഓഫ് ഇന്ത്യാ ആക്ട് രൂപംകൊണ്ടത്.

### സ്വാതന്ത്ര്യസമരവും വിപ്ലവകാരികളും

ബംഗാൾ വിഭജന കാലത്ത് തന്നെ വിപ്ലവ തീവ്ര ആശയ പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു. സമാധാന മാർഗങ്ങളിൽ നിന്നകന്ന് സായുധ പോരാട്ടത്തിലൂടെ നാടിന്റെ സ്വാതന്ത്ര്യത്തിനു വേണ്ടി പോരാടിയവരാണ് വിപ്ലവകാരികളായി അറിയപ്പെട്ടത്.

**കാക്കോരി ഗൂഢാലോചനക്കേസ്**

ലക്നൗവിന് സമീപമുള്ള ചെറിയൊരു ഗ്രാമമായിരുന്നു കാക്കോരി. 1925 ആഗസ്റ്റ് 9-ന് രാംപ്രസാദ് ബിസ്മിലിന്റെ നേതൃത്വത്തിലുള്ള ഒരുസംഘം വിപ്ലവകാരികൾ കാക്കോരിയിൽ വച്ച് യാത്രാവണ്ടി തടഞ്ഞുനിർത്തി ഗാർഡിന്റെ മുറിയിലുണ്ടായിരുന്ന റെയിൽവേ ഖജനാവ് കൊള്ളയടിച്ചു. ഈ സംഭവമാണ് കാക്കോരി ഗൂഢാലോചനക്കേസ്. ഈ കേസിൽ പിടിയിലായ രാംപ്രസാദ് ബിസ്മിൽ, റോഷൻലാൽ, രാജേന്ദ്ര ലഹാരി, അശ്ഫാഖ് ഉല്ലാഖാൻ എന്നിവരെ തൂക്കിലേറ്റി. നാലുപേരെ ആന്തമാൻ നിക്കോബാറിലേയ്ക്ക് ആജീവനാന്തം നാടുകടത്തി.

### ഗദ്ദർ

ഒന്നാം ലോകയുദ്ധകാലത്ത് വിപ്ലവ പ്രസ്ഥാനങ്ങൾ സജീവമായിരുന്നു. അമേരിക്കൻ ഐക്യനാടുകളിലും കാനഡയിലുമുള്ള ഇന്ത്യക്കാരായ വിപ്ലവകാരികളുടെ നേതൃത്വത്തിൽ 1913-ൽ രൂപംകൊണ്ട വിപ്ലവ പാർട്ടിയാണ് ഗദ്ദർ. പാർട്ടിയിൽ സിഖുകാരും ഹിന്ദുക്കളും മുസ്ലീങ്ങളും ഉണ്ടായിരുന്നു. സാധാരണ പൗരൻമാരോടൊപ്പം പട്ടാളക്കാരും ഗദ്ദർപാർട്ടിയിൽ അംഗങ്ങളായി ചേർന്നു. ലാലാഹർദയാൽ ആയിരുന്നു ഈ പാർട്ടിക്ക് നേതൃത്വം നൽകിയിരുന്നത്. ബ്രിട്ടീഷ്ഭരണം അട്ടിമറിക്കുവാൻ സായുധ കലാപങ്ങൾ ഗദ്ദർ പാർട്ടി ആസൂത്രണം ചെയ്തു. പഞ്ചാബിൽ ഒരു സായുധകലാപത്തിന് പദ്ധതിയിട്ടുവെങ്കിലും ഗവൺമെന്റ് ആ ശ്രമം പരാജയപ്പെടുത്തി. പഞ്ചാബിൽ ഗദ്ദർപാർട്ടി അംഗങ്ങളെ അറസ്റ്റ് ചെയ്തു. നാൽപ്പത്തിരണ്ടുപേരെ വധിച്ചു.

വിപ്ലവകാരികളിൽ കൂടുതൽ തീവ്രസ്വഭാവക്കാരുമുണ്ടായിരുന്നു. ബ്രിട്ടീഷുകാരോടുള്ള എതിർപ്പു പ്രകടിപ്പിക്കാൻ ബംഗാൾ വിഭജനത്തെ തുടർന്ന് ബ്രിട്ടീഷുകാർക്കെതിരെ സമരം നയിച്ച നേതാക്കളെ ഗൂഢാലോചന കുറ്റം ചുമത്തി പീഡിപ്പിച്ചിരുന്ന ജഡ്ജിയായിരുന്നു കിംഗ്സ് ഫോർഡ്. ഇദ്ദേഹത്തെ വകവരുത്താൻ നിയോഗിക്കപ്പെട്ട വിപ്ലവകാരികളായിരുന്നു ഖുദിറാം ബോസും പ്രഫുല്ല ചാക്കിയും. ഏറ്റെടുത്ത ദൗത്യത്തിനിടയിൽ ഖുദിറാം ബോസ് പോലീസ് പിടിയിൽ അകപ്പെട്ടു. പ്രഫുല്ല ചാക്കി സ്വയം വെടിവെച്ചു മരിച്ചു. പിന്നീട് ഖുദിറാം ബോസിനെ ബ്രിട്ടീഷ് സൈന്യം തൂക്കിലേറ്റി. വിപ്ലവവാദ കാലഘട്ടത്ത് പ്രസിദ്ധി നേടുകയും ദീർഘകാലം നിലനിൽക്കുകയും ചെയ്തത് 'അനുശീലൻ സമിതി'യും 'യുഗാന്തറു'മാണ്. വിപ്ലവവാദികൾ വിദേശത്തു പ്രവർത്തനകേന്ദ്രങ്ങൾ തുടങ്ങി. യൂറോപ്പിൽ മാഡം ഭിക്കാജി കാമ, വി.ഡി. സവർക്കർ, അജിത് സിംഗ്, ഹർദയാൽ എന്നിവർ വിപ്ലവ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തു. ഒന്നാം ലോകമഹായുദ്ധ കാലത്ത് പ്രമുഖ നേതാക്കളെല്ലാം ഒളിവിൽ പോവുകയോ തടവിലാക്കപ്പെടുകയോ ചെയ്തു.

### ഹിന്ദുസ്ഥാൻ റിപ്പബ്ലിക് അസോസിയേഷൻ

ഉത്തരേന്ത്യയിലെ മുൻകാലവിപ്ലവകാരികൾ 1924 ഒക്ടോബറിൽ കാൺപൂരിൽ ഒത്തുകൂടി. ഈ യോഗത്തിലാണ് ഹിന്ദുസ്ഥാൻ റിപ്പബ്ലിക് അസോസിയേഷൻ രൂപംകൊണ്ടത്. കോളനി ഭരണത്തെ അധികാരത്തിൽ നിന്ന് പുറംതള്ളുന്നതിന് സായുധവിപ്ലവപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയായിരുന്നു സംഘടനയുടെ ലക്ഷ്യം.

സോഷ്യലിസ്റ്റ് ആശയങ്ങളിൽ ആകൃഷ്ടരായ സുഖ്ദേവ്, ഭഗത്സിംഗ്, ചന്ദ്രശേഖർ ആസാദ് തുടങ്ങിയവരുടെ നേതൃത്വത്തിൽ 1928-ൽ ഹിന്ദുസ്ഥാൻ സോഷ്യലിസ്റ്റ് റിപ്പബ്ലിക്കൻ അസോസിയേഷൻ രൂപീകരിച്ചതോടെ വിപ്ലവതീവ്രവാദം ശക്തമായി. കുപ്രസിദ്ധരായ ഗവൺമെന്റ് ഉദ്യോഗസ്ഥരെ നിലയ്ക്കു നിർത്തുവാൻ വിപ്ലവകാരികൾ പരിപാടികൾ ആസൂത്രണം ചെയ്തു. 1930-ൽ ചിറ്റഗോങ്ങിൽ സൂര്യസെന്നിന്റെ നേതൃത്വത്തിൽ ഗവൺമെന്റിന്റെ ആയുധപ്പുര ആക്രമിച്ചത് ഇതിൽ ആദ്യത്തേതായിരുന്നു. സൂര്യസെൻ പിന്നീട് തൂക്കിലേറ്റപ്പെടുകയുണ്ടായി.


ലാലാ ലജ്പത് റായിയുടെ മരണത്തിനുകാരണക്കാരനായ ബ്രിട്ടീഷുദ്യോഗസ്ഥൻ സാന്റേഴ്സനെ ലാഹോറിൽ ഭഗത് സിംഗിന്റെ നേതൃത്വത്തിലുള്ള വിപ്ലവകാരികൾ വകവരുത്തി.

ഈ സംഘടനയുടെ തീരുമാനപ്രകാരം ഭഗത്സിംഗ്, ബി.കെ. ദത്ത് എന്നിവർ കേന്ദ്ര ലജിസ്ലേറ്റീവ് അസംബ്ലിയിൽ 1929 ഏപ്രിൽ 8-ന് ബോംബെറിഞ്ഞു. ഇന്ത്യക്കാരുടെ ആവശ്യങ്ങൾ ഭരണാധികാരികളെ അറിയിക്കാനുള്ള ശ്രമമായിരുന്നു അത്. ബോംബെറിഞ്ഞതിനു ശേഷം ലഘുലേഖയും വിതരണം ചെയ്തു. എളുപ്പം രക്ഷപ്പെടാമായിരുന്നിട്ടും വിപ്ലവകാരികൾ അറസ്റ്റിനു വഴങ്ങുകയാണുണ്ടായത്. ജനകീയ പ്രതിഷേധത്തെ വകവയ്ക്കാതെ ബ്രിട്ടീഷ് സർക്കാർ 1931 മാർച്ച് 23-ന് ഭഗത്സിംഗ്, സുഖ്ദേവ്, രാജ്ഗുരു എന്നീ വിപ്ലവകാരികളെ തൂക്കിലേറ്റി.


ഭഗത്സിംഗിന്റെ വധശിക്ഷയെപ്പറ്റി ജവഹർലാൽ നെഹ്റു 1931 മാർച്ച് 24-ന് ഇങ്ങനെ പ്രതികരിച്ചു.

"എനിക്കു പൊട്ടിത്തെറിക്കണമെന്നു തോന്നിയിരുന്നെങ്കിലും ഞാൻ മൗനം ഭജിച്ചു.


ഇപ്പോഴെല്ലാം കഴിഞ്ഞിരിക്കുന്നു. നമുക്കേറ്റവും ഇഷ്ടപ്പെട്ടവരും ഇന്ത്യയിലെ യുവജനങ്ങൾക്ക് ഉത്സാഹം പകർന്നിരുന്നവരും ധൈര്യത്തിന്റെയും ത്യാഗത്തിന്റെയും ഉടമകളുമായിരുന്ന അവരെ രക്ഷിക്കുവാൻ നമുക്കാർക്കും കഴിഞ്ഞില്ല. ഇന്ത്യക്കിന്ന് സ്വന്തം പ്രിയങ്കരരായ സന്താനങ്ങളെപ്പോലും തൂക്കുമരത്തിൽ നിന്നു രക്ഷിക്കാനാവില്ലെന്നു വന്നിരിക്കുന്നു.



ഭഗത് സിംഗ്



സുഖ്ദേവ്



രാജ്ഗുരു

എല്ലായിടത്തും ഹർത്താലുകളും വിലാപയാത്രകളും ഉണ്ടായിരിക്കും. നമ്മുടെ പരമനിസ്സഹായതയെ ചൊല്ലി രാജ്യത്തെമ്പാടും ദുഃഖാചരണം ഉണ്ടാകും. അതോടൊപ്പം മരിച്ചവരുടെ പേരിൽ അഭിമാനവും നിലനിൽക്കും. ഇംഗ്ലണ്ട് ഒരു സന്ധിക്കു വേണ്ടി നമ്മോടു ചർച്ചയ്ക്കു വരുമ്പോൾ ഭഗത് സിംഗിന്റെ മൃതദേഹം മധ്യത്തിലുണ്ടാകും. അതു നാം മറക്കാതിരിക്കുക".

അവലംബം: *സംഘർഷത്തിന്റെ ദിനങ്ങൾ, നെഹറുവിന്റെ തിരഞ്ഞെടുത്ത ലേഖനങ്ങളും പ്രഭാഷണങ്ങളും*

- ഗാന്ധിയൻ സമരമാർഗങ്ങളിൽ നിന്ന് വിപ്ലവ സമര മാർഗങ്ങൾ എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?
- കഴിഞ്ഞ നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഇന്ത്യയിലെ പല പ്രദേശങ്ങളിലും യുവാക്കൾക്കിടയിൽ സായുധസമരങ്ങളോട് ആഭിമുഖ്യം വളർന്നിരുന്നു. എന്തൊക്കെയായിരിക്കാം അതിനുള്ള സാഹചര്യങ്ങൾ? ചർച്ച ചെയ്ത് കുറിപ്പു തയാറാക്കൂ.
  - ബ്രിട്ടീഷുകാരുടെ കടുത്ത നടപടികൾ
  -
- 'ഒന്നാംലോക മഹായുദ്ധം ഇന്ത്യൻ സ്വാതന്ത്ര്യസമരരംഗത്ത് പല പുതിയ പ്രസ്ഥാനങ്ങൾക്കും വഴിവച്ചു.' ഈ പ്രസ്താവനയെ തെളിവുകളുടെ സഹായത്തോടെ വിലയിരുത്തുക.
  - ഗദ്ദർ പാർട്ടി
  - ഹോംറൂൾ പ്രസ്ഥാനം
  - ഹിന്ദുസ്ഥാൻ റിപ്പബ്ലിക് അസോസിയേഷൻ

## പുത്തൻ ആശയങ്ങളുടെ സ്വാധീനം

കോൺഗ്രസിനുള്ളിൽത്തന്നെ സോഷ്യലിസ്റ്റ് ആശയങ്ങൾക്ക് പ്രാമുഖ്യം ലഭിക്കാൻ തുടങ്ങി. ഈ ആശയക്കാരിൽ പ്രമുഖരായിരുന്നു ജവഹർലാൽ നെഹ്റു, സുഭാഷ്ചന്ദ്രബോസ് തുടങ്ങിയവർ. സുഭാഷ് ചന്ദ്രബോസ് ഫോർവേഡ് ബ്ലോക്ക് എന്ന സംഘടന സ്ഥാപിച്ചു.

## 'ഭാരത് ഛോഡോ...'


രണ്ടാംലോകയുദ്ധത്തിന്റെ പശ്ചാത്തലത്തിൽ ബ്രിട്ടീഷുകാർക്ക് ഇന്ത്യക്കാരുടെ പൂർണ പിന്തുണ വേണ്ടിയിരുന്നു. സ്വാതന്ത്ര്യത്തിനായുള്ള ഇന്ത്യയുടെ ആവശ്യം ബ്രിട്ടീഷുകാരെക്കൊണ്ട് അംഗീകരിപ്പിക്കുന്നതിനുള്ള പ്രവർത്തന പരിപാടികൾ കോൺഗ്രസ് ആസൂത്രണം ചെയ്തു.

1942 ആഗസ്റ്റ് 8-ന് ആൾ ഇന്ത്യ കോൺഗ്രസ് കമ്മിറ്റി ചരിത്രപ്രസിദ്ധമായ ക്വിറ്റ് ഇന്ത്യാ പ്രമേയം പാസാക്കി. തികച്ചും അക്രമരഹിത

ബഹുജനസമരം ആരംഭിക്കാൻ ഈ പ്രമേയം ആഹ്വാനം ചെയ്തു. കോൺഗ്രസ് പ്രതിനിധികളെ അഭിസംബോധന ചെയ്തുകൊണ്ട് ഗാന്ധിജി പറഞ്ഞു:


"ആയതിനാൽ, സാധിക്കുമെങ്കിൽ ഉടനടി, പ്രഭാതത്തിനുമുമ്പ്, ഈ രാത്രിയിൽ തന്നെ എനിക്ക് സ്വാതന്ത്ര്യം ലഭിക്കണം... വഞ്ചനയും ചതിയും ഇന്ന് ലോകത്തിൽ നടമാടുന്നു. മന്ത്രിസഭകൾക്കോ അതുപോലുള്ളതിനോ വേണ്ടി ഞാൻ വൈസ്രോയിയുമായി ഒരു വിലപേശൽ നടത്തുകയില്ലെന്ന് നിങ്ങൾക്ക് ഞാൻ ഉറപ്പു നൽകുന്നു. പൂർണസ്വാതന്ത്ര്യത്തിൽ കുറയാത്ത യാതൊന്നുകൊണ്ടും ഞാൻ തൃപ്തിപ്പെടാൻ പോകുന്നില്ല.... ഞാൻ നിങ്ങൾക്ക് ഒരു മന്ത്രം, ഒരു ചെറിയ മന്ത്രം, പറഞ്ഞുതരാം. നിങ്ങൾ അത് നിങ്ങളുടെ ഹൃദയങ്ങളിൽ പതിച്ചെടുക്കുകയും നിങ്ങളുടെ ഓരോ ശ്വാസവും അതിന് പ്രകടമാക്കുകയും ചെയ്യുക. 'പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക' എന്നതാണ് ആ മന്ത്രം. നമ്മൾ ഒന്നുകിൽ ഇന്ത്യയെ സ്വതന്ത്രമാക്കും അല്ലെങ്കിൽ ആ പരിശ്രമത്തിൽ മരിക്കും; നമ്മുടെ അടിമത്തത്തിന്റെ ശാശ്വതീകരണം കാണാൻ നാം ജീവിച്ചിരിക്കുകയില്ല........"

അവലംബം: *ആധുനികഇന്ത്യ*, **വിപൻചന്ദ്ര**



ഗാന്ധിജിയെ അറസ്റ്റു ചെയ്തതിന്റെ പിറ്റേദിവസത്തെ പത്രവാർത്തകൾ

ആഗസ്റ്റ് ഒമ്പത് വെളുപ്പിനു തന്നെ ഗവൺമെന്റ് ഗാന്ധിജിയടക്കമുള്ള നേതാക്കളെ അറസ്റ്റ് ചെയ്തു. കോൺഗ്രസ്സിനെ നിയമവിരുദ്ധമായി പ്രഖ്യാപിച്ചു. ഇതിനെ തുടർന്ന് രാജ്യം ഇളകി മറിഞ്ഞു. നേതാക്കളുടെ അറസ്റ്റു വാർത്തകൾ ജനങ്ങളെ രോഷാകുലരാക്കി. നേതാക്കളും സംഘടനയുമില്ലാതെ തന്നെ നാട്ടിൽ പ്രതിഷേധമിരമ്പി. ഫാക്ടറികളിലും സ്കൂളുകളിലും കോളജുകളിലും ഹർത്താലുകളും പ്രകടനങ്ങളും നടന്നു. ഗവൺമെന്റ് ലാത്തിച്ചാർജും വെടിവയ്പും കൊണ്ട് സമരത്തെ അടിച്ചമർത്താൻ തുടങ്ങി. ഗവൺമെന്റിന്റെ അടിച്ചമർത്തലിനെതിരെ ജനരോഷം ഉയർന്നു. ലാത്തിച്ചാർജും വെടിവയ്പും അവരെ ക്ഷുഭിതരാക്കി. ക്രമേണ സമരം അക്രമത്തിന്റെ പാതയിലേയ്ക്ക്


ക്വിറ്റ് ഇന്ത്യാ പ്രമേയചർച്ചയിൽ ഗാന്ധിജിയും നെഹ്റുവും മറ്റു നേതാക്കളും

തിരിഞ്ഞു. പൊലീസ് സ്റ്റേഷനുകൾ, പോസ്റ്റോഫീസുകൾ, റെയിൽവേ സ്റ്റേഷനുകൾ എന്നിവ ആക്രമിക്കപ്പെട്ടു. ടെലഗ്രാഫ്, ടെലഫോൺ, റെയിൽപാളങ്ങൾ തുടങ്ങിവ മുറിക്കുകയും ഗവൺമെന്റ് കെട്ടിടങ്ങൾക്ക് തീവയ്ക്കുകയും ചെയ്തു. സമരക്കാർ പല സ്ഥലങ്ങളിലും ഗ്രാമങ്ങളുടെയും നഗരങ്ങളുടെയും നിയന്ത്രണം ഏറ്റെടുത്തു.

ബംഗാളിലെ മിഡ്നാപൂർ, ബോംബെയിലെ സത്താറ തുടങ്ങി പലയിടങ്ങളിലും വിപ്ലവകാരികൾ സമാന്തര ഗവൺമെന്റുകൾ സ്ഥാപിച്ചു. വിദ്യാർഥികളും കർഷകരും തൊഴിലാളികളുമായിരുന്നു സമരത്തിന്റെ മുൻപന്തിയിൽ. സമരത്തെ ഗവൺമെന്റ് നിശ്ശേഷം അടിച്ചമർത്തി. ഭാരത്ഛോഡോ, ഇന്ത്യവിടുക, ക്വിറ്റ്ഇന്ത്യ എന്നീ മുദ്രാവാക്യങ്ങൾ ഇന്ത്യയിൽ മുഴങ്ങിക്കേട്ടു. ഗവൺമെന്റ് സർവശക്തിയും ഉപയോഗിച്ച് സമരത്തെ നേരിട്ടു. ജനക്കൂട്ടത്തിനുനേരെ യന്ത്രത്തോക്കുകൾ വരെ അവർ ഉപയോഗിച്ചു. നഗരങ്ങളുടെയും പട്ടണങ്ങളുടെയും നിയന്ത്രണം സൈന്യം ഏറ്റെടുത്തു.


- 1857-ലെയും 1942-ലെയും സമരങ്ങളെ താരതമ്യം ചെയ്ത് പട്ടിക രൂപപ്പെടുത്തൂ.

| 1857 | 1942 |
|---|---|
| • ചില പ്രദേശങ്ങളിൽ മാത്രം | • രാജ്യവ്യാപകമായി |
| • ഏതാനും ജനവിഭാഗങ്ങൾ മാത്രം പങ്കുകൊണ്ടു | • ബഹുഭൂരിപക്ഷം വിഭാഗങ്ങൾ പങ്കെടുത്തു. |
| • | • |
| • | • |

## ദില്ലിചലോ

സൈനിക മാർഗത്തിലൂടെ ബ്രിട്ടീഷുകാരിൽ നിന്ന് ഇന്ത്യക്കാരെ മോചിപ്പിക്കുക എന്ന ആശയമായിരുന്നു ദേശീയ നേതാവായിരുന്ന സുഭാഷ് ചന്ദ്രബോസിനുണ്ടായിരുന്നത്.

രണ്ടാംലോകയുദ്ധത്തിൽ ബ്രിട്ടീഷ് സൈന്യത്തിലെ ഇന്ത്യൻ സൈനികർ പലരും ജപ്പാന്റെ തടവിലായി. ജപ്പാന്റെ പിന്തുണയോടെ ഈ തടവുകാരെ ഉപയോഗിച്ച് ഒരു ബ്രിട്ടീഷ് വിരുദ്ധ സൈന്യം രൂപീകരിച്ചു. പഴയ വിപ്ലവകാരിയായ റാഷ്ബിഹാരി ബോസ് ഇതിന് നേതൃത്വം നൽകി. ഈ സമയം ഒളിവിൽ പോയ സുഭാഷ് ചന്ദ്രബോസ് ജപ്പാനിലെത്തുകയും ആസാദ് ഹിന്ദ് ഫൗജിൽ (ഇന്ത്യൻ നാഷണൽ ആർമി) ചേരുകയും ചെയ്തു. സിംഗപ്പൂരും റങ്കൂണും




സുഭാഷ്ചന്ദ്രബോസും ക്യാപ്റ്റൻ ലക്ഷ്മിയും ഐ.എൻ.എ വനിതാറജിമെന്റിന്റെ പരിശോധനയ്ക്കിടയിൽ

കേന്ദ്രീകരിച്ച് അദ്ദേഹം ഐ.എൻ.എ പുനസ്സംഘടിപ്പിച്ചു. ലോകയുദ്ധത്തിൽ ബ്രിട്ടന്റെ പക്ഷം ജയിച്ചു. എതിർപക്ഷത്തുള്ള ജപ്പാന്റെ പിന്തുണ ഐ.എൻ.എ.ക്ക് നഷ്ടപ്പെട്ടു. ഇതോടെ ഐ.എൻ.എ. ലക്ഷ്യം നേടുന്നതിൽ പരാജയപ്പെട്ടു.

- ഐ.എൻ.എ സൈനികമാർഗത്തിലൂടെ ഇന്ത്യയെ മോചിപ്പിക്കാൻ നടത്തിയ ശ്രമങ്ങൾക്ക് തിരിച്ചടി നേരിട്ടത് എന്തെല്ലാം കാരണങ്ങൾ കൊണ്ടായിരിക്കാം? കുറിപ്പു തയാറാക്കൂ.

## യുദ്ധാനന്തര സമരങ്ങൾ

ഐ.എൻ.എ. ഭടന്മാരുടെയും ഓഫീസർമാരുടെയും വിചാരണയ്ക്കെതിരെയുള്ള സമരമാണ് യുദ്ധാനന്തര ഇന്ത്യയിൽ ആദ്യം ദൃശ്യമായത്. ഒരുഘട്ടത്തിൽ ബ്രിട്ടീഷ് പട്ടാളത്തിലെ ഓഫീസർമാരിൽ ചിലർ ഇന്ത്യൻ നാഷണൽ ആർമിയുടെ ഭാഗമായി പ്രവർത്തിച്ചു. ഐ.എൻ.എ. ഓഫീസർമാരായ ജനറൽ ഷാനവാസ്, ഗുർദയാൽ സിംഗ് ധില്ലൻ, പ്രേം സെഹ്ഗൽ എന്നിവരെ വിചാരണചെയ്യാനുള്ള നീക്കം ജനങ്ങളുടെ പ്രതിഷേധത്തിന് ഇടയാക്കി.



National Herald, 8 December 19

SUBHAS BOSE AND THE INA MIRACL

BRITISH DESERTION INDIA'S OPPORTUNITY

'We Found a Leader And We Followed Him'.

STATEMENTS BY ACCUSED IN RED FORT TRIAL

P.K. Sehgal

Shah Nawaz Khan

G.S. Dhillon

On 5 November 1945, thei trial began at the Red Fort for "waging war" against "His Majesty the King-Em of India".

Bhulabhai Desai, Chief Defence Counsel

Defence lawyers (from left): K.N. Katju, T.B. Sapru and Jawaharlal Nehru

National Herald, 27 February 1946 reports the sentence passed on Captain Burhan-ud-Din wh

1945 നവ: 1 ന് ചുവപ്പുകോട്ടയിൽ ഐ.എൻ.എ. ഓഫീസർമാരുടെ വിചാരണ സംബന്ധിച്ച - പത്രവാർത്ത

ഇവരെ മോചിപ്പിക്കണമെന്നാവശ്യപ്പെട്ടു കൊണ്ടുള്ള പ്രകടനങ്ങൾ നാട്ടിലുടനീളം നടന്നു. ബ്രിട്ടീഷ് സൈനിക കോടതി ഐ.എൻ.എ. തടവുകാർ കുറ്റക്കാരാണെന്ന് കണ്ടെത്തിയെങ്കിലും അവരെ സ്വതന്ത്രരാക്കി.

1946 ഫെബ്രുവരിയിൽ ബോംബെയിൽ ഇന്ത്യൻ നാവികസേനയിലെ സാധാരണ നാവികർ സൈന്യത്തോടും നാവികപ്പടയോടും യുദ്ധം ചെയ്തു. ദേശീയനേതാക്കൾ ആവശ്യപ്പെട്ടപ്പോൾ മാത്രമാണ് ഇവർ കീഴടങ്ങാൻ സന്നദ്ധരായത്. മറ്റുസൈനികവിഭാഗങ്ങളിലും പണിമുടക്കുകളുണ്ടായി. ദേശീയപ്രസ്ഥാനത്തെ അടിച്ചമർത്തുവാൻ സൈന്യത്തെയും പൊലീസിനെയും വിശ്വസിച്ചേൽപ്പിക്കുവാൻ കഴിയാതായി.

സ്വാതന്ത്ര്യം കിട്ടുന്നതുവരെ ഇന്ത്യ പ്രക്ഷുബ്ധമായിരുന്നു. റെയിൽവെ തൊഴിലാളികളുടെ പണിമുടക്കം, തപാൽ-ടെലഗ്രാഫ് തൊഴിലാളികളുടെ പണിമുടക്കം എന്നിവ ഇതിനു കാരണമായി. ബംഗാളിലെ പാട്ടക്കൃഷിക്കാർ ഭൂവുടമകൾക്കെതിരെ നടത്തിയ തേഭാഗസമരം, പുന്നപ്ര-വയലാറിലെ തൊഴിലാളികളും കർഷകരും ജന്മിമാർക്കും സാമ്രാജ്യത്വത്തിനുമെതിരെ നടത്തിയ സമരം, തെലുങ്കാനയിലെ കർഷകസമരം തുടങ്ങിയവയെല്ലാം ഈ കാലഘട്ടത്തെ സമരോത്സുകമാക്കി.

### സ്വാതന്ത്ര്യത്തിലേക്ക്

ബ്രിട്ടീഷ് ഭരണം ഇനിയും പഴയപടി ഏറെക്കാലം നടത്തിക്കൊണ്ടു പോവാൻ കഴിയില്ലെന്ന യാഥാർഥ്യം ബ്രിട്ടീഷുകാർ മനസ്സിലാക്കി. രണ്ടാം ലോകയുദ്ധത്തിനുശേഷം ബ്രിട്ടനിൽ ഉണ്ടായ ഭരണമാറ്റം ഇന്ത്യയ്ക്കനുകൂലമായി മാറി. ഇന്ത്യയ്ക്ക് അധികാരം കൈമാറുന്നതിനെക്കുറിച്ച് ബ്രിട്ടീഷ് സർക്കാർ ഗൗരവമായി ആലോചിച്ചു. ദീർഘകാലത്തേയ്ക്കും ഹ്രസ്വകാലത്തേയ്ക്കുമുള്ള പ്രവർത്തന പരിപാടികളുടെ വിശദാംശങ്ങൾ ഇതുമായി ബന്ധപ്പെട്ട് തയ്യാറാക്കേണ്ടതുണ്ടായിരുന്നു. ഇതിനായി ബ്രിട്ടീഷ് മന്ത്രിസഭയിലെ മൂന്നംഗങ്ങളടങ്ങിയ ക്യാബിനറ്റ് മിഷനെ ഇന്ത്യയിലേക്കയച്ചു. ഇന്ത്യൻ നേതാക്കളുമായി കാബിനറ്റ് മിഷൻ ചർച്ച നടത്തി. തുടർന്ന് കാബിനറ്റ് മിഷൻ അവരുടെ പരിപാടികൾ വ്യക്തമാക്കി. കോൺഗ്രസ്സും ലീഗും മിഷന്റെ അഭിപ്രായ



ജവഹർലാൽ നെഹ്റുവിന്റെ നേതൃത്വത്തിലുള്ള 1946-ലെ ഇടക്കാല ഗവൺമെന്റിലെ മന്ത്രിസഭാംഗങ്ങൾ

(ജവഹർലാൽ നെഹ്റു, ബെൽദേവ് സിംഗ്, വല്ലഭായ്പട്ടേൽ, ലിയാഖത്ത് അലിഖാൻ, അബ്ദുർ റബ് നിസ്ത്താർ, ഡോ. രാജേന്ദ്രപ്രസാദ്, റഗ്ജീവൻ റാം, എം. ആസിഫ് അലി, ജോൺ മത്തായി, സി. രാജഗോപാലാചാരി, സി.എച്ച്. ഭാഭ, ഐ.ഐ. ചുന്ദ്രിഗർ, ജോഗീന്ദർനാഥ് മണ്ഡൽ, ഗസൽഫാർ അലിഖാൻ)

ങ്ങളോട് ആദ്യം അനുകൂല സമീപനം പുലർത്തിയിരുന്നു. എന്നാൽ പിന്നീട് ഭിന്നാഭിപ്രായങ്ങൾ പ്രകടിപ്പിക്കാൻ തുടങ്ങി. ഇന്ത്യയ്ക്ക് ഒരു ഫെഡറൽ യൂണിയൻ ഉണ്ടാകണമെന്ന് കോൺഗ്രസ്സ് വാദിച്ചു. എന്നാൽ പാക്കിസ്ഥാൻ രൂപികരണമെന്ന ശക്തമായ ആവശ്യവുമായി മുസ്ലിം ലീഗ് നിലകൊണ്ടു. ഇതേസമയം ഇന്ത്യയ്ക്ക് ഒരു ഭരണഘടന ഉണ്ടാക്കുന്നതിനായി ഭരണഘടനാ നിർമ്മാണ സമിതി (കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലി) വിളിച്ചു ചേർക്കണമെന്ന കോൺഗ്രസ്സിന്റെ ആവശ്യം ബ്രിട്ടീഷ് ഗവൺമെന്റ് അംഗീകരിച്ചു.

പാക്കിസ്ഥാൻ നേടിയെടുക്കുന്നതിനുള്ള മുസ്ലീം ലീഗിന്റെ സമരപരിപാടികൾ കലാപത്തിനും രക്തച്ചൊരിച്ചിലിനും വഴിമരുന്നിട്ടു. ആപൽക്കരമായ ഈ ഘട്ടത്തെ മറികടക്കുന്നതിന് ഇന്ത്യയിൽ ഒരിടക്കാല ഗവൺമെന്റ് രൂപികരിക്കാൻ ബ്രിട്ടീഷ് സർക്കാർ തീരുമാനിച്ചു. അങ്ങനെ 1946 സപ്തംബർ 2-ന് ജവഹർലാൽ നെഹ്റുവിന്റെ നേതൃത്വത്തിൽ 12 അംഗങ്ങളുള്ള ഒരു ഇടക്കാല ഗവൺമെന്റ് സത്യപ്രതിജ്ഞ ചെയ്തു അധികാരമേറ്റെടുത്തു. തുടക്കത്തിൽ മന്ത്രിസഭയിൽ ചേരാൻ ലീഗ് തയ്യാറായിരുന്നില്ല. പിന്നീട് ചേർന്നെങ്കിലും ഒരു കൂട്ടുമന്ത്രിസഭയുടെ ഐക്യം നിലനിർത്താൻ ആ ഗവൺമെന്റിനായില്ല.

## അധികാര കൈമാറ്റം

1948 ജൂൺ മാസത്തോടെ ഇന്ത്യയ്ക്ക് അധികാരം വിട്ടുകൊടുക്കണമെന്ന് ബ്രിട്ടീഷ് സർക്കാർ വ്യക്തമാക്കിയിരുന്നു. ഇതിന്റെ ഭാഗമായി ഇന്ത്യയ്ക്ക് അധികാരം കൈമാറാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. എന്നാൽ രാജ്യത്തെ കഷണങ്ങളാക്കി വിഭജിച്ചുകൊണ്ടുള്ള ഒരു തീരുമാനമാണ് പിന്നീടുണ്ടായത്. ചരിത്രംകാലംതൊട്ടുതന്നെ ഒരു രാജ്യത്തിന്റെ ഭാഗമായിരുന്ന രണ്ടു പ്രദേശങ്ങളെ കീറിമുറിച്ച് ഒരു ജനതയുടെ മനസ്സിനെ മാറാത്ത മുറിവേൽപ്പിച്ചാണ് ബ്രിട്ടീഷുകാർ ഇന്ത്യ വിട്ടുപോയത്.

അധികാര കൈമാറ്റത്തിനു മുന്നോടിയായി 1947-ൽ മൗണ്ട് ബാറ്റൺ പ്രഭു ഇന്ത്യയുടെ വൈസ്രോയിയായി ചുമതലയേറ്റു. ഇന്ത്യൻ നേതാക്കളുമായി അദ്ദേഹം ചർച്ച നടത്തി. ചർച്ചയ്ക്കൊടുവിൽ ഒത്തുതീർപ്പുമായി. മൗണ്ട് ബാറ്റൺ പദ്ധതി പ്രഖ്യാപിക്കപ്പെട്ടു. ഇന്ത്യയെ വിഭജിച്ച് രണ്ട് കേന്ദ്ര ഗവൺമെന്റുകൾക്കായി അധികാരം കൈമാറുന്നതിനും ബംഗാൾ, പഞ്ചാബ് പ്രദേശങ്ങളെ വിഭജിക്കുന്നതിനും തീരുമാനമുണ്ടായി. പശ്ചിമ പഞ്ചാബ്, പൂർവ്വ ബംഗാൾ, ആസാമിലെ സിൽഹറ്റ് ജില്ല, സിന്ധ്, ബലൂചിസ്ഥാൻ, വടക്കുപടിഞ്ഞാൻ പ്രവിശ്യ എന്നിവ ഉൾപ്പെടുത്തി സ്വതന്ത്ര അധികാരമുള്ള പാക്കിസ്ഥാൻ രൂപീകരിച്ചു. ഇതിന്റെ ആദ്യ ഗവർണർ ജനറലായി മുഹമ്മദാലി ജിന്ന നിയമിക്കപ്പെട്ടു. അവിഭക്ത ഇന്ത്യയുടെ മറ്റു ഭാഗങ്ങൾ ചേർന്ന് ഇന്ത്യൻ യൂണിയൻ നിലവിൽ വന്നു. സുദീർഘമായ സ്വാതന്ത്ര്യ പ്രക്ഷോഭസമരങ്ങൾക്കൊടുവിൽ വിഭജനത്തിന്റെ മുറിവുകളുമായാണ് നാം സ്വാതന്ത്ര്യം നേടിയത്. അങ്ങനെ ഇന്ത്യയും പാക്കിസ്ഥാനുമെന്ന രണ്ടു സ്വതന്ത്ര രാജ്യങ്ങൾ രൂപംകൊണ്ടു. ഗാന്ധിജി ഇതിനോട് യോജിച്ചിരുന്നില്ല.


- 1857-ലെ സമരം അടിച്ചമർത്തിയശേഷം ബിട്ടീഷുകാർക്ക് ഇന്ത്യയിൽ ഏറെക്കാലം ഭരണം നടത്താൻ കഴിഞ്ഞു. എന്നാൽ 1942-നുശേഷമുള്ള സമരങ്ങളുടെ അവസ്ഥ എന്തായിരുന്നു? ഈ രണ്ടു കാലഘട്ടങ്ങളിലെയും സമരങ്ങളെ താരതമ്യം ചെയ്തുകൊണ്ട് ഒരു സെമിനാർപേപ്പർ തയാറാക്കി അവതരിപ്പിക്കൂ. എന്തെല്ലാം വിഷയങ്ങൾ ഉൾപ്പെടുത്താം.
  - ജനങ്ങളുടെ പങ്കാളിത്തം
  - സമരശേഷമുള്ള സ്ഥിതിഗതികൾ
  - ജനങ്ങളുടെ ആത്മവിശ്വാസം
  -

## ഇന്ത്യ 1947-ൽ


N
ജമ്മു കാശ്മീർ
പശ്ചിമ പാക്കിസ്ഥാൻ
സിക്കിം
പൂർവ്വ പാക്കിസ്ഥാൻ
ചന്ദ്രനഗർ
ജുനഗഢ്
ദിയു
ദാമൻ
ബോംബെ
ഹൈദരാബാദ്
യാനം
ഗോവ
മാഹി
പോണ്ടിച്ചേരി
കാരയ്ക്കൽ

### സ്വാതന്ത്ര്യത്തിന്റെ മുറിവ്






വിഭജനകാലത്ത് അതിർത്തി ഗ്രാമങ്ങളിൽ നിന്നുള്ള അഭയാർത്ഥി പ്രവാഹം

സന്തോഷത്തിന്റെ ആ നിമിഷത്തോടൊപ്പം വേദനയും സങ്കടവും നമുക്കുണ്ടായി. ഇന്ത്യയ്ക്ക് അധികാരം കൈമാറാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. എന്നാൽ രാജ്യത്തെ കഷ്ണങ്ങളാക്കി വിഭജിച്ചുകൊണ്ടുള്ള തീരുമാനമാണ് പിന്നിടുണ്ടായത്. ചരിത്രകാലംതൊട്ടുതന്നെ ഒരു രാജ്യത്തിന്റെ ഭാഗമായിരുന്ന രണ്ടു പ്രദേശങ്ങളെ കീറി മുറിച്ച് ഒരു ജനതയുടെ മനസ്സിൽ മാറാത്ത മുറിവേൽപ്പിച്ചാണ് ബ്രിട്ടീഷുകാർ ഇന്ത്യവി ട്ടുപോയത്. മുസ്ലിങ്ങൾക്ക് മാത്രമായി ഒരു രാഷ്ട്രം വേണമെന്ന് ആൾ ഇന്ത്യാ മുസ്ലിം ലീഗ് ശക്തമായി ആവശ്യപ്പെട്ടിരുന്നു. 'ഭിന്നിപ്പിച്ചു ഭരിക്കുക' എന്ന ബ്രിട്ടീഷ് തന്ത്ര ത്തിന്റെ അനന്തര ഫലമായിരുന്നു ഇന്ത്യാവിഭജനം. അധികാരകൈമാറ്റത്തിന്റെ മുന്നോ ടിയായി 1947-ൽ മൗണ്ട്ബാറ്റൻ പ്രഭു ഇന്ത്യയുടെ വൈസ്രോയിയായി ചുമതലയേറ്റു. ഇന്ത്യൻ നേതാക്കളുമായി അദ്ദേഹം ചർച്ച നടത്തി. ചർച്ചകൾക്കൊടുവിൽ ഒത്തു തീർപ്പായി. ഇന്ത്യയും പാകിസ്ഥാനുമെന്ന രണ്ടു സ്വതന്ത്ര രാജ്യങ്ങൾ രൂപംകൊണ്ടു. ഗാന്ധിജി ഇതിനോട് യോജിച്ചില്ല. ഇന്ത്യയുടെ ഐക്യം എന്ന സ്വപ്നം തകർക്കപ്പെട്ടു. സഹോദരർ സഹോദരരിൽനിന്നകന്നു. വിവരിക്കാനാവാത്ത ക്രൂരതകൾ നടന്നു. വർഗീയലഹളകളുടെ ഭാഗമായി ഇരുരാജ്യങ്ങളിലും ഏതാണ്ട് രണ്ടുലക്ഷത്തിലേറെ പേർ കൊലചെയ്യപ്പെട്ടു.

### ഇന്ത്യ ജീവിതത്തിലേക്ക്

'സ്വാതന്ത്ര്യദിനത്തിൽ രാഷ്ട്രത്തോടായി ചെയ്ത പ്രസംഗത്തിൽ നെഹ്റു ഇങ്ങനെ പറഞ്ഞു:

"അർധരാത്രി ലോകം ഉറങ്ങുമ്പോൾ ഇന്ത്യ ജീവിതത്തിലേക്കും സ്വാതന്ത്ര്യത്തിലേക്കും ഉണരും... അപ്പോൾ ഏറെനാൾ അടിച്ചമർത്ത പ്പെട്ട ഒരു ദേശത്തിന്റെ ആത്മാവ് സംസാ രിച്ചു തുടങ്ങുന്നു. നിർഭാഗ്യത്തിന്റെ ഒരു കാലഘട്ടം നാം ഇന്ന് അവസാനിപ്പിക്കുക യാണ്... നാം ഇന്ന് ആഘോഷിക്കുന്ന ഈ നേട്ടം നമ്മെ കാത്തിരിക്കുന്ന മേന്മയേറിയ വിജയങ്ങളിലേക്കും നേട്ടങ്ങളിലേക്കുമുള്ള ഒരു ചുമട് അവസരങ്ങളുടെ ഒരു വാതിൽ മാത്രമാണ്."



സ്വതന്ത്ര ഇന്ത്യയുടെ ആദ്യപ്രധാനമന്ത്രിയായി പണ്ഡിറ്റ് ജവഹർലാൽ നെഹ്റു സത്യപ്രതിജ്ഞ ചെയ്യുന്നു

- നിലവിലുള്ള ഇന്ത്യയുടെ രാഷ്ട്രീയ ഭൂപടത്തെ വിഭജനശേഷമുള്ള ഇന്ത്യയുടെ ഭൂപടവുമായി താരതമ്യപ്പെടുത്തൂ.
- ഭൂപടത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന പൂർവ പാകിസ്ഥാൻ ഇന്ന് ഏതുപേരിലാണ് അറിയപ്പെടുന്നത്? ഇന്ന് ഇത് പാകിസ്ഥാന്റെ ഭാഗമാണോ?

സ്വാതന്ത്ര്യദിനത്തിൽ മഹാത്മജി ബംഗാളിലെ നവഖാലിയിൽ വർഗീയ ലഹളയ്ക്കിടയായവരെ സാന്ത്വനിപ്പിക്കുകയായിരുന്നു. ഇന്ത്യയിലെ ജനങ്ങൾക്ക് സത്യത്തിന്റെയും അഹിംസയുടെയും സ്നേഹത്തിന്റെയും ധൈര്യത്തിന്റെയും സന്ദേശം നൽകിയ മഹാത്മജി 1948 ജനുവരി 30-ന് നാഥുറാം വിനായക ഗോഡ്സെയുടെ തോക്കിനിരയായി.

20-ാം നൂറ്റാണ്ടിലെ പ്രശസ്ത ശാസ്ത്രകാരനായിരുന്ന ആൽബർട്ട് ഐൻസ്റ്റൈൻ മഹാത്മാവിനെക്കുറിച്ച് ഇങ്ങനെ പറഞ്ഞു:

“ഗാന്ധിജിയെപ്പോലൊരു മനുഷ്യൻ ഈ ലോകത്തിൽ മജ്ജയും മാംസവുമായി ജീവിച്ചിരുന്നു എന്നു പറഞ്ഞാൽ ഒരു പക്ഷേ വരുംതലമുറ വിശ്വസിച്ചില്ല എന്നു വന്നേക്കാം.”


- ‘ഇന്ത്യ ഒരു സ്വതന്ത്രരാജ്യമായി മാറുന്നതിൽ ദേശീയസ്വാതന്ത്ര്യസമരത്തിലെ വിവിധ ധാരകൾ വഹിച്ചപങ്ക്’ എന്നതിനെക്കുറിച്ച് സെമിനാർ നടത്തുക.

# 7

# വിനിമയം പിന്നിട്ട വഴികൾ




**വാ**ർത്തകൾ ശ്രദ്ധിച്ചല്ലോ? അന്താരാഷ്ട്ര വിപണിയിൽ അസംസ്കൃത എണ്ണയുടെ (ക്രൂഡോയിൽ) വിലയിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ നമ്മുടെ രാജ്യത്തെ പെട്രോൾ, ഡീസൽ എന്നിവയുടെ വിലകളിൽ മാറ്റം വരുത്തുന്നതെങ്ങനെയാണ്? ആലോചിച്ചുനോക്കൂ. യുമ്പോൾ ഇറക്കുമതി ചെയ്യാനുള്ള ചെലവും കുറയും. ഇതിന്റെ ഫലമായി പെട്രോളിയം ഉൽപന്നങ്ങളായ പെട്രോൾ, ഡീസൽ, പാചകവാതകം തുടങ്ങിയവയുടെ വില കുറയ്ക്കാൻ കഴിയും. ആഗോള വിപണിയിൽ അസംസ്കൃത എണ്ണയുടെ വില കൂടിയാലോ? അതു നമ്മെ എങ്ങനെയെല്ലാം ബാധിക്കും?




ഇന്ത്യയ്ക്കാവശ്യമായ അസംസ്കൃത എണ്ണയുടെ 70 ശതമാനത്തിലധികവും എണ്ണയുൽപാദക രാജ്യങ്ങളിൽ നിന്നു നാം ഇറക്കുമതി ചെയ്യുകയാണ്. അസംസ്കൃത എണ്ണയുടെവില കുറ

- മുകളിൽ നൽകിയ ഡയഗ്രത്തിന്റെ സഹായത്തോടെ ഒരു കുറിപ്പു തയാറാക്കുക.

അന്തർദേശീയതലത്തിലുണ്ടാവുന്ന പല ചെറിയ മാറ്റങ്ങളും നമ്മെ ബാധിക്കുന്നുണ്ട്. 1991-ലെ ഗൾഫ് യുദ്ധം, അമേരിക്കയിലെയും യൂറോപ്പിലെയും ബാങ്കുകളുടെ തകർച്ച, സാമ്പത്തിക മാന്ദ്യം എന്നിവ ഉദാഹരണങ്ങളാണ്.

വിലക്കയറ്റമുണ്ടാകുമ്പോൾ വസ്തുക്കൾ വാങ്ങിക്കുന്നതിനായി കൂടുതൽ പണം ചെലവഴിക്കേണ്ടിവരും. ഇതിന്റെ പ്രയാസങ്ങൾ മുതിർന്നവരോടു ചോദിച്ചുനോക്കൂ.

നമ്മുടെ നിത്യജീവിതത്തിൽ എന്തെല്ലാം ആവശ്യങ്ങളാണ് നിറവേറ്റാനുള്ളത്? മിക്കതിനും പണം വേണം. പണത്തിന്റെ ആവശ്യങ്ങൾ പട്ടികപ്പെടുത്തിനോക്കൂ. ഭക്ഷണം, വൈദ്യുതി, വീട്ടുവാടക, മരുന്ന്, .... പട്ടിക നീണ്ടുപോകും. പണം നിലവിലില്ലാത്ത അവസ്ഥ ആലോചിച്ചു നോക്കൂ.

## ദൈനംദിനജീവിതം

ഉപ്പു തൊട്ടു കർപ്പൂരം വരെയുള്ള എന്തെല്ലാം നിത്യോപയോഗസാധനങ്ങൾ നമുക്കുവാങ്ങാനുണ്ട്? എല്ലാ സാധനങ്ങളും ഇന്ന് ഏതു ഗ്രാമത്തിൽ ചെന്നാലും വാങ്ങാം, പഴമക്കാർക്ക് ആലോചിക്കാൻ പറ്റാത്തവിധമാണ് ഈ മാറ്റങ്ങൾ. എന്നാൽ അമ്പതുവർഷം മുമ്പത്തെ അവസ്ഥ ഇങ്ങനെയായിരുന്നില്ല. പഴയകാലത്ത് നമുക്ക് ആവശ്യങ്ങൾ തന്നെ വളരെ കുറവായിരുന്നു. കാരണം നമ്മുടെ ആഹാരം, വസ്ത്രധാരണം, ആചാരങ്ങൾ തുടങ്ങി ജീവിതരീതി തന്നെ അന്ന് ഇന്നത്തേതിൽനിന്ന് ഏറെ ഭിന്നമായിരുന്നു; ആവശ്യങ്ങൾ പരിമിതവും.

ഇന്ന് വീട്ടിലേക്കാവശ്യമുള്ള സാധനങ്ങളിൽ, കടകളിൽനിന്നു വാങ്ങുന്നവ പ്രത്യേകമായി എഴുതി നോക്കൂ. അമ്പതോ അറുപതോ കൊല്ലം മുമ്പത്തെ സ്ഥിതിയോ?

ഉപ്പ്, മുളക്, മല്ലി, ജീരകം, ശർക്കര, തേയില, കാപ്പി, മണ്ണെണ്ണ എന്നിവ ലഭിക്കുന്ന കടകളെ മസാലക്കടകൾ (പലവ്യഞ്ജന കടകൾ) എന്നാണു അന്നു വിളിച്ചിരുന്നത്. നല്ലെണ്ണയും വെളിച്ചെണ്ണയും എണ്ണയാട്ടുന്നവരിൽ നിന്നുകിട്ടും. നെയ്ത്തുകാരിൽ നിന്നും തുണി നേരിട്ടു വാങ്ങും. എണ്ണക്കു പകരം എള്ളു നൽകുന്ന പതിവും ഉണ്ടായിരുന്നു. സാധനങ്ങൾ വാങ്ങുന്നതിനു പകരം സാധനങ്ങൾ നൽകുന്നത് അക്കാലത്ത് സാധാരണമായിരുന്നു. അരിയും പച്ചക്കറിയും മറ്റും എവിടെ നിന്നാണു കിട്ടിയിരുന്നത്? അതത്രയും സ്വന്തമായി കൃഷി ചെയ്തുണ്ടാക്കുകയോ ഉൽപാദകരിൽ നിന്ന് നേരിട്ടു വാങ്ങുകയോ ചെയ്തു.

ഇന്നത്തെ സ്ഥിതിയോ? എല്ലാ വസ്തുക്കളും വിൽക്കുന്ന സൂപ്പർമാർക്കറ്റുകൾ ഇന്ന് നമ്മുടെ നാട്ടിലുണ്ട്. ഏത് വസ്തുവിനും ആവശ്യക്കാരുമുണ്ടാകും.

എല്ലാക്കാലത്തും ജനങ്ങൾ പ്രതിഫലമായി പണം നൽകിയാണോ ആവശ്യങ്ങൾ നിറവേറ്റിയിരുന്നത്? പണം നിലവിലില്ലാതിരുന്ന കാലത്ത് ആളുകൾ ഉൽപന്നങ്ങൾ വാങ്ങുകയും വിൽക്കുകയും ചെയ്തിരുന്നത് എങ്ങനെയായിരുന്നു?

## ഉൽപന്നത്തിനു പകരം ഉൽപന്നം

*കൊയ്തു കഴിഞ്ഞ പാടം. ഉഴുതുമറിക്കാൻ സമയമായി. നല്ല വിളവുണ്ടായതിനാൽ അടുത്ത കൃഷിയിറക്കാൻ കർഷകർക്ക് ഉത്സാഹം വർധിച്ചു. പണിയായുധങ്ങൾ ഒരുക്കണം. കർഷകരിലൊരാൾ പൊളിഞ്ഞ കലപ്പ മാറ്റി പുതിയതൊന്നു പണിയാൻ മരപ്പണിക്കാരെ ഏൽപ്പിച്ചിട്ടുണ്ട്. പത്തായത്തിൽ നിന്നു കുറെ നെല്ലെടുത്ത് കുട്ടയിലാക്കി അയാൾ മരപ്പണിക്കാരന്റെ വീട്ടിലെത്തി.*

*തനിക്കായി പണിതുവച്ച കലപ്പ മരപ്പണിക്കാരൻ അയാൾക്കു നൽകി. പകരം അയാൾ മരപ്പണിക്കാരന് നെല്ലു കൊടുത്തു. മരപ്പണിക്കാരൻ അടക്കാനാകാത്ത സന്തോഷത്തോടെ ഇങ്ങനെ പറഞ്ഞു: "നാളേക്ക് കഞ്ഞിവെക്കാൻ അരി വേണമെന്ന് ദാ ഇപ്പം വീട്ടുകാരി പറഞ്ഞതേയുള്ളൂ. നെല്ലു കിട്ടിയത് വലിയ അനുഗ്രഹമായി. ഇക്കൊല്ലത്തെ കൃഷി കേമമാകട്ടെ."*

**ബാർട്ടർ സമ്പ്രദായം**

പണം നിലവിൽവരുന്നതിന് മുമ്പ് ജനങ്ങൾ അവരുടെ ആവശ്യങ്ങൾ നിർവഹിക്കുന്നതിനായി അവരവർ ഉൽപാദിപ്പിക്കുന്ന സാധനങ്ങൾ പരസ്പരം കൈമാറ്റം ചെയ്യുകയായിരുന്നു പതിവ്. ഇത്തരത്തിൽ സാധനങ്ങൾക്കു പകരം സാധനങ്ങൾ കൈമാറ്റം ചെയ്യുന്ന വ്യവസ്ഥയാണ് ഉൽപന്ന കൈമാറ്റ വ്യവസ്ഥ അഥവാ ബാർട്ടർ സമ്പ്രദായം.

ഇന്ന് ഇത്തരത്തിലുള്ള വിനിമയങ്ങൾ നടക്കുന്നുണ്ടോ? നിങ്ങളുടെ വീട്ടിൽ കൈമാറ്റവ്യവസ്ഥയിലൂടെ ഏതെങ്കിലും സാധനങ്ങൾ വാങ്ങാറുണ്ടോ? പഴയ രീതിതന്നെയാണ് തുടരുന്നതെങ്കിൽ നാം നേരിടുന്ന പ്രയാസങ്ങൾ എന്തൊക്കെയായിരിക്കും? അക്കാലത്തെ ഒരനുഭവം നോക്കൂ.

കവലയിൽ ആളുകളുടെ എണ്ണം കൂടിക്കൂടി വന്നു. വാഴക്കുലയും തലയിലേറ്റി ചിലർ. കോഴി, ആട്, പശു തുടങ്ങിയവയുമായി മറ്റു ചിലർ. ചക്കയും മാങ്ങയും നെല്ലും പച്ചക്കറികളും നാളികേരവും എന്നുവേണ്ട നിത്യോപയോഗസാധനങ്ങളെല്ലാം ചന്തയിൽ നിറഞ്ഞു കഴിഞ്ഞു.

തലയിൽ വാഴക്കുലയേന്തിയ ഒരാൾക്കു വേണ്ടത് അരിയാണ്. അരിക്കാരനെയും അന്വേഷിച്ചു നടക്കാൻ തുടങ്ങിയിട്ട് നേരം കുറെയായി. ഒടുവിൽ അവർ പരസ്പരം കണ്ടുമുട്ടി. പക്ഷേ, എന്തുചെയ്യാൻ. അരിയേന്തിയ ആൾക്ക് കുലവേണ്ട. അയാൾക്ക് കോഴിയെ മതി. അയാൾ കോഴിയെ കൊണ്ടുവന്നയാളിനു നേർക്കു തിരിഞ്ഞു. പക്ഷേ കോഴിയുടെ ഉടമയ്ക്ക് അരി വേണ്ട, അയാൾക്കു തേങ്ങ മതി. ആളുകൾ അവരവർക്കു വേണ്ട സാധനങ്ങൾ കിട്ടാൻ പെടാപ്പാടുപെടുന്നു. ഹോ! എന്തൊരവസ്ഥ. ഈ പ്രയാസത്തിന് എന്നെങ്കിലും അറുതിയുണ്ടാവുമോ? അക്കാലത്ത് ഓരോരുത്തരുടെയും മാനസികാവസ്ഥ ഇതായിരിക്കില്ലേ?

സാധനക്കൈമാറ്റവ്യവസ്ഥയുടെ പ്രത്യേകതകളെക്കുറിച്ചറിഞ്ഞല്ലോ. എന്തെല്ലാം നേട്ടങ്ങളും പരിമിതികളും അക്കാലത്ത് അനുഭവിച്ചിരിക്കാം. ക്ലാസിൽ ചർച്ചചെയ്ത് കുറിപ്പു തയാറാക്കുക. വീട്ടിലെ മുതിർന്നവരിൽ നിന്ന് അവരുടെ ബാല്യകാലത്തെ അനുഭവങ്ങൾ ചോദിച്ചറിയൂ.

- പണം ഉപയോഗത്തിൽ വരുന്നതിനുമുമ്പ് ജീവിച്ചവർ നേരിട്ടിരിക്കാനിടയുള്ള പ്രയാസങ്ങൾ ക്ലാസിൽ ചർച്ചചെയ്തു കുറിപ്പു തയാറാക്കൂ.

## പണത്തിന്റെ ആവശ്യകത

ബാർട്ടർ സമ്പ്രദായത്തിന്റെ പരിമിതികൾ മറികടക്കുന്നതിനാണ് പണം ഉപയോഗിച്ചുതുടങ്ങിയത്. പണത്തിന്റെ ഉപയോഗം ജനങ്ങളെ എങ്ങനെയെല്ലാം സഹായിച്ചിരിക്കും?

- ഏതു വസ്തുവും വാങ്ങിക്കുന്നതിനും വിൽക്കുന്നതിനും സാധിച്ചു.
- സമ്പത്ത് പണമായി കരുതിവയ്ക്കാനായി.
- വസ്തുക്കളുടെയും സേവനങ്ങളുടെയും മൂല്യം കണക്കാക്കാൻ സാധിച്ചു.
- പണം നിലവിലില്ലായിരുന്ന കാലത്ത് എങ്ങിനെയായിരിക്കും ജനങ്ങൾ അവരുടെ ജീവിതാവശ്യങ്ങൾ നിർവഹിച്ചിരിക്കുക? മുതിർന്നവരുമായി ചർച്ച ചെയ്ത് കുറിപ്പു തയാറാക്കൂ.

## നാണയത്തിന്റെ കഥ

നാണയങ്ങൾ ഉണ്ടാക്കുവാൻ ആദ്യകാലത്ത് സ്വർണം, വെള്ളി മുതലായ മൂല്യമേറിയ ലോഹങ്ങളാണ് ഉപയോഗിച്ചിരുന്നത്. നാണയങ്ങളുടെ ആവശ്യവും പ്രചാരവും വർധിച്ചതോടെ മൂല്യമേറിയ ലോഹങ്ങൾ കൊണ്ടു മാത്രം നിർമിച്ച നാണയങ്ങൾ വിനിമയത്തിനു മതിയാകാതെ വന്നു. ഈ ഘട്ടത്തിലാണ് ചെമ്പ്, നിക്കൽ മുതലായ താരതമ്യേന മൂല്യം കുറഞ്ഞ ലോഹങ്ങൾ കൊണ്ടുള്ള നാണയങ്ങൾ പ്രചാരത്തിൽ വന്നത്. തുടർന്ന് അലൂമിനിയം, സ്റ്റെയിൻലെസ് സ്റ്റീൽ എന്നിവ നാണയ നിർമാണത്തിന് ഉപയോഗിക്കാൻ തുടങ്ങി. ഇവ പ്രചാരത്തിലായതോടെ ചെമ്പ്, നിക്കൽ നാണയങ്ങൾ അപ്രത്യക്ഷമായി.



ആദ്യകാലനാണയങ്ങളുടെ ചിത്രം ശ്രദ്ധിക്കൂ. ആകൃതിയിലും വലിപ്പത്തിലും എന്തുമാത്രം വൈവിധ്യമാണുള്ളതെന്നു കണ്ടുവല്ലോ.

- ചിത്രത്തിൽ കാണുന്ന നാണയങ്ങൾ ശ്രദ്ധിക്കൂ. എന്തെല്ലാം വ്യത്യാസങ്ങളാണ് ഇവ തമ്മിലുള്ളത്? എന്തുകൊണ്ടാണ് ഈ നാണയങ്ങൾ തമ്മിൽ ഇത്രയധികം വ്യത്യാസങ്ങൾ ഉണ്ടായത്?



- ഇന്നു നിങ്ങൾ ഉപയോഗിക്കുന്ന നാണയങ്ങൾ ഏതു ലോഹം കൊണ്ടുള്ളവയാണ്?

## സ്വതന്ത്ര ഇന്ത്യയിലെ ആദ്യകാല നാണയങ്ങൾ

കാർഷപണം, പുരാണ, രൂപക, സുവർണ എന്നിവ ഇന്ത്യയിലെ ആദ്യകാലനാണയങ്ങളായിരുന്നു. വെള്ളിയിൽ മുദ്രണം ചെയ്തവയായിരുന്നു ഇന്ത്യയിലെ ആദ്യത്തെ നാണയങ്ങൾ.

ബ്രിട്ടീഷ് ഭരണകാലത്ത് നമ്മുടെ നാണയം രൂപയായി. അവർ രൂപയെ പതിനാറ് അണയായി വിഭജിച്ചു (അല്ലെങ്കിൽ 64 പൈസ). മുകളിലത്തെ ചിത്രത്തിലെ ആദ്യനാണയം ഇന്ത്യൻ നാണയ നിയമം (1955) നിലവിൽവരുന്നതിനുമുമ്പ് സ്വതന്ത്ര ഇന്ത്യയിൽ നിലനിന്നിരുന്ന ഒരു പൈസയാണ്. പുതിയ നാണയനിയമപ്രകാരം പേരിൽ മാറ്റം വരുത്തിയില്ലെങ്കിലും രൂപയെ നൂറു പൈസയായി വിഭജിച്ചു. ഇതേത്തുടർന്നു നിലവിൽവന്ന ആദ്യ നാണയത്തിന്റെ പേരിൽ *'നയാ പൈസ'* എന്ന് ആലേഖനം ചെയ്തതു ശ്രദ്ധിക്കൂ. 1964-ൽ നാണയങ്ങളിൽ നിന്ന് *'നയ'* എന്ന വിശേഷണം ഒഴിവാക്കി. 1965-ലെ ഒരു പൈസ ചിത്രത്തിൽ നൽകിയിരിക്കുന്നതു ശ്രദ്ധിക്കൂ.

ചിത്രത്തിലെ ആദ്യത്തെ രണ്ടു നാണയങ്ങളും വെങ്കലം കൊണ്ടു നിർമിച്ചതാണെങ്കിലും മൂന്നാമത്തെ നാണയം അലുമിനിയം, നിക്കൽ എന്നിവയുടെ സങ്കരം കൊണ്ടാണ് നിർമിച്ചിരിക്കുന്നത്.

**നാണയവിജ്ഞാനീയം**

വിപുലമായ ഒരു വിജ്ഞാനശാഖയാണ് നാണയവിജ്ഞാനീയം. 'ന്യൂമിസ്മാറ്റിക്സ്' എന്നാണ് ഇംഗ്ലീഷിൽ ഈ ശാഖയുടെ പേര്. നാണയങ്ങൾ, മെഡലുകൾ, കടലാസുകറൻസി എന്നിവയുടെ ശേഖരണവും ക്രമനിബദ്ധമായ പഠനവുമാണ് നാണയവിജ്ഞാനീയം.

ഇനി ഓരോരുത്തർക്കും നാണയശേഖരം ആരംഭിച്ചുകൂടേ? എങ്ങനെയാവാം നാണയശേഖരമെന്ന് ഈ പാഠത്തിന്റെ അവസാനഭാഗത്ത് സൂചിപ്പിച്ചിട്ടുണ്ട്. ശേഖരിച്ച നാണയങ്ങളെ പഠന വിധേയമാക്കുകയും വേണം.

എന്തെല്ലാം പഠനവിഷയമാക്കാം?

- നാണയങ്ങളുടെ ആകൃതി
- നാണയങ്ങളുടെ തൂക്കം
- നിർമിക്കാനുപയോഗിച്ച ലോഹം

- നാണയത്തിലെ മുദ്രകൾ/ലിഖിതങ്ങൾ
- ഉൾക്കൊള്ളുന്ന മൂല്യം
- നാണയനിർമാണനിയമങ്ങൾ
- നാണയത്തിന്റെ ചരിത്രപശ്ചാത്തലം

ഇവയുടെ പഠനഫലം നമ്മെ വിസ്മയിപ്പിച്ചേക്കും. ജീവിതത്തിന്റെ വ്യത്യസ്ത തലങ്ങളെയും ബന്ധത്തെയും മനസ്സിലാക്കാൻ ഇതു സഹായകമാവും.

> **ആദ്യനാണയം**
>
> അറിയപ്പെട്ടിടത്തോളം ലോകത്തിലെ ആദ്യത്തെ ഔദ്യോഗിക നാണയം 'ലിഡിയ' യാണ് (BC 673). ഏറ്റവും പഴയ മറ്റ് നാണയങ്ങൾ, പേർഷ്യയുടെ 'ഡാറിക്' ഏഷ്യാമൈനറിലെ 'ഹെക്തായ്' 'ഏതൻസിലെ 'ഓൾ' എന്നിവയാണ്.

## വ്യാജനാണയങ്ങൾ

പതിന്നാലാം നൂറ്റാണ്ടിൽ ഡൽഹി ഭരിച്ചിരുന്ന സുൽത്താന്മാരിൽ പ്രമുഖനായിരുന്നു മുഹമ്മദ് ബിൻ തുഗ്ലക്ക്. നാണയനിർമാണ രംഗത്ത് നിരവധി പരീക്ഷണങ്ങൾ ഇദ്ദേഹം നടത്തിനോക്കി. അവയിലൊന്നായിരുന്നു ചെമ്പുനാണയങ്ങളുടെ നിർമാണം. സ്വർണത്തിലും വെള്ളിയിലുമുള്ള നാണയങ്ങൾ പോലെ ചെമ്പുനാണയങ്ങൾ പരിഗണിക്കണമെന്ന് കല്പന പുറപ്പെടുവിച്ചു. എന്നാൽ ചെമ്പുനാണയങ്ങൾ നിർമിക്കാനുള്ള അവകാശം കുത്തകയാക്കി വയ്ക്കുവാൻ അദ്ദേഹം ശ്രദ്ധിച്ചതുമില്ല. രാജകീയകമ്മട്ടത്തിൽ അടിച്ചതുപോലെയുള്ള നാണയങ്ങൾ നാട്ടിലുടനീളം പ്രചരിച്ചു. വീടുകൾ കമ്മട്ടമാക്കിമാറ്റി നിരവധി പേർ ചെമ്പുനാണയങ്ങൾ നിർമിക്കാനാരംഭിച്ചു. ഇത്തരം കള്ളനാണയങ്ങൾ ഉപയോഗിച്ച് ആളുകൾ കരമടയ്ക്കുകയും സാധനങ്ങൾ വാങ്ങിക്കൂട്ടുകയും ചെയ്തു. അനിയന്ത്രിതമായ ഈ നാണയപ്രവാഹം നാണയത്തിന്റെ മൂല്യം തകരാൻ ഇടയാക്കി. വ്യാപാരവും വ്യവസായവും മന്ദീഭവിച്ചു. അവസാനം ചെമ്പുനാണയം പിൻവലിക്കാൻ രാജാവ് നിർബന്ധിതനായി. ചെമ്പുനാണയത്തിന്റെ മുഖവിലയ്ക്കുള്ള സ്വർണവും വെള്ളിയും നൽകിയാണ് അദ്ദേഹം പ്രതിസന്ധി തരണം ചെയ്തത്.

നാണയങ്ങൾ അടിച്ചിറക്കാനും നിയന്ത്രിക്കാനും പൊതുഏജൻസിയെ നിയമിക്കാതിരുന്നതാണ് ഇതിനിടയാക്കിയത്. നിയന്ത്രിക്കാനാവാത്ത വിധം പ്രശ്നങ്ങൾ ഉണ്ടായതിനെ തുടർന്ന് പരിഷ്കരണനടപടികൾ അദ്ദേഹത്തിനു പിൻവലിക്കേണ്ടിവന്നു.

- തുഗ്ലക്കിന്റെ നാണയപരിഷ്കരണം പരാജയപ്പെട്ടതിൽ നിന്ന് നാണയനിർമാണം സംബന്ധിച്ച് എന്തെല്ലാം നിഗമനങ്ങൾ നമുക്കു രൂപീകരിക്കാനാകും?
- നാണയ നിർമാണത്തിലെ സർക്കാർ നിയന്ത്രണം
- തുഗ്ലക്കിന്റേതു പോലൊരു പരിഷ്കാരം ഇന്നാണ് വരുത്തിയതെങ്കിൽ എന്തു സംഭവിക്കും?
- വ്യാജനോട്ടുകൾ നിർമിച്ച് പ്രചരിപ്പിക്കുന്നതുമായി ബന്ധപ്പെട്ടുണ്ടാവുന്ന പ്രശ്നങ്ങൾ ക്ലാസിൽ ചർച്ച ചെയ്യൂ.

തുഗ്ലക്കിന്റെ നാണയപരിഷ്കരണ ശ്രമങ്ങൾ പരാജയപ്പെട്ടുവെങ്കിലും മുഗൾ ഭരണകാലഘട്ടത്തിൽ നാണയപരിഷ്കരണം വിജയകരമായി പൂർത്തിയാക്കുവാൻ കഴിഞ്ഞു. അക്ബറുടെ കാലത്ത് ചെമ്പുനാണയങ്ങൾ അടിച്ച് വിതരണം നടത്തി.

പണം അടിച്ചിറക്കുന്നതിനും നാണയവ്യവസ്ഥ നിയന്ത്രിക്കുന്നതിനും ഔദ്യോഗിക സംവിധാനം ആവശ്യമാണെന്നു കണ്ടല്ലോ.

## കടലാസുപണത്തിലേക്ക്

ജനങ്ങളുടെ ജീവിതാവശ്യങ്ങൾ വർധിച്ചതോടെ കച്ചവടരംഗം വികസിക്കാൻ തുടങ്ങി. കാർഷികേതരമേഖലകളുടെ വളർച്ച, ജീവിതസമ്പ്രദായത്തിൽ വന്നമാറ്റം എന്നിവ നാണയത്തിന്റെ പ്രചാരം വർധിക്കുവാൻ ഇടയാക്കി. പണത്തിന്റെ ഉപയോഗം വ്യാപകമായതോടുകൂടി നാണയങ്ങൾക്കു മാത്രമായി കൈമാറ്റ ആവശ്യങ്ങൾ തൃപ്തിപ്പെടുത്തുന്നതിൽ പരിമിതി നേരിട്ടു. എന്തെല്ലാം പ്രയാസങ്ങളായി

രിക്കും ഇവിടെ നേരിടേണ്ടിവന്നിട്ടുണ്ടാവുക? നൂറോ, ആയിരമോ അതിലധികമോ വരുന്ന തുക നാണയങ്ങളായി കൊണ്ടുനടക്കേണ്ടി വരുന്നത് എത്രമാത്രം പ്രയാസകരമാണ്! ഈ പ്രയാസങ്ങൾ തരണം ചെയ്യാനാണ് കടലാസുപണം (Paper currency) ഉപയോഗിച്ചത്.

ഇന്നു പ്രചാരത്തിലുള്ള കറൻസിനോട്ടുകൾ പരിശോധിക്കൂ. എന്തെല്ലാം കാര്യങ്ങളാണ് കണ്ടെത്താനാവുക? കണ്ടെത്തിയവ രേഖപ്പെടുത്തു. നാണയത്തിൽ നിന്ന് ഇതിനുള്ള വ്യത്യാസങ്ങൾ എന്തെല്ലാം?

- നിർമിക്കാൻ ഉപയോഗിച്ച വസ്തു
- മൂല്യം
- മൂല്യം വർധിക്കുന്നതിനനുസരിച്ചു വരുന്ന മാറ്റം
- നിർമിക്കുന്ന ഏജൻസി

നമ്മുടെ രാജ്യത്ത് ഇന്നു പ്രചാരത്തിലുള്ള പണം അടിച്ചിറക്കുന്നതിനു ചുമതലപ്പെട്ട ബാങ്ക് ഏതാണ്?

എല്ലാ രാഷ്ട്രങ്ങളിലും കറൻസി അടിക്കുന്നതിനും നാണയവ്യവസ്ഥ നിയന്ത്രിക്കുന്നതിനുമുള്ള ചുമതല കേന്ദ്രബാങ്കിനാണ്. ഇന്ത്യയിലെ കേന്ദ്രബാങ്കാണ് ഭാരതീയ റിസർവ് ബാങ്ക്. ഈ പേര്, നേരത്തെ നോട്ടുകൾ പരിശോധിച്ചപ്പോൾ നിങ്ങളുടെ ശ്രദ്ധയിൽപെട്ടിരിക്കുമല്ലോ.

**ഭാരതീയ റിസർവ് ബാങ്ക്**
**Reserve Bank of India (RBI)**

1935-ലാണ് RBI ആരംഭിക്കുന്നത്. ബ്രിട്ടീഷ് ഗവൺമെന്റ് ആരംഭിച്ച ഈ ബാങ്കിനെ 1949-ൽ ഇന്ത്യയിലെ കേന്ദ്രബാങ്കായി ഔദ്യോഗികമായി പ്രഖ്യാപിച്ചു. മുംബൈ ആസ്ഥാനമാക്കിയാണ് ഇത് പ്രവർത്തിക്കുന്നത്. പണവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ കേന്ദ്രഗവൺമെന്റിന് ഉപദേശം നൽകുന്നത് ഈ ബാങ്കാണ്.

നിയന്ത്രിത നാണയവ്യവസ്ഥ നിലവിൽ വന്നതോടെ രാജ്യത്തെ വ്യാപാരം, വാണിജ്യം തുടങ്ങിയ സാമ്പത്തിക പ്രവർത്തനങ്ങൾ എളുപ്പമായിത്തീർന്നു.

## ഉൽപാദനം അവിടെ, ഉപയോഗം ഇവിടെ

ഈ പാഠത്തിന്റെ ആദ്യഭാഗത്തെ ചർച്ചയിൽ നമ്മുടെ ജീവിതാവശ്യങ്ങൾ വർധിച്ചിട്ടുണ്ടെന്നും അവ നിറവേറ്റുന്നതിനായി ഒട്ടനവധി വസ്തുക്കൾ വേണ്ടിവരുമെന്നും കണ്ടല്ലോ?

ഇവയെല്ലാം നമ്മുടെ പ്രദേശത്ത് ഉൽപാദിപ്പിക്കാനാവുമോ? നാം ഉപയോഗിക്കുന്ന പല വസ്തുക്കളും അന്യദേശങ്ങളിൽ ഉൽപാദിപ്പിക്കുന്നവയാണെന്ന് മുൻക്ലാസ്സുകളിൽ കണ്ടുവല്ലോ? മറ്റു പ്രദേശങ്ങളിൽ ഉൽപാദിപ്പിക്കുന്നവ ആരിലൂടെയാണ് നമുക്കു ലഭിക്കുന്നത്? ഉൽപാദിപ്പിക്കുന്ന മുഴുവൻ വസ്തുക്കളും ഉൽപാദകർ ഉടൻതന്നെ വിറ്റഴിക്കുമോ?

കർഷകർ വിളവിന്റെ ഒരു ഭാഗം വിത്തിനായും മറ്റൊരുഭാഗം സ്വന്തം ഉപയോഗത്തിനായും മാറ്റിവയ്ക്കും. ശേഷിക്കുന്നത് മാത്രമാണ് വിറ്റഴിക്കുന്നത്. ഇങ്ങനെ മാറ്റിവയ്ക്കുന്ന ധാന്യങ്ങൾ കേടു കൂടാതെ സംഭരിച്ചു വയ്ക്കുന്നതിന് പ്രത്യേകം സംവിധാനങ്ങൾ ഉണ്ടായിരുന്നു. പത്തായങ്ങളാണ് മുൻകാലങ്ങളിൽ ധാന്യശേഖരണത്തിനായി ഉപയോഗിച്ചത്. ഇന്ത്യയുമായി ആദ്യകാലത്ത് കച്ചവടത്തിലേർപ്പെട്ട വിദേശികൾ നദീതീരങ്ങളിലും സമുദ്രതീരങ്ങളിലും വലിയ പാണ്ടികശാലകളും, കോട്ടകളും സ്ഥാപിച്ചിരുന്നു. വസ്തുക്കൾ വാങ്ങി സംഭരിക്കുന്നതിനും എളുപ്പത്തിൽ കടത്തികൊണ്ടുപോവുന്നതിനും സംഭരണശാലകൾ സഹായിച്ചു. ഇപ്പോൾ ഉൽപാദകർ അവരുടെ ഉൽപന്നങ്ങൾ സംഭരണശാലകളിലാണ് സംരക്ഷിക്കുന്നത്.



സംഭരണശാലകളിൽ നിന്ന് ഈ വസ്തുക്കൾ നമ്മുടെ പ്രദേശത്തെ കടകളിൽ എത്തുന്നതെങ്ങനെ?

ഫ്ളോ ചാർട്ട് നിരീക്ഷിക്കൂ.

ഉൽപാദകൻ
(Producer)
↓
മൊത്തവ്യാപാരി
(Wholesaler)
↓
ചെറുകിടവ്യാപാരി
(Retailer)
↓
ഉപഭോക്താവ്
(Consumer)

- മുംബൈയിൽ ഉൽപാദിപ്പിക്കുന്ന വസ്തുക്കൾ എങ്ങനെയാണ് നിങ്ങളുടെ അടുത്തുള്ള വ്യാപാരിക്ക് ലഭിക്കുന്നത്?
- ഈ കച്ചവടക്കാരൻ വസ്തുക്കൾ ഉൽപാദകരിൽ നിന്ന് നേരിട്ടു വാങ്ങുകയാണോ? ആരാണിയാൾക്ക് സാധനങ്ങൾ എത്തിച്ചു കൊടുക്കുന്നത്?
- ചെറുകിടവ്യാപാരിക്ക് വസ്തുക്കൾ എത്തിക്കുന്ന ആളെ എന്താണു വിളിക്കുക?

മുകളിലുള്ള ചോദ്യങ്ങളെ അടിസ്ഥാനമാക്കിയുള്ള ചർച്ചയ്ക്കുശേഷം കുറിപ്പുകൾ തയാറാക്കൂ.

- ഉപഭോക്താവ് വിലയായി നൽകുന്ന പണം ഉൽപാദകരിൽ എത്തിച്ചേരുന്നത് എങ്ങനെ എന്നു കാണിക്കുന്ന ഒരു ഫ്ളോചാർട്ട് തയാറാക്കുക.

മിക്കവാറും വസ്തുക്കളുടെ വ്യാപാരത്തിൽ ഇത്തരം ഒരു ശൃംഖല നിലവിലുണ്ട്. വ്യാപാരം സുഗമമായി നടത്തുന്നതിന് മറ്റെന്തെല്ലാം സഹായം ആവശ്യമുണ്ട്?

പട്ടിക പൂർത്തിയാക്കിയാൽ വ്യാപാരത്തെ സഹായിക്കുന്ന ഘടകങ്ങൾ കണ്ടെത്താനാകും.

| വ്യാപാരസഹായ ഘടകങ്ങൾ | ലഭിക്കുന്ന സഹായങ്ങൾ |
|---|---|
| • | • അസംസ്കൃതവസ്തുക്കൾ വ്യവസായശാലകളിലേയ്ക്കും ഉൽപന്നങ്ങൾ വിപണിയിലേയ്ക്കും എത്തിക്കൽ. |
| • | • ഉൽപന്നത്തെക്കുറിച്ചും വിപണനത്തെക്കുറിച്ചും വിവരങ്ങൾ പൊതുജനങ്ങളിലേയ്ക്കും തിരിച്ചും എത്തിക്കുന്നതിനുള്ള സംവിധാനം. |
| • | • ഉൽപാദനത്തിൽ വിപണനത്തിനാവശ്യമായ പണം വായ്പയായി നൽകുകയും നിക്ഷേപങ്ങൾ സ്വീകരിക്കുകയും ചെയ്യുന്ന സ്ഥാപനം |
| • | • ഉൽപാദനസമയത്തും സംഭരണസ്ഥലത്തും ഉൽപന്നങ്ങൾക്ക് സംഭവിക്കാവുന്ന നാശനഷ്ടങ്ങൾക്കെതിരെ മുൻകരുതലുകൾ സ്വീകരിക്കൽ. |
| • | • ഉൽപാദകന് നഷ്ടം വരാവുന്ന സാഹചര്യങ്ങളിൽ ഉൽപന്നങ്ങൾ കേടുകൂടാതെ സംഭരിച്ചുവയ്ക്കുന്നതിനുള്ള സംവിധാനം. |

വ്യാപാരപ്രവർത്തനത്തിന്റെ തുടക്കം മുതൽ എല്ലാ ഘട്ടങ്ങളിലും പണം ആവശ്യമാണ്. പണത്തിന്റെ ലഭ്യത ഉറപ്പുവരുത്തേണ്ടത് വ്യാപാരത്തിന്റെ വിജയത്തിനാവശ്യമാണ്. ഈ ഉദ്ദേശ്യത്തിനായി രൂപപ്പെട്ടവയാണ് വാണിജ്യ ബാങ്കുകൾ (Commercial Bank). വായ്പ നൽകുക, നിക്ഷേപം സ്വീകരിക്കുക എന്നിവ മാത്രമാണ് ആരംഭകാലത്ത് ഇവ നിർവഹിച്ചിരുന്നത്. എന്നാൽ ഇന്ന് വൈവിധ്യപൂർണമായ ഒട്ടേറെ പ്രവർത്തനങ്ങളിൽ വാണിജ്യബാങ്കുകൾ ഏർപ്പെടുന്നുണ്ട്.

- നിങ്ങളുടെ പ്രദേശത്ത് ഏതെല്ലാം ബാങ്കുകളുണ്ട്? ലിസ്റ്റ് തയാറാക്കുക.
- ഇതിനുപുറമേ മറ്റേതെല്ലാം ബാങ്കുകളെക്കുറിച്ച് നിങ്ങൾക്കറിയാം?

ബാങ്കുകളുടെ ആവിർഭാവത്തോടെ പണം കൈകാര്യം ചെയ്യാൻ കൂടുതൽ സൗകര്യപ്രദവും സുരക്ഷിതവുമായ മാർഗങ്ങൾ ആവിഷ്കരിക്കപ്പെട്ടു.

## പണത്തിനു പകരം

പണത്തിന്റെ കൈമാറ്റം വ്യാപാരത്തിലെ മറ്റൊരു പ്രശ്നമായി അനുഭവപ്പെട്ടു. കേരളത്തിലുള്ള ഒരു ചെറുകിട വ്യാപാരി മുംബൈയിലേയോ ഡൽഹിയിലെയോ മൊത്തവ്യാപാരിയുമായി സാധനങ്ങളുടെ വില കൈമാറുന്നതെങ്ങിനെയാണ്? വിദൂരദേശങ്ങളിലെ മൊത്തവ്യാപാരികൾ ഉൽപാദകന് പണം നൽകുന്നതെങ്ങിനെയാണ്? ഈ പ്രശ്നങ്ങൾക്ക് പരിഹാരമായത് ബാങ്കുകളിലൂടെയാണ്. ബാങ്കുകൾ നൽകുന്ന ചെക്കുകളും ഡ്രാഫ്റ്റുകളും പണത്തിനു പകരമായി സ്വീകരിക്കപ്പെടുമെന്നു വന്നതോടെ വ്യാപാരം കൂടുതൽ സുഗമമായി. വ്യാപാരത്തിൽ, പണത്തിന്റെ കൈമാറ്റത്തിൽ ബാങ്കുകൾ മധ്യവർത്തികളായി മാറി. കാലം മാറിയതോടെ വിവരസാങ്കേതിക വിദ്യ ഇക്കാര്യത്തിൽ പുതിയരീതികൾ വികസിപ്പിച്ചുകൊണ്ടിരുന്നു.


**വ്യാപാരം (Trade)**

സാധനങ്ങളും സേവനങ്ങളും നിരന്തരം കൈമാറ്റം ചെയ്യുന്ന പ്രക്രിയയെ വ്യാപാരം എന്നു പറയുന്നു. ഒരു രാജ്യത്തിനകത്ത് വ്യക്തികളും സ്ഥാപനങ്ങളും തമ്മിൽ നടക്കുന്ന വ്യാപാരത്തെ ആഭ്യന്തരവ്യാപാരമെന്നും ഇത്തരത്തിലുള്ള വ്യാപാരങ്ങൾ രാജ്യങ്ങൾ തമ്മിൽ നടക്കുമ്പോൾ അവയെ അന്താരാഷ്ട്ര വ്യാപാരമെന്നും പറയുന്നു.

*സഫിയക്ക് ഡൽഹിയിലുള്ള ഒരു സ്ഥാപനത്തിൽ നിന്ന് അപേക്ഷാഫോറം ലഭിക്കണമായിരുന്നു. ഇതിനായി ഡൽഹിവരെ പോവുക അപ്രായോഗികമാണ്. അതിനു പകരം അവൾ തൊട്ടടുത്ത ബാങ്കിനെ സമീപിച്ചു. ബാങ്ക് സഫിയയിൽ നിന്നും പണം കൈപ്പറ്റി പകരം ഒരു ഡിമാന്റ് ഡ്രാഫ്റ്റ് (ഡി.ഡി.) നൽകി. ഈ ഡി.ഡി. ഡൽഹിയിലെ സ്ഥാപനത്തിനയച്ചുകൊടുത്തു. ഒരാഴ്ചയ്ക്കുള്ളിൽ സഫിയക്ക് ആവശ്യമായ അപേക്ഷ ലഭിക്കുകയും ചെയ്തു. എങ്ങനെയായിരിക്കും സഫിയ ബാങ്കിൽ നൽകിയ പണം പ്രസ്തുത സ്ഥാപനത്തിന് ലഭിച്ചിരിക്കുക?*

**ഡിമാന്റ് ഡ്രാഫ്റ്റ്**

ബാങ്കുകൾ വ്യക്തികളിൽ നിന്നോ/സ്ഥാപനങ്ങളിൽ നിന്നോ പണം സ്വീകരിച്ച് പകരം നൽകുന്നതാണ് ഡിമാന്റ് ഡ്രാഫ്റ്റ് (ഡി.ഡി.). ബാങ്കിന്റെ സഹായത്തോടെ ഡി.ഡി. പണമാക്കി മാറ്റാവുന്നതാണ്. ഒരു ബാങ്ക് അതിന്റെ ശാഖയ്ക്ക് നൽകുന്ന നിർദേശമാണിത്. ഡി.ഡി.യിൽ സൂചിപ്പിച്ച തുക അത് ഹാജരാക്കുന്നയാൾക്ക് അവർ ആവശ്യപ്പെടുമ്പോൾ നൽകാനാണ് നിർദേശിച്ചിരിക്കുക. ഈ സേവനത്തിലൂടെ ഏതൊരാൾക്കും എത്ര പണം വേണമെങ്കിലും സുരക്ഷിതമായി മറ്റൊരാൾക്ക് നൽകാനാവും.




ചെക്ക്‌ലീഫിന്റെ മാതൃക


**ചെക്ക്**

ബാങ്കുകൾ അക്കൗണ്ട് ഉടമകൾക്ക് നൽകുന്ന പ്രമാണമാണ് ചെക്ക്. ചെക്ക് ഉപയോഗിച്ച് അക്കൗണ്ട് ഉടമയ്ക്ക് പണം പിൻവലിക്കാനും അക്കൗണ്ട് ഉടമയ്ക്ക് പണത്തിനുപകരമായി മറ്റുള്ളവർക്ക് ചെക്ക് നൽകാനും സാധിക്കും. ചെക്ക് ലഭിക്കുന്നയാൾക്ക് ബാങ്കിന്റെ സഹായത്തോടെ നൽകിയ വ്യക്തിയുടെ അക്കൗണ്ടിൽ നിന്ന് അത് പണമാക്കി മാറ്റാൻ കഴിയും.


- ചെക്കുകളും ഡ്രാഫ്ടുകളും ഏതെല്ലാം തരത്തിലാണ് നമ്മുടെ ജീവിതത്തെ സഹായിക്കുന്നതെന്ന് കണ്ടെത്തി ക്ലാസിൽ ചർച്ച ചെയ്യൂ.
- ചെക്ക് ലീഫ് പരിശോധിച്ച് അതിൽ ഉൾപ്പെടുത്തിയിരിക്കുന്ന വസ്തുതകൾ കണ്ടെത്തൂ. എങ്ങനെയാണ് ചെക്ക് പൂരിപ്പിക്കുന്നതെന്ന് ക്ലാസിൽ ചർച്ച ചെയ്യൂ.

**എ.ടി.എം./ഡബിറ്റ് കാർഡ്**

ജീവനക്കാരില്ലാത്ത ചെറിയ ബാങ്കുകളാണ് ആട്ടോമാറ്റിക് ടെല്ലർ മെഷീൻ (എ.ടി.എം.) ഈ മെഷീനുകളുപയോഗിച്ച് ഉപഭോക്താക്കൾക്ക് ഏതുസമയത്തും തങ്ങളുടെ ബാങ്ക് ബാലൻസിൽ നിന്ന് പണം പിൻവലിക്കാം. ഇതിനായി ഉപയോഗിക്കാവുന്ന മാധ്യമമാണ് എ.ടി.എം. കാർഡ്. ഓരോ ഉപഭോക്താവിനും സ്വന്തമായ ഒരു നമ്പർ ഈ പ്ലാസ്റ്റിക് കാർഡിലുണ്ടാകും.




എ.ടി.എം. കാർഡിന്റെ മുൻവശം




എ.ടി.എം. കാർഡിന്റെ മറുവശം

വാണിജ്യ ബാങ്കുകൾ ഇന്ന് മറ്റെന്തെല്ലാം ധർമങ്ങൾ നിർവഹിക്കുന്നു എന്നു മനസ്സിലാക്കാൻ തൊട്ടടുത്ത ബാങ്കിലേക്ക് ഒരു ഫീൽഡ്ട്രിപ്പ് സംഘടിപ്പിക്കുമല്ലോ? ഗ്രൂപ്പിൽ ചർച്ച ചെയ്തു ചോദ്യാവലി തയാറാക്കൂ.

എന്തെല്ലാം ഉൾപ്പെടുത്തണം?

- നിക്ഷേപങ്ങൾ
- വായ്പകൾ.
- പലിശനിരക്ക്.
- ചെക്ക്, ഡി.ഡി. എ.ടി.എം.

- വ്യാപാരത്തിൽ ബാങ്ക് ഏതെല്ലാം വിധത്തിൽ സഹായിക്കുന്നു?
- ശേഖരിച്ച വിവരങ്ങൾ ഉപയോഗിച്ചു വാണിജ്യ ബാങ്കുകളെക്കുറിച്ച് ഒരു ലേഖനം തയ്യാറാക്കൂ.

താഴെ പറയുന്നവയ്ക്കുള്ള ഉത്തരവും ചോദിച്ചറിയണം.

- സഹകരണബാങ്കുകളും വാണിജ്യബാങ്കുകളും തമ്മിലുള്ള വ്യത്യാസങ്ങളെന്തൊക്കെ?
- ചെക്കും ഡിമാന്റ് ഡ്രാഫ്റ്റും തമ്മിലുള്ള വ്യത്യാസം എന്തൊക്കെയാണ്?
- എന്തൊക്കെ സൗകര്യങ്ങളാണ് ഇവ വഴി ലഭിക്കുന്നത്?

ശേഖരിച്ച വിവരങ്ങൾ വിശകലനംചെയ്ത് ചെക്ക്, ഡി.ഡി. ഇവ സംബന്ധിച്ച കുറിപ്പു തയാറാക്കുക.

വാണിജ്യബാങ്കുകൾക്കു പുറമേ സ്വകാര്യ വ്യക്തികൾ നടത്തുന്ന സ്ഥാപനങ്ങളും നമ്മുടെ നാട്ടിൽ ഉണ്ടാകുമല്ലോ?


- സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളും ബാങ്കുകളും തമ്മിൽ എന്തെല്ലാം വ്യത്യാസങ്ങളുണ്ട്?
- സ്വകാര്യ പണമിടപാടു സ്ഥാപനങ്ങൾ മുന്നറിയിപ്പില്ലാതെ അടച്ചുപൂട്ടുന്നതുമായി ബന്ധപ്പെട്ട വാർത്തകൾ നിങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?
  - ഇതുമൂലം ഇടപാടുകാർക്ക് എന്തെല്ലാം പ്രയാസങ്ങളാണ് നേരിടേണ്ടിവരുന്നത്?
- നമ്മുടെ നാട്ടിൽ ആവശ്യത്തിന് ബാങ്കുകളുണ്ടായിട്ടും ജനങ്ങൾ സ്വകാര്യസ്ഥാപനങ്ങളിൽ നിക്ഷേപം നടത്തുന്നതിനെക്കുറിച്ച് നിങ്ങളുടെ അഭിപ്രായമെന്ത്?

ആവശ്യക്കാർക്ക് വസ്തുക്കൾ ലഭ്യമാക്കുന്നതിന് സമൂഹത്തിൽ പൊതുവായ ഘടന നിലനിൽക്കുന്നുവെന്ന് കണ്ടെത്തിയല്ലോ? വ്യാപാരത്തെ ത്വരിതപ്പെടുത്തുന്നതിനു സഹായിക്കുന്ന ഘടകങ്ങളെ മുകളിൽ പട്ടികപ്പെടുത്തിയിട്ടുമുണ്ട്.

വ്യാപാരവും വ്യാപാരത്തെ സഹായിക്കുന്ന സംഭരണം, ഗതാഗതം, ബാങ്കിങ്, ഇൻഷുറൻസ്, പരസ്യം, വാർത്താവിനിമയം തുടങ്ങിയ ഘടകങ്ങൾ ചേർന്നതാണ് വാണിജ്യം. ഈ ഘടകങ്ങളെ ശരിയായ വിധത്തിൽ ഉപയോഗപ്പെടുത്തുമ്പോഴാണ് വാണിജ്യം ഫലപ്രദമാകുന്നത്.

**എന്റെ നാണയശേഖരം**

സ്വന്തം രാജ്യത്തിലെ ഏറ്റവും പുതിയ നാണയം ശേഖരിച്ചു തുടങ്ങി പിറകോട്ടു പോവുകയാണ് നാണയശേഖരണത്തിന്റെ പ്രാരംഭത്തിൽ സ്വീകരിക്കേണ്ട അടിസ്ഥാന തത്ത്വം. ഏറ്റവും പുതിയ നാണയങ്ങൾ ധാരാളം ലഭ്യമാണ് എന്നതാണ് ഇതിനടിസ്ഥാനം. ആദ്യഘട്ടത്തിലൊക്കെ കൈയിൽ കിട്ടുന്നതെല്ലാം ശേഖരിച്ചു തുടങ്ങുകയാണ് നല്ലത്. അതിനുശേഷം സ്വന്തം രാജ്യത്തിലെ നാണയങ്ങൾ ശേഖരിക്കുക. തുടർന്ന് സവിശേഷ വിശകലനത്തിലേക്കും സൂക്ഷ്മപഠനത്തിലേക്കും നീങ്ങുക എന്ന ക്രമമായിരിക്കും നല്ലത്.


ഇന്ത്യ- വ്യവസായഭൂപടം - 1
ശ്രീനഗർ
നാങ്കൽ
പാനിപ്പട്ട്
ഡൽഹി
ദാദ്രി
മഥുര
ഡിഗ്ബോയ്
കാൺപൂർ
ബറൗണി
സവായി മാധവ്പൂർ
വാരാണസി
കോട്ട
അഹമ്മദാബാദ്
ദുർഗാപ്പൂർ
വഡോദര
ഭോപ്പാൽ
ഇൻഡോർ
കൊൽക്കത്ത
പോർബന്തർ
റൂർക്കേല
ട്രോംബെ
മുംബൈ
വിശാഖപട്ടണം
പൂന
വിജയവാഡ
പനാജി
ഭദ്രാവതി
മംഗലാപുരം
ചെന്നൈ
കോയമ്പത്തൂർ
പാലക്കാട്
നെയ്‌വേലി
ആലുവ
കൊച്ചി
തിരുവനന്തപുരം
സിമന്റ്
പെട്രോളിയം
കെമിക്കൽസ്-രാസവസ്തുക്കൾ
രാസവളം

## ഇന്ത്യ 2001-ൽ



ജമ്മുകാശ്മീർ
പാകിസ്ഥാൻ
ഹിമാചൽപ്രദേശ്
പഞ്ചാബ്
ഉത്തരാഞ്ചൽ
ഹരിയാന
ഡൽഹി
സിക്കിം
അരുണാചൽ പ്രദേശ്
രാജസ്ഥാൻ
ഉത്തർപ്രദേശ്
ആസ്സാം
നാഗാലാന്റ്
ബീഹാർ
മേഘാലയ
മണിപ്പൂർ
ഝാർഖണ്ഡ്
ത്രിപുര
മിസോറാം
ഗുജറാത്ത്
മധ്യപ്രദേശ്
പ. ബംഗാൾ
ഛത്തീസ്ഗഢ്
ഒറീസ
മഹാരാഷ്ട്ര
ബംഗാൾ ഉൾക്കടൽ
അറബിക്കടൽ
ആന്ധ്രാപ്രദേശ്
ഗോവ
കർണാടക
ലക്ഷദ്വീപ് കടൽ
ആന്റമാൻ & നിക്കോബാർ ദ്വീപുകൾ
ലക്ഷദ്വീപ്
കേരളം
തമിഴ്നാട്
ശ്രീലങ്ക

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണവും വൈവിധ്യപൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്ന വരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

# ഇന്ത്യൻ ഭരണഘടന

ഭാഗം IV ക

## മൗലിക കർത്തവ്യങ്ങൾ

**51 ക. മൗലിക കർത്തവ്യങ്ങൾ - താഴെപ്പറയുന്നവ ഭാരതത്തിലെ ഓരോ പൗരന്റെയും കർത്തവ്യം ആയിരിക്കുന്നതാണ് -**

(ക) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയപതാകയെയും ദേശീയഗാനത്തെയും ആദരിക്കുകയും ചെയ്യുക;

(ഖ) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയസമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക;

(ഗ) ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക;

(ഘ) രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയ സേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക;

(ങ) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദവും പൊതുവായ സാഹോദര്യമനോഭാവവും പുലർത്തുക. സ്ത്രീകളുടെ അന്തസ്സിന് കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക;

(ച) നമ്മുടെ സമ്മിശ്രസംസ്കാരത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിറുത്തുകയും ചെയ്യുക;

(ഛ) വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ജീവികളോട് കാരുണ്യം കാണിക്കുകയും ചെയ്യുക;

(ജ) ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും, അന്വേഷണത്തിനും പരിഷ്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക;

(ഝ) പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക;

(ഞ) രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നതതലങ്ങളിലേക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽകൃഷ്ടതയ്ക്കുവേണ്ടി അധ്വാനിക്കുക.